IX. ധനകാര്യം

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഇവിടെ ഭരണഘടനയുടെ ആർട്ടിക്കിൾ 205 അനുസരിച്ചാണ് സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സ് അവതരിപ്പിച്ചിരിക്കുന്നത്. സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് മുഴുവനും കണ്ടിജൻസി ഫണ്ടിൽ നിന്ന് എടുത്തിട്ടുള്ള പണം recoup ചെയ്യാൻ വേണ്ടിയാണ്. ഈ ഗ്രാന്റ് ആവശ്യപ്പെടുന്ന കണ്ടിജൻസ് ഫണ്ട് നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 267 (2) അനുസരിച്ച് പറയുന്നതാണ്.

The Legislature of a state may by law establish a Contingency Fund in the nature of an imprest to be entitled "the Contingency Fund of the State" into which shall be paid from time to time such sums as may be determined by such law, and the said fund shall be placed at the disposal of the Governor of the State to enable advances to be made by him out of such fund for the purposes of meeting unforeseen expenditure pending authorisation of such expenditure by the Legislature of the State by law under article 205 or article 206.

ഇവിടെ ഈ ഫണ്ടിന്റെ പേരുതന്നെ കണ്ടിജൻസി ഫണ്ടെന്നാണ്. അതു തന്നെ unforeseen expenditure meet ചെയ്യാൻ വേണ്ടിയാണ് ഇന്ന് ഈ ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സ് ആവശ്യപ്പെടുന്ന തുക.

Demand No. XVII—Education, Art and Culture

In G. O. Rt. No. 1701/86/H. Edn. dated 29-9-1986 sanction was accorded for the deputation of ten non-officials for participation in the third World Malayalam Conference held at Berlin. Since the expenditure constitutes 'New Service' an advance of Rs. 1,93,100 was sanctioned from the Contingency Fund in G. O. Rt. No. 4140/86/Fin. dated 27-10-1986. അതുപോലെതന്നെ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആൻഡ് മിസലേനിയസ് അതിലും ട്രാവൻകൂർ ദേവസ്വം ബോർഡിനും കൊച്ചിൻ ദേവസ്വം ബോർഡിനും 22 ലക്ഷം രൂപ ഗ്രാന്റ് കൊടുത്തിരുന്നു. ഭരണഘടനയുണ്ടാക്കിയപ്പോഴത്തെ അർത്ഥത്തിൽ കണ്ടിജൻസി ഫണ്ട് സംബന്ധിച്ചതിന് എതിരായി ആവശ്യമില്ലാത്ത കാര്യങ്ങൾക്കു പോലും ഇത് അനുവദിക്കുകയും അതു recoup ചെയ്യാൻവേണ്ടി സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടുവരുന്നതും ഭരണഘടനയ്ക്കു എതിരാണ് എന്നുള്ളതുകൊണ്ട് ഇതു അനുവദിക്കാൻ പാടില്ല.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സ്റ്റീഫൻ പാദുവ)

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഓർഡിനൻസ് പ്രൊമൽഗേറ്റ് ചെയ്യുന്നതുപോലെയുള്ള ഒരു ടെൻഡൻസിയാണ് അടുത്ത കാലത്തായി എക്സിക്യൂട്ടീവ് എക്സ്പെൻഡിച്ചറിന്റെ കാര്യത്തിലും കാണിക്കുന്നത്. ഈ എക്സ്പെൻഡിച്ചറിനെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സഭയ്ക്ക് അവകാശമുള്ളതാണ്. സഭയുടെ ചർച്ച ഒഴിവാക്കാൻ വേണ്ടി കാലാകാലങ്ങളിൽ ഗവൺമെന്റ് സ്വീകരിക്കുന്ന ഒരു നടപടി ക്രമമാണ് New service procedure. ഈ new service procedure അനു

LIBRARY ARCHIVES Kerala Legislative Assembly

സരിച്ച് ആണ് ഈ പണം ചെലവു ചെയ്യുന്നത്. അതുമൂലം ഈ സഭയ്ക്ക് ചെലവിനെ സംബന്ധിച്ച് ചർച്ചചെയ്യാനുള്ള സന്ദർഭം നഷ്ടപ്പെടുകയാണ്. ഏതുപോലെ എന്നുവച്ചാൽ ഓർഡിനൻസിന്റെ കാര്യത്തിൽ എന്നപോലെ. ഒരു ഉദാഹരണം പറയാം. ലോകമലയാള സമ്മേളനത്തിന് പണം ചെലവു ചെയ്തിട്ടുണ്ട്. അത് 'unforeseen expenditure' ആയിട്ടാണ് കണക്കാക്കുന്നത്. ശ്രീ. ടി. എം. ജേക്കബും കൂടിപ്പോയി ചെലവു ചെയ്തതാണ്. ഇത് അൺഫോർസീൻ അല്ല. ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്യാമായിരുന്നതാണ്. ലോകമലയാള സമ്മേളനം നടക്കുമെന്നുള്ള വിവരം വളരെ നേരത്തേ ഈ സഭയ്ക്കും ഗവൺമെന്റിനും അറിയാം. എന്നിട്ട് അത് unforeseen expenditure ആണെന്ന് പറഞ്ഞു ലോകമലയാള സമ്മേളനത്തിന് വേണ്ടിവന്ന ചെലവിനെ സംബന്ധിച്ച് ചർച്ച ഒഴിവാക്കി നമ്മളിപ്പോൾ ഈ പ്രമേയം അംഗീകരിച്ചു കൊടുക്കേണ്ട ഗതികേടിലാണ്. അതുകൊണ്ട് അങ്ങ് ഒരു കാര്യം ചെയ്യണം. New service procedure വഴിയുള്ള എക്സ്പെൻഡിച്ചർ സംബന്ധിച്ച് തമിഴ്നാട് നിയമസഭ അടുത്ത കാലത്ത് ചില നടപടിക്രമം സ്വീകരിച്ചു. അതുപോലെ New service procedure-ന്റെ നടപടിയിൽ മാറ്റം വരുത്തണം. ഇതിന് ടോക്കൺ പ്രൊവിഷൻ കൊടുക്കണം. ചർച്ച ചെയ്യണം. ഈയൊരു സന്ദർഭം മേലിലെങ്കിലും നഷ്ടപ്പെടുത്താതിരിക്കാൻ അങ്ങ് ദയവായി നടപടികൾ സ്വീകരിക്കണം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, സഭയുടെ കീഴ്വഴക്കമനുസരിച്ച് ഒരു സഭ കഴിഞ്ഞതിനുശേഷം ഗവൺമെന്റിന് അത്യാവശ്യമായ കാര്യങ്ങൾക്കുവേണ്ടി New service procedure-ൽ പോകണം. New service procedure-ൽ പോയാൽ കണ്ടിൻജൻസി ഫണ്ടിൽനിന്നും മാത്രമേ അത് എടുക്കാൻ സാധിക്കൂ. അടുത്ത സഭകൂടുമ്പോൾ സഭയുടെ അംഗീകാരം വാങ്ങിക്കുകയും വേണം. ഉദാഹരണമായി വെള്ളപ്പൊക്കമുണ്ടായി. ഉടനെ പത്തു ലക്ഷം രൂപ കൊടുക്കണം. അങ്ങനെയൊരു സാഹചര്യം ഉണ്ടായിക്കഴിഞ്ഞാൽ ഈ രീതിയിൽ പണം ചെലവഴിക്കേണ്ടി വരും. അതുകൊണ്ട് ഇതും പ്രത്യേകമായ സാഹചര്യത്തിൽ മാത്രമാണ് ചെയ്തിട്ടുള്ളത്.

മി. സ്പീക്കർ: നേരത്തേ ഇതുസംബന്ധിച്ച് ശ്രീ. എ. വി. താമരാക്ഷൻ ഭരണഘടനാ പ്രൊവിഷൻസ് ആർട്ടിക്കിൾസ് വായിച്ചു. അതിനകത്തു വളരെ കൃത്യമായി പറയുന്നുണ്ട്.

The Legislature of a State may by law establish a Contingency Fund in the nature of an imprest to be entitled "the Contingency Fund of the State" into which shall be paid from time to time such sums as may be determined by such law and the said Fund shall be placed at the disposal of the Governor of the State to enable advances to be made by him out of such Fund for the purposes of meeting unforeseen expenditure pending authorisation of such expenditure by the Legislature of the State by law under article 205 or article 206.

ഇത് ഇവിടെ വളരെ വ്യക്തമാണ്. ഇത് "unforeseen expenditure" എന്ന പ്രൊവിഷൻ അനുസരിച്ചാണ് വന്നിട്ടുള്ളത്. ഭരണഘടനയിൽ പറഞ്ഞിട്ടുള്ളത് 'unforeseen' എന്നാണ്. അതുകൊണ്ട് ഭരണഘടനാ

LIBRARY ARCHIVES Kerala Legislative Assembly

വിരുദ്ധമായിട്ടൊന്നും ഇതിനകത്തില്ല. അതുകൊണ്ട് ഇതുസംബന്ധിച്ചുള്ള ഒബ്ജക്ഷൻസ് ഓവർറൂൾ ചെയ്യുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയെ ഇത് അവതരിപ്പിക്കുവാൻ ക്ഷണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,26,300 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും നിയമവും വകുപ്പുമന്ത്രി : സർ, ജലസേചനം എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, വിദ്യാഭ്യാസം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,93,100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനംവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, വ്യവസായം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇന്നലെ എന്റെ ഒരു സബ്മിഷനു മറുപടി പറഞ്ഞ അവസരത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി 'ഇന്ന് ഈ സഭയിൽ പറയാം' എന്നു പറഞ്ഞിരുന്നു. ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ചുള്ള ഗവൺമെന്റ് തീരുമാനം കർഷകനേതാക്കളുമായിട്ടുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ സഭയിൽ പറയാം എന്നു പറഞ്ഞാണ് പിരിഞ്ഞത്. ഇന്നലെ ഇവിടെ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായി ക്യാബിനറ്റ് തീരുമാനം എടുത്തു, അത് ഈ സഭയിൽ പറയുന്നതിനുമുമ്പുതന്നെ പത്രങ്ങൾക്ക് കൊടുക്കുകയും ചെയ്തു. ഈ സംഭവം പത്രത്തിലൊക്കെ വന്നിരിക്കുകയാണ്. ഇന്നലെ കർഷകനേതാക്കൻമാരുമായിട്ട് ചർച്ച നടന്നതുസംബന്ധിച്ച് ഇന്ന് സഭ നടക്കുമ്പോൾ പറയാം എന്നാണ് പറഞ്ഞത്. അതു പറയാതെ മുൻകൂട്ടി പത്രക്കാരോട് പറഞ്ഞത് സഭയോടുള്ള അനാദരവാണ്. ഏതായാലും എന്താണ് തീരുമാനിച്ചത് എന്ന കാര്യം ഒന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഇന്നലെ കർഷകനേതാക്കൻമാരുമായി ചർച്ച നടത്തിയതുസംബന്ധിച്ച് ഗവൺമെന്റ് യാതൊരുവിധമായ പ്രസ് റിലീസും നടത്തിയിട്ടില്ല. അതു സംബന്ധിച്ചുള്ള ഗവൺമെന്റ് തീരുമാനം സഭയിൽ അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. പ്രധാനമായും ഞാൻ എതിർക്കാൻ ഉദ്ദേശിക്കുന്നത് ഇപ്പോൾ ധനകാര്യമന്ത്രി പറഞ്ഞ സമീപന്മുള്ള ഒരു ഗവൺമെൻറാണ് ഇത് കൊണ്ടുവന്നത് എന്നുള്ളതാണ്. ഈ രാജ്യത്തെ കൃഷിക്കാരോട് തുടർച്ചയായി വാഗ്ദത്തലംഘനവും വിശ്വാസലംഘനവും നടത്തുക എന്നതാണ് കഴിഞ്ഞ കുറച്ചുകാലങ്ങളായി ഈ സർക്കാരിൻെറ പ്രധാനപ്പെട്ട ചെയ്തി. കാർഷികമേഖലയെസംബന്ധിച്ച് പറയുമ്പോൾ നെൽകൃഷിയുടെ ഉൽപ്പാദനക്കുറവ്, കൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞത്, ഓരോ കൊല്ലവും ഭക്ഷ്യകാര്യത്തിൽ നമ്മുടെ സംസ്ഥാനം കമ്മിയായി മാറുന്നത്, തെങ്ങുകൃഷിക്കുവരുന്ന രോഗപ്രതിരോധ നടപടികൾക്കൊക്കെ പണം കാണാൻ കഴിയാത്ത സാഹചര്യത്തെ സംബന്ധിച്ചൊക്കെ തന്നെ ഈ സഭ പലപ്പോഴും ആവർത്തിച്ചാവർത്തിച്ച് ചർച്ച ചെയ്തതാണ്. അതിൻെറ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കർഷക സംഘടനകൾ വളരെ മാസങ്ങൾക്കു മുമ്പ് കൃഷിക്കാരുടെ അടിയന്തിര ആവശ്യങ്ങൾ അടങ്ങുന്ന മെമ്മോറാണ്ടം ഈ ഗവൺമെൻറിന് കൊടുത്തു. ആലോചിക്കാൻ സമയം കിട്ടിയില്ല. കൃഷിക്കാർ വളരെ സമാധാനപരമായി പ്രക്ഷോഭണം ആരംഭിച്ചു. ജില്ലാ കേന്ദ്രങ്ങളിൽ നിരാഹാരം അനുഷ്ഠിച്ചും കൂട്ട ഉപവാസം നടത്തിയും സർക്കാർ ഓഫീസുകൾക്കു മുമ്പിൽ പിക്കറിംഗും ആരംഭിച്ചുകൊണ്ടുള്ള 56 ദിവസത്തെ സമരം നടന്നതിനുശേഷമാണ് ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതിന് ഇന്നലെയാണ് സർക്കാരിന് അവസരം കിട്ടിയത്. തീരുമാനം ഇനിയും എടുത്തിട്ടില്ല. എന്താണ് ഗവൺമെൻറിൻെറ നിലപാട്? ഇതിനിടയ്ക്ക് ഈ ആവശ്യങ്ങളെ സംബന്ധിച്ച് നവംബർ 18-ാം തീയതി കർഷകസംഘം പ്രതിനിധികളെ വിളിച്ചുകൂട്ടി. ഈ ധനകാര്യവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും അടങ്ങുന്ന നാലഞ്ചു മന്ത്രിമാർ പറഞ്ഞത് സാമ്പത്തിക ബാദ്ധ്യത എന്തുവരും എന്ന് തിട്ടപ്പെടുത്തുന്നതിന് ഞങ്ങൾക്ക് ഒന്നുകൂടി ആലോചിക്കണം എന്ന്. അടുത്തയാഴ്ച വീണ്ടും ആലോചിച്ചിട്ട് ഞങ്ങൾ തീരുമാനം ഉണ്ടാക്കും എന്ന്. ആലോചിക്കാൻ സമയം കിട്ടിയിട്ടില്ല. ഈ കാര്യം ധനകാര്യവകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എത്ര പ്രാവശ്യം വാഗ്ദാനലംഘനം നടത്തി എന്ന്. അതിനുശേഷം സംസാരിക്കുന്നതിന് അവസരം ഉണ്ടായില്ല. എന്നാൽ കോട്ടയത്തു ചേർന്ന കേന്ദ്രമന്ത്രിയുടെ സാന്നിദ്ധ്യത്തിലുള്ള മുഖ്യമന്ത്രി ഉദ്ഘാടനത്തിൽ നടത്തുന്ന ആ കർഷകസമ്മേളനത്തിൽ ബഹുമാന്യനായ ധനകാര്യവകുപ്പു മന്ത്രി പറഞ്ഞു കർഷകർക്ക് ഒരു വലിയ കാര്യം ചെയ്തു കൊടുക്കാൻ പോകുന്നുവെന്ന്. കൃഷിക്കാർക്ക് കമ്പിൻറലിന് 50 രൂപ വച്ച് പ്രൊഡക്ഷൻ ബോണസ് നൽകും എന്ന്. എല്ലാ പത്രങ്ങളിലും വലിയ കാര്യമായി അച്ചടിച്ചുവന്നു. കർഷകപ്രതിനിധികളോട് സംസാരിച്ചതിൻെറ അടിസ്ഥാനത്തിലെ ക്യാബിനറ്റ് തീരുമാനം പത്രങ്ങൾക്ക് കൊടുത്തതിൽ ആ സാധനം ഇല്ല. എവിടെ ശ്രീമാൻ തച്ചടി, പ്രൊഡക്ഷൻ ബോണസ്? കൊടുക്കുമോ? എന്തിന് നിങ്ങൾ പാവപ്പെട്ട കൃഷിക്കാർക്ക് ഒന്നും കൊടുത്തില്ലെങ്കിലും കൂളിപ്പിക്കുന്നു? ജലസേചന പദ്ധതികൾക്ക് പണം നീക്കി വയ്ക്കുന്നില്ല. വെള്ളം കൊടുക്കുന്നതിന് പരിപാടിയില്ല. വളത്തിനും കീടനാശിനികൾക്കും സാർവ്വത്രികമായി സബ്സിഡി കൊടുക്കുന്നില്ല. കോൺനിലങ്ങൾക്കും കുട്ടനാടൻ പാടങ്ങൾക്കും കൊടുത്തുവന്ന സബ്സിഡി എല്ലാ കർഷകർക്കും കൊടുക്കുമെന്ന് ആവർത്തിച്ചാവർത്തിച്ച് ഈ സഭയിൽ പറഞ്ഞതാണ് ഈ മാന്യൻമാർ. കൊടുക്കില്ല എന്നാണ് തീരുമാനിച്ചത്. കടബാദ്ധ്യത

LIBRARY ARCHIVES Kerala Legislative Assembly

യെക്കുറിച്ച് സംസാരമില്ല. കർഷകർക്ക് കടാശ്വാസം കൊടുക്കുമെന്ന് പറഞ്ഞു. പാട്ടബാക്കി, ഇറിഗേഷൻ സെസ്സിന്റെ കുടിശ്ശികകൾ, ജൻമി പ്രതിഫല സംഖ്യയുടെ കുടിശ്ശിക എന്നിവയ്ക്ക് ഇളവില്ല; ആശ്വാസമില്ല. ഈ രാജ്യത്ത് ജപ്തികൾ കൂട്ടത്തോടെ നടക്കുന്നത് 15-ാം തീയതിവരെ നിർത്തിവയ്ക്കും എന്ന് പറയുന്നു. ഇങ്ങനെ പോയാൽ പോളിംഗ് വരെ നിർത്തിവയ്ക്കും എന്നാണ് തോന്നുന്നത്. കർഷകരെ പാപ്പരാക്കുകയാണ്. ഈ രംഗത്തോട്, കർഷക മേഖലയോട് ഇത്രയധികം ക്രൂരതയോടെ പെരുമാറിയ ഒരു സർക്കാർ ഈ രാജ്യത്ത് ഇതിനുമുമ്പ് ഉണ്ടായിട്ടില്ല എന്നാണ് സാരം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കർഷക പ്രതിനിധികളെ വിളിച്ച് സംസാരിക്കുവാൻ നേരമില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയോട്, കൂടിയാലോചന നടത്താമെന്നു പറഞ്ഞതെന്തായി, എന്നു നടത്താമെന്നു ചോദിച്ചാൽ പറയും, മുഖ്യമന്ത്രിക്ക് അസൗകര്യമാണെന്ന്. മുഖ്യമന്ത്രിക്കാണെങ്കിൽ മദിരാശിയിൽ പോയി സന്യാസിവര്യൻമാരെ കാണാം, ഹൈക്കോടതി ജഡ്ജിമാരെ അന്വേഷിച്ചു നടക്കാം, മിത്രൻ നമ്പൂതിരിപ്പാടിനെ അന്വേഷിച്ച് നടക്കാം. ഒന്നാമത് മുഖ്യമന്ത്രിയുടെ കണ്ടകശനിയാണ് കൃഷിക്കാരനു വന്ന ഏഴരാണ്ടശനി. മുഖ്യമന്ത്രിക്ക് കണ്ടകശനിയെന്നാണ് ജ്യോൽസ്യൻമാർ പറഞ്ഞത്. മുഖ്യമന്ത്രിക്ക് കൃഷിക്കാരുടെ പ്രതിനിധികളെ വിളിച്ച് കൂടിയാലോചന നടത്താൻ സമയം ഇല്ല.

കേൾക്കാൻ വളരെ രസകരമായ ഒരു സംഭവമുണ്ടായതു പറയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞയാഴ്ച നാരായണീയത്തിന്റെ സെൻറനറി ആഘോഷദിവസം ഗുരുവായൂരിൽ വന്നിരുന്നു. ഉദയാസ്തമന പൂജകളിൽ പങ്കെടുത്തു, ആ ദിവസം മുഴുവൻ അദ്ദേഹം അവിടെയുണ്ടായിരുന്നു. രണ്ടു ഹൈക്കോടതി ജഡ്ജിമാർ അവിടത്തെ ദേവസ്വത്തിന്റെ ഗസ്റ്റ്ഹൗസിൽ താമസിച്ചിരുന്നു. അന്നു രാത്രി മുഖ്യമന്ത്രി ഇതാവരുന്നുവെന്ന വിവരം വന്നു, മുഖ്യമന്ത്രി വരുന്നുവെന്ന് കേട്ടതോടുകൂടി ആ ഹൈക്കോടതി ജഡ്ജിമാർ റൂം വെക്കേറ്റ് ചെയ്ത് പെട്ടി അടച്ച് ഗുരുവായൂരമ്പലത്തിൽ തൊഴാതെ സ്ഥലം വിട്ടു. എയിഡ്സ് രോഗം ബാധിച്ച രോഗിയെ കാണുന്നതുപോലെയാണ് നമ്മുടെ മുഖ്യമന്ത്രി വരുന്നുവെന്നു കേട്ടാൽ ഹൈക്കോടതി ജഡ്ജിമാർ പെരുമാറുന്നത്.

എന്താണ് സർ, ഈ രാജ്യത്തെ സ്ഥിതി? കൃഷിക്കാരുടെ പ്രതിനിധികളെ വിളിച്ച് അവരുടെ ഡിമാൻറുകളെക്കുറിച്ച് സംസാരിക്കുവാൻ മുഖ്യമന്ത്രിക്ക് സമയമില്ല. മദിരാശിയിൽ പോയി സന്യാസിവര്യൻമാരെ കാണാനും ജ്യോൽസ്യൻമാരെ കാണാനും ഹൈക്കോടതി ജഡ്ജിമാരെ അന്വേഷിച്ചു പോകാനുമൊക്കെ സമയമുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ: കുന്നംകുളത്തെ മിത്രൻനമ്പൂതിരിപ്പാട് മുഖ്യമന്ത്രിയുടെ ജ്യോൽസ്യം നോക്കിയിട്ട് ആഗസ്റ്റ് മാസം വരെ കണ്ടകശനിയുടെ അപഹാരകാലമാണെന്നും അത് കൊണ്ടേ ഒഴിയൂ എന്നും അദ്ദേഹത്തോട് പറഞ്ഞതിനെത്തുടർന്നാണ് മദിരാശിയിലെ മാധിപതിയെക്കണ്ട് ഇതിൽനിന്ന് വല്ല ഒഴിവുമുണ്ടോയെന്ന് അറിയുന്നതിനുവേണ്ടി രഹസ്യയാത്ര നടത്തിയതെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: മിത്രൻ നമ്പൂതിരി.....

ശ്രീ. എ. സി. ജോസ്: മിത്രൻ നമ്പൂതിരിപ്പാട് ബഹുമാനപ്പെട്ട അരവിന്ദാക്ഷന്റെ ബന്ധുവാണ്. അതുകൊണ്ടല്ലേ മനഃപൂർവ്വം അദ്ദേഹം ഇതു പറയുന്നത്?

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: വളരെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ പറയുവാനുള്ളതുകൊണ്ട് ഇതിന്റെ വിശദാംശങ്ങളിലേക്ക് കടന്നു സംസാരിക്കാൻ സമയമില്ല. പുതിയതായി കാർഷിക മേഖലയ്ക്ക് ഒന്നും കൊടുത്തിട്ടില്ലെന്നു മാത്രമല്ല, രണ്ടു പ്രാവശ്യമായി ദുരിതാശ്വാസത്തിനുവേണ്ടി കിട്ടിയ സംഖ്യപോലും കൃഷിക്കാർക്ക് എത്തിച്ചു കൊടുക്കുന്നതിൽ യാതൊരു ശ്രദ്ധപോലും കാണിക്കാത്ത ഭരണാധികാരികളാണിവർ. 1984-ൽ ഫ്ളഡ് റിലീഫിനുവേണ്ടി കിട്ടിയ കാശ് ഇനിയും കോഴിക്കോട് ജില്ലയിലും സംസ്ഥാനത്തിന്റെ മറ്റു പല സ്ഥലങ്ങളിലും വിതരണം ചെയ്തിട്ടില്ല. കഴിഞ്ഞ ഫ്ളഡ് റിലീഫിനു കിട്ടിയ കാശ് എങ്ങനെ വിതരണം ചെയ്തുവെന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ നേരത്തേ ഇവിടെ സബ്മിഷനിൽക്കൂടി ഉന്നയിച്ചതാണ്. അതെവിടെയാണ് സർ കൊടുത്തത്? ഡോ. കെ. സി. ജോസഫിന്റെ നിയോജകമണ്ഡലമായ കുട്ടനാട്ടിലാണ് കൊടുത്തത്. ബാക്കിയുള്ളത് അന്വേഷിച്ചിട്ട് ആലോചിക്കാമെന്നാണ് പറഞ്ഞത്. ഇവിടെ പണം കൊടുക്കുന്നതുതന്നെ രാഷ്ട്രീയ പരിഗണനവച്ചാണ്. കിട്ടിയ കാശു തന്നെ കൊടുക്കുന്നില്ല. ഇവിടെ ദുരിതാശ്വാസമില്ല. എന്തു പ്രകൃതിക്ഷോഭം വന്നാലും കൃഷിക്കാരൻ പാപ്പരാണ്. ഉണ്ടായിരുന്ന വളം സബ്സിഡിയടക്കമുള്ളത് നിറുത്തലാക്കി. കാര്യമായ സംഖ്യയൊന്നും കൊടുക്കുന്നില്ല. കടാശ്വാസ നടപടികളും ഇല്ലാതാക്കി. കൃഷിക്കാർക്ക് ഇപ്പോൾ പ്രോത്സാഹനമില്ല. ഇടയ്ക്കിടയ്ക്ക് ആവശ്യമില്ലാതെ, ശ്രീ. തച്ചടി പ്രഭാകരനെപ്പോലുള്ള നിരുത്തരവാദികളായ മന്ത്രിമാർ കൃഷിക്കാർക്ക് പലതും കൊടുക്കുമെന്ന് പ്രഖ്യാപിക്കുകയും പിറ്റേ ദിവസം അതെടുത്തു മാറ്റുകയും ചെയ്യുകയാണ്. ധനകാര്യവകുപ്പുമന്ത്രിക്ക് ആത്മാഭിമാനമെങ്കിലും വേണ്ടേ? കോട്ടയം സമ്മേളനത്തിൽവച്ച് പ്രഖ്യാപിച്ച കൃഷിക്കാരന്റെ പ്രൊഡക്ഷൻ ബോണസ് കൊടുക്കാമെന്ന് ആവർത്തിച്ച് പറയാമോ? എവിടെപ്പോയി ആ വാചകം? ആ വാചകം വിഴുങ്ങിപ്പോയോ? പ്രഖ്യാപിച്ചിട്ട് ദിവസങ്ങളധികമായില്ലല്ലോ.

സർ, എന്തൊക്കെയാണ് ബഡ്ജറ്റിൽ പറഞ്ഞത്? നെല്ലുൽപ്പാദക ബോർഡ്, കൃഷിക്കാർക്ക് ബോർഡ്, പ്രത്യേക ബോർഡുകൾ, തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളുമുണ്ട്. ആവശ്യമില്ലാതെ ഇങ്ങനെ വാഗ്ദാനങ്ങൾ കോരിച്ചൊരിയുകയും കൃഷിക്കാർക്ക് അഞ്ചു പൈസപോലും കൊടുക്കാതിരിക്കുകയും ചെയ്താൽ കൃഷിക്കാർ നിങ്ങളെ വിടാൻ പോകുന്നില്ല. സമാധാനപരമായി, സത്യാഗ്രഹത്തിൽക്കൂടി ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അത് കർഷകവർഗ്ഗത്തിന്റെ ദുർബലതയായിട്ടാണ് നിങ്ങൾ കണക്കാക്കുന്നതെങ്കിൽ അടുത്തദിവസം അതിശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ച് നിങ്ങളെ വളഞ്ഞുവച്ച് കാശ് വാങ്ങിക്കാനുള്ള കഴിവ് കേരളത്തിലെ സംഘടിത കർഷക പ്രസ്ഥാനത്തിനുണ്ടെന്ന് മാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട്, നിങ്ങൾക്കെല്ലാവർക്കും കണ്ടകശനി വരാതിരിക്കട്ടെ, ശ്രദ്ധിക്കുക എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട കുറെ കാര്യങ്ങളും ചെയ്തുതീർക്കുന്നതിനുവേണ്ടിയാണ് ഈ ധനാഭ്യർത്ഥനകളും അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ രാജ്യത്തെ സ്പോർട്സ് രംഗത്തുള്ള വികസനം, തിരുവിതാംകൂർ–കൊച്ചി ദേവസ്വങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളും, യൂത്ത് വെൽഫയർ, വിദ്യാഭ്യാസം, ഫാമിലി വെൽഫയർ, ഹോസ്റ്റൽ, ഇൻഡസ്ട്രീസ്, ഇറിഗേഷൻ, ട്രാൻസ്പോർട്ട്, ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ തുടങ്ങിയ വിവിധ വകുപ്പുകളിലേക്ക് ആണ് ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുള്ളത്. ഈ ധനാഭ്യർത്ഥനകളെ പാസ്സാക്കിത്തരേണ്ടത്, പ്രതിപക്ഷത്തിന്റെകൂടി കടമയാണ്. ഇതിനുമുമ്പ് ഇവിടെ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ശ്രീ. കെ. പി. അരവിന്ദാക്ഷൻ പറഞ്ഞ രണ്ടുകാര്യങ്ങളും ശരിയല്ല. ഈ രാജ്യത്തെ കർഷകരെന്നു പറയുന്ന വർഗ്ഗം യഥാർത്ഥത്തിൽ മണ്ണിൽ പണിയെടുക്കുന്ന വർഗ്ഗമാണെന്നാണ് എന്റെ വിശ്വാസം. ശ്രീ. കെ. പി. അരവിന്ദാക്ഷൻ തൃശ്ശൂർ തേക്കുംകാട് മൈതാനിയിൽ കർഷകരുടെ പേരിൽ സത്യാഗ്രഹം നടത്തി. ആ സത്യാഗ്രഹത്തിൽ ഒരൊറ്റ കർഷകനും ഉണ്ടായിരുന്നില്ല. ഡി. വൈ. എഫ്. ഐ. ക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ ഡി. വൈ. എഫ്. ഐ. കാരെയാണ് മുഖ്യമന്ത്രി കൂടിയാലോചനയ്ക്ക് വിളിച്ചില്ലെന്നു പറഞ്ഞത്. ഇന്നലെ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ യഥാർത്ഥ കർഷകത്തൊഴിലാളികളായ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലെയും കേരള കോൺഗ്രസ്സിലെയും കർഷകപ്രതിനിധികളും പങ്കെടുത്തിരുന്നു. ഇവരുടെ പ്രതിനിധികളായി വന്നത് ഡി. വൈ. എഫ്. ഐ. കാരാണ്. എന്തായാലും സംസ്ഥാനത്തെ കർഷകർക്കുവേണ്ടി മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും ചില തീരുമാനങ്ങളെടുത്തിരിക്കുകയാണ്. ഈ രാജ്യത്തെ കാർഷികമേഖലയെ വളരെ സമ്പന്നമാക്കുന്നതിനു വേണ്ടി വളരെ കാതലായ മാറ്റങ്ങളും വരുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തെ കൃഷിക്കാരന് വളം സബ്സിഡി, അധികച്ചെലവ് വരുന്നതിന് പമ്പിംഗ് സബ്സിഡി തുടങ്ങിയ എല്ലാ ഇനത്തിലും ഈ കഴിഞ്ഞ അഞ്ചുവർഷങ്ങളായി എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. ഇനിയും തുടർന്നു കൊടുക്കുവാനും മറ്റു മേഖലകളിലുള്ള കർഷകന് അതിന്റെ ആനുകൂല്യങ്ങളും ലഭിക്കുവാനും ഉള്ള ശ്രമങ്ങളും ആരംഭിക്കുകയും ചെയ്യുമെന്ന് വളരെ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. ഇവിടെ മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ഒരു ചെറിയ നിയമസഭാസമ്മേളനത്തെ മറ്റു തരത്തിൽ വ്യാഖ്യാനിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ മൂന്നു ദിവസത്തെ സമ്മേളനംകൊണ്ട് വളരെ പ്രധാനപ്പെട്ട മൂന്നുനാലു ബില്ലുകളും പാസ്സാക്കിയെടുക്കാനുള്ളതാണ്. സുപ്രീം കോടതിയുടെ വിധിയനുസരിച്ച് ആ ബില്ലുകളും ഈ മാസംതന്നെ, പാസ്സാക്കണമെന്നുള്ളതുകൊണ്ടാണ് ഈ സമ്മേളനം വിളിച്ചുകൂട്ടിയത്. ഇതൊരു ഔപചാരികമായ സമ്മേളനം തന്നെയാണ്. അതിനു യാതൊരു വ്യത്യാസവുമില്ല. എന്നാൽ ഈ സമ്മേളനത്തിൽ പോലും നമ്മൾ കാണുന്നതെന്താണ്?

ഇന്നലെ ഇവിടെ നമ്മുടെ ഭരണഘടനയെക്കുറിച്ച് ശ്രീ. ഇ. കെ. നായനാർ പ്രസംഗിക്കുന്നതുകേട്ടപ്പോൾ എനിക്ക് അദ്ഭുതം തോന്നി. ഇൻഡ്യയുടെ ദേശീയസ്വാതന്ത്ര്യത്തെ തകർക്കാൻ ശ്രമിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു രാഷ്ട്രീയപാർട്ടി, ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോഴും, 1947–ൽ ഇൻഡ്യ ദേശീയ പതാക നാട്ടി ആചരിച്ചപ്പോൾ, അതിനെ എതിർത്ത രാഷ്ട്രീയപാർട്ടിയുടെ അതുപോലെ 1950–ൽ ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഭരണഘടന അവതരിപ്പിച്ചപ്പോഴും ആ ഭരണഘടന കത്തിക്കുവാൻ നടന്ന രാഷ്ട്രീയ പാർട്ടിയുടെ നേതാവാണ് ഇവിടെ ഇരിക്കുന്ന പ്രതിപക്ഷനേതാവും മറ്റു കമ്മ്യൂണിസ്റ്റു നേതാക്കൻമാരുമൊക്കെ. അവരാണ് പറയുന്നത്, ഇൻഡ്യൻ ഭരണഘടനാവിരുദ്ധമായ നടപടികളാണ് ഇവിടെ നടക്കുന്നതെന്ന്. ഏതോ ചില മുസ്ലീം സംഘടനകളോ, മറ്റോ ഡൽഹിയിൽവച്ച് എന്തോ തീരുമാനമെടുത്തുവെന്നാണ് പറയുന്നത്. അത് ഇവിടെ എങ്ങനെയാണ് ബാധകമാകുന്നത്? ഇൻഡ്യയോട് കൂറില്ലാത്തവർ ചേർന്ന് പാക്കിസ്ഥാനായി ഇൻഡ്യയിൽനിന്നും വിട്ടുപോയി. ബാക്കിയുള്ള ഭൂരിപക്ഷം മുസ്ലീങ്ങളും ഈ രാജ്യത്തെ ജനാധിപത്യത്തിൽ വിശ്വസിക്കുകയും ഇൻഡ്യയോട് കൂറ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള സംസ്കാരമാണ് ഇവിടെയുള്ളത്. അവർ ഇൻഡ്യയുടെ ജനാധിപത്യത്തിൽ വിശ്വസിക്കുന്നു. ഇൻഡ്യയുടെ ഭരണഘടനയെ അംഗീകരിക്കുന്നു; ഇൻഡ്യൻ റിപ്പബ്ലിക്കിനെ അവർ ആദരിക്കുന്നു. ഈ മൂന്നുദിവസവും എന്തെങ്കിലുമൊക്കെ പറഞ്ഞ് കോലാഹലമുണ്ടാക്കാനല്ലേ ശ്രീ. നായനാരും പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളും ഇവിടെ ശ്രമിക്കുന്നത്? ഇത് അദ്ഭുതകരമായ സംഭവമല്ലേ? ഇന്ന് എന്താണ് ഇവിടെ നടന്നത്?

വോട്ടേഴ്സ് ലിസ്റ്റിൽ കൃത്രിമങ്ങൾ ഉണ്ടാക്കിയിരിക്കുന്നുവെന്നാണ് പറഞ്ഞത്. ഈ വോട്ടേഴ്സ് ലിസ്റ്റിന്റെ പരിശോധന നടത്താനും ലിസ്റ്റ് തയ്യാറാക്കാനും മറ്റും പോയത്, കേരളത്തിലെ എൻ. ജി. ഒ. യൂണിയനും ആ യൂണിയനിൽപ്പെട്ട അദ്ധ്യാപകരുമാണ്. അവരാണ് ഈ ലിസ്റ്റ് തയ്യാറാക്കിയത്. ഇക്കാര്യത്തെക്കുറിച്ച് ഞങ്ങൾ ഇവിടെ പറയേണ്ടതായിരുന്നു. പക്ഷേ അപ്പുറത്തുനിന്ന് ഇതിനെക്കുറിച്ച് പറയുന്നത്, വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ തൂത്തുവാരി നശിപ്പിക്കും എന്നാണ്. പ്രതിപക്ഷത്തെ ഒരാളും ഈ നിയമസഭയിൽ വരാത്ത രീതിയിലാകും. നിങ്ങൾക്കറിയാമല്ലോ, ഇന്നലെവരെ അവിടെയുണ്ടായിരുന്ന (എസ്സ്) കോൺഗ്രസ്സിലെ ഭൂരിപക്ഷം എം. എൽ. എ. മാരും ഇപ്പുറത്തായിരിക്കുകയാണ്. അതുപോലെ മറ്റു പല പാർട്ടികളും വന്നു. ഇപ്പോൾ അവിടെയിരിക്കുന്നത്, ശ്രീ. ചന്ദ്രശേഖരന്റെ ഒരു 'പൊടി' പാർട്ടിയാണ്. ബാക്കിയുള്ള പാർട്ടികളെല്ലാം ഇപ്പുറത്തു വന്നുകഴിഞ്ഞിരിക്കുകയാണ്. അതുപോലെ കോൺഗ്രസ് (എസ്) പാർട്ടിയിൽത്തന്നെയുള്ള ശ്രീ. പീതാംബരൻമാസ്റ്ററും ഇങ്ങോട്ടു വരാനുള്ള ആലോചനയിലാണ്, അതുംകൂടി വന്നു കഴിഞ്ഞാൽ പിന്നെ ഈ രാജ്യത്തെ സ്ഥിതിയെന്താണ്? പ്രതിപക്ഷമെന്നു പറയുവാൻ പിന്നെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയും വലതുകമ്മ്യൂണിസ്റ്റു പാർട്ടിയുമൊഴിച്ച് വേറൊന്നും ഉണ്ടാകില്ല. അതും തകരുകയാണ്.

സർ, ശ്രീ. എം. വി. രാഘവന്റെ പാർട്ടി അവിടെ ശക്തമായി വരികയാണ്. ശ്രീ. എം. വി. രാഘവന്റെ പാർട്ടി ഈ തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ കേരളത്തിലെ പ്രതിപക്ഷത്തെ ഏറ്റവും ശക്തമായ പാർട്ടിയായിമാറും. അപ്പോൾ ശ്രീ. ഇ. കെ. നായനാരുടെ പാർട്ടിയും ശ്രീ. കെ. പി. പ്രഭാകരന്റെ പാർട്ടിയും അതുപോലെയുള്ള മറ്റു

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടികളുമൊക്കെ തന്നെ ഇല്ലാതാകും. ഈ പാർട്ടികളൊക്കെ ഇങ്ങോട്ട് വന്ന് ശക്തമാകുമ്പോൾ വാസ്തവത്തിൽ പ്രതിപക്ഷം എം. വി. രാഘവന്റെ ഭാഗത്ത് നിൽക്കുകയും ചെയ്യും. അതല്ലാതെ ഇവിടെ വേറെ എന്താണ് നടക്കാൻ പോകുന്നത്? ഈ തിരഞ്ഞെടുപ്പിന്റെ സ്ഥിതി അതല്ലേ? ഏതായാലും ഇനി നാളെയുംകൂടി അവർ ഒരു അടിയന്തിര പ്രമേയം കൊണ്ടുവരും. അടിയന്തിര പ്രമേയം നാളെയുംകൂടി ചർച്ച ചെയ്താൽ നാളത്തോടുകൂടി അവസാനിക്കുകയാണ്. പിന്നെ ഇവിടെ നിന്ന് പോകുമ്പോൾ പണ്ട് ഈ രാജ്യത്ത് ഏതോ.....

ശ്രീ. വി. സുരേന്ദ്രൻപിള്ള: ഇവിടെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ ഗവൺമെന്റിന്റെ സംഖ്യാബലം എത്രയായിരുന്നു എന്നും, എന്നാൽ നാലര വർഷക്കാലത്തെ ഭരണം പൂർത്തിയായപ്പോഴുള്ള സംഖ്യാബലം എത്രയാണെന്നും ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. രാഘവൻ പൊഴക്കടവിൽ: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ പ്രതിപക്ഷ ബഞ്ചുകളെല്ലാം ഏകദേശം നിറഞ്ഞിരിക്കുകയായിരുന്നു. അവിടെ ഉണ്ടായിരുന്ന മെമ്പർമാർ, നാലര വർഷം കഴിഞ്ഞ് ഈ മന്ത്രിസഭ അധികാരത്തിൽ തുടരുകയും ഇവിടത്തെ സാമൂഹ്യക്ഷേമ പദ്ധതികളും സാമ്പത്തിക പരിപാടികളും പ്രയോജനപ്പെടുകയും ചെയ്തതിന്റെ ഫലമായി അപ്പുറത്തിരിക്കുന്നതിന് പറ്റാത്ത സാഹചര്യം വരികയും ഇപ്പുറത്തേക്ക് ഒഴുകിവരികയും ചെയ്ത സാഹചര്യം ഉണ്ടായിരിക്കയാണ്. അത് ഇപ്പോൾ ശ്രീ. വി. സുരേന്ദ്രൻപിള്ള വളരെ വ്യക്തമായി സൂചിപ്പിച്ചതാണ്.

സർ, നാളെയുംകൂടി ഈ നിയമസഭയുണ്ട്. ഈ നിയമസഭയിൽ നാളെ എന്താണ് അടിയന്തിരപ്രമേയമായി കൊണ്ടുവന്ന് വാക്കൗട്ട് നടത്തുക എന്നതാണ് ഇപ്പോഴത്തെ തിരക്കിട്ട ആലോചനാവിഷയം. ഈ ആലോചനാവിഷയം പൂർത്തിയാകുന്നതിനുമുമ്പ് ഒരു കാര്യം പറയാം. പണ്ട് ചക്കര വിൽക്കുന്ന ഒരു പാവപ്പെട്ട തൊഴിലാളിയുണ്ടായിരുന്നു. അയാൾ ചക്കര വിൽക്കാനായി പോയി. അയാൾക്ക് ഒരു വയൽവരമ്പിൽക്കൂടി സഞ്ചരിക്കണമായിരുന്നു. വയൽവരമ്പിൽക്കൂടി സഞ്ചരിച്ച് കുറെച്ചെന്നപ്പോൾ ഒരു ചെറിയ തോടുണ്ടായിരുന്നു. ആ തോട്ടിൽ ഇറങ്ങുന്ന വഴിക്ക് ചക്കരക്കൊട്ടയുമായി ആ പാവപ്പെട്ട തൊഴിലാളി വീണു. ചക്കര മുഴുവൻ വെള്ളവും ചെളിയുമായി. അപ്പോൾ അപ്പുറത്തു നിന്ന ഒരു കൃഷിക്കാരൻ എണീറ്റോ സാറേ എണീറ്റോ എന്നു പറഞ്ഞു. അപ്പോൾ ഇപ്പുറത്തു നിന്ന് ചക്കരത്തൊഴിലാളി പറയുകയാണ്, എണീറ്റാലെന്താ എണീറ്റില്ലെങ്കിലെന്താ ചക്കര മുഴുവൻ നനഞ്ഞ് നശിച്ചുപോയി. എണീറ്റാലെന്താ എണീറ്റില്ലെങ്കിലെന്താ എന്നു പറഞ്ഞതുപോലെ ഈ പ്രതിപക്ഷത്ത് ഇരുന്നാലെന്താ ഇരുന്നില്ലെങ്കിലെന്താ എന്ന മട്ടിലാണ് ഇവർ. ഇന്ന് തിരഞ്ഞെടുപ്പ് എന്ന മുഖഭാവവുമായി നിങ്ങൾ നാട്ടിൻപുറങ്ങളിൽ പോയാൽ നിങ്ങൾക്ക് ഏതെങ്കിലും ഒരു സീറ്റ് പിടിച്ചെടുക്കാൻ കഴിയുമെന്ന് ഈ സഭയിൽ പറയാൻ കഴിയുമോ? ഇവിടെ ഏതെങ്കിലും ഒരു നിയോജകമണ്ഡലം പ്രതിപക്ഷത്തിന് എടുക്കാൻ കഴിയുമോ? അത് നടക്കുകയില്ല. ശ്രീ. ഇ. കെ. നായനാരു പോലും മലമ്പുഴയിൽ നിന്ന് പരാജയപ്പെടും. ശ്രീ. നായനാരെ തോൽപ്പിക്കുവാൻഅവിടെ ശക്തമായ നീക്കങ്ങൾ ആരംഭിച്ചിരിക്കുകയാണ്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ഒന്നും ചെയ്തിട്ടില്ല. അദ്ദേഹത്തിന് ഒന്നും ചെയ്യാൻ സമയമില്ല. പിന്നെ എങ്ങനെ അവിടെ നടക്കും? ഈ രാജ്യത്തെ കൃഷിക്കാരന്റെ മുതലക്കണ്ണീരുമായി ഒഴുകുന്ന ഡി. വൈ. എഫ്. ഐ. ക്കാരെ കൊണ്ട് പ്രക്ഷോഭങ്ങളും സംഘടിപ്പിച്ചാൽ അവിടെ എന്തു നടക്കുമെന്ന് നിങ്ങളും ആലോചിച്ചിട്ടുണ്ടോ? അവിടെ ഒന്നും നടക്കുകയില്ല.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: അടുത്ത തിരഞ്ഞെടുപ്പിൽ നമ്മുടെ പ്രതിപക്ഷ നേതാവ് ശ്രീ. ഇ. കെ. നായനാർക്ക് മാർക്സിസ്റ്റ് പാർട്ടി സീറ്റു കൊടുക്കുകയില്ലെന്ന് മാർക്സിസ്റ്റ് നേതാക്കൻമാർ പലരും പറയുന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. രാഘവൻ പൊഴക്കടവിൽ: ഞാനും കേട്ടിട്ടുണ്ട്. ശ്രീ. നായനാർക്ക് അടുത്ത തവണ സീറ്റു കൊടുക്കാൻ അവർ തയ്യാറല്ല. സീറ്റു കൊടുത്താൽ തന്നെ അദ്ദേഹത്തെ ലീഡറാക്കാനും കഴിയാതെയാണിരിക്കുന്നത്. ശ്രീമതി ഗൗരിയമ്മയാണ് അതിന് അർഹതയുള്ളത്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർ തന്നെ പറയുന്നു ഗൗരിയമ്മയാണ് അതിന് അർഹപ്പെട്ടതെന്ന്. ശ്രീമതി ഗൗരിയമ്മയ്ക്ക് കൊടുക്കാതിരിക്കാൻ കഴിഞ്ഞ തവണ എല്ലാ തന്ത്രങ്ങളും ഉപയോഗിച്ചു. അവർ ഒരു സുഖക്കേടുകാരിയാണെന്നു പറഞ്ഞു. ഗൗരിയമ്മയ്ക്ക് എന്നും സുഖക്കേടാണെന്നു പറഞ്ഞു. അവസാനം അവർ ഈയിടെ ഒരു വിദേശ പര്യടനത്തിനുപോയി. നമ്മുടെ സംസ്ഥാനത്തുനിന്ന് കമ്മിറ്റിക്കാർ പോയപ്പോൾ, ഞാൻ സുഖക്കേടുകാരിയല്ല എനിക്ക് ശക്തിയുണ്ടെന്ന്, ബോദ്ധ്യപ്പെടുത്താനാണ് അവർ പോയത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: മാർക്സിസ്റ്റ് പാർട്ടിയിൽ ഈ പ്രാദേശികത്വം മാത്രമല്ല ജാതിവഴക്കും നടക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇത് എന്നൊക്കെ ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. രാഘവൻ പൊഴക്കടവിൽ: അവിടെ ജാതിവഴക്കും നടക്കുന്നു എന്നത് ഒരു തെളിവായ സത്യമല്ലേ? ശ്രീ. നായനാർ ഉൾപ്പെടെയുള്ള ആളുകൾ മുഴുവൻ ഇപ്പോൾ ജാതിയുടെ പേരിലാണ്.

ശ്രീ. പി. പി. തങ്കച്ചൻ: ശ്രീ. നായനാരെയും ശ്രീമതി ഗൗരിയമ്മയെയും മാറ്റി ഇപ്പോൾ ബാലാനന്ദനെ കൊണ്ടുവരാൻ പോകുന്നു എന്നു കേട്ടല്ലോ?

ശ്രീ. രാഘവൻ പൊഴക്കടവിൽ: ശ്രീ. ഇ. ബാലാനന്ദനും ഇവിടെ രക്ഷയില്ലെന്നാണ് പറയുന്നത്. ബാലാനന്ദൻ ഏതായാലും ഡൽഹിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഗൗരിയമ്മക്കാണ് ഇവിടെ അർഹതയുള്ളതെന്നാണ് പറയുന്നത്. കൃഷിക്കാരന്റെ കാര്യമൊക്കെ പറയാൻ ശക്തിപ്രാപിച്ചത് ഗൗരിയമ്മയാണെന്നാണ് പറയുന്നത്. അതുകൊണ്ട് ഗൗരിയമ്മ ഒരുപക്ഷേ വരും. പിന്നെ വരുന്നത് ഇവിടത്തെ ഘടകകക്ഷിയിൽപ്പെട്ടവരാണ്. അതുകൊണ്ട് യാതൊരു കാരണവശാലും ഈ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിക്ക് ഈ തിരഞ്ഞെടുപ്പിൽ ജനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

നേരിടാനുള്ള ശക്തി ഇല്ലാതായിരിക്കുന്നു. ഈ രാജ്യത്ത് അവർ നടത്തിയിട്ടുള്ളതു മുഴുവനും ജനദ്രോഹ പരിപാടികളായിരുന്നു. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറ് കാഴ്ചവച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളെ തകർക്കാൻ, ഈ രാജ്യത്തെ വികസന പരിപാടികളെ പരാജയപ്പെടുത്താൻ, കഴിഞ്ഞ കാലങ്ങളിൽ 1947-നുമുമ്പ് ഇൻഡ്യയുടെ ദേശീയ സ്വാതന്ത്ര്യ സമരകാലത്ത് നടത്തിയിരുന്ന അതേ അടവു തന്നെയാണ് ഈ അഞ്ചു വർഷക്കാലവും കരുണാകരൻ ഗവൺമെൻറിനെതിരായിട്ട്, ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിനെതിരായിട്ട് നടത്തിയത്. ഈ ചരിത്രപരമായ കാര്യങ്ങൾ ഓർക്കുമ്പോൾ ഈ രാജ്യത്തെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറ് വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വരികയും പ്രതിപക്ഷത്തിരിക്കുന്ന ഇടതുപക്ഷ മുന്നണി അമ്പേ തകർന്ന് പരാജയപ്പെട്ട് ചക്കരക്കൊട്ടക്കാരന്റെ കഥപോലെ നാമാവശേഷമായി തീരുകയും ചെയ്യും. ഈ സംസ്ഥാനത്ത് പുതിയ ആവേശം പകരുന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് അധികാരത്തിൽ വരാൻ വെമ്പൽകൊണ്ടുകൊണ്ടാണ് ഈ രാജ്യത്ത് നിലകൊള്ളുന്നത് എന്ന വസ്തുത ഞാൻ അവരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഇപ്പോൾ ശ്രീ. രാഘവൻ പൊഴുതെവിൽ പറഞ്ഞു പീതാംബരൻ മാസ്റ്റർ അങ്ങോട്ടു ചെല്ലാൻ തയ്യാറെടുത്തു നിൽക്കുകയാണെന്ന്. നാണംകെട്ട ഏർപ്പാടിന് പീതാംബരൻ മാസ്റ്റർ ഇല്ല. ഞാൻ ഒരിക്കലും അധികാരത്തിന്റെ ശീതളച്ഛായ അന്വേഷിച്ചിട്ടില്ല. അത് കാലുമാറ്റക്കാരുടെ പ്രവൃത്തിയാണ്. ആ പാർട്ടി നശിക്കുകയല്ലാതെ രക്ഷപ്പെടുകയില്ല. ഞാൻ ആ പാർട്ടിയിലേക്കില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ശ്രീമാൻ കരുണാകരന്റെ നേതൃത്വത്തിലുള്ള കൗരവപ്പടയുടെ കാട്ടാള ഭരണം ഈ നിലയിൽത്തന്നെ തുടരാൻ ഇനിയും സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നതിനാണല്ലോ ഇവിടെ ഈ ഉപധനാഭ്യർത്ഥന അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെയാണ് ഞാൻ അതിനെ ശക്തിയായി എതിർക്കുന്നത്. കഴിഞ്ഞ അഞ്ചു വർഷത്തോളമായി ഈ ഗവൺമെൻറ് നമ്മുടെ ജനാധിപത്യത്തെ തകർക്കാൻ ആവശ്യമായ വലിയ പടയൊരുക്കം നടത്തുകയായിരുന്നു. ആ പടയൊരുക്കം നടത്തി അതിന്റെ പരിസമാപ്തിയിലാണ് ഇപ്പോൾ കൂടിയിരിക്കുന്നത്. കഴിഞ്ഞ സംഭവഗതികൾ ഓരോന്ന് പരിശോധിച്ചാൽ അത് നമുക്ക് ബോദ്ധ്യമാകും. ഇന്നലെ ഇവിടെ ചർച്ച ചെയ്യപ്പെട്ടപ്പോൾ ഉയർന്നുവന്ന മുഖ്യമായ പ്രശ്നം, കഴിഞ്ഞ കുറെ മാസങ്ങളും വർഷങ്ങളുമായി നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന സംഭവങ്ങളും അതിലേക്ക് വിരൽചൂണ്ടുന്ന വിഷയങ്ങളുമാണ്. ഇവിടെ നിലവിലുള്ള ജനാധിപത്യ സമ്പ്രദായങ്ങളും സംവിധാനങ്ങളും തുടർന്നുകൊണ്ടുപോകുന്നത് തങ്ങളുടെ സുഗമമായ മുന്നോട്ടുപോക്കിന് ഗുണമല്ലെന്ന് ബോദ്ധ്യമായ ഈ കരുണാകരാദികൾ ഇപ്പോൾ പരിശ്രമിക്കുന്നത് ജാതിമത വികാരങ്ങളെ ഇളക്കിവിട്ടുകൊണ്ട് ജനങ്ങളെ ഭിന്നിപ്പിക്കാനും അതിലൂടെ ജനാധിപത്യത്തെ ഇല്ലായ്മ ചെയ്യാനും ആവശ്യമായ സ്ഥിതിഗതികൾ വളർത്തിക്കൊണ്ടു വരാനുമാണ്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

മുസ്ലീം മതമൗലിക വാദികളെ ഇളക്കിവിട്ടുകൊണ്ട് ബാബറി മസ്ജിദിനെ സംരക്ഷിക്കാനും പിടിച്ചെടുക്കാനും എന്ന പേരിലായാലും ശരിഅത്ത് സംരക്ഷണത്തിന്റെ പേരിലായാലും രാജ്യം ഒട്ടാകെ ഒരു വർഗ്ഗീയ കലാപത്തിന്റെ തിരി കൊളുത്തുവാൻ ആവശ്യമായ പ്രേരണയും പ്രചോദനവും ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയാണ്. ക്രിസ്റ്റ്യൻ മതവിഭാഗങ്ങളെ മുഴുവൻ ഇളക്കിവിടാൻ ആവശ്യമായ പ്രേരണയോടെ നമ്മുടെ വിദ്യാഭ്യാസമന്ത്രി തന്നെ നേതൃത്വം കൊടുത്തുകൊണ്ട് അതിന്റെ പ്രവർത്തനം നടത്തുകയാണ്. ക്രിസ്തുവിന്റെ പേരിൽ മതവികാരം ഇളക്കി വിടുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ സായുധ കലാപങ്ങളും കത്തിക്കുത്തുകളും ഉണ്ടാകുമെന്നാണ് ഇവിടെ വിദ്യാഭ്യാസമന്ത്രിയായ ശ്രീ. ടി. എം. ജേക്കബ് പരസ്യമായി ഈ രാജ്യത്ത് പറഞ്ഞത്. ഗ്രീക്ക് സാഹിത്യകാരനായ, ലോകം അംഗീകരിക്കപ്പെടുന്ന ഒരു സാഹിത്യകാരന്റെ കഴിഞ്ഞ കാലങ്ങളിൽ എല്ലാം കോളേജുകളിൽ പഠിപ്പിച്ചിരുന്ന ഒരു ഉപന്യാസം പഠിക്കുന്നത് അപകടമാണെന്നതിന്റെ പേരിൽ ഇന്ന് വലിയ കലാപം നടക്കുകയാണ്. ഫാദർ കുണ്ടുകുളവും അതുപോലെ ബിഷപ്പുമാരും പാതിരിമാരും എല്ലാം ഇളകിവശായി ക്രിസ്റ്റ്യൻ മതവികാരം ഒന്നിച്ച് വ്രണപ്പെട്ടിരിക്കുന്നുവെന്ന് വരുത്തിത്തീർക്കാൻ ഭരണാധികാരികളുടെ മുഴുവൻ ഒത്താശയോടുകൂടി ആ വിഭാഗത്തെ രംഗത്തിറക്കിയിട്ടുണ്ട്. അങ്ങനെ മതവികാരം ഇളക്കിവിടാൻ ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടക്കുന്നു. അതുമാത്രമല്ല ഇപ്പോഴും ജൂഡീഷ്യറിയെപ്പോലും.....

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഞാൻ പറയാത്ത കാര്യം എന്തിനാണ് പറഞ്ഞെന്നു പറയുന്നത്?

ശ്രീ. കെ. ഇ. ഇസ്മയിൽ: താങ്കൾ പറഞ്ഞുവെന്ന് ഈ നാട്ടിലെ മുഴുവൻ പത്രങ്ങളിലും വന്നതാണ്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ എന്താണ് പറഞ്ഞതെന്ന് പത്രങ്ങളിൽ പറഞ്ഞിരുന്നു. രണ്ടാമത് ക്ലാരിഫിക്കേഷനും വന്നു. പറയാത്ത കാര്യം പറഞ്ഞുവെന്ന് പറയണ്ട.

ശ്രീ. കെ. ഇ. ഇസ്മയിൽ: വിദ്യാഭ്യാസമന്ത്രി ഇതു പറഞ്ഞതായി നാട്ടിൽ മുഴുവൻ വന്നതാണ്. 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകം പല സ്ഥലങ്ങളിലും ഇതിനു മുമ്പ് കളിച്ചതാണ്. അതിനാധാരമായ ഗ്രീക്ക് സാഹിത്യകാരന്റെ ചരിത്രപ്രസിദ്ധമായ നോവൽ എത്രയോ കാലമായി ഈ രാജ്യത്തെ ജനങ്ങൾ മുഴുവൻ വായിച്ചതാണ്. അന്നൊന്നും ഉണ്ടാകാത്ത ഒരു മതവികാരവും വ്രണപ്പെടലും ഇവിടെയുണ്ടാകുമെന്നതിന്റെ അടിസ്ഥാനത്തിൽ അവരെ ഇളക്കിവിടാൻ ആഹ്വാനം ചെയ്തുകൊണ്ട് കുഴപ്പങ്ങൾ ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്വം ഈ ജനാധിപത്യത്തെ തകർക്കാനും ഇന്ന് ഈ ഗവൺമെന്റിനെതിരായി വളർന്നുവരുന്ന വികാരത്തിന്റെ ശ്രദ്ധതിരിച്ചുവിടാനും ഈ ഗവൺമെന്റ് ബോധപൂർവ്വം ഉണ്ടാക്കിയ നടപടികളാണ്. ഞാൻ അത്രമാത്രമേ പറയുന്നുള്ളൂ.

അതുപോലെതന്നെ ജൂഡീഷ്യറിയെപ്പോലും സ്വാധീനിക്കാൻ നടന്ന നടപടികൾ ഇന്ന് ഈ നാട്ടിൽ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. കഴിഞ്ഞകാല കീഴ്വഴക്കങ്ങൾ മുഴുവൻ കാറ്റിൽ പറത്തിക്കൊണ്ട് ഇപ്പോഴും കോടതിപോലും വ്യക്തമായി ഭരണഘടനാലംഘനമുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

സത്യപ്രതിജ്ഞാ ലംഘനമുണ്ട് എന്നൊക്കെ പറഞ്ഞിട്ടുപോലും ഭരണത്തിൽ അള്ളിപ്പിടിച്ചു നിൽക്കാൻ ശ്രമിക്കുന്നു. അതുപോലെ ജഡ്ജിമാരെ സ്വാധീനിക്കുവാൻ ചില പ്രവർത്തനങ്ങളും നടന്നുവെന്ന് ഇന്ന് പരസ്യമായി പത്രങ്ങളിൽവരെ വാർത്തകളും വന്നു. ആ പത്രങ്ങളുടെ പേരിൽ നടപടിയെടുക്കുവാൻ നോട്ടീസയക്കുകയൊക്കെ ഇപ്പോഴും ചെയ്യുന്നു. എന്നാൽ ഗുരുവായൂരിൽ നമ്മുടെ മുഖ്യമന്ത്രിതന്നെ നേരിട്ടു പോയി ഇവരെ കണ്ടുവെന്ന് പത്രവാർത്തകളുണ്ടായി. അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്ന് മുഖ്യമന്ത്രി നിഷേധിച്ചു. എന്നാൽ ആ സംഭവത്തോടനുബന്ധിച്ച് ഒരു ജീവനക്കാരനെ സസ്പെൻഡ് ചെയ്തു. ആ ജീവനക്കാരനെ സസ്പെൻഡ് ചെയ്യാൻ ഇടയായ കാരണങ്ങളിൽ പറയുന്നത് മുഖ്യമന്ത്രിയും ജഡ്ജിമാരും അവിടെ ഉണ്ടായിരുന്ന സന്ദർഭത്തിൽ ആവശ്യമായ ചില കാര്യങ്ങളിൽ പങ്ക് വഹിച്ചില്ല എന്നതാണ്. അതാണ് സസ്പെൻഷനു കാരണം. അത് നിഷേധിക്കുവാൻ കഴിയില്ലല്ലോ? അങ്ങനെ ജുഡീഷ്യറിയെ സ്വാധീനിക്കുന്നു. ഈ തരത്തിൽ എല്ലാ നിലയിലും ഉള്ള പ്രവർത്തനങ്ങളും ഇന്ന് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നു. നമ്മുടെ സംസ്ഥാനത്തെ മറ്റു സ്ഥിതിഗതികളും വിശദീകരിക്കുവാൻ എനിക്ക് സമയം വളരെ കുറവായതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല.

സർ, ഇവിടെ വ്യാവസായിക മേഖലയിൽ ഒരു താലൂക്കിന് ഒരു വ്യവസായം എന്ന മോഹനമുദ്രാവാക്യവുമായി അധികാരത്തിൽവന്നവരാണ്. എന്നാൽ 140 നിയോജകമണ്ഡലങ്ങളും ആകെ എടുത്തു പരിശോധിച്ചാൽ, ഒരു വ്യവസായം ഏതെങ്കിലും ഒരു താലൂക്കിൽ 5 വർഷക്കാലത്തിനുള്ളിൽ ഞങ്ങൾക്കു കൊണ്ടുവരാൻ കഴിഞ്ഞു എന്ന് ശ്രീ. അഹമ്മദിനോ, കരുണാകരാദികൾക്കോ, ആർക്കും പറയാൻ കഴിയുകയില്ല. ഇന്ന് വ്യാവസായിക മേഖലയാകെ തകർന്നുകിടക്കുന്നു. മാവൂരിലെ തൊഴിലാളികളുടെ ഹൃദയവികാരങ്ങളും ഇവിടെയുള്ള ആളുകളും പ്രകടിപ്പിച്ചതാണ്. ബഹുമാനപ്പെട്ട മുഹമ്മദ് ബഷീറും, രാമനുമൊക്കെ ഇവിടെ അവതരിപ്പിച്ചതാണ്. അതുപോലെ തന്നെ ഇടുക്കി ജില്ലയിൽ പീരുമേട് പ്രദേശത്ത് എട്ട്, ഒൻപത് കമ്പനികളും പൂട്ടിക്കിടക്കുന്നു. അതു തുറക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിച്ചില്ല. 307 തൊഴിലാളികളെ അറസ്റ്റ് ചെയ്തത് ലോക്കപ്പിലാക്കിയിരിക്കുകയാണ്. ഈ ഗവൺമെൻറ് മുതലാളിമാർക്ക് അനുകൂലമായ നിലപാടെടുത്തുകൊണ്ട് തൊഴിലാളികളെ ദ്രോഹിക്കുന്നതിന്റെ ദൃഷ്ടാന്തമാണ് ഇത്. പോലീസ് മർദ്ദനത്തിന്റെ കഥ, അതിന്റെ ഏറ്റവും മൂർത്തിമദ്ഭാവമായി തങ്കമണിയിലുണ്ടായ സംഭവം ഇൻഡ്യാ രാജ്യത്തിലേയും, കേരളത്തിലേയും മുഴുവൻ സ്ത്രീത്വത്തേയും അപമാനിക്കുന്നതിന്റെ കഥകളാണ് പറയുന്നത്. ഈ കൗരവപ്പട എന്ന നിലയിൽ ഞാൻ പറഞ്ഞത്, ആ അമ്മമാരും, സഹോദരിമാരും വരാൻ പോകുന്ന തിരഞ്ഞെടുപ്പിലൂടെ ഒരു കാരണവശാലും, ഒരു കാലത്തും ഇനി ഇവർ തിരിച്ചുവരാൻ പാടില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. രാജസദസ്സിൽവച്ച് പാഞ്ചാലിയെ വസ്ത്രാക്ഷേപം ചെയ്യാൻ കൗരവാദികളും പരിശ്രമിച്ചു. ദ്രോണാചാര്യരുണ്ട്, ഭീഷ്മരുണ്ട്, ഞങ്ങളുടെകൂടെ എല്ലാ പ്രമാണിമാരുമുണ്ടെന്ന് അഹങ്കരിച്ചവരായിരുന്നു അവർ. പാഞ്ചാലിയെ രാജസദസ്സിൽവച്ച് അപമാനിക്കാൻ ശ്രമിച്ചപ്പോൾ കൃഷ്ണാ എന്ന് വിളിച്ച് അന്ന്, ആ സ്ത്രീ ഒരു പ്രതിജ്ഞ എടുത്തു. ഈ കൗരവാദികളുടെ ഹൃദയം പിളർന്ന ആ കൈകളുമായല്ലാതെ എന്റെ ഈ മുടി കെട്ടുകയില്ലെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഈ കേരളത്തിലെ ലക്ഷോപലക്ഷം അമ്മമാരും സഹോദരിമാരും കരുണാകരാദികളുടെ ഈ ബലാൽസംഗങ്ങളും, കൂട്ടക്കൊലകളും, സ്ത്രീകളെ അപമാനിക്കൽ, ഇതിന് പ്രതികാരം ചെയ്യാൻ വരാൻ പോകുന്ന അവസരം കാത്തിരിക്കുകയാണ്. നമ്മുടെ വിജയൻ പറഞ്ഞല്ലോ കോൺഗ്രസ്സിലെ മെമ്പർ, സീറ്റ് കിട്ടാത്തതിന്റെ അങ്കലാപ്പിൽ അദ്ദേഹത്തിന് എന്തും പറയാം. പക്ഷേ ഭരണത്തിൽ തിരിച്ചുവരാൻ കഴിയുകയില്ലെന്ന് പൂർണ്ണമായി ബോദ്ധ്യമായ ഭരണകക്ഷി ഇപ്പോൾ വോട്ടേഴ്സ് ലിസ്റ്റിൽ കൃത്രിമം ഉണ്ടാക്കി അധികാരത്തിൽ വരാൻ കഴിയുമോയെന്ന പാഴ്ശ്രമം നടത്തുകയാണ്.

സർ, പാലക്കാട് ജില്ലയിൽ, ഞങ്ങളുടെയൊക്കെ മണ്ഡലങ്ങളിൽ നാളിതുവരെ വോട്ടേഴ്സ് ലിസ്റ്റുപോലും തന്നിട്ടില്ല. പാലക്കാട് ജില്ല പ്രതിപക്ഷത്തിന്റെ ജില്ലയാണെന്നതുകൊണ്ടാണോ വോട്ടേഴ്സ് ലിസ്റ്റ് കൊടുക്കാത്തത്. കള്ളവോട്ടുകളുണ്ടാക്കി, കൃത്രിമം കാണിച്ച് അധികാരത്തിൽ വരാനാണ് ആഗ്രഹിക്കുന്നതെങ്കിൽ അത് നടക്കാൻ പോകുന്നില്ല. ഈ രാജ്യത്തെ സകലമാന പൗരന്മാരെയും ദ്രോഹിച്ചുകൊണ്ട് ഈ രാജ്യത്തെ ഒട്ടാകെ തകർത്തുകൊണ്ട്, ജനാധിപത്യത്തെ ആകെ ഇല്ലാതാക്കിക്കൊണ്ട്, ഇവിടെ മതവികാരം ഇളക്കിവിട്ടുകൊണ്ട് അധികാരത്തിൽ വരാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: സർ, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും മനസ്സിലാക്കിക്കൊണ്ട് വിവിധ വകുപ്പുകളിലേയ്ക്ക് അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുമെന്ന വാഗ്ദാനം ഈ ഗവൺമെന്റ് പാലിച്ചിട്ടുണ്ട്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അതിന്റെ പരിപൂർണ്ണതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തോട് തൊട്ടുകിടക്കുന്ന സംസ്ഥാനങ്ങളിലെ ക്രമസമാധാന നിലതാരതമ്യപ്പെടുത്തുമ്പോൾ കേരളം ക്രമസമാധാന രംഗത്ത് സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ക്രമസമാധാനത്തിന്റെ പേരിൽ അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് കേരളം ഉണ്ടായതിനുശേഷം ക്രമസമാധാനം പാലിക്കാൻവേണ്ടി പട്ടാളത്തെ വിളിക്കേണ്ടിവന്നത് ശ്രീ. കരുണാകരന്റെ ഗവൺമെന്റിനാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: സർ, പട്ടാളത്തെ വിളിച്ചാലും ഈ രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ് ഞാൻ ഉന്നയിക്കുന്നത്.

നമ്മുടെ സംസ്ഥാനത്തോട് തൊട്ടുകിടക്കുന്ന തമിഴ്നാടിന്റെ ഇന്നത്തെ സ്ഥിതി നാം ഒന്ന് പരിശോധിച്ചുനോക്കണം. വിഘടനവാദികളാണ് മുസ്ലീംലീഗുകാരെന്നും, റിപ്പബ്ലിക് ദിനം ബഹിഷ്കരിക്കുന്നവരാണ് മുസ്ലീംലീഗുകാരെന്നും പറയുന്ന ഈ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇൻഡ്യയുടെ പവിത്രമായ, പരിശുദ്ധമായ

LIBRARY ARCHIVES Kerala Legislative Assembly

ഭരണഘടനയെ കത്തിച്ച് ചാമ്പലാക്കിയ ആ ഡി. എം. കെ. പ്രവർത്തകരേയും എം. എൽ. എ. മാരേയും അനുകൂലിക്കുകയാണ്. തമിഴ്നാട്ടിലെ ക്രമസമാധാനത്തെക്കുറിച്ച് ഞാൻ പറയേണ്ട ആവശ്യമില്ല. അതു പോലെതന്നെ നമ്മുടെ സംസ്ഥാനത്തോട് തൊട്ടുകിടക്കുന്ന, നമ്മുടെ ശ്രീ. കെ. ചന്ദ്രശേഖരന്റെ നേതാവായ ശ്രീ. ഹെഗ്ഡേ ഭരിക്കുന്ന കർണ്ണാടകത്തിലേയ്ക്ക് നാം ഒന്ന് തിരിഞ്ഞുനോക്കണം. അവിടത്തെ സ്ഥിതിയെന്താണെന്ന് ഞാൻ പറയാതെ തന്നെ ഇവിടത്തെ ജനങ്ങൾക്ക് അറിയാം. അവിടെ മലയാളികൾക്ക് നേരെ നടക്കുന്ന നിഷ്ഠുരമായ സംഭവങ്ങൾ ഈ രാജ്യത്തെ ജനങ്ങൾ അറിഞ്ഞിട്ടുണ്ട്. ഡെക്കാൻ ഹെറാൾഡ് എന്നുപറയുന്ന ഒരു ഇംഗ്ലീഷ് പത്രത്തിൽ വന്നിട്ടുള്ള ഒരു ചെറുകഥയെക്കുറിച്ച് ഉണ്ടായിട്ടുള്ള കോലാഹലങ്ങളും അനിഷ്ട സംഭവങ്ങളും ഈ രാജ്യത്തെ ഞെട്ടിപ്പിക്കുന്നവയാണ്.

സർ, അതുപോലെതന്നെ കമ്മ്യൂണിസ്റ്റുകാരനായ നൃപൻ ചക്രവർത്തി ഭരിക്കുന്ന ത്രിപുരയിലെ ക്രമസമാധാനരംഗം നാം ഒന്ന് പരിശോധിക്കണം. ആ ഗ്രാമപ്രദേശങ്ങളിൽ വോളൻറിയർമാർ നടത്തുന്ന അതിരൂക്ഷമായ കൊലപാതകങ്ങളെപ്പറ്റി മാർക്സിസ്റ്റുകാർക്ക് ഒന്നും പറയാനില്ല. എന്തിന് ഏറെ പറയുന്നു. സാക്ഷാൽ കമ്മ്യൂണിസ്റ്റ് സ്വർഗ്ഗ രാജ്യമെന്നു പറയുന്ന പശ്ചിമബംഗാളിലെ ക്രമസമാധാന നിലയെക്കുറിച്ച് സഖാവ് ഗൗരിയമ്മയ്ക്ക് ഒന്നും പറയാനില്ല. അവിടെ ഗൂർഖാ ലാൻഡിനുവേണ്ടി വാദിക്കുന്ന ഗൂർഖകളും അതുപോലെതന്നെ മറ്റ് വിഘടനവാദികളും രാജ്യത്തിന്റെ അഖണ്ഡതയെ ചോദ്യം ചെയ്തുകൊണ്ടാണ് ആ രാജ്യത്ത് വിപ്ലവങ്ങൾ ഉണ്ടാക്കിയത്. ഇൻഡ്യാ രാജ്യത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുകയാണെങ്കിൽ ക്രമസമാധാനരംഗത്ത് ഈ സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളതു തന്നെയാണ് ഈ ഗവൺമെൻറിന്റെ ഒന്നാമത്തെ നേട്ടമായി ഞാൻ അവകാശപ്പെടുന്നത്. ഈ കഴിഞ്ഞ 11–ാം നിയമസഭാ സമ്മേളനത്തേയും 12–ാം നിയമസഭാ സമ്മേളനത്തേയും 13–ാം നിയമസഭാ സമ്മേളനത്തേയും നാം അവലോകനം ചെയ്യുമ്പോൾ അപ്പുറത്തിരിക്കുന്ന പ്രതിപക്ഷങ്ങൾക്ക് ഭരണകക്ഷിയെ നേരിടാൻ അവരുടെ അടുത്ത് ആയുധങ്ങൾ ഇല്ലായിരുന്നു. 11–ാം സമ്മേളനത്തിൽ അവർ ഉന്നയിച്ചത് ശരിയത്ത് പ്രശ്നമായിരുന്നു. ആ വിഷയം തന്നെയായിരുന്നു 12–ാം സമ്മേളനത്തിലും നിങ്ങൾ ഉന്നയിച്ചിരുന്നത്. 13–ാം സമ്മേളനത്തിൽ നിങ്ങൾ കുവൈറ്റി പ്രശ്നം ഉന്നയിക്കുകയുണ്ടായി. 14–ാം സമ്മേളനത്തിൽ ബാബറി മസ്ജിദ് സമ്മേളനത്തിൽ ഇബ്രാഹിം സുലൈമാൻ സേട്ട് പങ്കെടുത്തു എന്നുതിന്റെ പേരിലുള്ള കോലാഹലങ്ങളാണ്. ഞങ്ങൾ വളരെ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ഞങ്ങളുടെ നേതാവ് അവുക്കാദർകുട്ടിനഹ സാഹിബ് ഈ സംസ്ഥാനത്തെ ജനങ്ങളോട് പറഞ്ഞു, ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന്റെ ലക്ഷ്യവും പ്രവർത്തന ശൈലിയും ജനാധിപത്യ മര്യാദകളും അനുസരിച്ച് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയെന്ന ഒരു പ്രവർത്തന ശൈലിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന്. ഞാൻ അപ്പുറത്തിരിക്കുന്ന സഖാവ് ഗൗരിയമ്മയോടും നായനാരോടും ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. നിങ്ങളുടെ രാഷ്ട്രീയനയം എന്താണെന്ന് വ്യക്തമാക്കണം. നിങ്ങൾക്ക് പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, നിങ്ങൾക്ക് പ്രതിബന്ധങ്ങൾ ഉണ്ടാകുമ്പോൾ വരുന്ന കാലങ്ങളിൽ റിപ്പബ്ലിക് ദിനം

LIBRARY ARCHIVES Kerala Legislative Assembly

ബഹിഷ്കരിക്കുകയില്ല; അല്ലെങ്കിൽ സ്വാതന്ത്ര്യദിനത്തിൽ കരിങ്കൊടി ഉയർത്തുകയില്ല എന്നു പറയുന്ന ആ രാജ്യസ്നേഹം വെട്ടിത്തുറന്നു പറയുവാൻ മാർക്സിസ്റ്റു ബഞ്ചുകാർക്ക് ധൈര്യമുണ്ടോയെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം ഞങ്ങളുടെ നേതാവ് പറഞ്ഞു, റിപ്പബ്ലിക് ദിനം ബഹിഷ്കരിക്കുന്നതിനോ സ്വാതന്ത്ര്യദിനത്തിൽ കരിങ്കൊടി ഉയർത്തുന്നതിനോ ഞങ്ങൾക്ക് ലക്ഷ്യമില്ലെന്നും, അത് ഞങ്ങളുടെ പ്രവർത്തനശൈലിയല്ലെന്നും വ്യക്തമാക്കിയപ്പോൾ നിങ്ങൾ അത് വ്യക്തമാക്കാൻ തയ്യാറുണ്ടോ? അതിനുള്ള നട്ടെല്ല് മാർക്സിസ്റ്റ് പാർട്ടിക്ക് ഉണ്ടോയെന്ന് ഞങ്ങൾ വെല്ലുവിളിക്കുകയാണ്. ഇല്ല. ആ രാജ്യസ്നേഹംപോലും തുറന്നുപറയുവാൻ ഇവർക്ക് കഴിഞ്ഞില്ല.

തിരഞ്ഞെടുപ്പ് അടുക്കാൻ പോകുന്ന ഈ സന്ദർഭത്തിൽ സഖാവ് നമ്പൂതിരിപ്പാട്, 'ദേശാഭിമാനി'യിൽ ഒരു ലേഖനമെഴുതുകയുണ്ടായി. സർ, തിരഞ്ഞെടുപ്പിന്റെ പരാജയഭീതി മുന്നിൽക്കണ്ടുകൊണ്ട്

11 A.M.] മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ചുവപ്പു കണ്ട കാളയെപ്പോലെ ഈ നിയമസഭയിൽ കാട്ടിയ പരാക്രമങ്ങളെ കുറിച്ച് ഞാൻ പറയുന്നില്ല. വോട്ടേഴ്സ് ലിസ്റ്റിൽ പരാതികളുണ്ടെങ്കിൽ 31-ാം തീയതി വരെ ഏതൊരു പൗരനും ആ വഞ്ചനകൾ തുറന്നു കാണിക്കാനുള്ള അവകാശം ഇൻഡ്യൻ ഭരണഘടനയിലും അതുപോലെതന്നെ തിരഞ്ഞെടുപ്പു വിജ്ഞാപനത്തിലും വ്യക്തമാക്കിയിട്ടുണ്ട്. എന്തിനേറെ സർ, ഇത് കള്ളവോട്ടെന്നു പറഞ്ഞുകൊണ്ട് ഈ തിരഞ്ഞെടുപ്പിനെ നിങ്ങൾ ഭയപ്പെടുന്നുവെന്ന് ഞങ്ങൾക്കറിയാം. പക്ഷേ സർ, ഒരു കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. വരുന്ന തിരഞ്ഞെടുപ്പിലെ വിജയവും പരാജയവുമല്ല മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയമെന്ന് സഖാവ് നമ്പൂതിരിപ്പാട് നവംബർ 28-ാം തീയതിയിലെ ദേശാഭിമാനി പത്രത്തിൽക്കൂടെ പറഞ്ഞു. കേരളാ കോൺഗ്രസ്സുമായും മുസ്ലീംലീഗുമായും ഒരിക്കലും ബന്ധമുണ്ടാകുകയില്ലെന്നും അദ്ദേഹം പറഞ്ഞു. അതിനുശേഷം സർ, കോട്ടയത്തു വന്നുകൊണ്ട് മുസ്ലീംലീഗും കേരളാ കോൺഗ്രസ്സും നയം മാറിയാൽ ഞങ്ങൾ സ്വീകരിക്കാൻ മടിക്കുകയില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. ആരാണ് ഇവിടെ നയം മാറുന്നതെന്ന് മാർക്സിസ്റ്റുകാരോട് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ ഇടതുപക്ഷ പ്രസ്ഥാനത്തിൽനിന്ന് ഞങ്ങളെ പുറത്താക്കിയിട്ടില്ല. 1969-70 കാലഘട്ടങ്ങളിൽ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് ഉൾപ്പെടുന്ന മുന്നണി നിങ്ങളെ പുറത്താക്കിയതാണ്. നിങ്ങളുടെ ഔദാര്യംകൊണ്ട് ആ മുന്നണിയിലേക്ക് വരേണ്ട ഗതികേട് ഇന്നു ഞങ്ങൾക്കില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നയം മാറിക്കൊണ്ട് ശരിയത്തിനെ അനുകൂലിക്കുന്ന ഒരു സാഹചര്യമുണ്ടായാൽ മുസ്ലീംലീഗ് അത് പരിശോധിക്കുമെന്നു മാത്രമേ ഈ സന്ദർഭത്തിൽ ഞങ്ങൾക്ക് പറയാനുള്ളൂ.

ഞങ്ങൾ വിഘടനവാദികളെ പ്രോൽസാഹിപ്പിക്കുന്നുവെന്നാണ് മാർക്സിസ്റ്റുകാർ ഇന്നിവിടെ പറഞ്ഞത്. നമ്മുടെ യശശ്ശരീരയായ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ വിരിമാറിലേക്ക് നിറതോക്ക് ഒഴിച്ചു സർ. ഭിന്ദ്രൻവാലയുടെ അനുയായികളെ രഹസ്യമായും പരസ്യമായും അനുകൂലിച്ചവരാണു സർ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. പശ്ചിമ ബംഗാളിൽ സിദ്ധാർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

ശങ്കർ റായ് മുഖ്യമന്ത്രിയായിരുന്ന കാലത്ത് കോൺഗ്രസ് ഭരണകൂടത്തെ തകിടം മറിക്കാൻ ഗൂർഖകൾക്ക് വളവും വെള്ളവും നൽകിയ പാർട്ടിയാണു സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി. ഇവരാണു സർ, ഇപ്പോൾ ഇങ്ങോട്ട് തിരിഞ്ഞ് ഞങ്ങളെ വിഘടനവാദികളെന്നു വിളിക്കുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് ഒന്നേ പറയാനുള്ളൂ. വരുന്ന തിരഞ്ഞെടുപ്പിൽ ഈ ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വരുമെന്നകാര്യത്തിൽ ആർക്കും യാതൊരു സംശയവുമില്ല. മതവികാരങ്ങളെ ഇളക്കിവിട്ടുകൊണ്ട് ഈ മുന്നണി അധികാരത്തിൽ വരുന്ന പ്രശ്നമേയില്ല. മതസൗഹാർദ്ദത്തിന്റെ മുന്നണിയും ഈശ്വര വിശ്വാസികളുടെ മുന്നണിയുമാണ് സർ ഇത്. എല്ലാ മതങ്ങളേയും എല്ലാ ഈശ്വരവിശ്വാസികളേയും ഒരേ ചരടിൽ കോർത്തിണക്കിക്കൊണ്ട് വിദ്യാഭ്യാസ രംഗത്തായാലും വ്യവസായ രംഗത്തായാലും കാർഷിക മേഖലയിലായാലും ഈ രാജ്യത്ത് ജനക്ഷേമകരമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുള്ള ഈ ഐക്യ ജനാധിപത്യമുന്നണി സർക്കാർ വീണ്ടും അധികാരത്തിൽ വരുമെന്ന് ഉറക്കെ പറഞ്ഞുകൊണ്ടും ഈ രാജ്യത്തെ സമസ്ത മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ടും ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: മി. ചെയർമാൻ സർ, ഈ സപ്ലിമെന്ററി ഡിമാൻഡിനെ ഞാൻ എതിർക്കുന്നു. വാസ്തവത്തിൽ ഈ സപ്ലിമെന്ററി ഡിമാൻഡിൽ നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തിക നില ശരിയായി പ്രതിഫലിപ്പിച്ചിട്ടില്ല. അതു പ്രതിഫലിപ്പിക്കേണ്ടെന്നു തന്നെയാണ് ഗവൺമെന്റ് കരുതിക്കൂട്ടി തീരുമാനമെടുത്തിട്ടുള്ളതെന്നു തോന്നുന്നു. സർ, ഇങ്ങനെ ഒരു വകതിരിവ് ഇതിനുമുമ്പ് കണ്ടിട്ടില്ല. ഈ സപ്ലിമെന്ററി ഡിമാൻഡിൽ കണ്ടിൻജൻസി ഫണ്ടിൽ നിന്നും എടുത്തു ചെലവു ചെയ്ത സംഖ്യ മാത്രമേയുള്ളൂ. അത് എന്താണ് ഉദ്ദേശം? ആ കണ്ടിൻജൻസി ഫണ്ട് വീണ്ടും പരിപുഷ്ടമാക്കാൻ വേണ്ടിയിട്ടാണ്. അതിൽനിന്ന് എടുത്തു ചെലവു ചെയ്തിട്ടുള്ള സംഖ്യ റെഗുലറൈസ് ചെയ്താൽ പിന്നെ ആ സംഖ്യ വീണ്ടും മുഴുവനും ചെലവു ചെയ്യാനുണ്ടാകും. ഇന്ന് നമ്മുടെ സംസ്ഥാനത്തെ കണ്ടിൻജൻസി ഫണ്ടെന്നു പറഞ്ഞാൽ വലുതായിട്ടുള്ള കണ്ടിൻജൻസി ഫണ്ടാണ്. എനിക്ക് തോന്നുന്നു ഇനി ഒരു നിയമം കൊണ്ടുവരും ബഡ്ജറ്റിലെ റവന്യൂ ഇൻകം മുഴുവനും കണ്ടിൻജൻസി ഫണ്ടായിട്ട് കണക്കാക്കാമെന്ന്. അങ്ങനെയാണെന്നുണ്ടെങ്കിൽ എല്ലാ കണ്ടിൻജൻസി ഫണ്ടിൽനിന്ന് ചെലവാകുന്ന രീതിയിൽ ചെലവാക്കണം. വളരെ എളുപ്പമായിരുന്നു. ഇതു കൂടാതെ ബഡ്ജറ്റിൽ ഉൾപ്പെടുത്താത്ത നിരവധി നിരവധി സംഖ്യകൾ ഗവൺമെന്റ് ചെലവാക്കിയിട്ടുണ്ട്. പക്ഷേ എന്താണ് വ്യത്യാസം? കണ്ടിൻജൻസി ഫണ്ടിൽ നിന്നല്ല ചെലവാക്കിയിട്ടുള്ളത്. ചെലവാക്കിയിട്ടുള്ളതെല്ലാം ഇനിയത്തെ ബഡ്ജറ്റിനുശേഷം കഴിഞ്ഞ വർഷത്തെ സപ്ലിമെന്ററി ഡിമാൻഡുമായി കൊണ്ടു വരുമ്പോഴേ കാര്യം മനസ്സിലാവുകയുള്ളൂ. അപ്പോൾ ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ ഇവിടെയുണ്ടാകുമോയെന്ന്, എനിക്ക് അറിയില്ല. അദ്ദേഹം ഉണ്ടെങ്കിൽ വ്യക്തിപരമായി ഞാൻ സന്തുഷ്ടനായിരിക്കും. കാരണം എനിക്ക് അതിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. പക്ഷേ ഇനിയൊരു ഗവൺമെന്റ്, തിരഞ്ഞെടുപ്പിനുശേഷമുണ്ടാകുമ്പോൾ ഇതെല്ലാം വീണ്ടും റെഗുലറൈസ് ചെയ്യാനായിട്ട് ഏർപ്പാടുകൾ ചെയ്യുമ്പോൾ ഈ സംഖ്യകളെല്ലാം പുറത്തുവരുമെന്നു മാത്രമേ ഞാൻ ഈ സമയത്ത് പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അത്യാവശ്യമായ വികസന പ്രവർത്തനങ്ങളെന്നു ഗവൺമെൻറിനു ബോദ്ധ്യമുള്ളതു് കണ്ടിൻജൻസി ഫണ്ടിൽനിന്നു് എടുക്കുകയും സഭ അടുത്ത പ്രാവശ്യം കൂടുന്നയവസരത്തിൽ സഭയുടെ ശ്രദ്ധയിൽ അതുകൊണ്ടുവന്നു് പാസ്സാക്കിയെടുക്കുകയും ചെയ്യുകയെന്നുള്ളതാണു് നയം. അതു് ഈ ഗവൺമെൻറെന്നു മാത്രമല്ല, എല്ലാ ഗവൺമെൻറുകളുടെ കാലഘട്ടങ്ങളിലും ചെയ്യുന്നതാണു്. അങ്ങു് മന്ത്രിയായിരുന്ന അവസരത്തിലും ഇതു് ചെയ്തിട്ടുള്ളതാണു്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ഇപ്പോഴം പറഞ്ഞതായിട്ടുള്ള കാര്യങ്ങളോടു് എനിക്കു് വിയോജിപ്പില്ല. ഞാൻ അതല്ല പറഞ്ഞുവന്നതു്. ഞാൻ പറഞ്ഞുവന്നതു് മറെറാരു കാര്യമാണു്. കണ്ടിൻജൻസി ഫണ്ടിൽനിന്നല്ലാത്തതായിട്ടുള്ള പല ചെലവുകളുമുണ്ടു്. ആ ചെലവുകളും സപ്ലിമെൻററി ഡിമാൻറു്സായിട്ടു് കൊണ്ടുവരേണ്ടതാണു്. അതു് കൊണ്ടുവന്നിട്ടില്ല. ഇതു് മനഃപൂർവ്വം ശുഷ്കിപ്പിച്ചു് ഡലിബറേറ്റലി ഡക്കേറേഡു് ആക്കി ഇതു് ഒതുക്കി നിർത്തുകയാണു്. അതുകൊണ്ടാണു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇന്നു കാലത്തു് പറഞ്ഞതു് ഇര നാമമാത്രമായിട്ടുള്ള സപ്ലിമെൻററി ഡിമാൻറുസാണെന്നു്. നാമമാത്രമായിട്ടുള്ള സപ്ലിമെൻററി ഡിമാൻറുസു് മാത്രമേ കൊണ്ടുവരികയുള്ളൂ എന്നുള്ള നിർബന്ധം ഗവൺമെൻറു് പിടിച്ചിരിക്കുന്നു. ഗവൺമെൻറിൻെറ ചില പ്രത്യേക ആവശ്യങ്ങൾക്കു വേണ്ടി വീണ്ടും ഫുൾ ആക്കാൻ വേണ്ടിയാണു് കണ്ടിൻജൻസി ഫണ്ടു്. എന്നാൽ പിന്നെ അൺഫോർസീനായിട്ടുള്ള എക്സ്പെൻഡിച്ചർ കൂടുതലായിട്ടു് വരുന്നുണ്ടെങ്കിൽ അതു് മുഴുവനും പിൻവലിക്കാനായിട്ടു് സാധിക്കും. അതിനു് വേണ്ടിയിട്ടുള്ള ഒരു സ്ഥിതിവിശേഷം ഇന്നു് ഉണ്ടാക്കിയിരിക്കുന്നു. ഒരുപക്ഷേ മാർച്ചു് 31 ാ, തീയതിവരെ പോകേണ്ടതല്ലേ? ആ മാർച്ചു് 31-ാ, തീയതി വരെ പോകാനായിട്ടുള്ള പണസ്ഥിതി എന്താണെന്നു് എനിക്കു് അറിഞ്ഞുകൂടാ? എന്തായാലും അതെല്ലാം കണ്ടുകൊണ്ടായിരിക്കും ഈ തരത്തിലുള്ള ഒരു സപ്ലിമെൻററി ഡിമാൻറ്സു് ഇവിടെ അവതരിപ്പിച്ചതു്. ഇതിൻെറ ഉള്ളിലേക്കു് അധികം പോകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇതിൽ ലോക മലയാള സമ്മേളനത്തിനുവേണ്ടി ചെലവാക്കിയിട്ടുണ്ടു്. അതു് വളരെ അത്യാവശ്യമായിട്ടുള്ള കാര്യമായിരുന്നു. ആ കാര്യത്തിൽ ആർക്കും സംശയമില്ല. എന്തൊരു ആവശ്യമില്ലാത്തതായിട്ടുള്ള ചെലവാണു്. പോയിവന്നവർക്കൊക്കെ നന്നായി. അവരൊക്കെ പോയിവരട്ടെ. ഇതിൽ പിന്നെ പറഞ്ഞിട്ടുണ്ടു്; ഫോറസ്റ്റു് ഡിപ്പാർട്ടുമെൻറിലത്തെ പ്രൊട്ടക്റ്റീവു് സ്റ്റാഫിൻെറ കാര്യം. ഫോറസ്റ്റു് ഡിപ്പാർട്ടുമെൻറിലെ പ്രൊട്ടക്റ്റീവു് സ്റ്റാഫിനുവേണ്ടി ഇന്നു് ചെലവു് ചെയ്യേണ്ടതുണ്ടോ? ഞാൻ കാര്യമായി ചോദിക്കുകയാണു്. സർ, ഈ കഴിഞ്ഞ നാലഞ്ചു കൊല്ലത്തിനകത്തു് നമ്മുടെ നാട്ടിൽ വനമെന്നുള്ളതു് ഇല്ലാതായിരിക്കുന്നു. ഈ ഗവൺമെൻറു് പലതും ചെയ്തിട്ടുണ്ടു്. പലതും ചെയ്താലും വനംകൊള്ള ഇഷ്ടംപോലെ ഈ സംസ്ഥാനത്തു് നടക്കുന്നു. എൻെറ സ്ഥലത്തുള്ള റോഡിൽക്കൂടി പോകുമ്പോഴം മരമില്ലാത്തതായ ഒരു ലോറി അവിടെക്കൂടി പോകുന്നതു് ഞാൻ കണ്ടിട്ടില്ല. പക്ഷേ മരം മുറിയ്ക്കൽ ഇല്ലെന്നാണു് ബഹുമാനപ്പെട്ട നൂറുദ്ദീൻ സാഹിബു് ഇവിടെ പറയുന്നതു്, ഇന്നു് അദ്ദേഹത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

വനമെല്ലാം നാഷണൽ ഹൈവേയുടെ റോഡ് സൈഡിൽ കൊണ്ടുവന്നിരിക്കുകയാണ്. കാരണം വനം വയ്ക്കാൻ അവിടെയെങ്ങും സ്ഥലമില്ല. അവിടെയെല്ലാം മുറിച്ച് ആക്കിക്കാർ കയ്യേറി, ഇനി അവിടെ വനവൽക്കരണം സാദ്ധ്യമല്ലാത്ത രീതിയിൽ ഇന്ന് നഗരങ്ങളിലേക്ക് വനംകൊണ്ടുവന്നിരിക്കുകയാണ് പല പേരുകളും പറഞ്ഞുകൊണ്ട്, ലോകബാങ്കിന്റെ പല സഹായങ്ങളും തട്ടിയെടുത്തുകൊണ്ട്. ഏതായാലും അതുകൊണ്ടൊന്നും വനസംരക്ഷണം പ്രയോജനപ്പെടുത്തുവാനായി സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. തിരഞ്ഞെടുക്കപ്പെട്ടതായിട്ടുള്ള അംഗങ്ങളെ അതായത് എം. പി. മാരേയും എം. എൽ. എ. മാരേയും ബഹുമാനിക്കാത്തതായിട്ടുള്ള ഗവൺമെന്റാണിത്. ഇന്നും കേന്ദ്രഗവൺമെന്റിലെ ഏറ്റവും വലിയ മന്ത്രിക്ക് അവിടത്തെ ഒരു എം. എൽ. എ. എഴുതിയിരുന്നെങ്കിൽ വി. ഐ. പി. ഒൺ എന്നുപറഞ്ഞുകൊണ്ട് നമ്പർ ഇട്ടിട്ട് മറുപടി പിറ്റേന്നതിന്റെ പിറ്റേദിവസം വരും. അങ്ങേക്ക് അറിയാം അത്. അങ്ങും എഴുതിയിട്ടുണ്ടായിരിക്കും. പക്ഷേ നമ്മുടെ ഗവൺമെന്റിലെ മന്ത്രിമാർക്ക് ഒരുകത്ത് കിട്ടിയാൽ അതിനു മറുപടിയില്ലെന്നു മാത്രമല്ല, മറുപടി കിട്ടുകയാണെങ്കിൽ ഏതെങ്കിലും പ്യൂണോ ക്ലാർക്കോ ഒപ്പിട്ടതായിട്ടുള്ള ഒരു ചുവന്ന കാർഡോ പച്ച കാർഡോ കിട്ടും. സർ, അത് അവിടെ അവസാനിച്ചിരിക്കുന്നു. താഴോട്ടു പോയിരുന്നില്ല. ഒരു സെക്രട്ടറിക്ക് എഴുതിയിരുന്നെങ്കിൽ ആ സെക്രട്ടറി മറുപടി അയച്ചുതരുമായിരുന്നു. ഒരു കളക്ടർക്ക് എഴുതിയിരുന്നെങ്കിൽ ആ കളക്ടർ മറുപടി അയച്ചുതരും. എന്നാൽ ഇതാദ്യമായിട്ടാണ് എന്റെ രാഷ്ട്രീയ ജീവിതത്തിൽ ഒരു ജില്ലാകളക്ടർക്ക് ഞാൻ എഴുതിയിട്ട് ഈ തരത്തിലുള്ളതായിട്ടുള്ള ഒരു കാർഡ് എനിക്ക് ജില്ലാകളക്ടറിൽനിന്ന് കിട്ടിയിട്ടുള്ളത്. ജില്ലാകളക്ടർക്കുവേണ്ടി ഒരു ലോവർ ഡിവിഷൻ ക്ലാർക്ക് അതിൽ ഒപ്പിട്ടിരിക്കുന്നു. ഞാൻ കൊടുത്തതായിട്ടുള്ള നോട്ട് താഴോട്ട് ഇന്നയാൾക്ക് അയച്ചിട്ടുണ്ട്, ഇനി എല്ലാ കാര്യവും നിങ്ങൾ ആ ആളെ സമീപിച്ചിട്ട് നോക്കിക്കൊള്ളണമെന്ന് അതിൽ എഴുതിയിരിക്കുകയാണ്. സർ, ഇത് അപമാനികലെല്ലേ? ഈ സംസ്ഥാനത്തെ എം. പി. മാരേയും എം. എൽ. എ. മാരേയും അപമാനിക്കുന്ന രീതിയിൽ സംസ്ഥാനത്തെ ജില്ലാകളക്ടർമാർപോലും മന്ത്രിമാരുടെ ഓഫീസുകളെ അനുകരിച്ചുകൊണ്ട് നീങ്ങുന്നുണ്ടെങ്കിൽ ഈ സപ്രിമെന്ററി ഡിമാന്റ്സ് അവതരിപ്പിച്ച് ഈ പണം ചെലവാക്കാൻ ഇവർക്ക് എന്താണ് അവകാശം? സർ, ഈ സംസ്ഥാനത്തെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വംഗർ ഡിസ്പ്ലേ ഓഫ് വെൽത്ത് വഷളായ വിധത്തിൽ ദൈവ വിശ്വാസത്തിന്റെ പേരിൽ ചെലവിടലാണ്. ഒരു രാഷ്ട്രീയ പ്രവർത്തകൻ ഒരിക്കലും ആ തരത്തിലുള്ളതായിട്ടുള്ള വംഗർ ഡിസ്പ്ലേ ഓഫ് വെൽത്തിനു പോകരുത്. സർ, ഈ സംസ്ഥാനത്തിലെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട കരുണാകരൻ കോടി പ്രഭു ആണ്. അതുകൊണ്ടാണ് ജസ്റ്റീസ് ബാലഗംഗാധരൻനായർ പല ദിക്കിലും പോയി ഇപ്പോൾ പ്രസംഗിക്കുന്നത്. ഡോ. പ്രസന്നൻ, ജസ്റ്റീസ് ഖാദർ മുതലായവരുള്ളതായിട്ടുള്ള ട്രൈബ്യൂണൽ ഇന്ന് ആവശ്യപ്പെടുന്നത് പൊതുപ്രവർത്തകരുടെ സ്വത്ത് എത്രയാണെന്നുള്ളത് തെളിയിക്കുവാൻവേണ്ടി അവർ അത് പ്രഖ്യാപിക്കണമെന്നും അത് പരിശോധിക്കാനായിട്ടുള്ള അധികാരം അഴിമതി അന്വേഷണ ട്രൈബ്യൂണലിന് ഉണ്ടാകണമെന്നുമാണ്. രണ്ടു കൊല്ലംമുമ്പ് അവർ പറഞ്ഞു. ആ രണ്ടു കൊല്ലം മുമ്പ് അവർ പറഞ്ഞിട്ട് അടിയന്തിരമായി ഞങ്ങളെയെല്ലാം വിളിച്ചുകൂട്ടി മുഖ്യമന്ത്രി കോൺഫറൻസ് നടത്തി. ഞങ്ങൾ അതിനോട് യോജിച്ചു. പക്ഷേ യാതൊരു ഭേദഗതിയും കൊണ്ടുവന്നിട്ടില്ല. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണു സർ, ഗുരുവായൂരപ്പന്റെയടുത്തു പോയിട്ട് കൊല്ലം കൊല്ലം പതിനായിരം ഉറുപ്പിക ഒരു ദിവസത്തെ പൂജയ്ക്കു വേണ്ടി ചെലവു ചെയ്യുന്നു എന്ന് പത്രത്തിൽ കൊടുക്കാനുള്ളതായിട്ടുള്ള ധൈര്യം ഒരു മുഖ്യമന്ത്രിക്ക് ഇന്നുണ്ടായത്. ആ നിയമം ഉണ്ടായിരുന്നെങ്കിൽ അത് അവിടെ പറഞ്ഞ് വളരെ സഹകാര്യത്തിൽ ചെയ്യാം. സഹകാര്യത്തിൽ ചെയ്യുന്നതിന് ആർക്കും ആക്ഷേപമില്ല.

ആ നിയമം അവിടെ ഉണ്ടായിരുന്നുവെങ്കിൽ അവിടെ പോയി പറഞ്ഞത് വളരെ സഹകാര്യത്തിൽ ചെയ്യുമായിരുന്നു. സഹകാര്യത്തിൽ ചെയ്യുന്നതിന് ആർക്കും ആക്ഷേപമില്ല. ഈ vulgar display of wealth—public display of wealth in the most insultable and unjustifiable manner അതല്ലേ സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്യുന്നത്? പത്തുറുപ്പിക ഒരു ദിവസം കിട്ടാത്തതായിട്ടുള്ള എത്രയോ ആളുകളാണ് ഈ സംസ്ഥാനത്തുള്ളത്. ആ പത്തുറുപ്പിക പോലും കിട്ടാത്ത ആളുകൾക്ക് ആ പത്തുറുപ്പിക കൊടുക്കുവാനായി ഈ മുഖ്യമന്ത്രി ശ്രമിക്കുന്നതിനു പകരം പതിനായിരം ഉറുപ്പിക ഒരു ദിവസത്തെ പൂജയ്ക്കുവേണ്ടി ചെലവാക്കുകയാണ്. ഇങ്ങനെയാണെങ്കിൽ ഈ സംസ്ഥാനത്തെ ദരിദ്രനാരായണന്മാർ നശിച്ചുപോകത്തക്ക രീതിയിൽ ആണ് ഈ മുഖ്യമന്ത്രി പോകുന്നതെന്ന് ഞാൻ ആദരപൂർവ്വം താക്കീത് ചെയ്യുവാനായി ആഗ്രഹിക്കുകയാണ്. സർ, ബഹുമാനപ്പെട്ട അംഗം ആദ്ദേഹത്തിന്റെ സീറ്റിലില്ല. ആദ്ദേഹം കർണ്ണാടകത്തിലെ ചില കാര്യങ്ങൾ പറഞ്ഞു. ഈ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടക്കുന്നുണ്ടോ? മൂന്നു കൊല്ലമായില്ലേ നിർത്തിവച്ചിട്ട്? ഇനിയും ആ നിർത്തിവയ്ക്കൽ തുടരുകയല്ലേ ചെയ്യുന്നത്?

1983—ൽ കർണ്ണാടക സംസ്ഥാനത്ത് ജനതാപാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വന്നപ്പോൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തിയിട്ട് 10 കൊല്ലമായിട്ടുണ്ടായിരുന്നു. 1983—ൽ ജനതാഗവൺമെന്റ് അധികാരത്തിൽ വന്ന് ചില മാസങ്ങൾക്കുള്ളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പുകൾ നടത്തി. അതിനുശേഷം കർണ്ണാടക സംസ്ഥാനത്ത് ജില്ലാപരിഷത്തുകളും മണ്ഡൽ പഞ്ചായത്തു കമ്മിറ്റികളും രൂപീകരിച്ചു. ആ ജില്ലാപരിഷത്തുകളിലേയ്ക്കും മണ്ഡൽ പരിഷത്തുകളിലേയ്ക്കും ഏതാനും ദിവസങ്ങൾക്കകം വീണ്ടും തിരഞ്ഞെടുപ്പ് നടത്താൻ പോവുകയാണ്. ഈ ഗവൺമെന്റ് സംസ്ഥാനത്തെ ജനങ്ങളെ അവിശ്വസിക്കുമ്പോൾ, ഭയപ്പെടുമ്പോൾ കർണ്ണാടക സംസ്ഥാനത്തും പഞ്ചായത്തുകൾ ബംഗാളിലും ത്രിപുരയിലും ഇലക്ഷൻ നടത്തു. നടത്തു എന്നല്ലേ ആവശ്യപ്പെടുന്നത്. എന്നാലത് നീട്ടിക്കൊണ്ടുപോകുകയല്ലേ കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്? അങ്ങനെ തിരഞ്ഞെടുപ്പിനു ഭയപ്പെടാത്ത കോൺഗ്രസ്സേതര കക്ഷികളുള്ള സി. പി. എം. ഉം ജനതാപാർട്ടിയും ജനങ്ങളെ സംഘടിപ്പിക്കുവാനായി എല്ലായ്പ്പോഴും തയ്യാറെടുക്കുമ്പോൾ ജനങ്ങളെ ഭയപ്പെടുത്തിക്കൊണ്ട് ഭീരുക്കളെപ്പോലെ കഴിഞ്ഞുകൂടുന്നതായിട്ടുള്ള ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റിന്റെ ഈ സപ്ലിമെന്ററി ഡിമാന്റ്സ് പാസ്സാക്കി കൊടുക്കേണ്ടതില്ലെന്ന് ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് ഞാനവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്ജ്: സർ, കൈകൃത്യാധിപത്യമുണ്ടെന്നു ഗവൺമെന്റിനുവേണ്ടി പ്രഗൽഭനായ ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ കൊണ്ടുവന്നിട്ടുള്ള ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനു

LIBRARY ARCHIVES Kerala Legislative Assembly

കൂലിക്കുകയാണ്. 1982–ൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യമായി പ്രസ്താവന നടത്തിയത് സി. പി. ഐ. യുടെ നേതാവായ ശ്രീ. ശ്രീനിവാസനായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് പങ്കില്ലാത്ത ഒരു ഗവൺമെന്റ് ആറുമാസം പോലും അധികാരത്തിലിരിക്കുകയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഖ്യാപനം. ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ, അങ്ങയുടെ ആ നേതാവിന്റെ പ്രഖ്യാപനം ഇന്നെവിടെ പോയി എന്നാലോചിക്കണം. രണ്ട് കമ്മ്യൂണിസ്റ്റു പാർട്ടികളും ഈ മുന്നണിയിൽ ഇല്ലെന്നു മാത്രമല്ല, പ്രതിപക്ഷത്തിരുന്ന് ശുഷ്ക്കിച്ചു ശുഷ്ക്കിച്ചു ഒന്നും ഇല്ലാത്ത നിലയിലേയ്ക്ക് കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങളെ എത്തിക്കുവാൻ കഴിഞ്ഞ അഞ്ചു വർഷത്തെ ഭരണംകൊണ്ട് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനു, കരുണാകരൻ ഗവൺമെന്റിനു കഴിഞ്ഞിരിക്കുന്നുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത്. തിരഞ്ഞെടുപ്പുകാലത്ത് പല വാഗ്ദാനങ്ങളും ജനങ്ങൾക്ക് നൽകാറുണ്ട്. ആ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട് മുൻപോട്ടുപോകാൻ ഒരു ഗവൺമെന്റ് തയ്യാറാകുമെങ്കിൽ ആ ഗവൺമെന്റ് വിജയത്തിലെത്തിയെന്ന് നമുക്ക് പറയാൻ കഴിയും. 1980–ൽ നിങ്ങളെ ജനങ്ങൾ അധികാരത്തിലേറിയതാണ്. എന്നിട്ട് 21 മാസക്കാലംപോലും പൂർത്തീകരിക്കാൻ കഴിയാതെ ഗവൺമെന്റിനു മുൻപോട്ടുപോകാൻ കഴിയാതെ ജനരോഷത്തിനു മുൻപിൽ ഇളകിയാടി തെറിച്ചുപോവുകയാണുണ്ടായത്. അടുത്ത തിരഞ്ഞെടുപ്പ് വരികയാണ്. ഇവിടെ ഈ സഭയിലെ സമുന്നത നേതാവായ ശ്രീ. കെ. ചന്ദ്രശേഖരൻ പറഞ്ഞു, ഈ ഗവൺമെന്റിനു തിരഞ്ഞെടുപ്പിനെ നേരിടാൻ ഭയമാണെന്ന്. ഒരു സംശയവുമില്ല, ഈ മാർച്ചുമാസത്തിൽ എന്നുവേണമെങ്കിലും തിരഞ്ഞെടുപ്പ് നടക്കട്ടെ, ഒരു തിരഞ്ഞെടുപ്പ് നടന്നുകഴിഞ്ഞാൽ ഇടതുപക്ഷത്തിന്നിരിക്കുന്ന എം.എൽ.എ.മാരിൽ എത്രപേർ വീണ്ടും ഈ സഭയിൽ ഉണ്ടാവുമെന്ന് കാണാം. ശ്രീമതി ഗൗരിയമ്മപോലും ഉണ്ടായി എന്നുവരികയില്ല. യാതൊരു സംശയവും വേണ്ടാ ഈ സഭയിൽ ഇരിക്കുന്നവരിൽ പകുതി അംഗങ്ങളെപ്പോലും കൊണ്ടുവരാൻ നിങ്ങൾക്ക് കഴിയുകയില്ല എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ: ഈ വരുന്ന തിരഞ്ഞെടുപ്പിൽ ഇടതുപക്ഷമുന്നണി വിജയിക്കുകയില്ലെന്നാണല്ലോ അങ്ങ് പറഞ്ഞത്. ഇന്നത്തെ പത്രത്തിൽ ഒരു വാർത്ത കണ്ടു. പൂഞ്ഞാറിലും കേരളാ കോൺഗ്രസ് പിളർന്നിരിക്കുന്നു. മറ്റുപല പത്രങ്ങളിലും വാർത്ത വന്നിട്ടുള്ളത് നിരവധി പ്രദേശങ്ങളിൽ പിളർന്നുപോയതുപോലെ തന്നെ കേരളാകോൺഗ്രസ് പൂഞ്ഞാറിലും പിളർന്നിരിക്കുന്നുവെന്ന്.

ശ്രീ. പി. സി. ജോർജ്ജ്: പൂഞ്ഞാറിൽ എന്നെ ആർക്കും ഒന്നും ചെയ്യാനൊക്കുകയില്ല. ആ കാര്യം ഞാൻ നോക്കിക്കൊള്ളാം. ആ കാര്യങ്ങളെക്കുറിച്ച് വേണമെങ്കിൽ ഞാൻ പിന്നീട് പറയാം.

സർ, ഈ ഗവൺമെന്റിന്റെ ഒരു പ്രത്യേകത ഞാൻ പറയുകയാണ്. രണ്ട് കമ്മ്യൂണിസ്റ്റുപാർട്ടികളുമില്ലാത്ത ഗവൺമെന്റാണിത്. ഇൻഡ്യയിൽ ഏറ്റവും കുറഞ്ഞ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട സംസ്ഥാനമേതെന്ന് ചോദിച്ചാൽ അത് കേരളമാണെന്നു പറയുമ്പോൾ കമ്മ്യൂണിസ്റ്റു പാർട്ടിക്ക് അതിനെപ്പറ്റി എന്താണ് പറയാൻ കഴിയുന്നത്? വ്യവസായത്തകർച്ച—നിങ്ങൾ പറയുമായിരുന്നില്ലേ കശുവണ്ടിത്തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

കളുടെ പ്രശ്നങ്ങളെക്കുറിച്ച് ഇന്ന് എവിടെ നിൽക്കുന്നുവെന്ന് നിങ്ങളാലോചിക്കണം. വ്യവസായമേഖലയിൽ സമാധാനം കൊണ്ടുത്തിക്കാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞവർഷം ഇതേസമയത്ത് കശുവണ്ടിമേഖലയിൽ ശാശ്വതമായ സമാധാനമുണ്ടാക്കുവാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിരുന്നു. പക്ഷേ നിങ്ങളുടെ.....

ശ്രീമതി കെ. ആർ. ഗൗരി: ചത്ത വീട്ടിലെ സമാധാനമാണത്.

ശ്രീ. പി. സി. ജോർജ്ജ്: ആ ചത്തസമാധാനം ഗൗരിയമ്മയുടെ സമാധാനമാണ്. എനിക്ക് ഗൗരിയമ്മയോട് ബഹുമാനമുള്ളതുകൊണ്ട് ബാക്കി ഞാൻ പറയുന്നില്ല. കഴിഞ്ഞവർഷം, നല്ല നിലയിൽ പോയിരുന്ന കശുവണ്ടിമേഖലയെ തകർക്കുവാൻ നിങ്ങളുടെ തൊഴിലാളികളുടെ ഗൂഢശ്രമം കൊണ്ട് കഴിഞ്ഞിരുന്നുവെന്ന് ഞാൻ സമ്മതിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ഇതുപോലുള്ള തൊഴിൽ ദിനങ്ങളും ഏറ്റവുമധികം കുറച്ച് നഷ്ടപ്പെട്ട ഒരു സംസ്ഥാനമായി കേരളത്തെ ഉയർത്തുവാൻ കഴിഞ്ഞിരിക്കുന്നുവെന്ന് ഒരു ഗവൺമെൻറിന് പറയാൻ കഴിഞ്ഞാൽ അതുതന്നെ ഒരു ഗവൺമെൻറിൻെറ കഴിവുകൊണ്ടല്ലേ? നമ്മുടെ ഭരണത്തിൻെറ ആരംഭമെന്ന് പറയുന്നത് വില്ലേജാഫീസുകളാണ്. 1,200 വില്ലേജുകളുണ്ടായിരുന്ന സ്ഥാനത്ത് 206 വില്ലേജുകളും കൂടി രൂപീകരിച്ചുകൊണ്ട് 1441 വില്ലേജുകളും നമ്മുടെ സംസ്ഥാനത്ത് രൂപീകരിച്ചു. അതിൽ അറുന്നൂറോളം പുതിയ കെട്ടിടങ്ങളും ഈയൊരു വർഷക്കാലം കൊണ്ട് പുതിയതായി നിർമ്മിച്ചു. വില്ലേജാഫീസ് കെട്ടിടങ്ങളും പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്നുള്ളതാണ് ഈ പ്രത്യേകത. 241 വില്ലേജാഫീസ് കെട്ടിടങ്ങളും കൂടി പണിതാൽ നമ്മുടെ സംസ്ഥാനത്ത് 1441 വില്ലേജാഫീസുകളുംക്കും സ്വന്തമായി കെട്ടിടങ്ങളും ഉണ്ടാവുകയാണ്. അക്കാര്യം ഗവൺമെൻറ് പ്രത്യേകമായി ശ്രദ്ധിയ്ക്കണമെന്നു മാത്രമേ എനിക്കിപ്പോളും പറയാനുള്ളൂ. അതുപോലെ കൃഷിക്കാർ എത്രയോ നാളുകളായി ആഗ്രഹിക്കുന്നു, പട്ടയം പാസ്ബുക്ക് ലഭിക്കണമെന്ന്. ഏകദേശം 40 കോടി രൂപയോളം ചെലവു വരുന്ന ഒരു പദ്ധതിയെന്ന നിലയിൽ, കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും പരമപ്രാധാന്യമുള്ള ഒരു കാര്യമെന്നുള്ള നിലയിൽ ഈ ഗവൺമെൻറ് അതിനെ പരിഗണിക്കുകയും എൻെറ അറിവ് ശരിയാണെങ്കിൽ അത് നിയമമാക്കുവാൻ ഒരു ബിൽ കൊണ്ടുവരാൻ ക്യാബിനറ്റ് തീരുമാനമെടുക്കുകയും ചെയ്തിരിക്കുന്നുവെന്ന് കാണുന്നതിൽ ഞാൻ അഭിമാനിക്കുകയാണ്. ഈ ഗവൺമെൻറിൻെറ പേരിൽ എത്രയും വേഗം കർഷകരുടെ ആ ആഗ്രഹം സാധിച്ചുകൊടുക്കുന്നതിലേയ്ക്കായി മൂന്നു ദിവസമാണ് ഈ സഭ ചേരുന്നതെങ്കിൽ പോലും കഴിയുമെങ്കിൽ ആ ബിൽ ഈ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കണമെന്ന് ഞാനീ സഭയോട് അഭ്യർത്ഥിക്കുകയാണ്. ഇത് നിസ്സാരകാര്യമാണോ? എനിക്കറിയാം മൂന്നുവർഷക്കാലം കൊണ്ട് കാക്ക പറന്നിരുന്നാൽ തകർന്നു വീഴുന്ന ലക്ഷം വീട് ഉണ്ടാക്കി പാവങ്ങളെ രക്ഷിച്ചുവെന്ന് പറയുന്ന ഇടതുപക്ഷങ്ങളേ, നിങ്ങളും ആലോചിക്കണം, ഒരു വർഷക്കാലം കൊണ്ട് 1,75,000 പാവങ്ങൾക്ക് വീട് വച്ചുകൊടുക്കുവാനുള്ള നടപടികളും പൂർത്തീകരിക്കുവാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് കഴിഞ്ഞിരിക്കുന്നു. നിസ്സാരകാര്യമാണോ ഇത്? അതിൽ 1,25,000 ഭവനങ്ങളുടെ പണി പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുന്നുവെന്നുള്ളതിലാണ് ഈ ഗവൺമെൻറ് അഭിമാനിക്കുന്നത്. ബാക്കി 50,000 വീടുകളും കൂടി ഏതാനും

LIBRARY ARCHIVES Kerala Legislative Assembly

മാസങ്ങൾക്കുള്ളിൽ തീർക്കുവാൻ പോവുകയാണ്. ഇതൊരു നിസ്സാര കാര്യമായി ഗവൺമെന്റ് കാണുന്നില്ല. ആ നിലയിൽ നോക്കുമ്പോൾ നല്ല കാര്യങ്ങൾ മാത്രം ചെയ്ത ഒരു ഗവൺമെന്റ് തിരഞ്ഞെടുപ്പിനെ നേരിടുവാൻ പോകുമ്പോൾ ഞങ്ങളെ സംബന്ധിച്ചിടത്തോളം, ഐക്യ ജനാധിപത്യമുന്നണിയുടെ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം യാതൊരു വൈക്ലബ്യവുമില്ല. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ മുഴുവൻ പൂർത്തീകരിച്ചുവെന്ന ആത്മവിശ്വാസത്തോടുകൂടി വീണ്ടും ഞങ്ങൾ ജനങ്ങളെ നേരിടുവാൻ പോവുകയാണ്.

ഈ രാജ്യത്തെ ഹരിജന-ഗിരിജനങ്ങൾ എവിടെ നിൽക്കുന്നുവെന്ന് നിങ്ങൾ ആലോചിക്കണം. ദുർബ്ബല ഹരിജന-ഗിരിജന വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ വാരിക്കോരി കൊടുത്ത ഒരു കാലഘട്ടം ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഉണ്ടായതുപോലെ ഈ സംസ്ഥാനത്ത് എന്നെങ്കിലും ഉണ്ടായിട്ടുണ്ടോയെന്ന് ശ്രീ. കാനം രാജേന്ദ്രൻ ചിന്തിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്.

ശ്രീ. കാനം രാജേന്ദ്രൻ: അങ്ങ്, ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ പാർട്ടിചെയർമാന്റെ വകുപ്പിനെക്കുറിച്ചുമാത്രം പറയുകയും പാർലമെന്ററി പാർട്ടി ലീഡറിന്റെ വകുപ്പിനെക്കുറിച്ച് പറയാതിരിക്കുകയും ചെയ്യുന്നത് ശരിയാണോ? അതോ, ഇപ്പോൾ പുതുതായി ലയനം നടക്കാൻ പോകുന്നതിന്റെ അടിസ്ഥാനത്തിലാണോ ഇതൊക്കെ പറയുന്നത് എന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പി. സി. ജോർജ്ജ്: ഞാൻ അതിലേയ്ക്ക് വരുകയല്ലേ കാനം? കാനം ഇങ്ങനെ തുടങ്ങിയാലോ? ഈ സഭയിലെ ഒരു പ്രത്യേകത ഒരു കാര്യം ഒരു അടുക്കിലും ചിട്ടയിലും പറയണമെന്ന് വിചാരിച്ചാൽ അതിന് സമ്മതിക്കുകയില്ല. പാർട്ടി ചെയ്യാൻ കഴിഞ്ഞല്ലേ സർ, ബാക്കിയെല്ലാം വരുന്നത്. നിങ്ങളുടെ പാർട്ടിയുടെ കൂട്ടല്ല ഇത്. ഇന്ന് ബഹുമാനപ്പെട്ട, മാർക്സിസ്റ്റ് പാർട്ടിയിലെ ശ്രീ. കെ. പി. അരവിന്ദാക്ഷൻ സംസാരിച്ചതുകേട്ടപ്പോൾ എനിക്ക് സന്തോഷം തോന്നി. വെളിച്ചെണ്ണ ഇറക്കുമതിക്ക് എതിരെ കേരളാ കോൺഗ്രസ് ശബ്ദിച്ചു. ഈ രാജ്യത്തെ റബ്ബർ കർഷകരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കികൊണ്ട് റബ്ബറിന്റെ വിലയിടിവിനെതിരെ, റബ്ബർ ഇറക്കുമതി നടത്തിയപ്പോൾ അതിനെതിരെ കേരളാ കോൺഗ്രസ് ശബ്ദിച്ചു. അന്ന് ഇവിടെ ഇരിക്കുന്ന ഇടതുപക്ഷക്കാരും ഞങ്ങളുടെ കൂട്ടത്തിൽ ഇരിക്കുന്നവരുൾപ്പെടെയുള്ളവരും ഞങ്ങളെ കേന്ദ്രവിരുദ്ധൻമാരെന്ന് പറഞ്ഞു. അന്നും ഞങ്ങൾ പറഞ്ഞു, കേരളാ കോൺഗ്രസ് കേന്ദ്ര വിരുദ്ധൻ ചാരാണെന്ന്. കേരളത്തിലെ കർഷകരുടെ കാര്യം പറയാനുള്ള ബാദ്ധ്യത കേരളാ കോൺഗ്രസ്സിനുണ്ട്. ആ ബാദ്ധ്യത ഞങ്ങൾ നിറവേറ്റുകയാണ്. ന്യായത്തിനുവേണ്ടി, സത്യത്തിനുവേണ്ടി ഞങ്ങൾ ശബ്ദിക്കുന്നു. കേന്ദ്രത്തിന്റെ മുൻപിൽ കർഷകന്റെ കാര്യം പറയുന്നത് കേന്ദ്രവിരോധമല്ല. ഏതും കേന്ദ്രത്തിന്റെ മുൻപിൽ പറയാനുള്ള അവകാശം ഞങ്ങൾക്കുണ്ടെന്ന് പറഞ്ഞു. അന്നും ഞങ്ങളെ കേന്ദ്ര വിരുദ്ധൻമാരാക്കിയ നിങ്ങളിന്ന് കർഷകർക്കു വേണ്ടി ശബ്ദിക്കുവാൻ തയ്യാറായിരിക്കുന്നു. എവിടെപ്പോയി ഇപ്പോൾ കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങളുടെ വർഗ്ഗസംഘടനകൾ? നിങ്ങൾ വർഗ്ഗ സംഘടനകൾ മാറ്റിവച്ചു അല്ലേ? നിങ്ങൾക്ക് അഭിമാനബോധമുണ്ട്. നമുക്കാലോചിക്കാ

LIBRARY ARCHIVES Kerala Legislative Assembly

വുന്ന കാര്യമാണ്. ഇപ്പോഴും നല്ല നിലയിൽ നിങ്ങളും പോകുന്നു. അതേയിപ്പോഴും പറയുന്നുള്ളു. നല്ലനിലയിൽ ഇപ്പോഴും നിങ്ങളും കർഷകന്റെ കാര്യങ്ങളും പറയാൻ തുടങ്ങിയിരിക്കുന്നു. ഞങ്ങളും കേരളാ കോൺഗ്രസ്സുകാർ കർഷകന്റെ കാര്യങ്ങളും പറഞ്ഞിട്ടില്ലെന്ന് നിങ്ങളും പറഞ്ഞു. ഞങ്ങളും കായൽ രാജാക്കൻമാരുടെയും തോട്ടമുടമകളുടെയും പാർട്ടിയാണെന്ന് പറഞ്ഞു. ഇപ്പോഴും എങ്കിലും ഇടതുപക്ഷങ്ങളും ഞങ്ങളെ കർഷകരുടെ പാർട്ടിയാണെന്ന് പറഞ്ഞതിനും കർഷകനുവേണ്ടി ശബ്ദിക്കുവാൻ നിങ്ങളും തയ്യാറായിരിക്കുന്നുവെന്ന് പറഞ്ഞതിനും നന്ദി പ്രകടിപ്പിക്കുകയാണ്. കേരളാ കോൺഗ്രസ്സിനെപ്പറ്റിയാണ് സംസാരിക്കുന്നത്. കാനം രാജേന്ദ്രനു സംശയം. എന്റെ കാനം, നിങ്ങളുടെ പാർട്ടികാണുമോ രണ്ടുകൊല്ലം കൂടി? എന്നാൽ ഞാൻ പറയുന്നു, കേരളാ കോൺഗ്രസ്സ്—ഞാനുംപ്പെട്ട കേരളാ കോൺഗ്രസ്സ് എന്ന രാഷ്ട്രീയ പ്രസ്ഥാനം, പി. ജെ. ജോസഫ് നയിക്കുന്ന, അദ്ദേഹം ചെയർമാനായിട്ടുള്ള കേരളാകോൺഗ്രസ്സ്, കേരളത്തിലെ ജനങ്ങളുടെ വികാരങ്ങളും മാനിച്ചുകൊണ്ട് അവരുടെ വികാരങ്ങളുമായി താദാത്മ്യം പ്രാപിച്ചുകൊണ്ട് നിലനിൽക്കും. ഇതിനെ തകർക്കുവാൻ ഒരു ശക്തിക്കും സാദ്ധ്യമല്ലെന്ന് മാത്രമേ എനിക്ക് പറയുവാനുള്ളൂ.

ശ്രീ. കാനം രാജേന്ദ്രൻ: ഒരു ശക്തിയ്ക്കും സാദ്ധ്യമല്ലെന്നു അങ്ങ് പറഞ്ഞു. പൂഞ്ഞാറിൽ രണ്ടു കമ്മിറ്റികളുണ്ടാക്കുകയും പോലീസ് ഇടപെട്ടിട്ടാണ് കമ്മിറ്റി യോഗം പിരിച്ചു വിടുകയും ചെയ്തതെന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. സി. ജോർജ്ജ്: ഈ സഭയിൽ പ്രതിപക്ഷത്തുള്ളതിൽ എനിക്ക് ഏറ്റവും സ്നേഹമുള്ളത് കാനം രാജേന്ദ്രനോടാണ്. എന്റെ നിയോജകമണ്ഡലത്തിൽ കമ്മിറ്റി കൂടുമ്പോഴും പോലീസ്സിന്റെ സഹായമൊന്നും എനിക്ക് ആവശ്യമില്ല. ഇല്ലാതെ തന്നെ ഞാൻ കൈകാര്യം ചെയ്യും. എന്റെ നാട്ടിൽ പ്രവർത്തകരും ഉണ്ട്. അവിടെ ഒന്നോ രണ്ടോ ആളുകളും വല്ല വിവരക്കേടും പറഞ്ഞുകൊണ്ട് വന്നാൽ എന്റെ ആളുകളും തന്നെ അവരെയൊക്കെ കൈകാര്യം ചെയ്യും. ഒരു സംശയവും വേണ്ട. അവിടെയൊന്നും ഒരു പാർട്ടിയും പിളരുകയില്ല, പിളർപ്പിക്കുകയുമില്ല. ഒരാളും വിഷമിക്കുകയും വേണ്ട.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിലാണ് കേരള കോൺഗ്രസ്സ് എന്ന് ശ്രീ. പി. സി. ജോർജ്ജ് പറഞ്ഞു. ശ്രീ. മാണിയുടെ നേതൃത്വത്തിൽ അവിടെ ഒരു കമ്മിറ്റിയുണ്ടായിരിക്കുന്നു. അത് ശ്രീ. മാണി അങ്ങയെ പാരവയ്ക്കാനാണോ ശ്രമിക്കുന്നത്. അത് എന്താണെന്ന് അറിഞ്ഞാൽകൊള്ളാം.

ശ്രീ. പി. സി. ജോർജ്ജ്: ഈവക കാര്യങ്ങളും ഇവിടെ ഉപധനാഭ്യർത്ഥനകളുടെ ചർച്ചാവേളയിൽ ചർച്ച ചെയ്യണമോ? പക്ഷേ ഒരു കാര്യം ഞാൻ ശ്രീ. കൃഷ്ണൻകുട്ടിയോട് പറയാം. എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് എന്നെ ബോദ്ധ്യമുണ്ട്. ഞാൻ നല്ല തന്റേടമുള്ളവനാണ്. അവിടെ കേരളാ കോൺഗ്രസ്സ് ഒന്നേയുള്ളൂ. ഒരു സംശയവും വേണ്ട. പാർട്ടിയിൽനിന്ന് സസ്പെൻറു ചെയ്യപ്പെട്ട അഞ്ചോ ആറോ ആളുകൾ കൂടി ഒരു കമ്മിറ്റി ഉണ്ടാക്കിയെന്ന് ഒരു പത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എഴുതിയാൽ ഉടൻ പൂഞ്ഞാർ ഇടിഞ്ഞുപോകും എന്നുള്ള ചിന്താഗതി യൊന്നും എനിയ്ക്കില്ല, കേരള കോൺഗ്രസ്സിനുമില്ല. അതിന് ശ്രീ. കെ. എം. മാണിക്ക് അവകാശമുണ്ട്, അത് ശ്രീ. കെ. എം. മാണി പറഞ്ഞിട്ടാണ് എന്ന് ശ്രീ. കൃഷ്ണൻകുട്ടി പറഞ്ഞാൽ അത് വിശ്വസി ക്കണമെന്ന് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞാൽ എങ്ങനെയാണ് അത് സമ്മതിക്കുന്നത്. എനിക്ക് മനസ്സിലാകുന്നില്ല. അത് എങ്ങനെ സമ്മതിക്കും? കേരളാ കോൺഗ്രസ്സിനെ കോൺഗ്രസ്സിൽ കൊണ്ടു പോകും എന്നല്ലേ പറയുന്നത്. കേരള കോൺഗ്രസ്സിനെ ഒരുത്തരും കൊണ്ടുപോവുകയില്ല. ഞങ്ങൾ നോക്കിക്കൊള്ളാം. കേരളാ കോൺ ഗ്രസ്സ് കേരള കോൺഗ്രസ്സിന്റെ വ്യക്തിത്വം നിലനിറുത്തിക്കൊണ്ട്, ഈ ഐക്യജനാധിപത്യമുന്നണിയിൽത്തന്നെ ഉറച്ചു നിന്നുകൊണ്ട് പ്രവർ ത്തിക്കും. ഞങ്ങൾ ജനാധിപത്യ ചേരി ആഗ്രഹിക്കുന്നവരാണ്. കേരളാ കോൺഗ്രസ്സ് എന്ന് പറയുന്നത് ഒരു ജനാധിപത്യ പാർട്ടി യാണ്. ജനാധിപത്യ ചേരിയിൽനിന്നുകൊണ്ട് ഈ ജനാധിപത്യ മുന്ന ണിയെ ശക്തിപ്പെടുത്തി തന്റോടത്തോടുകൂടി, ജനങ്ങൾക്ക് ഉപകാരം ചെയ്തുകൊണ്ട്, ജനവികാരം മാനിച്ചുകൊണ്ട് ഭരിച്ചു മുന്നോട്ട് പോക ണമെന്ന് ആഗ്രഹിക്കുകയാണ്. അതിനകത്ത് കേരളാ കോൺഗ്രസ്സിനെ തകർക്കാനും 1965-ൽ നിങ്ങളെല്ലാവരും ഞങ്ങളെ കൊല്ലാനും ശ്രമിച്ചു. 1967-ൽ, 1977-ൽ, 1980-ലൊക്കെ ഞങ്ങളെ കൊല്ലാൻ നോക്കി. എല്ലാ കാലഘട്ടങ്ങളിലും ഞങ്ങളെ ശരിപ്പെടുത്തണമെന്നുള്ള ആഗ്രഹം പ്രകടിപ്പിക്കുന്ന ചില പത്രങ്ങളുമുണ്ട്. ഇതിനെയൊക്കെ കണ്ടുകൊണ്ടും, ഇതിനെയൊക്കെ നേരിട്ടുകൊണ്ടുമാണ് കേരളത്തിൽ കേരളാ കോൺഗ്രസ്സ് എന്നു പറയുന്ന ഈ മഹത്തായ രാഷ്ട്രീയ പ്രസ്ഥാനം പിടിച്ചു നിൽ ക്കുന്നത്. ഇതിനെ പിടിച്ചുകെട്ടാനും, തളർത്താനും ഒരു ശക്തിക്കും സാദ്ധ്യമല്ലെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. കേരളാ കോൺഗ്ര സ്സിലെ പ്രവർത്തകർ ഒറ്റക്കെട്ടായി കേരളാ കോൺഗ്രസ്സിന്റെ നേതൃ ത്വത്തിന്റെ പിന്നിൽ അണിനിരന്നുകൊണ്ട് മുന്നോട്ടുപോവുകയാണ്. ആ പാർട്ടി ഐക്യജനാധിപത്യ മുന്നണിയിലെ ശക്തമായ ഒരു ജനാധി പത്യപ്പാർട്ടി എന്നുള്ള നിലയിൽ പ്രവർത്തിച്ച് മുന്നോട്ടു പോവുകയാണ്. ഇതിനെ തളർത്താൻ ശ്രമിക്കുന്നവരോട് ഒന്നു മാത്രമേ പറയാനുള്ളൂ. നിങ്ങളുടെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു. ആ ഒറ്റ വാക്ക് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ബേബി ജോൺ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർ ക്കുകയാണ്. "Unforeseen Expenditure" വരുന്ന അവസരത്തിലാണ് സാധാരണ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ച് കണ്ടിൻജൻസി ഫണ്ടിൽ നിന്ന് എടുക്കുന്നുവെന്ന് പറയുന്നത്. അത് അദ്ദേഹം തന്നെ സമ്മ തിച്ചു. ഇത് നേരത്തേ കാണാതിരുന്നതൊന്നുമല്ല. അത്യാവശ്യകാര്യ ത്തിന് ചിലത് എടുത്തുവെന്നാണ് പറയുന്നത്. അത്യാവശ്യ കാര്യങ്ങൾ എന്താണ്? അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ദേവസ്വം ബോർഡിന്, കൊച്ചിൻ ദേവസ്വം ബോർഡിന്, തിരുവി താംകൂർ ദേവസ്വം ബോർഡിന്, ജർമ്മനിയിൽ പോക്കിന് ഇതിനൊക്കെ യാണോ ഒരു ഗവൺമെന്റ് മുൻഗണന നൽകേണ്ടതെന്ന് ആലോചിക്കണം. അത് എന്തുമാത്രം അത്യാവശ്യമായിരുന്നു. വളരെ പ്രയാസകരമായ സാമ്പത്തിക സാഹചര്യത്തിൽ കഴിയുന്ന ഒരു ഗവൺമെന്റിന് മുൻഗണന നൽകി പ്രവർത്തിക്കേണ്ട പരിപാടികൾ ഏതാണ് എന്ന് നിശ്ചയി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാൽ ഇതൊക്കെ മുൻഗണനാ ക്രമത്തിൽ വരുമായിരുന്നോ എന്ന് ആലോചിക്കണമെന്നു മാത്രമേ ഈ കാര്യത്തെക്കുറിച്ച് പറയാനുള്ളൂ. ഇവിടെ നമ്മുടെ മുഖ്യമന്ത്രിയും മറ്റാളുകളുമെല്ലാം തന്നെ സ്ഥാനത്തും അസ്ഥാനത്തും ഈ വരുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ചാണ് പലപ്പോഴും പ്രതിപാദിക്കുന്നത്. ഇന്നു കാലത്തും വോട്ടേഴ്സ് ലിസ്റ്റ് പാർട്ടി കാര്യക്കു നൽകാൻ വൈകിയതിനെ സംബന്ധിച്ചും വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിൽ വന്ന ക്രമക്കേടുകളെക്കുറിച്ചും ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ശ്രമിച്ച അടിയന്തിര പ്രമേയത്തിനു നോട്ടീസ് നൽകിയ ചർച്ചയിൽപ്പോലും വഴിവിട്ട് മുഖ്യമന്ത്രി പറഞ്ഞു, വരുന്ന തിരഞ്ഞെടുപ്പിൽ ഞങ്ങൾ ജയിക്കുമെന്ന്. അതു ഭയന്ന് ഇപ്പോഴേ അഡ്വാൻസായി പ്രതിപക്ഷം അത് നീതീകരിക്കാനുള്ള വാദഗതിയാണ് ഉന്നയിക്കുന്നത് എന്നു പറഞ്ഞു. എങ്ങനെയാണ് ഇവർക്ക് ജയിക്കാൻ സാധിക്കുമെന്ന് പറയുന്നത്. എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. ഒരു ഗവൺമെന്റ്, ഒരു കക്ഷി അധികാരത്തിലിരുന്നാൽ, ആ കക്ഷി അധികാരത്തിലിരുന്നുകൊണ്ട് തിരഞ്ഞെടുപ്പിനെ നേരിടുമ്പോൾ കഴിഞ്ഞകാലത്ത് ആ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി എന്തു ചെയ്തു? ജനങ്ങൾക്ക് എന്ത് വാഗ്ദാനം നൽകി? ആ വാഗ്ദാനം എന്തു മാത്രം നിറവേറ്റാൻ കഴിഞ്ഞു എന്നുള്ളതിനെക്കുറിച്ച് ഒരു വിലയിരുത്തൽ, ഒരു ബാലൻസ് ഷീറ്റ് തയ്യാറാക്കിക്കൊണ്ടാണ് സ്വാഭാവികമായും തെരഞ്ഞെടുപ്പിനെ നേരിടേണ്ടതും ആ കാര്യത്തെക്കുറിച്ച് പറയേണ്ടതും. ഇവിടെ അതൊന്നും പറയുന്നില്ല. നിങ്ങൾ ബലഹീനരാണ്, നിങ്ങൾ ക്ഷീണിച്ചുപോയി, നിങ്ങൾ പിളർന്നുപോയി അതുകൊണ്ടു ഞങ്ങൾ ജയിക്കും. ആരൊക്കെയോ വളരുന്നു, ആരൊക്കെയോ തളരുന്നു എന്നൊക്കെയാണ് ഇവിടെ പറയുന്നത്. ഒരു ഗവൺമെന്റ്, അധികാരത്തിലിരിക്കുന്ന കക്ഷി തെരഞ്ഞെടുപ്പിനെ നേരിടുന്ന അവസരത്തിൽ ഞങ്ങൾ ഇന്നയിന്ന കാര്യങ്ങൾ ചെയ്തുവെന്ന് അവകാശപ്പെടണം. ഇപ്പോൾ വീടിന്റെ കാര്യത്തെക്കുറിച്ച് ശ്രീ. ജോർജ്ജ് പറഞ്ഞു. അത് എനിക്ക് മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ വെള്ളപ്പൊക്കകാലത്ത് വീട് നശിച്ചവർക്ക് ഇതുവരെ വീടു വയ്ക്കാനുള്ള സാമ്പത്തിക സഹായം നൽകിയില്ലെന്നാണ് പത്രത്തിൽ കണ്ടത്. ഗവൺമെന്റ് വക്താക്കളാരും നിഷേധിച്ചുമില്ല. എം. എൽ. എ. മാർക്ക് ഏഴു ശതമാനം പലിശയ്ക്ക് വീടു വയ്ക്കാൻ പണം കൊടുക്കുമ്പോൾ വെള്ളപ്പൊക്കം കൊണ്ട് വീടു നശിച്ചു പോയ പാവപ്പെട്ടവന് 11% പലിശ ഈടാക്കുന്നുവെന്നാണ് പത്രത്തിൽ വന്നത്. ഗവൺമെന്റ് അത് ഇതുവരെ നിഷേധിച്ചിട്ടില്ല. അത് മുഴുവൻ കൊടുത്തിട്ടുമില്ല. പക്ഷേ ഞാൻ പറഞ്ഞുവന്നത് അതല്ല. കഴിഞ്ഞ പ്രാവശ്യം നിങ്ങൾ തെരഞ്ഞെടുപ്പിനുമുൻപ് എന്തു പറഞ്ഞു. ഈ അവസരങ്ങളിൽ എന്തു പറയുന്നു? സംസ്ഥാനവും കേന്ദ്രവുമായി നല്ല ബന്ധമുള്ള കക്ഷി അധികാരത്തിൽ വരണമെന്ന് പറഞ്ഞു. ജനങ്ങൾ അതു വിശ്വസിച്ചു. കഴിഞ്ഞ പ്രാവശ്യവും ഞങ്ങൾ വിചാരിച്ചു അത് അവസാന സമ്മേളനമാണെന്ന്. എന്നാൽ അല്ല. ഇപ്പോഴും ഞാൻ അത് പ്രതീക്ഷിക്കുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രിയെ എനിക്ക് അറിയാവുന്നതുകൊണ്ട് ഈ സമ്മേളനം അവസാന സമ്മേളനമാണെന്ന് വിശ്വസിക്കാൻ എനിക്ക് ബുദ്ധിമുട്ടുണ്ട്. എങ്കിലും ഞാൻ ഇതു പറയുകയാണ്. കേന്ദ്രവുമായി നല്ല ബന്ധമുണ്ടായിട്ട് നമുക്ക് എന്തു ആനുകൂല്യങ്ങൾ പുതിയതായി നേടാൻ കഴിഞ്ഞു? നമുക്ക് അവകാശപ്പെട്ടത് എന്തെങ്കിലും നേടാൻ കഴിഞ്ഞോ, നഷ്ടപ്പെട്ടോ എന്ന് ആലോചിക്കണം. വ്യവസായത്തിൽ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റുമെന്റ് എന്തുണ്ടെന്ന് ഞാൻ ചോദിക്കുകയാണ്. മുഖ്യമന്ത്രി പറഞ്ഞു, നിങ്ങൾ തന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു 1.9% മാത്രമേയുള്ളൂവെന്ന്. ഗാഡ്ഗിൽ ഫാർമുലയനുസരിച്ച് തന്നെ 4% നമുക്ക് കിട്ടണം. അത് നിങ്ങൾക്ക് വാങ്ങിക്കാൻ കഴിഞ്ഞോ? 7-ാം പദ്ധതിയിൽ 2.3%മാണ് കിട്ടാൻ പോകുന്നത് എന്ന് ഒരു സമയത്ത് മുഖ്യമന്ത്രി പത്രക്കാരോട് പറഞ്ഞുവെന്നാണ് ഞാൻ അറിഞ്ഞത്. .....നമുക്ക് രൂക്ഷമായ തൊഴിലില്ലായ്മയില്ലേ? വിദ്യാസമ്പന്നരായ യുവതീയുവാക്കളുടെ തൊഴിലില്ലായ്മ വലുതല്ലേ? നിങ്ങൾക്ക് എന്തെങ്കിലും നേടാൻ കഴിഞ്ഞോ? എന്നിട്ട് തൊഴിലില്ലാത്ത യുവതീയുവാക്കളെ നോക്കിക്കൊണ്ടു പറയുകയാണ് നിങ്ങൾ തെരഞ്ഞെടുപ്പിൽ ജയിക്കുമെന്ന്. നിങ്ങൾക്ക് കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിഞ്ഞോ? 8-ാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ. കെ. എം. മാണി വളരെ വേദനയോടുകൂടി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ അവതരിപ്പിച്ചു. കൊച്ചു കുട്ടികളെ പറഞ്ഞു കബളിപ്പിക്കുന്നതുപോലെ, അതിന് പരിഹാരം വേറെ കാണാൻ ശ്രമിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

അതിന് വേറെ പരിഹാരമാർഗ്ഗമെന്താണെന്ന് എനിക്കറിയില്ല. എട്ടാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് നമുക്ക് അനുകൂലമായിരുന്നോ? അതിന് മാറ്റങ്ങൾ വരുത്തിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? നിങ്ങൾക്ക് എന്ത് നേട്ടമുണ്ടാക്കാൻ കഴിഞ്ഞു? പ്രധാനമന്ത്രി ഈ മാസം 17-ാം തീയതി ഈ സംസ്ഥാനം സന്ദർശിക്കാൻ പോകുന്നെന്ന് ഞാൻ കേട്ടു. അപ്പോൾ ഇവിടെ ചില പദ്ധതികൾ പ്രഖ്യാപിക്കാൻ പോകുകയാണ്. എനിക്ക് ആ കാര്യങ്ങൾ പറയാൻ പ്രയാസമുണ്ട്. അദ്ദേഹം ഈ അടുത്ത കാലത്ത് പശ്ചിമ ബംഗാളിൽ പോയി, ഹരിയാനയിൽ പോയി, കാശ്മീരിൽ പോയി അടുത്തതായി കേരളത്തിലും വരാൻ പോകുന്നു. തിരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന സംസ്ഥാനങ്ങൾ നോക്കിയാണ് അദ്ദേഹം പോകുന്നത്. ആ സംസ്ഥാനങ്ങളിൽ നല്ല വാഗ്ദാനങ്ങളും നല്ലതുപോലെ നൽകുന്നുമുണ്ട്. ആ വാഗ്ദാനം എന്തു മാത്രം പ്രാവർത്തികമാക്കാൻ കഴിയുമെന്ന് എനിക്കറിയില്ല. അത് പ്രധാനമന്ത്രിയുടെ പരിധിക്ക് അതീതമായിട്ടുള്ളതല്ല. തിരഞ്ഞെടുപ്പ് കാലത്ത് ഭരണാധികാരം ഉപയോഗിച്ചുകൊണ്ട് പൊള്ളയായ വാഗ്ദാനങ്ങൾ നൽകുന്നത് ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ്. ഇവിടെ കായംകുളം-കൊച്ചി റെയിൽവേ ലൈനിന്റെ പണിക്ക് തുടക്കമിട്ടത് ജനതാ ഗവൺമെന്റിന്റെ കാലത്താണ്. ബഹുമാനപ്പെട്ട സ്പീക്കർ അതിനുവേണ്ടി സമരം ചെയ്തതിന്റെ ഫലമായാണ് അതിന് തുടക്കമിട്ടത്.

ശ്രീ. തച്ചടി പ്രഭാകരൻ: ഈ അടുത്ത കാലത്ത് കല്ലിട്ടതേയുള്ളൂ. അതിനു മുൻപുള്ള ഗവൺമെന്റാണ് റെയിൽവേ ലൈനിന് വേണ്ടി ആനുവാദം കൊടുത്തത്.

ശ്രീ. ബേബി ജോൺ: ഞാൻ തർക്കിക്കുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ സുധീരൻ നിരാഹാര സമരം നടത്തി. ജനതാ ഗവണ്മെന്റിന്റെ കാലത്ത് തറക്കല്ലിട്ടു. ഇപ്പോൾ അതിന്റെ നിർമ്മാണത്തിനായി ആയിരം രൂപ വക കൊള്ളിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ഇപ്പോൾ വീണ്ടും കല്ലിടാൻ പോകുന്നുവെന്നും റെയിൽവേ ഗേറിന് ഉത്ഘാടനം നടത്താൻ പോകുന്നുവെന്നും കേട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ആലപ്പുഴ-എറണാകുളം റെയിൽവേ ലൈനിന്റെ പണി മാത്രമേ ആരംഭിച്ചിട്ടുള്ളൂ. ഇപ്പോൾ കായംകുളം ആലപ്പുഴ റെയിൽവേയ്ക്ക് പുതുതായി കൂടുതൽ തുക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്റെ പണി ആരംഭിക്കാൻ പോകുകയാണ്.

ശ്രീ. ബേബി ജോൺ: ഇവിടത്തെ കേന്ദ്ര നിക്ഷേപം ഇതാണ്. ഒരു താലൂക്കിൽ ഒരു കോടി രൂപയുടെ വ്യവസായം എന്ന് പറഞ്ഞ് ഇവിടെ ഒരു പ്രഖ്യാപനം നടത്തിയിരുന്നല്ലോ. ഒരു താലൂക്കിൽ ഒരു കോടി രൂപയുടെ വ്യവസായം എന്നുള്ളത് എവിടെയാണുള്ളത്? വ്യവസായികമായി പിന്നോക്കം പോകുന്ന ഒരു സംസ്ഥാനം സാമ്പത്തികമായി എങ്ങനെയാണ് വളരുന്നത്? വ്യാവസായികമായി പിന്നോക്കം പോകുന്നതിന് ഞങ്ങളെ നിങ്ങൾക്ക് വോട്ട് തരുമോ? കാർഷിക രംഗത്ത് നമ്മൾ പിന്നോക്കം പോകുകയല്ലേ ചെയ്യുന്നത്? നെല്ലുൽപ്പാദനം രംഗത്ത് നാം പിന്നോക്കം പോകുകയല്ലേ ചെയ്യുന്നത്? നിങ്ങൾ ഏത് മേഖലയിലാണ് വിജയിച്ചത്? ഏത് അടിസ്ഥാനത്തിലാണ് നിങ്ങൾ ഇതൊക്കെ പറയുന്നത്? നിങ്ങൾ ജയിക്കുമെന്ന് പറയുന്നത് ഏത് അടിസ്ഥാനത്തിലാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതാണ് ഞാൻ ചോദിക്കുന്നത്, ആവർത്തിച്ചാവർത്തിച്ച് നിങ്ങൾ പറഞ്ഞു കൊള്ളുക. അത് മറ്റൊരു പ്രശ്നമാണ്. പക്ഷേ.....

ഇ. എം. എസ്. പറഞ്ഞതിന്റെ അടിസ്ഥാനം നിങ്ങളുടെ പാളിച്ചകൾ, നിങ്ങളുടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ജനദ്രോഹപരമായ നടപടികൾ ഇവയെല്ലാം കൊണ്ട് നിങ്ങൾ ജനങ്ങളുടെ ശക്തിയെ പരീക്ഷിക്കുകയാണെന്നാണ്. ജനങ്ങൾക്ക് മറവിയുണ്ടെന്ന് കരുതിയാണ് നിങ്ങൾ ഇതൊക്കെ പറയുന്നത്. ജനങ്ങളുടെ ഓർമ്മശക്തിയിൽ വിശ്വാസമുള്ള ഒരു കക്ഷിക്ക് ഇത് പറയാൻ കഴിയുകയില്ല. നിങ്ങൾ എത്ര സംശുദ്ധമായ ഭരണം നൽകുമെന്നാണ് പറഞ്ഞത്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സംശുദ്ധമായ ഭരണത്തിന്റെ കഥകൾ ഞാൻ പറയണമോ? അതൊക്കെ അങ്ങാടിപ്പാട്ടല്ലേ? ദുർഗന്ധം വമിക്കുന്ന കഥകളല്ലേ ഈ സംസ്ഥാനത്തുള്ളത്? മന്ത്രിമാരുടെ അഴിമതികൾ. മുഖ്യമന്ത്രിപോലും സംശയത്തിന് അതീതനാണോയെന്ന് ഞാൻ ചോദിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ തിരുകൊച്ചി മുതൽ കേരളം വരെയുള്ള ഈ ഭരണസംവിധാനത്തിൽ ഒരു മുഖ്യമന്ത്രിക്കെതിരായി ഗുരുതരമായ ആരോപണങ്ങൾ വന്നിട്ടുള്ളത് ബഹുമാനപ്പെട്ട കരുണാകരന്റെ നേർക്കാണ്. ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. സ്പിരിറ്റിന്റെ കാര്യത്തിലേയ്ക്കോ, ചാരായത്തിന്റെ കാര്യത്തിലേയ്ക്കോ, ജോലി കൊടുക്കുന്ന കാര്യത്തിലേക്കോ കടക്കാതെ പൊതുവായി ഒരു പരാമർശനം നടത്തുന്നുവെന്നല്ലാതെ ഞാൻ അതിലേക്ക് കടക്കുന്നില്ല. പിന്നെ നിങ്ങൾ ക്രമസമാധാനപാലനത്തെക്കുറിച്ച് പറയുന്നല്ലോ? ഇപ്പോൾ നിങ്ങൾക്ക് അതിനെക്കുറിച്ച് എന്തെങ്കിലും പറയാൻ കഴിയുമോ? ക്രമസമാധാനപാലനത്തെക്കുറിച്ച് നിങ്ങൾക്ക് എന്ത് പറയാൻ കഴിയുമെന്ന് ഞാൻ ചോദിക്കുകയാണ്. എല്ലാം ഭംഗിയായിരിക്കുന്നുവെന്ന് പറയാം അല്ലേ! പക്ഷേ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിക്കുമെന്ന് പറയുന്നതുകൊണ്ട്, ജനങ്ങളുടെ ഓർമ്മശക്തിയിൽ നിങ്ങൾക്ക് വിശ്വാസമില്ലാത്തതുകൊണ്ട്, അല്ലെങ്കിൽ അവർ മറന്നു പോകുമെന്ന് കരുതിയല്ലേ നിങ്ങൾ ഇതൊക്കെ പറയുന്നത്? തെരഞ്ഞെടുപ്പ് കാലത്ത് ഈ ഗവൺമെന്റിന്റെ പോലീസ് നയമെന്താണ്? ഇതിന് മുൻപ് ഒരിക്കലെങ്കിലും യാതൊരു ഉത്തരവാദിത്വവുമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളെ ദ്രോഹിക്കുന്ന ഒരു പോലീസ് നയം ഉണ്ടായിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. ഇപ്പോഴത്തെ ഇത് ഒരു പുതിയ പ്രതിഭാസമല്ലേ? ഇപ്പോഴത്തെ പോലീസ് സ്റ്റേഷനിൽ സ്ത്രീകൾക്ക് ചെല്ലാൻ കഴിയുമോ? നിങ്ങൾക്ക് വോട്ട് തരുമെന്നാണോ നിങ്ങൾ പറയുന്നത്? നിങ്ങളുടെ ബാലൻസ് ഷീറ്റ് എന്താണ്? കേന്ദ്ര ഗവൺമെന്റിൽനിന്ന് നിങ്ങൾ അധികം വാങ്ങിച്ച ബാലൻസ് ഷീറ്റാണോ? അഴിമതിയില്ലാത്ത ഭരണം സംഭാവന ചെയ്ത ബാലൻസ് ഷീറ്റാണോ? ഇവിടെ നിങ്ങൾക്ക് ലോസാണ്. നിങ്ങൾ കേന്ദ്ര ഭരണത്തിൽനിന്ന് വിഹിതം വാങ്ങിയില്ല. നിങ്ങൾ സംശുദ്ധമായ ഒരു ഭരണം നൽകിയിട്ടില്ല. ഒരു കിലോ അരിക്ക് 8 പൈസാവച്ച് കൂടിയാൽ അത് വലിയ കൂടുതലൊന്നുമല്ല, ഞങ്ങൾ ഇതൊക്കെ സഹിച്ചുകൊള്ളാം എന്ന് ശ്രീ. ബീരാൻ ഈ സഭയിൽ പറഞ്ഞ കാര്യം ഞാൻ ഇവിടെ ഓർക്കുന്നുണ്ട്. അതുപോലെ റേഷൻ കാർഡ് പണയംവച്ച് നിത്യോപയോഗസാധനങ്ങൾ വാങ്ങുന്ന റേഷൻ കാർഡ് ഹോൾഡേഴ്സിനോടാണ് ഈ ഗവൺമെന്റിന്റെ വക്താവ് പറയുന്നത് അരിയുടെ വില കൂടിയാലും നിത്യോപയോഗസാധനങ്ങളുടെ വില കൂടിയാലും യാതൊരു കുഴപ്പവുമില്ലെന്നാണ്. നിങ്ങൾക്ക് അതിൽ ബുദ്ധിമുട്ടില്ലായിരിക്കും. നിങ്ങളുടെ ഭരണകാലത്ത് സാധനങ്ങളുടെ വില എന്ത് മാത്രം കൂടിയിട്ടുണ്ട്? നിങ്ങൾക്ക് അതിനെപ്പറ്റിയുള്ള കണക്കുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങൾ പൊതുമേഖലയിലെ വിതരണ സംവിധാനം തകർത്തവരല്ലേ? നിങ്ങൾ ഇപ്പോൾ സ്വകാര്യ മേഖലക്ക് തീറ് എഴുതി കൊടുക്കുകയല്ലേ ചെയ്യുന്നത്? വർഷങ്ങളായി പൊതു മേഖലാ സംവിധാനം വളരെ ശക്തമായി നടന്നുകൊണ്ടിരിക്കുന്ന ഈ സംസ്ഥാനത്ത് ഇന്ന് നിങ്ങൾ അത് തകർത്തു. നിങ്ങൾ പൊതു മേഖലാ സംവിധാനം തകർക്കുകയും, സ്വകാര്യ മേഖലക്ക് ശക്തി വർദ്ധിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് ഞങ്ങൾ ജയിക്കുമെന്നാണോ നിങ്ങൾ പറയുന്നത്? ഞങ്ങൾ അരിയുടെ വില വർദ്ധിപ്പിച്ചതുകൊണ്ട് നിങ്ങൾക്ക് ജനങ്ങൾ വോട്ട് തരുമെന്നാണോ നിങ്ങൾ പറയുന്നത്? 'ഞങ്ങൾ കേന്ദ്ര ഗവൺമെന്റിൽനിന്ന് ഞങ്ങൾക്ക് അർഹതപ്പെട്ടതൊന്നും വാങ്ങിച്ചില്ല അതുകൊണ്ട് ജനങ്ങൾ ഞങ്ങൾക്ക് വോട്ടു തരുമെന്നാണോ നിങ്ങൾ പറയുന്നത്? സാധനങ്ങളുടെ വില വർദ്ധനവും, അരിയുടെ വില വർദ്ധനവും, റേഷൻ അരിയുടെ വില വർദ്ധനവും കാരണം കർഷകന്റെ കാര്യത്തിൽ സഭയിൽ ചെയ്ത കാര്യത്തെക്കുറിച്ച് ശ്രീ. ജോർജ് ഇവിടെ പറയുകയുണ്ടായി. കർഷകന്റെ താൽപ്പര്യം സംരക്ഷിക്കാൻ നിങ്ങൾക്ക് എന്ത് കഴിഞ്ഞു? കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയം അവസാനിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? റബ്ബറിന്റെ വില ന്യായമായി നിലനിർത്താൻ നിങ്ങൾക്ക് കഴിഞ്ഞോ? വെളിച്ചെണ്ണ ഇറക്കുമതി ചെയ്യിക്കാതിരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? എവിടെയാണ് നിങ്ങൾ കർഷകന്റെ താൽപ്പര്യം സംരക്ഷിക്കുന്നത്? വാക്ക് കൊണ്ട് സംരക്ഷിക്കും. പ്രവർത്തിക്കൊണ്ട് കർഷകർക്ക് ദ്രോഹമുണ്ടാക്കുന്ന നടപടിയാണ് നിങ്ങൾ എടുക്കുന്നത്. കേന്ദ്ര ഗവൺമെന്റ് കുത്തക സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുവേണ്ടി കേരളത്തിലെ സാധാരണ കർഷകന്റെ നട്ടെല്ലൊടിക്കുന്ന നയമാണ് സ്വീകരിക്കുന്നത്. നിങ്ങൾക്ക് അതിനെതിരായി ഒന്നും പറയാൻ കഴിഞ്ഞിട്ടില്ല. ഞാൻ പറഞ്ഞു വന്നത് ക്രമസമാധാന പാലനത്തിന്റെ കാര്യമാണ്. ഇപ്പോൾ പോലീസുകാരുടെ ഇടയിൽ പ്രത്യേകമായ ഒരു സ്വഭാവ വിശേഷം കാണുന്നുണ്ട്. പോലീസ് സ്റ്റേഷനിൽ പരാതി പറയാൻ സ്ത്രീകൾ ചെന്നാൽ പോലീസുകാർ അവരെ ബലാൽസംഗം ചെയ്യാൻ ശ്രമിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. വയനാട്ടിലെ ഒരു ഹരിജൻ സ്ത്രീ ഒരു പരാതിയുമായി സ്റ്റേഷനിൽ എത്തിയപ്പോൾ അവർ പ്രസവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ മെഡിക്കൽ വിദഗ്ദ്ധൻമാരാണ് പോലീസുകാർ എന്ന് രണ്ടു മൂന്നു ദിവസത്തിനുമുൻപുള്ള പത്രത്തിൽ ഞാൻ വായിക്കുകയുണ്ടായി. ഹരിജൻ സ്ത്രീ പോലീസിനെ ആക്രമിക്കാൻ ചെന്നപ്പോൾ സ്വയരക്ഷയ്ക്കുവേണ്ടി ബലാൽസംഗം നടത്തിയെന്ന് കരുണാകരൻ പറയുമോ? എനിക്കറിയില്ല. കാരണം, പോലീസിന്റെ വഴിവിട്ട എല്ലാ പ്രവർത്തനങ്ങളേയും നീതീകരിക്കുന്ന ഒരു ഭരണാധികാരിയാണ് ഇവിടെയുള്ളത്. അതുകൊണ്ടാണ് ഞാൻ ഇതൊക്കെ പറയുന്നത്. കാഞ്ഞിരപ്പള്ളിയിലെ റബ്ബർ തൊഴിലാളികളെ പെടിവച്ചതിന് നിങ്ങൾക്ക് വോട്ട് കിട്ടുമോ? തകഴിയിൽ 11 മക്കളുള്ള അവറാച്ചൻ എന്ന് പറയുന്ന ഒരാൾ മരിച്ചില്ലേ? ആ വെടിവയ്പിനെ നിങ്ങൾ നീതീകരിക്കുകയല്ലേ ചെയ്യുന്നത്? എന്നിട്ട് നിങ്ങൾ പറഞ്ഞു, അയ്യായിരം രൂപകൊടുത്ത് അവരെ സഹായിച്ചുവെന്ന്. കരുണാകരനെപ്പോലുള്ള ഒരാൾ അയ്യായിരത്തിൽ കൂടുതൽ രൂപ കൊടുക്കാൻ നിയമതടസ്സമുണ്ടെന്ന് പറഞ്ഞതിൽ എനിക്ക് അദ്ഭുതം തോന്നി. അയ്യായിരം രൂപയിൽ കൂടുതൽ കൊടുക്കാൻ ഞങ്ങൾക്ക് മനസ്സിലില്ലെന്ന് പറഞ്ഞാൽ അത് മനസ്സിലാക്കാം. അയ്യായിരം രൂപയിൽ കൂടുതൽ കൊടുക്കാൻ നിയമ തടസ്സമുണ്ടെന്ന് പറഞ്ഞു. ഏത് നിയമമെന്നാണ് ഞാൻ ചോദിക്കുന്നത്? ഒരു എക്സിക്യൂട്ടീവ് ഓർഡർ പോരേ? ഇങ്ങനെയുള്ള കാര്യങ്ങളിൽ എക്സിക്യൂട്ടീവ് ഓർഡർ അനുസരിച്ചല്ലേ കൊടുക്കുന്നത്?

നിയമ തടസ്സം ഉണ്ടെന്ന് പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുകയാണ്. 3 മാസത്തിനുള്ളിൽ അന്വേഷണം നടത്തുമെന്നും 3 മാസത്തിനകം റിപ്പോർട്ട് വേണമെന്നും പറഞ്ഞു; 2 മാസം കഴിഞ്ഞാണ് ആദ്യത്തെ സിറ്റിങ്ങ് ആയത്. ഇനിയും എത്ര കാലമെടുക്കും? ഈ കുറ്റങ്ങളൊന്നും പുറത്തു വരാതിരിക്കാൻ ഒരു മാർഗ്ഗം നിങ്ങൾ കണ്ടു പിടിച്ചതാണ് ഈ അന്വേഷണം. സഹോദരിമാരോട് കാണിച്ച കടുംകൈ ഞാൻ വിശദീകരിക്കണോ? ഇത് അന്വേഷിക്കാൻ ഒരു വനിതാ ജഡ്ജിയെ ചുമതലപ്പെടുത്തിയെന്ന് പറഞ്ഞു, ഇതുവരെയും ഒന്നും ആയിട്ടില്ല. ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തതായിട്ടാണ് ഞാൻ അറിഞ്ഞത്. സ്ത്രീകളെ മാനഭംഗപ്പെടുത്തിയതിന്, അപമാനിച്ചതിന്, കൈയ്യേറ്റം ചെയ്തതിന് എല്ലാമായിട്ട് 29 കേസുകൾ എടുത്തിട്ടുണ്ട് എന്നാണ് പറഞ്ഞത്. പട്ടാളക്കാർ ശത്രു രാജ്യങ്ങളെ ആക്രമിക്കുമ്പോൾ പോലും ചെയ്യാത്ത രീതിയിൽ അതിക്രൂരമായി, നീചമായി, ആ രാത്രി പോലീസുകാർ നടത്തിയ ഭീകരസംഭവത്തെക്കുറിച്ച് 29 കേസ്സുകളെടുത്തുവെന്ന് പറഞ്ഞു. എന്നിട്ട് കോടതിയിൽ പറഞ്ഞു പോലിസുകാരെ ഐഡന്റിഫൈ ചെയ്യാൻ അവിടത്തെ ആളുകൾ ചെന്നില്ല, അതാണ് അങ്ങനെ നിൽക്കുന്നതെന്നാണ്. ഞാൻ പെട്ടെന്ന് ഓർത്തുപോകുകയാണ്, ആ രാത്രിയുടെ നിശബ്ദതയുടെ ഭീകരതയിൽ, പുൽമാടങ്ങളിൽ കഴിഞ്ഞു കൂടിയിരുന്ന, ആ പാവപ്പെട്ട കർഷകരെ, കർഷകസ്ത്രീകളെ, ഇലക്ട്രിസിറ്റിയില്ലാതെ, മണ്ണെണ്ണ വിളക്കിന്റെയും, മരോട്ടിവിളക്കിന്റെയും വെളിച്ചത്തിൽ കഴിഞ്ഞിരുന്ന അവരെ, ആ വിളക്ക് ഊതിക്കെടുത്തിക്കൊണ്ട് പോലീസുകാർ നടത്തിയ കാടത്വത്തിന്, ആ ആക്രമണത്തിന് ആ സ്ത്രീകൾ ഇനി എവിടെയാണ് തെളിയിക്കേണ്ടതെന്ന് ഞാൻ ചോദിക്കുകയാണ്. അന്ന് മുഖ്യമന്ത്രി ഞങ്ങളോട് ചോദിച്ചത് ഞാൻ വേദന

LIBRARY ARCHIVES Kerala Legislative Assembly

യോടെ ഓർക്കുകയാണ്. നിങ്ങൾക്ക് ആർക്കെങ്കിലും ആ സ്ത്രീയെ കൊണ്ടുപോയി ബലാൽസംഗം നടത്തണോ ഇല്ലയോയെന്ന് മെഡിക്കൽ പരിശോധന നടത്തിക്കൂടെ എന്നാണ് ചോദിച്ചത്. ഇങ്ങനെയൊരു സംഭവം ഉണ്ടായാൽ ആ സ്ത്രീയല്ല അതിന് തെളിവ് നൽകേണ്ടത്. ആ പ്രതിയാണ് ഞാൻ നിരപരാധിയാണെന്ന് തെളിവ് നൽകേണ്ടത്. അതിനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. ബലാൽസംഗം തെളിയിക്കാൻ ഞങ്ങൾ സഹോദരിമാരെ ആശുപത്രിയിൽ കൊണ്ടുപോയില്ല. നിങ്ങൾക്കാണോ വോട്ട് കിട്ടുന്നത്, എന്ത് മോശമാണെന്ന് ഞാൻ ചോദിക്കുകയാണ്. സ്ത്രീകളെ ബലാൽസംഗം ചെയ്യുന്ന പരിപാടി ഫലപ്രദമായി ഞങ്ങൾ നടപ്പിലാക്കി, അതുകൊണ്ട് വോട്ടു തരണമെന്നാണോ നിങ്ങൾ പറയാൻ പോകുന്നത്. എന്നിട്ട് നിങ്ങൾ 29 കേസ് സെടുത്തില്ലേ? പെട്ടന്ന് ഓർമ്മ വരുന്നത് ഒരു ഹെഡ്കോൺസ്റ്റബിളിന്റെ മഹസ്സറിന്റെ കാര്യമാണ്. ഒരു പട്ടി കടിച്ച കേസ് ഉണ്ടായിരുന്നു. മഹസ്സർ എഴുതിയപ്പോൾ മുറിവിന്റെ ആഴം എഴുതി, അവസാനമെഴുതി പട്ടിയുടെ വായിൽ പല്ലില്ല. അപ്പോൾ കേസ് തീർന്നില്ലേ. അതുപോലെയാണ് 29 കേസ്സുകൾ എടുത്തത്. പക്ഷ പ്രതി ആരെന്നറിയാൻ വയ്യ. ഇത് തട്ടിപ്പല്ലേ? കണ്ണു കാണാൻ വയ്യാത്ത അന്ധ വിദ്യാർത്ഥികളെ പോലും വിട്ടില്ല. കണ്ണു കാണാൻ പാടില്ലാത്തത് അവരുടെ കുറ്റം കൊണ്ടാണോ. ആ പാവപ്പെട്ട വിദ്യാർത്ഥികളെ നിർദ്ദയമായി മർദ്ദിച്ചില്ലേ? എന്നിട്ട് നിങ്ങൾ ജയിക്കുമെന്നു പറയുന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് 2 വർഷമാണ് നഷ്ടപ്പെട്ടത്. ഒരു ഗവൺമെന്റിന്റെയും ഒരു മന്ത്രിയുടെയും ദുർവാശിയും അഹന്തയും മൂലമാണ് ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി നഷ്ടപ്പെട്ടത്; നഷ്ടപ്പെട്ടിരിക്കുന്നത്. ഇതുവരെ സെപ്റ്റംബർ പരീക്ഷയായിട്ടില്ല. ഇനി മാർച്ച് പരീക്ഷ എന്നാണ് നടത്തുന്നത്? അപ്പോൾ വരുന്ന വർഷത്തെ സ്ഥിതിയെന്താണ്? മറ്റ് എവിടെയെങ്കിലും പോയി വിദ്യാർത്ഥികൾക്ക് പഠിക്കാൻ പറ്റുമോ? എന്നിട്ട് 'ഞങ്ങൾ ജയിക്കുമെന്ന്' നാണമില്ലാതെ പറയുകയാണ്. പാർലമെന്ററി ജനാധിപത്യത്തിൽ നിങ്ങൾക്ക് വിശ്വാസമുണ്ടോ? ശ്രീ. കരുണാകരൻ ഇന്നലെ പറഞ്ഞു. ജനാധിപത്യത്തിൽ നിങ്ങൾക്ക് വിശ്വാസമുണ്ട് എന്ന്. പാർലമെന്ററി ജനാധിപത്യത്തിൽ നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ ഒരു ഗവൺമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഉപതെരഞ്ഞെടുപ്പുകൾ ഒരു ചൂണ്ടുപലകയാണ്, ജനങ്ങൾ എങ്ങനെ ചിന്തിക്കുന്നുയെന്നതിന്റെ ഒരു ചൂണ്ടുപലകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഭൂരിപക്ഷം കിട്ടി. രാജീവ്ഗാന്ധിയുടെ കക്ഷിക്ക്, കോൺഗ്രസ് ഐ-ക്ക് അഭൂതപൂർവ്വമായ ഭൂരിപക്ഷം കിട്ടി. അതുകഴിഞ്ഞ് സംസ്ഥാന തെരഞ്ഞെടുപ്പ് വന്നപ്പോൾ നിങ്ങൾ എവിടെയെങ്കിലും ജയിച്ചോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ഈ ഉപതെരഞ്ഞെടുപ്പുകളിൽ ജയിച്ച ഒരാളെങ്കിലും ഇപ്പോൾ നിങ്ങളുടെ കൂടെയുണ്ടോ?

ശ്രീ. ബേബി ജോൺ: അതാണ് പറയുന്നത് കാലുമാറ്റത്തിന് പ്രോൽസാഹനം നൽകുന്നവരാണ് ഇവർ. ജനങ്ങളുടെ വിധിയെ മാനിക്കാതെ കാലുമാറ്റത്തിന് പ്രോൽസാഹനം നൽകുന്നവരാണ് നിങ്ങൾ. ഞാൻ പറഞ്ഞു വന്നത് പാർലമെന്ററി ജനാധിപത്യ സമ്പ്രദായത്തിൽ ഉപതെരഞ്ഞെടുപ്പുകൾ, ജനങ്ങൾ എങ്ങനെ ചിന്തിക്കുന്നു, ഭരണത്തെ എങ്ങനെ വിലയിരുത്തുന്നു എന്നതിന്റെ ചൂണ്ടുപലകയാണ്. ഏറ്റവുമൊടുവിൽ റാന്നിയിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ എന്തുണ്ടായി? എന്നിട്ടും നിങ്ങൾ പറയുന്നു നിങ്ങൾ ജയിക്കുമെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട ബേബിജോൺ, കാലുമാറ്റത്തെപ്പറ്റി പറഞ്ഞു. അത് സിനിയർ ജോണിനെപ്പറ്റിയാണോയെന്ന് അറിയണം.

ശ്രീ. ബേബിജോൺ: ശ്രീ. അഹമ്മദിന് ഇപ്പോഴും അറിയില്ല. എനിക്ക് പറയാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ശ്രീ. അബുബക്കറിനെക്കുറിച്ച് ശ്രീ. അഹമ്മദ് ഇത് പറയിപ്പിക്കരുത്. നിങ്ങളുടെ ഗ്രൂപ്പ് വഴക്കിന്റെ ഭാഗമായിട്ടാണ് അങ്ങനെ സംഭവിച്ചത്. അതാണ് എനിക്ക് പറയാനുള്ളത്, മനസ്സിലായോ? അതുകൊണ്ട് ഞാൻ അഴിമുഖത്തേയ്ക്ക് പോകുന്നില്ല. പിന്നീട് നിങ്ങൾ എന്താണ് ചെയ്തത്? കേരളാ കോൺഗ്രസ്സ് രണ്ടും ഒന്നായി, കോൺഗ്രസ്സ് രണ്ടും ഒന്നായി.

ശ്രീ. തച്ചടി പ്രഭാകരൻ: നിങ്ങൾ 1982-ൽ ആണല്ലോ ഇടതുപക്ഷ മുന്നണി വന്നത്. ഇടതുപക്ഷ മുന്നണി വന്നതിന് ശേഷം അവിടെനിന്നും എത്ര എം. എൽ. എ. മാർ ഇടതുപക്ഷ മുന്നണിയുടെ, നയത്തെ പ്രതിഷേധിച്ച് ഭരണകക്ഷിക്ക് പിൻതുണ കൊടുക്കാൻ വന്നിരിക്കുന്നത്. അതിന് എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

ശ്രീ. ബേബി ജോൺ: നയത്തിൽ പ്രതിഷേധിച്ചല്ല, നിങ്ങളുടെ കാലുമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന സ്വഭാവത്തിന്റെ ഫലമായിട്ട്, പ്രലോഭനങ്ങൾ നൽകി, കോഴ നൽകി നിങ്ങൾ ആളുകളെ പിടിക്കുന്നതു കൊണ്ടാണ്. ഞാൻ പറഞ്ഞു വന്നത് കോൺഗ്രസ്സ് രണ്ടും ഒന്നായി, ലീഗും ഒന്നായി. ഞാൻ സമ്മതിക്കുന്നു. പക്ഷേ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മൽസരിച്ച എസ്. ആർ. പി. ഇപ്പോൾ എത്രയായി. 3 ആയില്ലേ? എൻ. ഡി. പി. എത്രയായി? ഇതൊക്കെ തട്ടിപ്പല്ലേ? സാമ്പത്തിക സംവരണം ഏർപ്പെടുത്താൻ പോകുന്നുയെന്ന് ചങ്ങനാശ്ശേരിയിൽ പോയി ശ്രീ. കരുണാകരൻ പ്രസംഗിച്ചിരിന്നു. നഹ സാഹിബ് എന്ത് പറഞ്ഞു എന്ന് എനിക്കറിയില്ല. ഇന്നലെ സുലൈമാൻ സേട്ടിന്റെ പേര് കരുണാകരൻ പറയാതെ ഇരുന്നതുകൊണ്ട് ഇത് വക വച്ചു കൊടുക്കുമോയെന്ന് എനിക്കറിയില്ല. പക്ഷേ ശ്രീനിവാസൻ വല്ലതും പറഞ്ഞേക്കും. സാമ്പത്തിക സംവരണം ഏർപ്പെടുത്താൻ പോകുന്നുയെന്ന് എൻ. ഡി. പി. ക്കാരോട് പറയും, അപ്പുറത്ത് ശ്രീനിവാസനോട് സാമുദായിക സംവരണം തന്നെയെന്നു പറയും. ആളുകളെ പരിപ്പിക്കാൻ തട്ടിപ്പു നടത്തിക്കൊണ്ട്, ജനങ്ങളുടെ ഇടയിൽ കള്ള പ്രചാരണം നടത്തുന്നതിനു വേണ്ടി ചെയ്യുന്ന ഒരേർപ്പാടല്ലെ ഇത്? നിങ്ങൾ ആശ്രയിക്കുന്നത് സാമുദായിക ശക്തികളെയാണ്, ജാതിരാഷ്ട്രീയത്തെയാണ്. ജാതിയെയും സമുദായത്തെയും ആശ്രയിച്ച് നിങ്ങൾ ജയിക്കുമെന്ന് അവകാശപ്പെടുന്നുയെന്ന് പറയുന്നുയെങ്കിൽ, ഞങ്ങൾ ആശ്രയിക്കുന്നത് ജനങ്ങളെയാണ്, നാട്ടിലെ അദ്ധ്വാനിക്കുന്ന ജനതയെയാണ്. ആ ജനതയുടെ പിൻതുണയോടുകൂടി തൊഴിലാളി വർഗ്ഗത്തിന്റെ പിൻതുണയോടുകൂടി, ജാതി രാഷ്ട്രീയത്തിനെതിരായി, സാമുദായിക രാഷ്ട്രീയത്തിനെതിരായി, അഴിമതി രാഷ്ട്രീയത്തിനെതിരായി, നിങ്ങളുടെ ഭരണത്തിനെതിരായി ജനങ്ങൾ വിധി എഴുതും. ഞങ്ങൾ ജയിക്കും നിങ്ങൾ തോൽക്കുമെന്നു പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാന്യനായ ധനകാര്യമന്ത്രി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. അദൃശ്യമായ ചെലവുകൾ ഉണ്ടാകുമ്പോളാണ് ഉപധനാഭ്യർത്ഥനകളുമായി

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ മന്ത്രിമാർ ഈ സഭയെ സമീപിക്കാറുള്ളത്. ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുമ്പോൾ എനിക്ക് കുറെക്കൂടി സന്തോഷവും അഭിമാനവും തോന്നുന്നതിൽ ചില വസ്തുതകൾ ഉണ്ട്. നമ്മുടെ ഗവൺമെൻറ് ഈ ചുരുങ്ങിയ കാലയളവുകൊണ്ട് അതിൻെറ വിഭവ ശേഷി വർദ്ധിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ, കൂടുതൽ ചെലവിനുവേണ്ടി പണം അനുവദിക്കുമ്പോൾ ഓർമ്മിക്കാതെയിരിക്കുന്നത് നന്ദികേടാവും എന്ന് ഞാൻ കരുതുന്നു. നമ്മുടെ പുതിയ ധനകാര്യമന്ത്രി അധികാരം ഏറ്റെടുത്തതിനുശേഷം 50 കോടി രൂപ വിൽപ്പനനികുതി ഇനത്തിൽ ഈ ഗവൺമെൻറ്, അധിക വിഭവസമാഹരണം നടത്തിയതായി വളരെ വ്യക്തമായ കണക്കുകളോടുകൂടി നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രതിപക്ഷ കക്ഷികളെ പ്രോൽസാഹിപ്പിക്കുന്ന ചില പ്രമുഖ പത്രങ്ങൾ പോലും ധനകാര്യമന്ത്രി വിഭവ സമാഹരണം നടത്തിയതിനെ അഭിനന്ദിച്ചുകൊണ്ട് എഴുതി. എഡിറോറിയലുകൾ എഴുതി. ഇവിടെ നികുതി വെട്ടിപ്പ് തടയാനും, കർശനമായ നികുതി പിരിവ് ഗവൺമെൻറിനെറ ഖജനാവിൽ എത്തിച്ചേരാനുമുള്ള റെയ്ഡുകൾ വരെ നടത്തിക്കൊണ്ട് വിഭവ സമാഹരണം വർദ്ധിപ്പിക്കാൻ ഈ ഗവൺമെൻറ് നടത്തിയ ശ്രമങ്ങൾ കൂടുതൽ ചെലവിന് പണം ആവശ്യപ്പെടുമ്പോൾ, അൽപ്പം പോലും കാണാൻ പ്രതിപക്ഷത്തുള്ള ആരും തയ്യാറാകുന്നില്ല. കൂടുതൽ പണമുണ്ടാക്കുക, അദൃശ്യമായ അത്യാവശ്യ ചെലവുകൾക്കുവേണ്ടി ചെലവാക്കുക, വരവും ചെലവും കൂടി തട്ടി പോകണം. കൂടുതൽ വരവ് ഉണ്ടാക്കി, അല്പ സ്വൽപം അത്യാവശ്യത്തിന് ചെലവാക്കുക, ഇതൊക്കെ ഞങ്ങൾ അനുവദിച്ചുകൊടുക്കുന്ന കാര്യങ്ങളാണ്. കുടുംബങ്ങളിലായാലും, ഗവൺമെൻറിലായാലും ഇതൊക്കെ വേണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കൈലാസപാറയിലെ എസ്റോഡ് മുതലാളി ടാക്സ് ഉദ്യോഗസ്ഥൻമാരെ ആക്രമിച്ചതിനെതിരെ കേസ് എടുത്തു. ആ പോലീസ് കേസ് കരുണാകരൻ പിൻവലിച്ചു. അത് ഹസ്സൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ പറയുന്നത് അങ്ങനെ ഉദ്ദേശ ശുദ്ധിയെ മാനിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങളെ നമ്മൾ പ്രോൽസാഹിപ്പിക്കുകയും, അഭിനന്ദിക്കുകയും, കൂടുതൽ ശക്തി കൊടുക്കുകയും ചെയ്യണമെന്നുള്ളതാണ്. രാഷ്ട്രീയപരമായിട്ടുള്ള മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ തീർച്ചയായും സന്തോഷത്തോടുകൂടി അനുവദിച്ചുകൊടുക്കാൻ ഈ സഭ തയ്യാറാകുമെന്നാണ് എൻെറ പൂർണ്ണവിശ്വാസം. ഇവിടെ ബഹുമാന്യനായ ശ്രീ. ബേബിജോൺ കൃത്രിമമായ വികാരാവേശത്തോടികൂടി നിങ്ങൾ ജയിക്കും, ജയിക്കുമെന്ന് പറഞ്ഞല്ലോ, തെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കിക്കൊണ്ട് വിജയപെരുമ്പറ മുഴക്കുന്നുണ്ടല്ലോ, എങ്ങനെ നിങ്ങൾ ജയിക്കുമെന്ന് അദ്ദേഹം ചോദിച്ചു. ശ്രീ. ജോർജ് ഇവിടെ പറഞ്ഞതുപോലെ ഞങ്ങൾ ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നപ്പോൾ കമ്മ്യൂണിസ്റ്റ് നേതാക്കൾ പറഞ്ഞു. ജോർജ് പറഞ്ഞത് 6 മാസമാണ് എന്നാണ്. 24 മണിക്കൂർ കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഇല്ലാത്ത ഒരു ഗവൺമെൻറ് കേരളത്തിൽ വാഴുകയില്ലെന്ന്. 30 ദിവസമെന്ന് ഒരു സി. പി. ഐ. നേതാവ് പറഞ്ഞു. ഒരൊറ്റ കമ്മ്യൂണിസ്റ്റ് പാർട്ടികളുമില്ലാതെ 5 കൊല്ലം ഈ ഗവൺമെൻറ് അതിൻെറ കാലാവധി പൂർത്തിയാക്കാൻ പോകുകയാണ്. ശ്രീ. ബേബിജോണിനേറതുപോലെ ഇടതുപക്ഷ പാർട്ടികൾ എന്ന് അഭിമാനിക്കുന്ന പാർട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതെ, ഞങ്ങളെ സംബന്ധിച്ച് ഇടതുപക്ഷ നയങ്ങൾ നടപ്പിലാക്കിക്കൊണ്ട്, തൊഴിലാളികളെയും, അദ്ധ്വാനിക്കുന്നവരെയും, പാവപ്പെട്ടവരുടെയും ജീവിത പ്രശ്നങ്ങൾ ലഘൂകരിക്കാനുള്ള, സാമൂഹ്യ ക്ഷേമ പദ്ധതികളിൽ ഊന്നിക്കൊണ്ട് 5 കൊല്ലം ഈ ഗവൺമെൻറ് അതിൻെറ കാലാവധി പൂർത്തിയാക്കാൻ പോകുകയാണ്. സർ, ഞങ്ങളാണോ ഈ സംസ്ഥാനത്ത് ജയിക്കും ജയിക്കും എന്ന് ആദ്യം പറഞ്ഞത്. ജനങ്ങളുടെ ഇടയിൽ ഐക്യജനാധിപത്യ മുന്നണി ജയിക്കും എന്നുള്ള അന്തരീക്ഷം ഉണ്ടാക്കിയത് ഞങ്ങളാണോ? എന്ത് അടിസ്ഥാനത്തിൽ ജയിക്കുമെന്ന് ശ്രീ. ബേബിജോൺ ചോദിച്ചില്ലേ? ഞാൻ പറയാം. പ്രധാനപ്പെട്ട അടിസ്ഥാനം നിങ്ങൾ തന്നെയാണ്. അങ്ങ് ഇതിനെ തമാശയ്ക്ക് എടുക്കരുത്. ഈ ഗവൺമെൻറ് പരാജയപ്പെടണമെങ്കിൽ ജനങ്ങളുടെയിടയിൽ നിങ്ങൾ ജയിക്കുമെന്ന ഒരു ധാരണ വേണ്ടേ? നിങ്ങൾക്ക് അടുത്ത 5 കൊല്ലക്കാലം ഭരിക്കാൻ കഴിയുമെന്നും കേരളത്തിൻെറ പ്രശ്നങ്ങൾക്ക് വളരെ വിദഗ്ദ്ധമായി പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നുമുള്ള തെറ്റിദ്ധാരണ എങ്കിലും ഉണ്ടാക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ശ്രീ. ബേബി ജോൺ? ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അതിന് കഴിഞ്ഞിട്ടുണ്ടോ? ആരാണ് നിങ്ങളുടെ അടുത്ത മുഖ്യമന്ത്രി, ആരാണ് നിങ്ങളുടെ മുന്നണിയുടെ നേതാവ്, ആര് ഈ സംസ്ഥാനത്തെ നയിക്കും, നിങ്ങൾ എന്ത് പരിപാടികൾ ജനങ്ങളുടെ മുൻപിൽ വയ്ക്കും. ഞങ്ങളുടെ പരിപാടി പരാജയമാണ്, തകരാറിലാണ് എന്നൊക്കെ നിങ്ങൾ പറയുന്നു. പക്ഷേ ഞങ്ങളുടെ കൂട്ടത്തിൽ നിൽക്കുന്ന ആളുകളെ നിങ്ങൾ അങ്ങോട്ട് ക്ഷണിക്കുന്നു. വ്യക്തികൾ വ്യക്തികളായി വരട്ടെ. സഖാവ് ഇ. എം. എസ്സിൻെറ ഏറ്റവും ഒടുവിലത്തെ ലേഖനം നിങ്ങൾ വായിച്ചുനോക്കൂ. അതിൽ പറഞ്ഞിരിക്കുന്നത് ഭരണമുന്നണിയിൽ നിൽക്കുന്നവർ നേതൃത്വത്തെ എതിർത്തുകൊണ്ട് കൂട്ടം കൂട്ടമായി വരാൻ പോകുന്നു. അവരെ സ്വാഗതം ചെയ്യാം എന്നാണ്. രാഷ്ട്രീയ പ്രവർത്തകരെ നിങ്ങൾ ക്ഷണിക്കുകയാണ്. ഐക്യജനാധിപത്യമുന്നണി അഞ്ച് കൊല്ലക്കാലംകൊണ്ട് ഭരിച്ചുതകർത്തുവെന്ന് പറയുന്നതും ഐക്യജനാധിപത്യ മുന്നണി ജയിക്കുമെന്ന് നാടൊട്ടുക്കെ പറഞ്ഞു നടക്കുന്നതും നിങ്ങളല്ലേ. ഭരണപക്ഷം പരാജയപ്പെട്ടാൽ ആ സ്ഥാനം ഏറ്റെടുക്കാൻ പ്രതിപക്ഷത്തിന് കെൽപ്പുണ്ടോ എന്ന് നോക്കാനുള്ള വിവേചന ശക്തി കേരളത്തിലെ ജനങ്ങൾക്കുണ്ട്. കേരളത്തിലെ ജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണയുണ്ടാക്കാൻ പോലും നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. നിങ്ങൾക്ക് അധികാരത്തിൽ വരാൻ കഴിയുമെന്നോ! ശ്രീ. തച്ചടി പ്രഭാകരൻെറ ചോദ്യത്തിന് മറുപടിയായി ശ്രീ. ബേബിജോൺ പറഞ്ഞു, നിങ്ങൾ ഇപ്പുറത്തുള്ള ആളുകളെ അടർത്തിയെടുത്ത്, കോഴ കൊടുത്ത്, പ്രലോഭനപ്പെടുത്തി കൊണ്ടുപോയി എന്ന്. ശ്രീ. ബേബി ജോൺ സത്യസന്ധമായി പറയണം, അഖിലേന്ത്യാ മുസ്ലീംലീഗ് ഐക്യജനാധിപത്യ മുന്നണിയിൽ വന്നത് ഞങ്ങൾ കോഴ കൊടുത്തിട്ടാണോ? രാഷ്ട്രീയ പ്രലോഭനം നടത്തിയിട്ടാണോ. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രാഷ്ട്രീയ സമീപനം, ശരിയത്ത് പ്രശ്നത്തിൻെറ പേരിൽ മത വികാരങ്ങളുടെ പേരിൽ അഖിലേന്ത്യാ മുസ്ലീം ലീഗിനെ ചവുട്ടി പുറത്താക്കാനുള്ള ശ്രമം നടത്തിയതിൻെറ ഫലമായിട്ടല്ലേ അഖിലേന്ത്യാ മുസ്ലീം ലീഗ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗുമായി യോജിച്ചത്.

നാല് സി. എം. പി. എം. എൽ. എ. മാർ ഇവിടെ ഉണ്ടായിട്ടുണ്ട്. ഞങ്ങൾ കോഴ കൊടുത്തിട്ടാണോ അത് ഉണ്ടായത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ പ്രമുഖ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വിള്ളലുണ്ടാക്കിയത് ഞങ്ങളുടെ പാർട്ടിയാണോ? അവരുടെയിടയിൽ ആഭ്യന്തര പ്രശ്നങ്ങളും ഉണ്ടാക്കിയത് ഞങ്ങളാണോ? കോൺഗ്രസ് (എസ്) കോൺഗ്രസ് (ഐ) യിൽ ലയിച്ചു. അത് അഖിലേന്ത്യാ തലത്തിൽ സ്വീകരിച്ച നിലപാടാണ്. നിങ്ങളും ഉപതെരഞ്ഞെടുപ്പുകളെ സംബന്ധിച്ച് പറഞ്ഞു. ഉപതെരഞ്ഞെടുപ്പ് സമയത്ത് നിങ്ങളും ഉറക്കമിളച്ചത് നഷ്ടമായി എന്നല്ലാതെ നിങ്ങൾക്ക് ജനങ്ങളിൽ നിന്ന് മനംമാറ്റം ഉൾക്കൊള്ളാൻ പോലും സാധിച്ചില്ല. ഉപതെരഞ്ഞെടുപ്പുകളിൽ നിങ്ങൾ പ്രതികൂലമായി ജയിച്ചു. ഇ. ടി. മുഹമ്മദ് ബഷീറും, പി. വിജയദാസും, റേച്ചൽ സണ്ണി പനവേലിലുമൊക്കെ ജനങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കി. അവർ കാലു മാറിയതല്ല. അവരുടെ പാർട്ടി കോൺഗ്രസ് (എസ്) എടുത്ത തീരുമാനത്തിനേയും അഖിലേന്ത്യാ മുസ്ലീംലീഗ് എടുത്ത തീരുമാനത്തിനേയും അടിസ്ഥാനത്തിലാണ് അവർ ഇപ്പുറത്ത് ഇരിക്കുന്നത്. അവർ ഒറ്റയ്ക്ക് മന്ത്രിസ്ഥാനമോ ചെയർമാൻ സ്ഥാനമോ മോഹിച്ച് ഇപ്പുറത്തേക്ക് വന്നവരല്ല. അഖിലേന്ത്യാ പാർട്ടിയായ കോൺഗ്രസ് (എസ്) വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചതാണ്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ജയിച്ചത്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഒരു എം. എൽ. എ. പിണ്ടും തെരഞ്ഞെടുപ്പിൽ മൽസരിച്ചു. കൂറുമാറ്റക്കാർക്ക് എന്താണ് അനുഭവം എന്ന് ഉദ്ദേശം തെളിയിച്ചു. കുഞ്ഞിരാമൻ നമ്പ്യാർ ഇവിടെ നിന്ന് ഇറങ്ങിപ്പോയതാണ്, പിന്നെ അദ്ദേഹം തിരിച്ചു വന്നിട്ടില്ല. അപ്പുറത്തു പോയവർക്കും ഇതേ അനുഭവമാണ് ഉണ്ടാകാൻ പോകുന്നത്.

ശ്രീ. എം. എം. ഹസ്സൻ: കെ. കെ. ബാലകൃഷ്ണനും പി. വിജയദാസും, റേച്ചൽ സണ്ണി പനവേലിലുമാണോ ഈ നിയമസഭയിൽ മടങ്ങിവരുന്നത്, അതല്ല ഷൺമുഖദാസും കൂട്ടരുമാണോ എന്ന് നമുക്ക് കാണാം. ഞാൻ വെല്ലുവിളിക്കുന്നു. നിങ്ങളാരും ഇനി ഇവിടേയ്ക്ക് മടങ്ങിവരാൻ പോകുന്നില്ല. കോൺഗ്രസ് (എസ്)ന്റെ പേരിൽ നിങ്ങളാരും മടങ്ങിവരാൻ പോകുന്നില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കൂറുമാറ്റത്തെപ്പറ്റി പറഞ്ഞു. കോൺഗ്രസ് (എസ്)ന്റെ അഖിലേന്ത്യാ കമ്മിറ്റി എടുത്ത തീരുമാനത്തിന് വിപരീതമായി കോൺഗ്രസ് (എസ്) ടിക്കറ്റിൽ മൽസരിച്ച ആളുകൾ അവിടെത്തന്നെ ഇരിക്കുന്നു. അവരല്ലേ കൂറുമാറിയത്.

ശ്രീ. എം. എം. ഹസ്സൻ: യഥാർത്ഥ കാലുമാറ്റക്കാർ ഉണ്ണികൃഷ്ണനും ഷൺമുഖദാസുമൊക്കെയാണ്. അവർ ശരദ് പവാറിന്റെ നേതൃത്വത്തിൽ പാർട്ടിയുടെ ചിഹ്നത്തിൽ മൽസരിച്ചു. കഴിഞ്ഞ പ്രാവശ്യം അവരെല്ലാം ഞങ്ങളോട് പറഞ്ഞത് A. I. C. വർക്കിംഗ് കമ്മിറ്റി തീരുമാനിക്കട്ടെ എന്നാണ്. വർക്കിംഗ് കമ്മിറ്റി തീരുമാനം ലംഘിച്ചവരാണ് യഥാർത്ഥ കൂറുമാറ്റക്കാർ. ഞാൻ അത് വിടുന്നു. ഞങ്ങളും ജയിക്കുമെന്നു പറഞ്ഞപ്പോൾ, നിങ്ങൾ എന്തടിസ്ഥാനത്തിൽ ജയിക്കുമെന്ന് ചോദിച്ചു. ശ്രീ. ബേബിജോണിനോട് ഞാൻ പറയുന്നു, ഇടതുപക്ഷമുന്നണി ജയിക്കുമെന്നാണ് പൂർണ്ണ വിശ്വാസമെങ്കിൽ എന്തിനാ സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെ കോട്ടയത്തുവച്ച് നയം മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

വന്നാൽ കേരള കോൺഗ്രസ്സിനേയും മുസ്ലീം ലീഗിനേയും ഇടതുപക്ഷ മുന്നണിയിൽ ചേർക്കാമെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസ്താവനയ്ക്ക് അദ്ദേഹം നടത്തിയ വിശദീകരണം ഞങ്ങളും വായിച്ചു. വർഗ്ഗീയ വിരുദ്ധ രാഷ്ട്രീയ പ്രസംഗങ്ങളും നടത്തുമ്പോഴൊക്കെ ഞങ്ങളും പറഞ്ഞു, കേഴി മൂന്നു പ്രാവശ്യം കൂകുന്നതിനു മുൻപ് ഇ. എം. എസ്സും സി. പി. എമ്മും ഇതു തള്ളിപ്പറയുമെന്ന്. അന്ന് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി പറയുന്നുവെന്ന് നിങ്ങളും പറഞ്ഞു.

ശ്രീ. ബേബി ജോൺ: വർഗ്ഗീയ വിരുദ്ധ പ്രക്ഷോഭണങ്ങളും ഞങ്ങളും അംഗീകരിച്ചു.

ശ്രീ. എം. എം. ഹസ്സൻ: മാർക്സിസ്റ്റ് പാർട്ടിയുടെ കപട വിരുദ്ധ പ്രക്ഷോഭണങ്ങളും ജനങ്ങളും അംഗീകരിച്ചില്ല. ബേബിജോൺ, ഈ രാജ്യത്ത് ഐക്യമുന്നണികളും പലപ്പോഴും ഉണ്ടായിട്ടുണ്ട്. ഐക്യമുന്നണികളിലെല്ലാം മിനിമം പരിപാടി രണ്ടുകൂട്ടരും പറയുന്നതാണ്. ആർ. എസ്. പി. മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ് ഇടതുപക്ഷ മുന്നണിയിൽ ചേർന്നത്. ആർ. എസ്. പി. യുടെ അടിസ്ഥാനം തന്നെ തോണ്ടിക്കളഞ്ഞുകൊണ്ടാണ് ഇടതുപക്ഷ മുന്നണിയിൽ ചേർന്നത്. എങ്ങനെയാണ് നയം മാറുന്നത്? കേരള കോൺഗ്രസ്, കേരള കോൺഗ്രസ് അല്ലാതാകുമോ? മുസ്ലീംലീഗ് മുസ്ലീം ലീഗല്ലാതെയായിക്കൊണ്ട് ഇടതുപക്ഷ മുന്നണിയിൽ വരുമോ? ഇ. എം. എസ്സിനെ സംബന്ധിച്ചിടത്തോളം കേരളത്തിൽ വീണ്ടും ഞങ്ങളും അധികാരത്തിൽ വരുമെന്ന പ്രതീക്ഷ ജനങ്ങളിൽ ഉണ്ടാക്കാൻ വേണ്ടിയാണ് കേരള കോൺഗ്രസ്സും, മുസ്ലീംലീഗും നയം മാറിവന്നാൽ സ്വീകരിക്കാമെന്നു പറഞ്ഞത്. ഇ. എം. എസ്. ഇന്നു പറയുന്ന പിൻതിരിപ്പൻ പാർട്ടികളും ഇടതുപക്ഷമുന്നണിയിൽ നിന്നു ചുവടു മാറിവച്ചാൽ പുരോഗമനവാദികളാകുമോ? ആകുമെങ്കിൽ മാർക്സിസ്റ്റുകാർ പറയണം. ഈ മുസ്ലീം ലീഗ് തന്നെയാണ് മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ 1967-ൽ അന്നത്തെ മാർക്സിസ്റ്റ് മുന്നണിയുണ്ടാക്കിയത്. ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ആ പാർട്ടി പാർട്ടിയല്ലാതായിമാറി, നയം പൂർണ്ണമായി മാറി. ആ പാർട്ടിയുടെ ആദർശങ്ങളും കുഴിച്ചുമൂടിക്കൊണ്ട് കേരളത്തിൽ എന്നെങ്കിലും ഒരു ഐക്യമുന്നണി ഉണ്ടാക്കിയിട്ടുണ്ടോ? ഒരിക്കലും ഉണ്ടാക്കിയിട്ടില്ല. ഞങ്ങളുടെ കൂടെ എങ്ങനെയാണ് മാർക്സിസ്റ്റ് പാർട്ടി ഐക്യമുണ്ടാക്കിയത്, ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ഉള്ള പാർട്ടിയുമായി. ഞങ്ങളും നയം മാറിയിട്ടാണോ? അന്ന് സഖാവ് ഇ. എം. എസ്സും, ഗൗരിയമ്മയും പറഞ്ഞത് ജനാധിപത്യ പാർട്ടികളായി, ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ യോജിക്കാവുന്നതിന്റെ മിനിമം പരിപാടിയിൽ യോജിച്ചുവെന്നാണ്. അപ്പോഴും ഇ. എം. എസ്. പറഞ്ഞത് എന്താണ്? മുഖ്യമന്ത്രിപദം സ്വർണ്ണത്തളികയിൽ വച്ച് സഖാവ് ഇ. എം. എസ്. കേരള കോൺഗ്രസ്സിനേറയും മുസ്ലീംലീഗിനേറയും പിന്നാലെ നടക്കാൻ പോകുന്ന കാഴ്ച മാർക്സിസ്റ്റുകാർക്ക് അടുത്ത ദിവസങ്ങളിൽ കാണേണ്ടിവരും, എനിക്ക് അതിൽ യാതൊരു സംശയവുമില്ല. പക്ഷേ ജനാധിപത്യ പാർട്ടികളും അതിൽ ഉൾക്കൊള്ളുകയില്ല.

എന്തിനുവേണ്ടിയാണ് എ. വി. രാഘവനും കൂട്ടരും പുറത്തു പോയത്. ഞങ്ങളെ സംബന്ധിക്കുന്നകാര്യമല്ല അത്, ആഭ്യന്തരപ്രശ്നമാണ്. ഒരു കാര്യം മാർക്സിസ്റ്റുകാർ മനസ്സിലാക്കണം. ഇ. എം. എസ്സ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രസ്താവനകളൊക്കെ നടത്തുമ്പോൾ, സഖാവ് ശ്രീനിവാസന്റെ ദോഷം ഞാൻ കടമെടുക്കുന്നു, അദ്ദേഹം ഈ സഭയിൽ നിന്നു പറഞ്ഞു, അവസരവാദികളുടെ രാജാവാണ് സഖാവ് ഇ. എം. എസ്. എന്ന്. അടുത്തകാലത്ത് സി. എം. പി. യുടെ നേതാവായ ചക്രപാണി ''മലയാള മണ്ണിൽ'' എഴുതി വിപ്ലവകാരി വിദൂഷകവേഷം കെട്ടുന്നു എന്ന്. വിപ്ലവ വിദൂഷകനായും അവസരവാദികളുടെ രാജാവായും സഖാവ് ഇ. എം. എസ്-നെ കമ്മ്യൂണിസ്റ്റുകാർ ചിത്രീകരിച്ചതുകൊണ്ടും അതിനേക്കാൾ വലിയ ഒരു ഉപമ എന്റെ കൈവശം ഇല്ലാത്തതുകൊണ്ടും ഞാൻ ഒരു തെറ്റായ ചിത്രീകരണത്തിനു് ഒരുങ്ങുന്നില്ല. പണ്ട് 'നമ്പൂതിരിമാർ പുരാണ ഇതിഹാസങ്ങൾ സഞ്ചിയിലിട്ടുകൊണ്ട് പുരാണ ഗ്രന്ഥങ്ങളുമായി നടന്ന് അത് വ്യാഖ്യാനിച്ച് ഉപജീവനം നടത്തിയിരുന്നു. അത് കുലത്തൊഴിലായി സ്വീകരിച്ച നമ്പൂതിരിമാരെ മലബാർ ഭാഗത്ത് കാണാൻ കഴിയും. അതുപോലെ തന്നെ കാറൽ മാർക്സിന്റെ കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോയും മൂലധനവുമെല്ലാം സഞ്ചിയിലിട്ടുകൊണ്ട് മാർക്സിസം വ്യാഖ്യാനം നടത്തുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു ബാദ്ധ്യതയായി മാറിയിരിക്കുന്നു. ഇ. എം. എസ്സിന്റെ പ്രസ്താവനകളെ സഹതാപത്തോടുകൂടി മാത്രമേ ഞങ്ങൾക്ക് കാണാൻ കഴിയുകയുള്ളൂ.

സർ, മാർക്സിസ്റ്റുകാർ ഒരു കാര്യം മനസ്സിലാക്കണം. അടിസ്ഥാനപരമായി നിങ്ങൾക്ക് അടിതെറ്റിയിരിക്കുകയാണ്. ലോകത്താകമാനമുള്ള ആ അടിതെറ്റലിൽ നിന്നുളവായ ഒരു പരാജയ
12 noon] ഭീതിയാണ് ഇന്നു നിങ്ങളെ ഭരിക്കുന്നത്. ദിവസങ്ങൾക്ക് മുമ്പ് ഇവിടെ പയറ്റി നിങ്ങൾ പരാജയം സമ്മതിച്ചില്ലേ? ലോകത്തൊട്ടാകെയുള്ള ആളുകളുടെ സ്വപ്നങ്ങൾ കമ്മ്യൂണിസ്റ്റുകാർ കണ്ണു തുറന്നു കാണുന്നു. സോവിയറ്റ് റഷ്യയും ചൈനയും അതു തുറന്നു പറഞ്ഞു. ഇവിടെ നിങ്ങൾ തുറന്നു പറയാൻ തയ്യാറാകുന്നില്ല. നേരത്തെ തുറന്നു പറഞ്ഞ ആളാണ് ശ്രീ. എം. വി. രാഘവൻ. കാരണം പീഡനവും മർദ്ദനവും അടിച്ചമർത്തലുമൊക്കെ ഇന്നു ഈ കേരളസംസ്ഥാനത്തു കടംകഥകളാണ്. പണ്ട് നിങ്ങൾ പാലക്കാട്ടെ കള്ള് പറിക്കുന്ന പുലയസ്ത്രീകളെക്കുറിച്ച് പാടി. ഇന്നു അത്തരം പുലയസ്ത്രീകളെ കാണാൻ കഴിയുകയില്ല. അഥവാ കണ്ടാൽത്തന്നെയും അവരുടെ കയ്യിൽ അരിവാൾ ചുറ്റിക നക്ഷത്രമുള്ള കൊടി കാണാൻ കഴിയുകയില്ല. അഥവാ കൊടി കണ്ടാൽത്തന്നെ പഴയ ആവേശം കാണാൻ കഴിയുകയില്ല. ഇന്നു മാറ്റങ്ങളുണ്ടായിരിക്കുന്നു. ഞങ്ങളുടെ കൂടെ ഹരിജനങ്ങൾ വന്നതിനെക്കുറിച്ചു പറഞ്ഞു. എന്തുകൊണ്ടാണ് വന്നത്? നിങ്ങൾ അവർക്ക് കുറെ വിപ്ലവ മുദ്രാവാക്യങ്ങളും നിറംമങ്ങിയ കൊടികളുമാണ് കൊടുത്തത്. ഞങ്ങൾ അവർക്ക് ജീവിതം കൊടുത്തു, വീട് കൊടുത്തു, വെളിച്ചം കൊടുത്തു, വെള്ളം കൊടുത്തു, അവർക്ക് ജീവിതസൗകര്യങ്ങൾ കൊടുത്തു. നിങ്ങളിൽ അവർക്ക് പ്രതീക്ഷയില്ല. നിങ്ങളോടൊപ്പം നിന്നാൽ അവർക്ക് പുരോഗതിയില്ല. നിങ്ങളോടൊപ്പം നിന്നാൽജീവിതമോചനമില്ല. എത്ര കാലം മുദ്രാവാക്യം മുഴക്കി അവരെ ആവേശം കൊള്ളിച്ചു? ഈ മാറ്റങ്ങൾ നിങ്ങൾ ഉൾക്കൊള്ളണം. ഈ മാറ്റങ്ങളെന്താണെന്ന് ശ്രീ. ബേബിജോൺ, അങ്ങേയ്ക്കും നമുക്കും അറിയാം. ഞങ്ങൾ പരസ്പരം സഹകരിച്ചു ജനാധിപത്യസംവിധാനത്തെ ശക്തിപ്പെടുത്തിയവരാണ്. അതിന്റെ മധുരമായ ഫലങ്ങൾ ഉൾക്കൊണ്ടവരാണ് ശ്രീ. കെ. വി. പ്രഭാകരനും ശ്രീ. ബേബി ജോണും. പക്ഷെ മാർക്സിസ്റ്റുകാർ കൈവിഷം തന്നു

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളെ മയക്കിക്കിടത്തിയിരിക്കുകയാണ്. നമ്മൾ എത്ര മാനമായി ദീർഘകാലം ഭരിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് നൻമ ചെയ്തവരാണ്. എന്തെല്ലാം പുരോഗമന പരിപാടികൾ നടത്തിയവരാണ് നമ്മൾ. ഭരണത്തിലിരുന്നു എന്തെല്ലാം മാറ്റങ്ങൾ ഈ 'സംസ്ഥാനത്ത്' വരുത്തിയവരാണ് നമ്മൾ. മൺകുടത്തിനകത്തെ മൺവിളക്കു പോലെ ഇങ്ങനെയൊരു വരട്ടുതത്വവാദമാകുന്ന വിളക്ക് കുടത്തിനകത്തു കത്തിച്ചുവച്ചു നമ്പൂതിരിപ്പാടും ഗൗരിയമ്മയും നായനാരും കൂടി. ആർക്ക് പ്രയോജനം പരത്താനാണ്? കുടത്തിനകത്തെ വിളക്കിന്റെ അവസ്ഥയിലാണ് അവർ നിൽക്കുന്നത്. എന്നിട്ട് നായനാർ ഇന്നലെ പ്രസംഗിച്ചത് എന്താണ്? രാജീവ് ഗാന്ധിയും കരുണാകരനും കോൺഗ്രസ്സും വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കുന്നെന്ന്. നാണമില്ലല്ലോ നിങ്ങൾക്ക് ഇതു പറയാൻ? നിങ്ങൾ ഭരിക്കുന്ന രണ്ടു സംസ്ഥാനങ്ങളില്ലേ? കേരളത്തിൽ നിങ്ങൾ പ്രധാന പ്രതിപക്ഷമല്ലേ? ഈ മൂന്നു സ്ഥലത്തും നിങ്ങളെടുക്കുന്ന നിലപാടെന്താണ്? ഭൂരിപക്ഷ വർഗ്ഗീയതയെ നിങ്ങൾ പ്രോൽസാഹിപ്പിക്കുന്നു. ബംഗാളികളും നേപ്പാളികളും ഏകോദരസഹോദരങ്ങളെപ്പോലെ കഴിഞ്ഞിരുന്ന സംസ്ഥാനമാണ് പശ്ചിമബംഗാൾ. അവിടെ ഗൂർഖാരാജ് പ്രശ്നമുണ്ടാക്കിയത് രാജീവ്ഗാന്ധിയാണോ?..... .....(ബഹളം).....അല്ല. ഒരിക്കലും അല്ല. ഗൂർഖാരാജ് പ്രക്ഷോഭണമുണ്ടായത് മാർക്സിസ്റ്റ് പാർട്ടിയുടെ വർഗ്ഗീയ പ്രീണനനയം കൊണ്ടാണ്. ബംഗാളികളേയും നേപ്പാളികളേയും തമ്മിലടിപ്പിച്ചു തലതല്ലിക്കീറി ആ പ്രദേശത്തു ഭൂരിപക്ഷ വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കാൻവേണ്ടി, നേപ്പാളികളെ ഒറ്റപ്പെടുത്താൻ വേണ്ടി, മാർക്സിസ്റ്റ് പാർട്ടിയെടുത്ത വർഗ്ഗീയപ്രീണനനയമാണ്. ത്രിപുരയിലെന്താണ് നടത്തുന്നത്? അവിടെയും ഭൂരിപക്ഷവർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കുന്നതു മാർക്സിസ്റ്റ് പാർട്ടിയാണ്. കേരളത്തിൽ കഴിഞ്ഞ ഒന്നു രണ്ടു വർഷമായി മാർക്സിസ്റ്റു പാർട്ടിയും പ്രതിപക്ഷവും എടുത്തിട്ടുള്ള പ്രശ്നങ്ങൾ ഈ സഭയിലിരിക്കുന്ന അംഗങ്ങൾ ഒന്നു പരിശോധിക്കണം. ഈ രാജ്യത്തെജനങ്ങൾക്ക് മറ്റൊരു പ്രശ്നവും ഇല്ലെന്നുള്ളതിന് തെളിവാണ് വർഗ്ഗീയപ്രശ്നം ഉയർത്തിപ്പിടിച്ചത്. ശരിയായ പ്രശ്നമാണ് കഴിഞ്ഞ ഒന്നു രണ്ടുകൊല്ലം മാർക്സിസ്റ്റ് പാർട്ടി ഉയർത്തിയ മുദ്രാവാക്യം. മറ്റൊന്നു കുവൈറ്റ് സന്ദർശനം. മൂന്നാമത്തേത് ബാബ്റി മസ്ജിദ് പ്രശ്നം. ഇതൊക്കെ ഉയർത്തിക്കൊണ്ടുവരുന്നതു ഇവിടെയും ഭൂരിപക്ഷ വർഗ്ഗീയതയെ പ്രീണിപ്പിക്കാൻ വേണ്ടിയാണ്. ഭൂരിപക്ഷവർഗ്ഗീയവോട്ടു ബാങ്കുകളിൽ കണ്ണു നട്ടുകൊണ്ടാണ് നിങ്ങൾ ഈ സമീപനം നടത്തുന്നത്. അധികപ്പലിശയ്ക്ക് വർഗ്ഗീയത നിക്ഷേപമായി സ്വീകരിക്കുന്ന രാഷ്ട്രീയ ബിസിനസ് നടത്തുന്ന വർഗ്ഗീയ—രാഷ്ട്രീയ ബ്ലെയ്ഡ് കമ്പനികളായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അധഃപതിച്ചിരിക്കുന്നു. അതുകൊണ്ടാണ് സർ ചില ആളുകൾ നിക്ഷേപം പിൻവലിച്ചത്. മൂന്നു നാല് ആളുകൾ പോയി. ഇന്നു പത്രത്തിൽ കണ്ടത് ഇമ്പിച്ചിബാവ ഡെപ്പോസിറ്റ് പിൻവലിച്ചുപോകാൻ പോകുന്നു എന്നാണ്. തമ്മിലടിയാതെ എന്റെ സുഹൃത്തു കാനം രാജേന്ദ്രനും ശ്രീ. കെ. പി. പ്രഭാകരന്റെ നേതൃത്വത്തിൽ നിൽക്കുന്ന പാർട്ടി മുഴുവനും ഡെപ്പോസിറ്റ് പിൻവലിച്ചു പോകാനിടയുണ്ട്. കാരണം അവർ തമ്മിൽ കടിപിടികൂടാതെ സൂക്ഷിക്കാനും പണം സുരക്ഷിതമാക്കാനും കഴിവുള്ളവരാണ്. ശ്രീ. ബേബി ജോൺ, അങ്ങയുടെ നിക്ഷേപം തിരിച്ചുകിട്ടണമെങ്കിൽ, വളരെക്കാലം കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കെട്ടി ഉയർത്തിയ ആർ. എസ്. പി. പാർട്ടി തകരാതെ എത്രയും വേഗം ഈ പ്ലെയ്ഡ് കമ്പനിയിൽ നിന്നു രക്ഷപ്പെടണം. അതിനുള്ള അവസരം അങ്ങയുടെ മുന്നിലുണ്ട്. ഞാൻ അത്രയേ പറയുന്നുള്ളൂ. വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കുന്നതും ഭൂരിപക്ഷ വർഗ്ഗീയതയെ പ്രീണിപ്പിക്കുന്നതും വർഗ്ഗീയമായിട്ട് രാഷ്ട്രീയമുതലെടുപ്പ് നടത്തുന്നതും ഇവരാണ്. ശ്രീ: ജോർജ്ജ് പറഞ്ഞല്ലോ മാർക്സിസ്റ്റു പാർട്ടി വർഗ്ഗീയസംഘട്ടനം എന്നെന്നേയ്ക്കുമായി അവസാനിപ്പിച്ചിരിക്കുന്നു എന്ന്. വർഗ്ഗീയസംഘട്ടനത്തിലൂടെ രാഷ്ട്രീയ മുതലെടുപ്പ് മാർക്സിസ്റ്റ് പാർട്ടിയുടെ പുതിയ പരിപാടിയാണ്. മാർക്സിസവും ലെനിനിസവും കൈവിട്ടു ഭൂരിപക്ഷവർഗ്ഗീയതയെ പ്രീണിപ്പിച്ചുകൊണ്ട് വർഗ്ഗീയസംഘട്ടനത്തിലൂടെ ഇവർ മുന്നോട്ടു പോകുന്നു. ഇന്നു ശ്രീ. ബേബിജോൺ തൊഴിലാളിയെന്നും വിപ്ലവമെന്നും പുരോഗതിയെന്നും പറഞ്ഞപ്പോൾ എനിക്ക് ആവേശം വന്നു. കാരണം കഴിഞ്ഞ എത്രയോ നാളുകളായി ഈ സഭാതലത്തിൽ മാർക്സിസ്റ്റുകാരുടെയുള്ള ആളുകളുടെ നാവിൽ നിന്നു, തൊഴിലാളി, അദ്ധ്വാനവർഗ്ഗം, വിപ്ലവം, പുരോഗതി എന്നൊക്കെ പറഞ്ഞു കേട്ടിട്ട്. എത്രയോ നാളുകളായി ഇവർ പറഞ്ഞുകൊണ്ടിരുന്നത് എന്താണ്? കുവൈറ്റി പ്രശ്നം, ശരിയത്ത് പ്രശ്നം, ബാബറി മസ്ജിദ് പ്രശ്നം ഇതൊക്കെയാണ് കഴിഞ്ഞ കുറെനാളുകളായി പറഞ്ഞത്. നിങ്ങളുടെ ദുഷ്ടലാക്ക് ഞങ്ങൾക്ക് അറിയാം. നിങ്ങളുടെ കണ്ണ് എവിടെയാണെന്ന് അറിയാം. നിങ്ങളുടെ ലക്ഷ്യം എന്താണെന്ന് അറിയാം. ഈ ഗവൺമെന്റ് 5 കൊല്ലം തികച്ചു രാഷ്ട്രീയസ്ഥിരതയുണ്ടാക്കി നേട്ടങ്ങൾ കൈവരിച്ച ഗവൺമെന്റാണ്. ബേബിജോൺ ഓരോന്നായി ചോദിച്ചല്ലോ? അതെല്ലാം ഈ സഭയിൽ അനവധി തവണ ചർച്ച ചെയ്തതാണ്. വളരെ ദീർഘമായി ഭരണപക്ഷത്തുനിന്നും മറുപടി പറയപ്പെട്ടതുമായ പ്രശ്നങ്ങളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ബലാൽസംഗം നടന്നതിനെക്കുറിച്ചു അന്വേഷണം വച്ചിരിക്കുന്നു. ബലാൽസംഗം നടന്നു എന്നു പറഞ്ഞു നിങ്ങൾ പറഞ്ഞ ആക്ഷേപത്തെക്കുറിച്ചു അന്വേഷിക്കുന്നതിന് നോട്ടീസ് പത്രങ്ങളിൽ വന്നത് നിങ്ങൾ വായിച്ചില്ലേ? അതിന്റെ നടപടി തുടങ്ങിക്കഴിഞ്ഞു. നാണമില്ലല്ലോ ഈ പ്രതിപക്ഷത്തിന് ഈ ഗവൺമെന്റിനെതിരായി ഏറ്റവും വലിയ പ്രശ്നമായി ഇതു ഉയർത്തിക്കാണിക്കുന്നതിന്. 5 കൊല്ലത്തെ ഭരണത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടു എന്നുള്ളതിന് ബേബിജോണിന്റെ തുറുപ്പുചീട്ട് നാണംകെട്ട ജുഗുപ്സാവഹമായ ബലാൽസംഗകേസ്സാണ് അല്ലേ! ശ്രീ. ബേബിജോൺ, ബലാൽസംഗം നടന്നെന്നുള്ളതിന് എത്ര തെളിവുകളും ആളുകളുടെ മുന്നിൽ കൊടുക്കാൻ സാധിക്കും?

....(ബഹളം) .....

പ്രതിപക്ഷത്തിന് ബലാൽസംഗത്തിന്റെ നാറുന്ന കഥകളും, കെട്ടിച്ചമച്ചുണ്ടാക്കിയ കഥകളുമല്ലാതെ കരുണാകരൻ ഗവൺമെന്റിനെതിരായി, ഐക്യജനാധിപത്യ ഗവൺമെന്റിനെതിരായി എന്തെങ്കിലും പറയാനുണ്ടോ? മറ്റൊന്നും പറയാനില്ല. അതുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം, അവരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം പരാജയം അവർ തന്നെ തുറന്നു സമ്മതിച്ചിരിക്കുന്നു. ബേബിജോൺ നേരത്തെ പറഞ്ഞത് 18,000 വോട്ട് ഇരവിപുരത്ത് കൂടുതൽ വന്നെന്നാണ്. വോട്ടർപട്ടികയിൽ പേരു ചേർക്കേണ്ടത് എല്ലാ രാഷ്ട്രീയ പാർട്ടിയിലുള്ളവരുടേയും പ്രായപൂർത്തിയായവരുടെ അവകാശമാണ്. പരാജയം ചൂണ്ടിക്കാട്ടി കണ്ണു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ് വോട്ടർപട്ടികയിൽ കൃത്രിമമുണ്ടെന്നു നുണക്കഥയുമായി നിങ്ങൾ രംഗത്തു വന്നിരിക്കുന്നത്. ആരാണ് ഈ കൃത്രിമം നടത്തിയത്? ശ്രീ. കരുണാകരൻ പോയി കൃത്രിമം നടത്തിയോ? സർക്കാർ ജീവനക്കാരുടെ മുഴുവൻ യൂണിയനേറയും പ്രാതിനിധ്യക്കുത്തക അവകാശപ്പെടുന്നവരാണ് മാർക്സിസ്റ്റ് പാർട്ടിക്കാർ. 5 കൊല്ലക്കാലത്തെ നിങ്ങളുടെ പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ, 5 കൊല്ലക്കാലത്തെ നിങ്ങളുടെ തകർച്ചയുടെ അടിസ്ഥാനത്തിൽ ജനങ്ങളിൽ അൽപ്പംപോലും പ്രതീക്ഷയോ നേരിയ ചലനമോ ഉണ്ടാക്കാൻ കഴിയാത്ത ഒരു പ്രതിപക്ഷത്തേക്കാൾ നല്ലത് 5 കൊല്ലം സ്ഥിരമായി ഭരിച്ചു ജനങ്ങളുടെ ജീവൽപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയ ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റാണെന്ന് ജനങ്ങൾ ബാലറ്റ്പെട്ടിയിലൂടെ തെളിയിക്കുമെന്ന ഉറച്ച വിശ്വാസത്തോടുകൂടി ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. എം. ജിനദേവൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. 5 കൊല്ലം ഭരിക്കാനുള്ള മാൻഡേറ്റ് തേടി 1982 മേയ് മാസത്തിൽ തിരഞ്ഞെടുപ്പിൽ വലിയ ഭൂരിപക്ഷം നേടി അധികാരത്തിൽവന്ന ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് 5 കൊല്ലം ഭരിച്ചു എന്നു ഊറ്റം കൊള്ളാം. ഒരു ടേം പൂർത്തിയാക്കാനുള്ള അസുലഭമായ സന്ദർഭം ലഭിച്ച ഒരു ഗവൺമെന്റെന്ന നിലയ്ക്ക് ഈ സംസ്ഥാനത്തെ രണ്ടേമുക്കാൽ കോടി ജനങ്ങളുടെ മുഖത്തു നോക്കി അഭിമാനകരമായി എന്തെങ്കിലും ഒരു കാര്യം ചെയ്തു എന്നു പറയാനില്ല. 1982-ലെ തിരഞ്ഞെടുപ്പു സമയത്തു ജനങ്ങളുടെ മുന്നിൽവച്ച തിരഞ്ഞെടുപ്പ് പ്രകടനപത്രികയിലെ വാഗ്ദാനങ്ങളും, സംസ്ഥാനത്തെമ്പാടുമുള്ള നിലയ്ക്ക് ഗവർണ്ണർ പുതുവൽസരങ്ങളിൽ ഈ സഭയിൽ വന്നു നടത്തിയ നയപ്രഖ്യാപന പ്രസംഗങ്ങളിലെ വാഗ്ദാനങ്ങളും, നമ്മുടെ മുൻധനകാര്യമന്ത്രി ഈ സഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗങ്ങളിൽ നൽകിയ വാഗ്ദാനങ്ങളും എല്ലാം ഇന്നു അന്തരീക്ഷത്തിൽ വിലയം പ്രാപിച്ചുകഴിഞ്ഞു. അതെല്ലാം വെറും അധരവ്യായാമങ്ങളായിരുന്നു, ജനങ്ങളെ പറഞ്ഞുകാനുള്ള പ്രഖ്യാപനങ്ങളായിരുന്നു, എന്നു കേരളീയർക്ക് മുഴുവൻ ഇപ്പോൾ ബോദ്ധ്യമായിക്കഴിഞ്ഞു. മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കും സംരക്ഷണം ഉറപ്പു വരുത്തുമെന്നു വാഗ്ദാനം ചെയ്തുകൊണ്ട് അധികാരത്തിൽ വന്ന ഈ ഗവൺമെന്റിന്റെ കാലത്താണ് ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തലകൾ കൊയ്യപ്പെട്ടതെന്നുള്ളതാണ് വസ്തുത. ഈ സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ ഗവൺമെന്റ് തന്നെ പറഞ്ഞ കണക്കനുസരിച്ചു ഇവിടെ നടന്നിട്ടുള്ളകൊലപാതകങ്ങളും അതിൽ അതെന്നെയുള്ള രാഷ്ട്രീയകൊലപാതകങ്ങളും മോഷണങ്ങളും ബലാൽസംഗങ്ങളും ലോക്കപ്പുമരണങ്ങളും കള്ളനോട്ടടിയും വർഗ്ഗീയ സംഘട്ടനങ്ങളും ആർ. എസ്. എസ്. അക്രമങ്ങളും വെടിവയ്പുകളും സംശയാസ്പദ മരണങ്ങളും സ്ത്രീ പീഡനങ്ങളും പത്രപ്രവർത്തകർക്ക് നേരെയുണ്ടായ ആക്രമണങ്ങളുടേയുമെല്ലാം എണ്ണം ഏറെയും അമ്പരിപ്പിക്കുന്നതാണ്. അതിന്റെയെല്ലാം കണക്കുകൾ എന്റെ കൈവശമുണ്ട്. ഇവിടെ 1348 ദേവാലയമോഷണങ്ങൾ നടന്നു. നേരത്തേ ഇവിടെ ശ്രീ. ഹസ്സൻ ബലാൽസംഗങ്ങളെക്കുറിച്ചു പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 491 ബലാൽസംഗങ്ങൾ നടന്നിട്ടുണ്ടെന്നും അതിൽ 149 പേർ ഹരിജൻ സ്ത്രീകളായിരുന്നു എന്നുമാണ് കഴിഞ്ഞ മാസം 20-ാം തീയതി ഒരു ചോദ്യത്തിന് മറുപടിയായി ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ലോക്കപ്പ് മരണങ്ങളും 15 ആണ്, കൊലപാതകങ്ങളും 2096. ഇതെല്ലാം നിയമസഭയിൽ ഗവൺമെൻറുതന്നെ നൽകിയ വിവരങ്ങളാണ്. നമ്മുടെ സംസ്ഥാനത്തു 6648 മോഷണക്കേസ്സുകളും രജിസ്റ്റർ ചെയ്തു ഈ ഗവൺമെൻറിൻറെ കാലത്ത്. അതുപോലെതന്നെയാണ് ഇവിടെ നടന്നിട്ടുള്ള മറ്റ് ക്രിമിനൽ കുറ്റങ്ങളും. ആർ. എസ്. എസ്. ആക്രമണങ്ങൾ 485. വെടിവയ്പുകൾ 34. അതിൽ 14 പേർ മരണമടഞ്ഞു. ഇങ്ങനെപോകുന്നു കാര്യങ്ങൾ. ഇതെല്ലാം ഈ സംസ്ഥാനത്തെ ക്രമസമാധാന ഭദ്രതയുടെ വിവരങ്ങളാണോ അതോ ക്രമസമാധാന തകർച്ചയുടെ വിവരങ്ങളാണോ എന്ന് വിവരമുള്ളവർ ആലോചിക്കണം. ഒരു ഗ്രാമത്തെയാകെ പോലീസ് കശക്കിയെറിഞ്ഞ തങ്കമണി സംഭവം ഇതിൽനിന്നും വേറെയാണ്. മണിയൻ എന്നു പേരായ ഒരു യുവാവിൻറെ മീശ പിഴുതെടുത്ത കിരാത സംഭവം നടന്നത് ഈ സൗംസ്ക്കാരിക കേരളത്തിൻറെ സിരാകേന്ദ്രമായ തിരുവനന്തപുരത്തെ നേമം പോലീസ് സ്റ്റേഷനിലാണ്. അതേ പോലീസ് സ്റ്റേഷനിൽത്തന്നെയാണ് ഒരു അച്ഛനേയും മകനേയും——ഗോവിന്ദനേയും അയാളുടെ മകൻ സുരേഷ്കുമാറിനേയും——നഗ്നരാക്കി പരസ്പരം അഭിമുഖമാക്കി നിർത്തി തലമുടിയിൽ ചുറ്റിപ്പിടിച്ചു ഭിത്തിയോട് ചേർത്തു ഇടിക്കുകയും മറ്റ് മർദ്ദനമുറകളും നടത്തുകയും ചെയ്തത്. ഈ ഗവൺമെൻറിനെ പിന്താങ്ങുന്ന 'മലയാളമനോരമ' പത്രംപോലും 'തുണിയഴിച്ചു നിർത്തി മർദ്ദിച്ചു' എന്ന തലക്കെട്ടിലാണ് കഴിഞ്ഞ മാസം നാലാം തീയതി വാർത്ത പ്രസിദ്ധീകരിച്ചത്.

വധഭീഷണി നേരിടുന്ന ഒരു പൗരൻ തൻറെ നേർക്ക് വധഭീഷണി ഉണ്ട് എന്ന് പോലീസിനെ അറിയിക്കുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്താലും എതിരാളികളെക്കുറിച്ച് വ്യക്തമായ വിവരം മുൻകൂട്ടി നൽകിയാലും പോലീസ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കൊല്ലത്തു കുണ്ടറയിൽ മേരിക്കുട്ടി എന്ന സ്റ്റാഫ് നഴ്സ് അവരുടെ എതിരാളിയായ ഫാദർ ആൻറണി ലാസറോ അയാളുടെ ഗുണ്ടകളോ തന്നെ അപായപ്പെടുത്തുവാൻ ഇടയുണ്ട് എന്ന് പോലീസിൽ മുൻകൂട്ടി വിവരം അറിയിച്ചിരുന്നു. പോലീസ് യാതൊരു നടപടിയും സ്വീകരിക്കാത്തതിൻറെ ഫലമായി ഒരു പിഞ്ചുകുഞ്ഞിൻറെ അമ്മയായ ആ സാധു സ്ത്രീ പ്രതീക്ഷിച്ചതുപോലെത്തന്നെ അതിദാരുണമായ വിധം കൊലചെയ്യപ്പെട്ടു.

സർ, പൊൻകുന്നത്തു കൊക്കോ സംസ്ക്കരണ ഫാക്ടറിയിൽ തൊഴിലാളികൾക്കുനേരെയുണ്ടായ വെടിവയ്പിനെ ഈ നിയമസഭയിൽ വന്നു നിസ്സങ്കോചം ന്യായീകരിച്ച മുഖ്യമന്ത്രിയാണ് തങ്കമണി എന്ന മലയോര ഗ്രാമത്തിൽ സംഹാരതാണ്ഡവമാടാൻ പോലീസിന് പ്രചോദനം നൽകിയത്. പോലീസ് എന്തു അനീതി പ്രവർത്തിച്ചാലും എന്തു അധർമ്മം കാണിച്ചാലും അതിക്രമം കാണിച്ചാലും അതിനെയെല്ലാം ന്യായീകരിക്കുന്ന ഈ മുഖ്യമന്ത്രിയുടെ അധാർമ്മിക നിലപാടാണ് ഇവിടെ പോലീസ് അതിക്രമങ്ങൾക്ക് മുഖ്യമായ പ്രേരകശക്തിയായി നിൽക്കുന്നത്. ഇവിടെ കള്ളക്കേസുകളിൽക്കുടുക്കി സാധാരണ പൗരന്മാരെ അന്യായമായി തടങ്കലിൽ പാർപ്പിക്കുന്ന സംഭവങ്ങൾ സാധാരണ സംഭവമാണ്. അറസ്റ്റ് ചെയ്യുന്ന ഒരാളിനെ 24 മണിക്കൂറിനകം മജിസ്ട്രേറ്റിനു മുൻപിൽ ഹാജരാക്കണമെന്ന ഭരണഘടന വ്യവസ്ഥപോലും ഇന്ന് ലംഘിക്കപ്പെട്ടിരിക്കുകയാണ്. ലോക്കപ്പ് മർദ്ദനവും മരണവും ഇന്ന് സാധാരണ സംഭവങ്ങളായി മാറിക്കൊണ്ടിരിക്കുന്നു, വിചാരണത്തടവുകാരെ കസ്റ്റഡിയിൽവച്ച് മർദ്ദിക്കുന്ന സംഭവം ഇന്ന് സാധാരണ സംഭവമാണ്, കേരളത്തിൽ.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ ധനകാര്യവകുപ്പു മന്ത്രി അദ്ദേഹത്തിന്റെ ഊർജ്ജിത വിഭവസമാഹരണത്തിന്റെ ഭാഗമായി നികുതിദായകരെ പിടികൂടാനായി ചില റെയ്ഡുകളെല്ലാം ഇപ്പോഴും നടത്തുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ കാർഷികാദായനികുതി വെട്ടിപ്പുകാരെന്നു നികുതി ഉദ്യോഗസ്ഥൻമാർ കരുതുന്ന ഒരു തോട്ടം ഉടമയെ അയാളുടെ വസതിയിൽ പോയി റെയ്ഡ് ചെയ്തപ്പോഴും റെയ്ഡ് ചെയ്യാൻ എത്തിയ ഉദ്യോഗസ്ഥൻമാരെ തടഞ്ഞു വച്ച ഒരു സംഭവമുണ്ടായി. 20 മണിക്കൂറിലധികം ആ ഉദ്യോഗസ്ഥൻമാരെ പച്ചവെള്ളംപോലും കുടിക്കാൻ അനുവദിക്കാതെ അവിടെ തടങ്കലിൽ വച്ചു. ആ ഉദ്യോഗസ്ഥൻമാർ പോലീസ് സഹായം അഭ്യർത്ഥിച്ചു. പോലീസ് യാതൊരു സഹായവും ചെയ്തില്ല ഉദ്യോഗസ്ഥൻമാരുടെ ജീവൻപോലും അപകടപ്പെടുന്ന സ്ഥിതിയുണ്ടായിട്ടും പോലീസ് സഹായത്തിന് എത്തിയില്ല. പോലീസ് ഇവിടെ മനുഷ്യരെ തല്ലാനും കൊല്ലാനുമുള്ള ഒരു ഉപകരണമായി അധഃപതിച്ചതിന്റെ ഫലമാണ് ഇത്.

സർ, ഇന്നലെ ഒത്തുതീർപ്പിലെത്തിയ കർഷകസമര നേതാക്കളും ഈ സെക്രട്ടറിയേറ്റിനുമുൻപിലും ജില്ലാ ആസ്ഥാനങ്ങളിലും നടത്തിയ ഉപവാസയജ്ഞം കർഷക കേരളം ഒരു കാലത്തും മറക്കുകയില്ല. രാഷ്ട്ര പിതാവായി നാം ആദരിക്കുന്ന ഗാന്ധിജിയുടെ സമരമാർഗ്ഗം സ്വീകരിച്ച സമരഭടൻമാർ മഞ്ഞും മഴയും വെയിലും ഏൽക്കാതിരിക്കാനായി സത്യാഗ്രഹസ്ഥലത്തു കെട്ടിയ പന്തലുകൾപോലും പോലീസിനെ വിട്ടു പൊളിച്ചുകളഞ്ഞു. നിരാഹാര സത്യാഗ്രഹികളെപ്പോലും ആ വിധത്തിൽ പീഡിപ്പിച്ച ഹൃദയശൂന്യരാണ് ഈ ഭരണാധികാരികൾ. സെക്രട്ടേറിയറ്റ് നടയിൽ നിരാഹാര സത്യാഗ്രഹമനുഷ്ഠിച്ച നഴ്സിംഗ് വിദ്യാർത്ഥിനികളെ, അർപ്പണ മനോഭാവത്തോടെ ആതുരസേവനത്തിനു തയ്യാറായി വരുന്ന ആ സഹോദരിമാരോട് അതേ ഹൃദയശൂന്യതതന്നെ ഈ ഗവൺമെന്റു കാണിച്ചു. ഉപവാസമനുഷ്ഠിക്കുന്നവരോട് ബ്രിട്ടീഷുകാർ കാണിച്ച കാരുണ്യംപോലും ഈ ഗവൺമെന്റു കാണിച്ചില്ല. കർഷകസമരം ഒത്തുതീർക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉപവാസയജ്ഞത്തിന്റെ 41–ാം ദിവസം ഇക്കഴിഞ്ഞ 17–ാം തീയതി സംസ്ഥാനത്തെ ഇരുന്നൂറോളം കേന്ദ്രങ്ങളിൽ കൃഷിക്കാർ വഴിതടയൽ സമരം നടത്തി. ഒരു ലക്ഷത്തോളം വോളന്റിയർമാർ ആ സമരത്തിൽ പങ്കെടുത്തു. എന്റെ നിയോജകമണ്ഡലത്തിലെ നെടുങ്കണ്ടത്തു സമരത്തിൽ പങ്കെടുത്ത വോളന്റിയർമാരെ പോലീസ് ക്രൂരമായി ലാത്തിച്ചാർജ് ചെയ്തു. 15 പേരെ കസ്റ്റഡിയിലെടുത്തു പോലീസ് സ്റ്റേഷനിൽ കൊണ്ടു പോയി ക്രൂരമായി, നിഷ്ഠൂരമായി മർദ്ദിച്ചു. തൊടുപുഴയിൽ സമരം ഉദ്ഘാടനം ചെയ്ത എന്നെപ്പോലും കയ്യേറ്റംചെയ്യാൻ പോലീസ് തയ്യാറായി. പോലീസ് മർദ്ദനവും ലാത്തിയടിയും ഏറ്റു നിരവധി ആളുകൾ നെടുങ്കണ്ടത്തു ആശുപത്രികളിൽ കഴിയുകയാണ്. അവിടെ ബലപ്രയോഗത്തിനും ലാത്തിച്ചാർജ്ജിനുമുള്ള യാതൊരു സാഹചര്യവും ഉണ്ടായിരുന്നില്ല.

സർ, ഒരു കാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കുകയാണ്. തങ്കമണി സംഭവം ഈ രാഷ്ട്ര ശരീരത്തിനേൽപ്പിച്ച മുറിവുകൾ ഉണങ്ങിയിട്ടില്ല. കക്ഷി രാഷ്ട്രീയത്തിനതീതമായി നിൽക്കേണ്ട താലോലിച്ചു വളർത്തുന്ന ജാതി-മത-ചിന്താഗതികൾക്കെല്ലാം അതീതമായി ഈ സാംസ്കാരിക കേരളം ആ സംഭവത്തിൽ പ്രതികരിച്ചു. തങ്കമണി

LIBRARY ARCHIVES Kerala Legislative Assembly

സംഭവത്തിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമെന്ന് ഈ സഭക്ക് ഉറപ്പുനൽകി നമ്മുടെ മുഖ്യമന്ത്രി. ആ കുറ്റവാളികളെ വെള്ളപൂശി രക്ഷിക്കുന്ന ഒരു സമീപനമാണ് അതിനുശേഷം ഈ ഗവൺമെന്റും മുഖ്യമന്ത്രിയും സ്വീകരിച്ചത്. നീതിക്കുവേണ്ടി തങ്കമണിയിലെ ജനങ്ങൾ ഒറ്റക്കെട്ടായി തിരുവനന്തപുരത്തേക്ക് സംസ്ഥാനഭരണത്തലവനായ കേന്ദ്രത്തിന്റെകൂടി പ്രതിനിധിയായ ഗവർണ്ണറുടെ ആസ്ഥാനത്തിലേക്ക് മാർച്ച് ചെയ്തു. അതിനുശേഷം പീഡനം അനുഭവിച്ചവർ കേരള ഹൈക്കോടതിയെ അഭയം പ്രാപിച്ചിരിക്കുകയാണ്.

സർ, പ്രതികരണശേഷി നഷ്ടപ്പെട്ടിട്ടില്ലാത്ത ജനകോടികളുടെ മനസ്സുകളിൽ പ്രതികാരാഗ്നി കത്തിജ്വലിച്ചുകൊണ്ടിരിക്കുകയാണ്. ആ അഗ്നിജ്വാലയിൽ ഈ ഗവൺമെന്റു കത്തി ചാമ്പലായിത്തീരുന്ന ദിനം വിദൂരമല്ല. ആ ചാമ്പൽക്കൂനയിൽനിന്നും കേരളത്തിന്റെ സാംസ്ക്കാരിക പാരമ്പര്യങ്ങളെ പരിരക്ഷിക്കുന്ന രണ്ടുമുക്കാൽകോടി കേരളീയരുടെ ഉത്തമതാൽപ്പര്യങ്ങളെ സംരക്ഷിക്കാനായ് പ്രതിജ്ഞാബദ്ധരായ ജനങ്ങളുടെ ജീവധനാദികളെ പരിപൂർണ്ണ സംരക്ഷണം നൽകുന്ന നാളെ കൊല്ലത്തെ നിങ്ങളുടെ ദുർഭരണത്തിന്റെ ഫലമായി തകർന്നുമണ്ണടിഞ്ഞുകൊണ്ടിരിക്കുന്ന ഈ സംസ്ഥാനത്തെ, അഭിവൃദ്ധിയുടെ ഉന്നത സോപാനങ്ങളിലേക്ക് പിടിച്ചുയർത്താൻ കരുത്തുള്ള ഒരു ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ ഇവിടെ ഉദയം ചെയ്യും എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിനു വേണ്ടിയുള്ള മൽസരഭൂമിയിലേക്ക് ഒരു ദിവസം മുൻപേ, ഇറങ്ങി വരാൻ നിങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനം രൂപീകൃതമായതിനുശേഷം ഇവിടെ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും വിവിധ മുന്നണി സംവിധാനങ്ങളിൽ ഈ രാജ്യം ഭരിച്ചിട്ടുണ്ട്. ഒരു കാര്യം നിഷ്പക്ഷമതികൾക്ക് വളരെ വ്യക്തമായി പറയാൻ കഴിയും. കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം ഇത്രയേറെ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്ത മറ്റൊരു സർക്കാർ നമ്മുടെ സംസ്ഥാനത്തു ഒരു കാലത്തും ഉണ്ടായിട്ടില്ല എന്നതാണ് സത്യം. ദാരിദ്ര്യരേഖക്ക് താഴെയുള്ള ആളുകളുടെ, ഹരിജൻ-ഗിരിജൻ വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി ക്ഷേമകരമായ നിരവധി പ്രവർത്തനങ്ങൾ നടത്തി അഖിലേന്ത്യാ തലത്തിൽത്തന്നെ ഒന്നാം സ്ഥാനത്തു നിൽക്കത്തക്കവിധം ചെയ്യാൻ നമുക്കു കഴിഞ്ഞു. കുടിവെള്ളത്തിന്റെ കാര്യത്തിലായാലും വൈദ്യുതിയുടെ കാര്യത്തിലായാലും വിദ്യാഭ്യാസമേഖലയിലായാലും എല്ലാരംഗത്തും വളരെയേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞ ഒരു സർക്കാർ അതിന്റെ വാഗ്ദാനങ്ങളിലെ നിരവധി ഭാഗം വിജയകരമായി പൂർത്തീകരിച്ചതിനു ശേഷം കാലാവധി പൂർത്തീകരിക്കുകയാണ്. ഞാൻ ആ വക കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല.

സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ ഒന്നുരണ്ടു കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒരുകാലത്ത് വ്യാവസായിക കേരളത്തിന്റെ അഭിമാനചിഹ്നമായിരുന്നു, സീതാറാം മിൽ. പക്ഷേ പഴക്കംചെന്ന ആ വ്യവസായസ്ഥാപനത്തിൽ പുകകണ്ടിട്ട് കാലം കുറെയായി. ആയിരക്കണക്കിന് തൊഴിലാളികളും നൂറു കണക്കിന് കുടുംബങ്ങളും ഇപ്പോഴും പട്ടിണിയും പരിവട്ടവുമായി കഴിയുകയാണ്. ഈ ദുരവസ്ഥയ്ക്ക് ഒരു പരിഹാരം കാണണമെന്ന് വിവിധ രാഷ്ട്രീയ പാർട്ടികളും തൊഴിലാളി സംഘടനകളും നിരന്തരമായി ഉന്നയിച്ച ആവശ്യങ്ങൾ ഇന്നും ഇവരും വനരോദനമായി പരിണമിച്ചിരിക്കുകയാണ്. ആ നിയോജകമണ്ഡലത്തിലെ എം. എൽ. എ. എന്നുള്ള നിലയിൽ ഈ നിയമസഭാവേദിയിൽത്തന്നെ ഈ ഗൗരവതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് പല പ്രാവശ്യം പറയുകയുണ്ടായിട്ടുണ്ട്. അന്നെല്ലാം വ്യവസായവകുപ്പുമന്ത്രി നൽകിയ വാഗ്ദാനങ്ങൾ വേണ്ടവിധം പരിപാലിച്ചില്ലെന്ന് പറയാൻ എനിക്ക് വളരെയധികം വേദനയുണ്ട്. വിവിധ സാമ്പത്തിക ഏജൻസികളും സീതാറാം മില്ലിന്റെ നവീകരണത്തിനുള്ള സമഗ്രമായ പദ്ധതികൾക്ക് രൂപംകൊടുത്തിട്ട് കാലം കുറെയായിട്ടും മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ഇനിയും കാലതാമസം വരുത്തുന്നതിൽ യാതൊരു ന്യായീകരണവുമില്ല. സീതാറാം മിൽ ഈ സംസ്ഥാനത്തെ വ്യാവസായിക രംഗത്തെ പരാജയത്തിന്റെ കളങ്കചിഹ്നമായി തുടരുന്നത് സർക്കാരിന് ഭൂഷണമല്ലെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. ഈ പുതുവൽസരപ്പുലരിയിലെങ്കിലും അതിന്റെ പ്രവർത്തനമാരംഭിക്കുവാൻവേണ്ട ഫലപ്രദമായ നടപടികൾ കൈക്കൊള്ളുമെന്ന് ഞാൻ ആശിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പഴക്കംചെന്ന പ്രമുഖമായ ഒരു വാണിജ്യ-വ്യാപാര വ്യാവസായിക കേന്ദ്രമാണ് തൃശ്ശിവപേരൂർ. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സെയിൽസ്ടാക്സ് ഇനത്തിൽ വിവേ സമാഹരണം നടത്തുമ്പോൾ ആ രംഗത്ത് വളരെയേറെ സംഭാവന ചെയ്ത ഒരു വാണിജ്യ കേന്ദ്രമാണിത്. ആ നിലയിൽ അവിടത്തെ വ്യാപാരികളുടേയും വ്യവസായികളുടേയും വളരെ ന്യായമായ ഒരാവശ്യമുന്നയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സെയിൽസ്ടാക്സ് അസസ്സിംഗും വളരെയേറെയുള്ള ആ പ്രദേശത്ത് ധാരാളം കേസുകളും ആ രംഗത്തുണ്ട്. അതിന്റെ അപ്പീൽ കേസ്സുകളൊക്കെ ഇന്ന് എറണാകുളത്താണ്. വളരെയേറെ കേസ്സുകളുള്ള എറണാകുളം കേന്ദ്രത്തിൽ നിന്നും മാറി തൃശ്ശൂരും പാലക്കാടും പുതിയ മേഖലയാക്കി തൃശ്ശൂർ ആസ്ഥാനമാക്കി സെയിൽസ്ടാക്സ് അപ്പലെറ്റ് ട്രൈബ്യൂണലിന്റെ ഒരു ബഞ്ച് സ്ഥാപിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കരുണാകരൻ ഭരണകാലത്താണ് കേരളത്തിൽ മാരകമായ എയിഡ്സ് രോഗം ആരംഭിച്ചത്. സർക്കാരിന്റെ പ്രവർത്തനങ്ങളിലും ശ്രീ. കരുണാകരന്റെ മനസ്സിലും കോൺഗ്രസ് രാഷ്ട്രീയത്തിലും എയിഡ്സാണ്. അതുകൊണ്ട് മന്ത്രിമാർ വിദഗ്ദ്ധ പരിശോധന നടത്തണം. എയിഡ്സ് ബാധിച്ച ടാൻസാനിയൻ വിദ്യാർത്ഥികളെ നാടുകടത്തിയതുപോലെ ഇവരെയും ആട്ടിപ്പുറത്താക്കണം. നമ്മുടെ നാടിനെ രക്ഷിക്കണം. ഇവിടെ അടിമുടി അഴിമതി സാർവ്വത്രികമായിരിക്കുന്നു.

ഇന്നലെ രാത്രിയിൽ തിരുവനന്തപുരം എയർ കസ്റ്റംസുകാർ പതിനെട്ടു ലക്ഷം രൂപയുടെ കള്ളക്കടത്ത് സ്വർണ്ണം പിടിച്ചിരിക്കുന്നു. തൃശ്ശൂരിലുള്ള ഒരാൾക്ക്, ഗൾഫിൽനിന്നു വന്ന പാക്കേജിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

മാണ് ഈ സർക്കസ്സും കണ്ടെത്തിയത്. ശ്രീ. ഹസ്സനും ഇമാമും കൂടി ഇതൊതുക്കിത്തീർക്കുന്നതിനുവേണ്ടി ഓടിനടക്കുകയാണ്. ഘടകകക്ഷികളെ കൈപ്പത്തിയിലൊതുക്കി, ശ്രീ. കരുണാകരന്റെ കയ്യോടെ, ശ്രീ. എൻ. ശ്രീനിവാസന്റെ ഓഫീസുപോലും ഇന്നലെ ശ്രീ. സി. ജി. ജനാർദ്ദനൻ കയ്യേറി. കേരളാ കോൺഗ്രസ്സിലെ ശ്രീ. പി. ജെ. ജോസഫ്, ശ്രീ. കെ. എം. മാണി, ശ്രീ. ടി. എം. ജേക്കബ്—അഥവാ, ആന, കുതിര, കൈപ്പത്തി എന്നീ മൂന്നു ഗ്രൂപ്പുകളായി മാറിയിരിക്കുന്നു. ലയനത്തിനും മൂന്നാം മുന്നണിക്കുംവേണ്ടി അവരവരുടെ കാലഞ്ഞു നടക്കുകയാണ്. ചിഹ്നം പോലുമില്ലാത്ത കേരളത്തിലെ ഏകപാർട്ടിയാണ്, കേരളാ കോൺഗ്രസ്. ഇവർ കർഷകരെ വഞ്ചിച്ചു; തൊഴിലില്ലായ്മ രൂക്ഷമാക്കി. ക്രമസമാധാനം തകർത്തു. ശ്രീ. പി. കെ. കുഞ്ഞാ ബാവയുടെ എം. എൽ. എ. പാസ്സുപോലും കഴിഞ്ഞ ദിവസം മോഷണംപോയി. അദ്ദേഹത്തിന്റെ ഭാര്യയും മക്കളുമൊഴിച്ച് മറെറല്ലാം നഷ്ടപ്പെട്ടു. അടുത്ത തിരഞ്ഞെടുപ്പിൽ അപ്പുറത്തുള്ള പാർട്ടിയിലെ ഭൂരിപക്ഷം എം. എൽ. എ. മാരുടേയും പാസ്സുപോകും. ഞങ്ങടെ നിങ്ങടെക്ക് പുറകിലേയ്ക്കുള്ള പാസ്സു തരും. അതുപോലെ അങ്ങടെയ്ക്കും പുറകിലേയ്ക്കുള്ള പാസ്സ് ഞങ്ങടെ ആയിരിക്കും തരിക. ജനപിന്തുണ വർദ്ധിച്ച് ഹിന്ദു, മുസ്ലീം, ക്രൈസ്തവൻ എന്നീ മൂന്നു മണ്ഡലങ്ങളിലാണ് മുഖ്യമന്ത്രിമൽസരിക്കുന്നത്. ധൈര്യമുണ്ടെങ്കിൽ, മാളയിൽ മാത്രം നിന്ന് മൽസരിക്കുവാൻ മുഖ്യമന്ത്രി കരുണാകരനെ ഞാൻ വെല്ലുവിളിക്കുകയാണ്. ഡസൻകണക്കിന് കൊലപാതകങ്ങളും ബലാൽസംഗങ്ങളുമാണ് മാള നിയോജകമണ്ഡലത്തിൽ നടക്കുന്നത്. എന്നാൽ പ്രതികളെ പിടികൂടുവാൻ ഇതുവരെയും ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. വി. ദിനകരൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. അഞ്ചുവർഷത്തെ ഭരണം പൂർത്തീകരിച്ചുകൊണ്ട്, ഭരണസ്ഥിരതയുള്ള ഒരു ഗവൺമെൻറ് എന്നുള്ള ഖ്യാതി നേടിക്കൊണ്ടാണ് വീണ്ടും ഒരു തിരഞ്ഞെടുപ്പിനെ ഈ ഗവൺമെൻറ് നേരിടാൻപോകുന്നതെന്നുള്ള വസ്തുത വളരെ സന്തോഷപുരസ്സരം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, ഇവിടെ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ഇന്നു രാവിലെ വോട്ടേഴ്സ് ലിസ്റ്റിൽ അപാകതകളുണ്ടെന്നു പറഞ്ഞ് ഒരു അടിയന്തിര പ്രമേയം വന്നു. ഞാനും എഴുതിക്കൊടുത്തതാണ്. എന്റെ നിയോജകമണ്ഡലത്തിൽ കൈനഗരി എന്നു പറയുന്ന ഒരു പഞ്ചായത്തുണ്ട്. അവിടത്തെ ജനാധിപത്യ വിശ്വാസികൾക്ക് വോട്ടുചെയ്യാൻ സാധിക്കില്ല. കാരണം, ശ്രീമതി ഗൗരിയമ്മയുടെ പാർട്ടിക്കാർ അരിവാളും കാരിയുമായി കാത്തുനിൽക്കുകയാണ്. ഒരു ഏജൻറിനെ ഇരുത്തി വോട്ടു ചെയ്യാൻ കഴിയാത്ത ഒരു പഞ്ചായത്തായി ആ പഞ്ചായത്തു മാറിയിരിക്കുകയാണ്. ആ വോട്ടേഴ്സ് ലിസ്റ്റിൽ അപാകതയുണ്ടെന്ന് ഞാൻ പരാതി എഴുതിക്കൊടുത്തു. ഇവിടെ നിയമസഭയിൽ വന്നു പ്രസംഗിച്ചിട്ട് കാര്യമില്ല. അതൊക്കെ തീരുമാനിക്കേണ്ടത്, ഇലക്ഷൻ കമ്മീഷനും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമാണ്. വോട്ടേഴ്സ് ലിസ്റ്റിൽ അപാകതയുണ്ടെന്ന് പറഞ്ഞ് ഇപ്പോഴേ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലേയും ഇടതു പക്ഷ മുന്നണിയിലേയും പ്രവർത്തകരെ ഒന്നു സമാധാനിപ്പിക്കാൻ വേണ്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. കള്ളവോട്ട് ചെയ്താണ് അവർ വീണ്ടും അധികാരത്തിൽ വന്നത് എന്ന് ബോദ്ധ്യപ്പെടുത്താൻവേണ്ടിയുള്ള ഹീനമായ ശ്രമത്തിന്റെ ഭാഗമാണ് ശ്രീമതി ഗൗരിയമ്മയടക്കം നടത്തുന്നത്. ശ്രീമതി ഗൗരിയമ്മയ്ക്ക് മുമ്പ് അരൂരിൽ വലിയ വിശ്വാസമായിരുന്നു, ഇപ്പോഴും ശ്രീമതി ഗൗരിയമ്മയ്ക്ക് അരൂരിൽപ്പോലും വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്ന സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. അതാണ് ഇടതുപക്ഷ മുന്നണിയുടെ ഇപ്പോഴത്തെ സ്ഥിതി.

സർ, ഇവിടെ എന്തുചെയ്തുവെന്നാണ് ചോദിക്കുന്നത്. കർഷകരുടേയും ഹരിജനങ്ങളുടേയും മത്സ്യത്തൊഴിലാളികളുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, അസംഘടിതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വളരെ വിശാല മനഃസ്ഥിതിയോടുകൂടി ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരികയില്ലെന്നാണ് പറയുന്നത്. അതിന് തങ്കമണി സംഭവത്തെയാണ് കാരണമായി പറയുന്നത്. തങ്കമണിയിൽ ചില സംഭവങ്ങൾ നടന്നുവെന്ന് സമ്മതിക്കുന്നു. അങ്ങനെ സംഭവം നടന്നിട്ടുണ്ടെങ്കിൽ അതിനുള്ള പ്രതിവിധിയെന്താണ്? അതിന് കാരണക്കാരായ ആളുകളുടെ പേരിൽ നടപടിയെടുക്കുകയെന്നുള്ളതാണ്. ആ നടപടികൾ എടുത്തുകഴിഞ്ഞിരിക്കുകയാണ്. അതിനെക്കുറിച്ചൊന്നും പറയാനില്ല. തങ്കമണി സംഭവത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് കേരളത്തിലെ ജനങ്ങളെ വെട്ടിലാക്കാൻ ആരെങ്കിലും ശ്രമിക്കുകയാണെങ്കിൽ അത് നടക്കില്ല. കാരണം, കേരളത്തിലെ ജനങ്ങൾക്കറിയാം ഇവർ ഭരിച്ചിരുന്ന കാലത്ത് എത്ര തലകളാണ് വീണതെന്ന്.

ഇവിടെ ശ്രീ. ജിനദേവൻ സംസാരിച്ച അവസരത്തിൽ കൊലപാതകങ്ങളുടെ കണക്കുകൾ പറയുകയുണ്ടായി. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രവർത്തകർ എത്ര കൊലപാതകങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്? എത്ര കൊലക്കേസുകളിൽ പ്രതികളായിട്ടുണ്ട്? നിങ്ങളുടെ അടുത്തിരിക്കുന്ന സി.പി.ഐ. യിലെ സഹോദരൻമാരെപ്പോലും നിങ്ങൾ വെട്ടിവീഴ്ത്തിയ സംഭവമുണ്ടായിട്ടില്ലേ? അതും നിങ്ങൾ കൊലപാതകങ്ങളുടെ ലിസ്റ്റിൽ പെടുത്തിയിരിക്കുകയല്ലേ? എന്നിട്ടാണ് കൊലപാതകങ്ങളുടെ കണക്കുകളുമായി ഇവിടെ വന്നിരിക്കുന്നത്. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

സർ, ഇവിടെ ശ്രീ. ബേബി ജോൺ വർഗ്ഗീയ രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞു. മണിമേടകളിലും പള്ളിമേടകളിലുമൊക്കെ അന്തിയുറങ്ങിയ രാഷ്ട്രീയപ്രവർത്തകർ ആരാണെന്നു ചോദിച്ചാൽ അത് സഖാവ് ബേബി ജോണാണെന്ന് പറയും. നമുക്കറിയാം, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ചവറ നിയോജകമണ്ഡലത്തിലെ ഓരോ വീടുകളിലും കയറിയിറങ്ങി, ജാതിപറഞ്ഞ് വോട്ടു പിടിച്ചവരാണ് ഇവിടെ വന്ന് വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നു പറയുന്നത്. സർ, ഒരുകാര്യം വളരെ വ്യക്തമായി മനസ്സിലാക്കണം. ഇവിടെ ഹിന്ദു വർഗ്ഗീയതയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഹിന്ദുക്കളുടെ വോട്ടുവാങ്ങാനുള്ള ഹീനമായ ശ്രമങ്ങൾ നടക്കുകയാണ്. ആ വസ്തുത വിസ്മരിക്കരുത്. ശ്രീ. ബേബി ജോണിന്റെ മണ്ഡലത്തിൽ ആർ. എസ്. എസ്. കാർ അദ്ദേഹത്തിന്റെ അനുയായികളായ ആളുകളെ നിഷ്ഠുരമായി കൊല

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ട് ഒരക്ഷരംപോലും അതിനെക്കുറിച്ച് ഈ നിയമസഭയിൽ വന്നു പറയാൻ തയ്യാറായില്ല. കാരണമെന്താണെന്നറിയാമോ? അവിടെ ഹിന്ദുക്കളുടെ കുറെ വോട്ടുണ്ട്. ആ വോട്ട് ബേബിജോണിന് അനുകൂലമായി തിരിച്ചുവിടുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ അനുയായികളെ കൊല ചെയ്തിട്ടും. ഈ നിയമസഭയിൽ അതിനെക്കുറിച്ച് ഒരക്ഷരംപോലും ഇതുവരെ പറഞ്ഞില്ല. ഒരു ഭാഗത്ത് വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്ന നടപടികളും മുന്നോട്ടു കൊണ്ടുപോവുകയും മറുഭാഗത്ത് വർഗ്ഗീയതയെക്കുറിച്ച് പറയുകയും ചെയ്യുന്ന ഹീനമായ കപട തന്ത്രമാണ് സ്വീകരിച്ചിരിക്കുന്നത്. എന്തായാലും കേരളത്തിലെ ജനങ്ങൾ ഒന്നു തീരുമാനിച്ചിട്ടുണ്ട്. അഞ്ചു വർഷത്തെ ഭരണം പൂർത്തീകരിച്ചുകൊണ്ട്, ജനക്ഷേമകരമായ പരിപാടികളുമായി മുന്നോട്ടു വന്ന ഈ ഗവൺമെന്റിനെ തിരിച്ചുവിളിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. .

ഇവിടെ ശ്രീ. ലോനപ്പൻ നമ്പാടൻ പാസ്സിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞു. നമ്പാടനുപോലും ഇപ്പോൾ സംശയമാണ്, കാരണമെന്താണെന്നറിയാമോ? ക്രിസ്തുവിന്റെ അന്ത്യപ്രലോഭനത്തിന്റെ പേരിൽ ഇവിടെ സബ്മിഷൻ കൊണ്ടുവന്നതിന് ഇന്ന് മാർക്സിസ്റ്റു പാർട്ടി നടപടികളുമായി ശ്രീ. നമ്പാടനെ സമീപിച്ചിരിക്കുന്ന സാഹചര്യത്തിൽ ശ്രീ. നമ്പാടൻ പാസ്സുവാങ്ങി ഗ്യാലറിയിൽ ഇരിക്കേണ്ട സ്ഥിതിവരുമോയെന്ന് ഞാൻ ബലമായി സംശയിക്കുകയാണ്. എന്തായാലും കേരളത്തിലെ ജനങ്ങൾ ഒന്നു തീരുമാനിച്ചിട്ടുണ്ട്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ പതിമൂന്നു നിയമസഭാ സമ്മേളനങ്ങളിലും പ്രതിപക്ഷ കക്ഷികളും പറഞ്ഞിട്ടുള്ള ആവർത്തന വിരസങ്ങളായ കാര്യങ്ങളും മാത്രമാണ് ഈ നിയമസഭാ സമ്മേളനത്തിലും പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് പറയാനുണ്ടായിരുന്നത്. പുതിയ കാര്യങ്ങളും യാതൊന്നുംതന്നെ പറയാൻ കഴിഞ്ഞിട്ടില്ല. പ്രതിപക്ഷം ഇവിടെ അവതരിപ്പിച്ച നാടകം കണ്ടപ്പോൾ എനിക്ക് വളരെയധികം വേദനതോന്നി. വളരെയധികം ദുഃഖപര്യവസായിയായ ഒരു നാടകമാണ് ഇവിടെ അവതരിപ്പിച്ചത്. അടുത്ത് നടക്കാൻപോകുന്ന തിരഞ്ഞെടുപ്പിലും നിങ്ങളുടെ അനുഭവം അതുതന്നെയാണ്. അതിൽനിന്ന് വ്യത്യസ്തമായ ഒരനുഭവവും നിങ്ങൾക്കുണ്ടാകില്ല. അത് നിങ്ങൾ ഇപ്പോഴേ സമ്മതിച്ചുകഴിഞ്ഞിരിക്കുകയാണ്. കമ്മ്യൂണിസ്റ്റു പാർട്ടി എക്കാലവും എടുക്കുന്ന അടവുകളാണിവ. തോറ്റു കഴിഞ്ഞാൽ, അല്ലെങ്കിൽ തോൽക്കാൻപോകുമ്പോൾ, കമ്മ്യൂണിസ്റ്റു പാർട്ടിക്കാർ പറയുന്ന അതേ പല്ലവിതന്നെയാണ് ഇപ്പോഴും പറയുന്നത്. ഈ തിരഞ്ഞെടുപ്പിനു മുമ്പുതന്നെ പരാജയം ഉറപ്പായിട്ടുള്ള പ്രതിപക്ഷവും അതിന് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയും പുതിയ ചില ആരോപണങ്ങളുമുണ്ടായിട്ട് മുന്നോട്ടു വന്നിരിക്കുകയാണ്. ആ ആരോപണങ്ങളെക്കുറിച്ച് ബഹുമാന്യരായ അംഗങ്ങൾ ഇവിടെ സംസാരിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ കൃത്രിമം നടന്നിരിക്കുന്നു എന്നൊക്കെ പറഞ്ഞു. എന്നു പറഞ്ഞാൽ നാളെ തോറ്റാൽ ആ തോറ്റതിന് ന്യായീകരണം കണ്ടെത്തുകയാണ്. പണ്ടും മാർക്സിസ്റ്റുകാർ പറയുന്ന ഒരു ഏർപ്പാടാണ് ഇത്. തോറ്റു കഴിഞ്ഞാൽ അവസാനം അവർ ഒരു കണക്കു പറയും: ശതമാനക്കണക്ക്. ഇത്ര സീറ്റു കിട്ടിയില്ലെങ്കിലും ഇത്ര ശതമാനം വോട്ട് കിട്ടിയിട്ടുണ്ട്. ആ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ, ഭൂരിപക്ഷം അവർക്കാണെങ്കിലും ഞങ്ങളാണ് ജയിച്ചിരിക്കുന്നത് എന്ന് സാധാരണയായി മാർക്സിസ്റ്റുകാർ പറയുന്ന ഒരു ഏർപ്പാടുണ്ട്. അത് വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. ഇവിടെ ഒരു കാര്യം വളരെ വ്യക്തമാണ്. ഈ സംസ്ഥാനത്തെ ജനങ്ങൾ നിങ്ങളെ പ്രതിപക്ഷത്ത് ഇരുത്തുക മാത്രമല്ല ഈ നിയമസഭയിലുള്ള ഒരു പ്രതിപക്ഷ കക്ഷിക്കും ഇന്ന് നിലവിലുള്ള അത്രയും എണ്ണം എം. എൽ. എ. മാരോടുകൂടി തിരിച്ച് ഈ നിയമസഭയിൽ വരാൻ കഴിയുകയില്ലെന്നുള്ളത് ഉറപ്പുള്ള കാര്യമാണ്. ആ കാര്യത്തിൽ നിങ്ങൾക്ക് സംശയം വേണ്ട. ഇവിടെ ബഹുമാനപ്പെട്ട ബേബിജോൺ കുറെ കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം ചോദിച്ചു, നിങ്ങൾ ജയിക്കുമെന്നുള്ളതിന് എന്താണ് അടിസ്ഥാനം എന്നും എന്താണ് അതിന് കാരണം എന്നും എങ്ങനെയാണ് ജനങ്ങൾ നിങ്ങൾക്ക് വോട്ടു ചെയ്യുക എന്നും. ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും, ജനങ്ങളോട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ, വാഗ്ദാനങ്ങൾ, പൂർണ്ണമായി നിർവ്വഹിച്ചിട്ടുള്ള സർക്കാരാണ് ഇത്. ഞങ്ങൾ പറഞ്ഞിട്ടുള്ള കാര്യം പ്രധാനമായും ഭരണസ്ഥിരതയാണ്. ആ ഭരണസ്ഥിരത, കോൺഗ്രസ് ഉൾക്കൊള്ളുന്ന മുന്നണി അല്ലെങ്കിൽ കോൺഗ്രസ്സിന് നിർണ്ണായക സ്വാധീനമുള്ള മുന്നണി അധികാരത്തിൽ ഉണ്ടായിരുന്ന കാലഘട്ടങ്ങളിലൊക്കെയും ഈ സംസ്ഥാനത്ത് പ്രദാനം ചെയ്തിട്ടുണ്ട്. 1970–77 കാലങ്ങളിൽ ഉണ്ടായിരുന്ന സർക്കാരിൽ ശ്രീ. ബേബിജോൺ പങ്കാളിയായിരുന്നില്ലേ? അന്ന് കോൺഗ്രസ്സിനല്ല നേതൃത്വമല്ലെങ്കിലും കോൺഗ്രസ്സിന് നിർണ്ണായക സ്വാധീനമുണ്ടായിരുന്ന മന്ത്രിസഭയായിരുന്നു അത്. അന്ന് ഇവിടെ ധാരാളം നേട്ടങ്ങൾ ഉണ്ടാക്കി ഭരണസ്ഥിരത കൈവരിച്ചു. ഇന്ന് കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണിയാണ് ഉള്ളത്. ഭരണസ്ഥിരത കൈവരിക്കുന്ന മുന്നണി ധാരാളം നേട്ടങ്ങൾ ഉണ്ടാക്കുന്ന മുന്നണിയാണ്. ഒരു സംസ്ഥാനത്തെ ഭരണകൂടത്തിന്റെ നേട്ടം ഏറ്റവും പ്രധാനമായിനിലകൊള്ളുന്നത് ഭരണസ്ഥിരതയിലാണ്. ഭരണസ്ഥിരതയുള്ള ഒരു ഭരണകൂടത്തിനു മാത്രമേ ജനക്ഷേമകരമായ കാര്യങ്ങൾ ചെയ്യാൻ കഴിയൂ. അക്കമിട്ട് പറയാൻ കഴിയുന്ന നേട്ടങ്ങളുണ്ട്. ശ്രീ. ബേബിജോൺ ചോദിച്ചു ഇവിടെ എന്തു നേട്ടമാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന്. ഓരോ മേഖല എടുത്തു നോക്കിയാൽ അത് കാണാം. ഈ രാജ്യത്തെ പാവപ്പെട്ട ആളുകളായ ആദിവാസികൾക്ക്, ഹരിജനങ്ങൾക്ക് വേഴാമ്പലിനെപ്പോലെ വെള്ളത്തിനു കേഴുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് വെള്ളം കൊടുക്കുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. സ്വന്തമായി തലചായ്ച്ചു കിടക്കാൻ ഇടമില്ലാത്ത പാവപ്പെട്ട ആളുകളുണ്ട്. അവർക്ക് ഒരു ലക്ഷത്തി എഴുപതിനായിരം വീടുകൾ ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞു. പുതിയ പദ്ധതികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു വരുന്നു. എന്റെ ജില്ലയിലെ കാര്യം എനിക്കറിയാം. ഈ വർഷം 2700 വീടുകൾ ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു. ഇനിയും വീടുകളുടെ പണിയുമായി മുന്നോട്ടു പോവുകയാണ്. അതുപോലെ തന്നെയാണ് ഓരോ റോഡുകളുടെ കാര്യവും മറ്റു വികസനപ്രവർത്തനങ്ങളുടെ കാര്യവും. പാലങ്ങളുടെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

യാലും പള്ളിക്കൂടങ്ങളുടെ കാര്യമായാലും ആശുപത്രികളുടെ കാര്യമായാലും ഓരോ മേഖലയിലും നിരവധി വികസന പ്രവർത്തനങ്ങളും ജനക്ഷേമകരമായ കാര്യങ്ങളും പൂർത്തീകരിച്ച ഒരു സർക്കാരാണ് ഇത്. മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ, ഹരിജനങ്ങൾ തുടങ്ങിയ പാവപ്പെട്ടവരും ദുർബലരുമായവരുടെ മോചനത്തിനുവേണ്ടി നിരവധി ജനക്ഷേമകരമായ നടപടികൾ നടപ്പിലാക്കിയ സർക്കാരാണ് ഇത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കഴിഞ്ഞ സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി വിലയിരുത്തിയ രേഖയിൽ പറയുന്നത് എന്താണ്? അത് ഞാൻ പറയുന്നതല്ല. ഇവിടത്തെ പത്രങ്ങളിൽവരെ വന്ന റിപ്പോർട്ടാണ്. ദുർബല ജനവിഭാഗങ്ങൾ മാർക്സിസ്റ്റു പാർട്ടിയിൽ നിന്ന് അകന്നുപോയിരിക്കുന്നു എന്നാണ് അതിൽ പറയുന്നത്. എന്താണ് അകന്നുപോകാൻ കാരണം? അകന്നു പോകാൻ കാരണം നിങ്ങൾ ഒരുകാലത്ത് ചൂടുള്ള മുദ്രാവാക്യങ്ങൾ മാത്രമേ അവരുടെ വായിലേക്ക് എറിഞ്ഞുകൊടുത്തുള്ളൂ എന്നാണ്. പാവങ്ങളുടെ ജീവിത മോചനത്തിനുവേണ്ടി നിരവധി നല്ല കാര്യങ്ങൾ—വീടില്ലാത്തവന് വീട്, തൊഴിലില്ലാത്തവന് തൊഴിൽ, വെള്ളമില്ലാത്തവർക്ക് വെള്ളം, വെളിച്ചമില്ലാത്തവർക്ക് വെളിച്ചം അങ്ങനെ നിരവധി നല്ല കാര്യങ്ങൾ ചെയ്തുകൊടുത്തിട്ടുള്ള ഒരു സർക്കാർ എന്ന നിലയിൽ ഈ രാജ്യത്തെ പാവപ്പെട്ട ആളുകൾ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന് അനുകൂലമായി തിരിഞ്ഞു വന്നിട്ടുണ്ട്. ശ്രീ. ബേബിജോൺ പറയുന്നതു പോലെയല്ല, ഈ രാജ്യത്തെ ജനങ്ങൾക്ക് ഐക്യജനാധിപത്യ മുന്നണിയിൽ പൂർണ്ണമായ വിശ്വാസമുണ്ട്. ഐക്യജനാധിപത്യ മുന്നണിയിൽ വിശ്വാസമുള്ളതുകൊണ്ടുതന്നെ, ആ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ വിലയിരുത്തിക്കൊണ്ടുതന്നെ ഐക്യജനാധിപത്യ മുന്നണിയെ വൻപിച്ച ഭൂരിപക്ഷത്തോടുകൂടി ഈ സംസ്ഥാനത്ത് വരുന്ന തിരഞ്ഞെടുപ്പിനുശേഷം വീണ്ടും ജനങ്ങൾ അധികാരത്തിൽ കൊണ്ടുവരും. ബഹുമാനപ്പെട്ട ബേബിജോണിന് പറയാൻ കഴിയുമോ അങ്ങയുടെ നിയമസഭാ കക്ഷിയിലുള്ള അത്രയെണ്ണം എം. എൽ. എ. മാരെ ഈ നിയമസഭയിലേക്ക് വരുന്ന തിരഞ്ഞെടുപ്പിനുശേഷം തിരിച്ചുകൊണ്ടുവരാൻ കഴിയുമെന്ന് പറയാൻ കഴിയുകയില്ല എന്നുള്ളതല്ലേ വസ്തുത? ബഹുമാനപ്പെട്ട കെ. പി. പ്രഭാകരനും ശ്രീ. ഇ. കെ. നായനാർക്കും അപ്പുറത്തിരിക്കുന്ന ഏതെങ്കിലും പ്രതിപക്ഷ കക്ഷി നേതാക്കൻമാർക്ക് അടുത്ത തിരഞ്ഞെടുപ്പിനുശേഷം ഇന്ന് നിയമസഭയിലുള്ള എത്ര എം. എൽ. എ. മാരെ നിലനിർത്താൻ കഴിയുമെന്ന് പറയാൻ കഴിയുമോ? ഇല്ലെന്നുള്ളതല്ലേ വസ്തുത? ശ്രീ. എ. സി. ഷൺമുഖദാസിന്റെ കാര്യം പറയണ്ട. ഷൺമുഖദാസ് ഇന്ന് ഒരു പാർട്ടിയല്ല. ശരത്പവാറിന്റെ പാർട്ടി തീരുമാനമെടുത്ത് കോൺഗ്രസ് (ഐ)-ൽ ലയിച്ചിരിക്കുകയാണ്. മാർക്സിസ്റ്റുകാരുടെ മേൽവിലാസത്തിൽവേണം ഇനി ശ്രീ. എ. സി. ഷൺമുഖദാസിന് രക്ഷപ്പെടാൻ. ശ്രീ. ശരത്പവാർ ഉണ്ണികൃഷ്ണനെപ്പറ്റി പറഞ്ഞത് എന്താണെന്ന് അറിയാമോ? ഉണ്ണികൃഷ്ണൻ, രാജ്യത്തെ പ്രശ്നങ്ങളെക്കുറിച്ച് വേവലാതിയില്ലെന്നാണ്, രാജ്യാന്തര പ്രശ്നങ്ങളെക്കുറിച്ച് അദ്ദേഹത്തിന് വേവലാതിയില്ല. അദ്ദേഹത്തെ ആകെ അലട്ടുന്ന ഒരു പ്രശ്നം വടകര പാർലമെൻറ് നിയോജകമണ്ഡലം മാത്രമാണെന്നാണ് ശരത്പവാർ പറഞ്ഞിരിക്കുന്നത്. നിങ്ങൾ കണക്കാക്കിയിരുന്നത് എങ്ങനെയെങ്കിലും ജയിച്ചു വരാൻ കഴിയുമോ എന്നതാണ്, മാർക്സിസ്റ്റുകാരുടെ ചെലവിൽ എങ്ങനെയെങ്കിലും ജയിച്ച് വരാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമോ എന്നതാണ് നിങ്ങളുടെ ശ്രമം. ബഹുമാനപ്പെട്ട ബേബി ജോൺ, അങ്ങയുടെ വ്യക്തിത്വവും അങ്ങയുടെ പാർട്ടിയുടെ വ്യക്തിത്വവും ഇത്ര നശിച്ചുപോയല്ലോ? സഖാവ് ഇ. എം. എസ്. ഒരു പ്രസ്താവനയിറക്കി, ലീഗുകാരുമായും കേരളാ കോൺഗ്രസ്സുകാരുമായും ഐക്യമുണ്ടാക്കുന്നതിനെക്കുറിച്ച്. അങ്ങേക്ക് എന്തെങ്കിലും അതിനെക്കുറിച്ച് പ്രതികരിക്കുവാൻ കഴിഞ്ഞോ? ഉളുപ്പില്ലാതെ കുറെ കക്ഷിക്കാർ അവിടെ ഇരുപ്പുണ്ടല്ലോ? -ഇവിടെ സി. പി. ഐ. ക്കാർക്ക് അല്ലെങ്കിൽ ശ്രീ. ബേബിജോണിനും അതുപോലെയുള്ള നേതാക്കൻമാർക്കും അതിനെതിരായി ഒരക്ഷരം പറയാൻ കഴിഞ്ഞോ സഖാവ് ഇ. എം. എസ്. പറഞ്ഞതിനെതിരായി. അവസാനം ഇ. എം. എസ്സിന്റെ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി കൂടി അതിനുശേഷം ഒരു അഖിലേന്ത്യാ നേതാവ് ഇറക്കിയ പ്രസ്താവനയ്ക്കെതിരായി അഖിലേന്ത്യാ നേതാവിനെക്കൊണ്ടുതന്നെ ആ പ്രസ്താവന വിഴുങ്ങിക്കുന്ന സംഭവം ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ കേട്ടിട്ടുണ്ടോ? ഇല്ല. ഇ. എം. എസ്. പറയുന്നതാണോ ശരി അതോ സംസ്ഥാന സെക്രട്ടേറിയറ് പറയുന്നതാണോ, ശരി, ആരു പറയുന്നതാണ് വിശ്വസിക്കേണ്ടത്. ആരാണ് ആ പാർട്ടിയുടെ നേതാവ്? കുറെ ആനന്ദൻമാർ നയിക്കുന്ന പാർട്ടി—അച്യുതാനന്ദനും ബാലാനന്ദനും നയിക്കുന്ന പാർട്ടി എന്നതിൽ കവിഞ്ഞ് നിങ്ങളുടേത് ഒരു പാർട്ടി പ്രസ്ഥാനമാണോ? അഖിലേന്ത്യാ സെക്രട്ടറി ഒന്നു പറഞ്ഞു. അഖിലേന്ത്യാ സെക്രട്ടറിയെക്കൂടി വിളിച്ചിരുത്തി സംസ്ഥാന സെക്രട്ടേറിയറിൽവച്ചാണ് അഖിലേന്ത്യാ സെക്രട്ടറിയുടെ പ്രസ്താവനയെ തിരുത്തുന്നത്. ഇങ്ങനെ ഒരു ഗതികേട് ഈ സംസ്ഥാനത്ത് ഒരു പാർട്ടിക്ക് വരാനുണ്ടോ? ഇവിടെ ഏതെങ്കിലും ഒരു പാർട്ടിക്ക് ഇങ്ങനെ വന്നിട്ടുള്ളതായി കേട്ടിട്ടുണ്ടോ? ഞാൻ അതിനെക്കുറിച്ചൊന്നും ദീർഘമായി സംസാരിക്കുന്നില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എടുക്കുന്ന രാഷ്ട്രീയ സമീപനം ഈ രാജ്യത്തെ നിരവധി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അംഗീകരിച്ചുകൊണ്ട് കോൺഗ്രസ്സിലേക്ക് വരുന്ന കാഴ്ചയാണ് ഈ സംസ്ഥാനത്തു കാണുവാൻ കഴിയുന്നത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയങ്ങളും പരിപാടികളും സ്വീകരിച്ചുകൊണ്ട് കൂടുതൽ കൂടുതൽ ആളുകൾ കോൺഗ്രസ്സിനോടൊപ്പം നിൽക്കുവാനും കോൺഗ്രസ്സിൽ ലയിക്കുവാനും തീരുമാനിച്ചിരിക്കുന്നു. ഇപ്പോൾ ശരത് പവാർ ലയിച്ചു. ചെന്നെഡ്ഡിയുടെ പാർട്ടി ലയിച്ചു. ജഗജ്ജീവൻ റാമിന്റെ പാർട്ടി ലയിച്ചു. ഫാറൂക്ക് അബ്ദുള്ളയുടെ പാർട്ടി കോൺഗ്രസ്സുമായി ചങ്ങാത്തമുണ്ടാക്കാനും, കോൺഗ്രസ്സുമായി യോജിച്ച് പ്രവർത്തിക്കുവാനും തീരുമാനിച്ചിരിക്കുന്നു. ഒരു രാഷ്ട്രീയ മാറ്റത്തിന്റെ യാഥാർത്ഥ്യം നാം കാണുകയുണ്ടായി. ഈ രാജ്യത്തെ സ്ഥിരതയുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനു മാത്രമേ ഈ രാജ്യത്തെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനുമാത്രമേ ഈ രാജ്യത്തെ ജനങ്ങളെ ഏകീകരിക്കുവാൻ കഴിയൂ. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനുമാത്രമേ രാജ്യത്തിനു പുരോഗതി ഉണ്ടാക്കാൻ കഴിയൂ. അത് മനസ്സിലാക്കിക്കൊണ്ട് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലേക്ക് നിരവധി പാർട്ടികൾ ലയിക്കുന്നു. കോൺഗ്രസ്സിനൊപ്പം നിൽക്കുന്നു. കോൺഗ്രസ്സുമായി യോജിച്ച് പ്രവർത്തിക്കുന്നു. ആ രാഷ്ട്രീയ യാഥാർത്ഥ്യങ്ങൾ കാണാൻ നിങ്ങൾ തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ: ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ കൂടെ പാർട്ടികളും വരുന്നു, പാർട്ടികളും ലയിക്കുന്നു എന്നൊക്കെ ആവേശത്തോടുകൂടി പറയുന്നതുകൊണ്ട് ഞാൻ ചോദിക്കുകയാണ്, മേലാറ്റൂർ സർവ്വീസ് കോ—ഓപ്പറേറീവ് ബാങ്ക് തിരഞ്ഞെടുപ്പിൽ ലീഗുകാരുടെ അടികൊണ്ട് ബ്ലോക്ക് പ്രസിഡൻറ് ആശുപത്രിയിലാണ്. ഒരാളെ എറികൊണ്ട് കാലു മുറിച്ച് ഓറക്കാലനാക്കി ആശുപത്രിയിൽനിന്ന് നാളെ വിടാൻ പോവുകയാണ്. അതിനെപ്പറ്റി നിങ്ങൾക്ക് എന്താണ് പറയുവാനുള്ളത്?

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: അതും ഈ ഉപധനാഭ്യർത്ഥനയുമായി എന്താണ് ബന്ധം? ഐക്യജനാധിപത്യ മുന്നണി കൂടുതൽ ശക്തമായി കേരളത്തിൽ ജനക്ഷേമകരമായ പരിപാടികളും നടപ്പിലാക്കിക്കൊണ്ട് അഞ്ചു വർഷം പൂർത്തിയാക്കി അടുത്ത തിരഞ്ഞെടുപ്പിനെ നേരിടാൻ പോവുകയാണ്. നിങ്ങൾ എന്തൊക്കെ പറഞ്ഞാലും ശരി ഒരു കാര്യം വളരെ വ്യക്തമാണ്. ഈ സംസ്ഥാനത്തെ ജനങ്ങൾ ചിന്തിക്കുന്നവരാണ്. കാര്യങ്ങൾ മനസ്സിലാക്കുന്നവരാണ്. നിങ്ങൾ എന്തു ദുഷ്പ്രചരണങ്ങൾ നടത്തിയാലും അത് ഈ സംസ്ഥാനത്ത് വിലപ്പോവുകയില്ല.

സർ, തങ്കമണിയുടെ കാര്യം ഇവിടെ ശ്രീ. ബേബിജോൺ വളരെ വാചാലമായി പറഞ്ഞു. രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ഇത്ര നീചമായ പ്രചരണങ്ങൾ നടത്തുന്ന ഒരു പ്രതിപക്ഷത്തിനെ ഇതിനു മുൻപൊരിക്കലും തന്നെ കണ്ടിട്ടില്ല. നിങ്ങൾക്ക് അമ്മമാരില്ലേ? നിങ്ങൾക്ക് സഹോദരിമാരില്ലേ? ആ പ്രദേശത്തെ ആളുകളെ മുഴുവൻ ബലാൽസംഗം ചെയ്യപ്പെട്ടു എന്നുള്ള പ്രചരണവുമായിട്ടാണ് നിങ്ങൾ മുന്നോട്ടു വന്നിരിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ മറ്റ് പല ഭാഗങ്ങളിലും പറഞ്ഞാൽ അത് നടക്കും. ഇവിടെനിന്ന് പല രാഷ്ട്രീയ കക്ഷിനേതാക്കൻമാരും പോയി. ആ രാഷ്ട്രീയ കക്ഷി നേതാക്കൻമാരോട് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ ബലാൽസംഗം നടന്നുവെന്ന്? അവിടത്തെ ബിഷപ്പ് കൗൺസിൽ പറഞ്ഞിരിക്കുന്നത് അവിടെ നടന്നിട്ടുള്ള സംഭവങ്ങൾ പെരുപ്പിച്ചുകാണിച്ചുവെന്നാണ്. ഇത്ര നെറികെട്ട ഒരു പ്രതിപക്ഷമുണ്ടോ? നിങ്ങളുടെ അമ്മമാരും സഹോദരിമാരും തങ്കമണി പ്രദേശത്തുണ്ടായിരുന്നുവെങ്കിൽ ആ പ്രദേശത്തുള്ള ആളുകളെയൊക്കെ ബലാൽസംഗത്തിന് വിധേയമാക്കിയെന്ന് ആക്ഷേപിച്ചാൽ നിങ്ങൾക്ക് എത്ര മനോവേദന ഉണ്ടാകും. നാണംകെട്ട, നെറികെട്ട രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി സംസ്ഥാനത്തുടനീളം തങ്കമണി പ്രദേശത്തെ അമ്മമാരേയും പെങ്ങമ്മാരേയും ബലാൽസംഗം നടത്തിയെന്ന് ദുഷ്പ്രചരണം നടത്തിയ നെറികെട്ട പ്രതിപക്ഷമാണ് നിങ്ങൾ. നിങ്ങൾ ഈ സർക്കാരിനെതിരായി പറയുന്ന എല്ലാ കാര്യങ്ങളും പെരുപ്പിച്ചുള്ള കാര്യങ്ങളാണ്. അങ്ങനെ പെരുപ്പിച്ചുള്ള പ്രചരണങ്ങൾ ഈ സംസ്ഥാനത്ത് വിലപ്പോകാൻ പോകുന്നില്ലെന്നു പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒന്നുകൂടി അനുകൂലിക്കുകയാണ്.

ശ്രീ. പി. വി. മുഹമ്മദ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഞാൻ ആദ്യമായി കോഴിക്കോട് സ്റ്റേഡിയം നിർമ്മാണത്തിന്റെ കാര്യം പറയുകയാണ്. നെഹ്റു കപ്പിനുവേണ്ടി ഒരുങ്ങിയിരിക്കുകയാണല്ലോ കോഴിക്കോട്. നമ്മുടെ സർക്കാർ 20 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

ഉറുപ്പിക അനുവദിച്ചിരിക്കുകയാണ്. ഇതിൽ ഐക്യജനാധിപത്യമുന്നണിയേയും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയേയും ഞാൻ അഭിനന്ദിക്കുകയാണ്. തുടർന്നും നെഹ്റു കപ്പിന്റെ വിജയത്തിനുവേണ്ടി എല്ലാവിധ സഹായസഹകരണങ്ങളും ഗവൺമെന്റിൽനിന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട ബേബി ജോൺ പ്രസംഗം അവസാനിപ്പിച്ചത് ഒരു പകൽക്കിനാവോടുകൂടിയാണ്. 'ജയിക്കും ഭരിക്കും' എന്ന്. അദ്ദേഹം അത് പറഞ്ഞു തിരിഞ്ഞു നോക്കുമ്പോൾ എന്നോട് ചിരിച്ചു പോയി. കാരണം വളരെ കഷ്ടപ്പെട്ട് ഉപതിരഞ്ഞെടുപ്പിൽ ജയിപ്പിച്ച ആളുകളെ ഒന്നും അദ്ദേഹം അവിടെ കാണുന്നില്ല. എല്ലാവരും ഇപ്പുറത്താണിരിക്കുന്നത്. അങ്ങയോട് എനിക്ക് പറയാനുള്ളത് ഇനി അപ്പുറത്തുനിന്ന് ആളുകൾ വന്നാൽ ഇവിടെ ഇരിക്കാൻ ഇടമില്ലെന്നാണ്. ഒരു ഹൗസ് ഫുൾ ബോർഡ് ഇവിടെ വയ്ക്കണം. സീറ്റ് അത്രയും നിറഞ്ഞിരിക്കുകയാണ്. ഇനി സീറ്റില്ല. ഇനിയും പലരും വരാൻ ഇരിക്കുന്നു എന്ന് നിങ്ങൾക്ക് അറിയാം. ശ്രീ. ഷൺമുഖദാസ് എത്ര വികാരം ഇവിടെ പ്രകടിപ്പിച്ചാലും കാലിനടിയിൽ നിന്ന് മണ്ണ് ഇനിയും പോകാൻ ഇരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം അങ്ങ് മറച്ചുവയ്ക്കേണ്ട. തിരഞ്ഞെടുപ്പു കഴിയുമ്പോൾ സീറ്റ് അപ്പുറത്ത് വേക്കൻറാകും. അവിടെ നമുക്ക് സ്ഥലമുണ്ടാകും. അപ്പുറത്ത് മുന്നിലുള്ള പല സീറ്റുകളും കാലിയാകുമെന്നുള്ള കാര്യം വളരെ ഉറപ്പാണ്. ശ്രീ. ബേബി ജോണിനെപ്പറ്റി ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട ബേബി ജോണിന്റെ പ്രസംഗം ഞാൻ വളരെ ശ്രദ്ധിച്ചു. ഈ സർക്കാർ എന്തു ചെയ്തു? നിങ്ങൾ എങ്ങനെയാണ് വോട്ട് ചോദിക്കുക, നിങ്ങൾ എങ്ങനെയാണ് ജയിക്കുക, നിങ്ങൾ എങ്ങനെയാണ് ഭരിക്കുക. അതാണ് അദ്ദേഹത്തിന് ഒട്ടും മനസ്സിലാകാത്തത്.

ശ്രീ. പി. പി. തങ്കച്ചൻ: സർ, വോട്ടുചോദിക്കാൻ അവർക്ക് ബുദ്ധിമുട്ടുള്ളതുകൊണ്ടും സ്വന്തം മേൽവിലാസത്തിൽ ആളുകളെ നിറുത്താൻ ഭയപ്പാടുള്ളതുകൊണ്ടും അല്ലേ സ്വതന്ത്രൻമാരെ അന്വേഷിച്ചു നടക്കുന്നത്.

ശ്രീ. പി. വി. മുഹമ്മദ്: സർ, അതെല്ലാം ഞാൻ പറയാൻ പോകുന്ന കാര്യങ്ങളാണ്. എനിക്ക് ബഹുമാനപ്പെട്ട ബേബി ജോണിനോട് ചോദിക്കാനുള്ളത് നമ്മൾ എവിടെനിന്ന് തുടങ്ങി, എവിടെയാണ് ഇപ്പോൾ നിൽക്കുന്നത് എന്നാണ്. ഇത് അങ്ങ് ഒന്ന് സമ്മതിച്ചുതരുമോ? 1982-ൽ ഈ സർക്കാർ സത്യവാചകം ചൊല്ലുമ്പോൾ 147 കോടി ഉറുപ്പികയുടെ കട ബാദ്ധ്യതയുമായിട്ടാണ് ശ്രീ. കരുണാകരൻ ഈ മന്ത്രിസഭയുടെ ഉത്തരവാദിത്വം ഏറ്റെടുത്തത്. നമുക്ക് അത് അവിശ്വസിക്കാൻ കഴിയുമോ? 147 കോടി ഉറുപ്പികയുടെ ബാദ്ധ്യതയുമായി വന്ന ഒരു മന്ത്രിസഭ നാലരക്കൊല്ലം ഭരിച്ചു. ഭരിച്ചു എന്നു മാത്രമല്ല ഈ രാജ്യത്ത് കഴിഞ്ഞ നാലരക്കൊല്ലം കടന്നു പോയ വികസനപ്രവർത്തനങ്ങൾ എല്ലാ സംസ്ഥാന ഗവൺമെന്റുകൾക്കും മാതൃകയാണ്. ഞാൻ വെറുതേ പറയുകയല്ല. ഈ രാജ്യത്തെ വിവിധ മേഖലകളിൽ നടന്ന വികസന പ്രവർത്തനങ്ങൾ ഒരു ജെറ്റ് വിമാനത്തിന്റെ വേഗതയിലാണ് കഴിഞ്ഞ നാലരക്കൊല്ലം ഈ രാജ്യത്ത് കടന്നു പോയത്. അങ്ങനെയുള്ള എല്ലാ വികസന പ്രവർത്തനങ്ങളും, ക്ഷാമബത്താ ഗഡു, ശമ്പള വർദ്ധനവ്, അതുപോലെ സൗജന്യ റേഷൻ ഇതൊക്കെ ഭരിച്ച സാമ്പത്തികമായ ഉത്തരവാദിത്വമുള്ള കാര്യങ്ങളാണ്. ഇതെല്ലാം ബാദ്ധ്യതകളാണ്. ഇതെല്ലാം നിറത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടുതന്നെ നാലരക്കൊല്ലം ഭരിച്ച ഒരു സർക്കാർ 15 കോടി ഉറുപ്പിക മിച്ചം എന്നുള്ള നിലയിൽ അഭിമാനത്തോടുകൂടി നിൽക്കുകയാണ്. ഇതൊരു വലിയ നേട്ടമല്ലേ? ഇത് കണ്ടില്ലെന്നു നടിക്കുന്നത് ശരിയാണോ? പ്രസംഗത്തിനുവേണ്ടി നമുക്ക് ഇവിടെ എന്തും പറയാം. സത്യത്തിനെറ മുന്നിൽ ഇങ്ങനെ കണ്ണടച്ചു വിശ്വസിക്കാൻ കഴിയുമോ? ഓരോരോന്നായി നമുക്കെടുത്തു പരിശോധിച്ചുനോക്കാം.

സർ, ഇവിടെ ഭവനനിർമ്മാണരംഗത്തെപ്പറ്റി പറഞ്ഞു. നമുക്ക് എല്ലാവർക്കും അറിയാം നമ്മുടെ സംസ്ഥാനത്ത് വളരെ കൊട്ടിഘോഷിച്ച ഒരു കാര്യമാണ്. സഖാവ് അച്യുതമേനോന്റെ ഭരണകാലത്ത് സഖാവ് എം. എൻ. ഗോവിന്ദൻ നായർ കൊണ്ടുവന്ന ലക്ഷംവീടുപദ്ധതിയിൽ മൂന്നരക്കൊല്ലംകൊണ്ട് അറുപതിനായിരം വീടുകളാണ് ഈ രംഗത്ത് ഉണ്ടാക്കിയത്. അന്ന് മാർക്സിസ്റ്റുകാർ അപ്പുറത്തിരുന്ന് ബേജാറായത് ഞാൻ ഇന്നും ഓർമ്മിക്കുന്നു. ശ്രീ. അച്യുതമേനോന്റെ സർക്കാർ ലക്ഷം വീട് പദ്ധതിയുമായി ഈ രാജ്യത്ത് വന്നപ്പോൾ അതിനെ പരിഹസിച്ചു. അതിനെതിരായി നാടകങ്ങൾ ഉണ്ടാക്കി അതിനെക്കുറിച്ചും ബേജാറായി. അതിനെതിരായി മുദ്രാവാക്യം വിളിച്ചു. എന്നിട്ടും അറുപതിനായിരം വീടുകളാണ് ഉണ്ടാക്കിയത്. 1980 മുതൽ 1982 വരെ ഈ രാജ്യം ഭരിച്ചിരുന്നത് ശ്രീ. നായനാരായിരുന്നു. ഇപ്പോൾ അദ്ദേഹം അവിടെയിരിക്കുകയാണ്. അദ്ദേഹം രണ്ടുകൊല്ലം ഈ രാജ്യം ഭരിച്ചിട്ട് ഉണ്ടാക്കിയ വീടുകൾ എത്ര. വെറും പതിനായിരം വീടുകൾ ആണ്. അത് നിഷേധിക്കാൻ കഴിയുമോ? 1983, 1984 ഇതൊന്നും ഞാൻ പറയുന്നില്ല. 1986-ൽ ഒന്നരലക്ഷം വീടുകളാണ് പൂർത്തിയാക്കി ഈ രാജ്യത്തെ പാവപ്പെട്ടവർക്ക് കൊടുത്തിട്ടുള്ളത്. വിശ്വസിക്കാൻ കഴിയുമോ? ഒരു കൊല്ലംകൊണ്ട് ഒന്നരലക്ഷം വീടുകൾ നിർമ്മിച്ച് ഈ രാജ്യത്ത് അന്തിയായാൽ തല ചായ്ക്കാൻ ഇടമില്ലാത്ത പാവങ്ങൾക്ക്, ദുർബ്ബല വിഭാഗങ്ങൾക്ക് കൊടുത്ത ഈ ഗവൺമെൻറ് ഒന്നും ചെയ്തില്ലെന്നു പറയുന്നത് ശരിയാണോ? അത് മാത്രമോ, മറ്റ് പല പദ്ധതികളിലായി 50,000 വീടുകൾ വേറെയും നിർമ്മിച്ചു. രണ്ടുലക്ഷത്തോളം വീടുകൾ ഈ കൊല്ലം പൂർത്തിയാക്കാൻ പോകുന്നു. ഇത് ഒരു നേട്ടമല്ലേ? അതുപോലെ ഈ രാജ്യത്ത് പത്തുലക്ഷം വൈദ്യുതി കണക്ഷനാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കൊടുത്തിട്ടുള്ളത്. 1982 വരെ കൊടുത്ത കണക്ഷന്റെ 40 ശതമാനത്തിൽ കൂടുതൽ കൊടുത്തിരിക്കുകയാണ്. 50 ശതമാനം ഉൽപ്പാദനം മൊത്തം നാലുകൊല്ലംകൊണ്ട് വർദ്ധിച്ചിരിക്കുകയാണ്. ഇതൊരു ചെറിയ കാര്യമാണോ?

സർ, ഇവിടെ പൊതുമേഖലയിലെ വിതരണത്തെപ്പറ്റി പറഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഈ രാജ്യത്ത് നടത്തുന്ന സേവനം ചെറുതാണോ? ഇൻഡ്യാ ഗവൺമെൻറ് പോലും പ്രശംസിക്കുകയാണ് നമ്മുടെ ഭക്ഷ്യവകുപ്പുമന്ത്രിയെ. മാവേലി സ്റ്റോറിലൂടെ, സൂപ്പർ മാർക്കറ്റിലൂടെ, അതുപോലെതന്നെ ഓണച്ചന്ത, പെരുന്നാൾ ചന്ത, വിഷു, ക്രിസ്മസ് ചന്തകളിലൂടെ ഈ രാജ്യത്തുള്ള നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് പിടിച്ചു നിറുത്താനും ഈ രാജ്യത്തെ പാവങ്ങൾക്ക് ന്യായമായ വിലയ്ക്കും മിതമായ വിലയ്ക്കും ഭക്ഷ്യസാധനങ്ങൾ കിട്ടാനുമുള്ള സംവിധാനം വളരെ ശക്തമായി നടന്നുകൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല 28,000-ത്തോളം റോഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിത്തെളിച്ച് റോഡുണ്ടാക്കി മെറ്റൽചെയ്ത് ടാർ ചെയ്തു. ഈ രാജ്യത്ത് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി ചെയ്തിട്ടുള്ളത് ചെറിയ കാര്യമാണോ? 169 കോടിയോളം ഉറുപ്പിക മുതൽമുടക്കിക്കൊണ്ട് ഈ രാജ്യത്ത് ഒരുപാട് വ്യവസായങ്ങൾ ഉണ്ടാക്കുകയും, മൂന്നു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്. 1982 വരെയും ഈ രാജ്യത്ത് ശുദ്ധജലം കൊടുത്തത് 40 ലക്ഷം ജനങ്ങൾക്കാണ്. 1982 മുതൽ 1986 വരെ 50 ലക്ഷം ജനങ്ങൾക്ക് ശുദ്ധജലവിതരണ പദ്ധതി എത്തിക്കാൻ കഴിഞ്ഞു. ഈ രാജ്യത്തെ എല്ലാ മേഖലയും എന്ന് ഞാൻ പറയുന്നത്, സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കഴിയുന്ന ഹരിജനങ്ങളും ഗിരിജനങ്ങളും ആയ വിഭാഗങ്ങളെയാണ്. അവർക്ക് നീക്കിവച്ച ഒരു നയാപൈസപോലും ലാപ്സായിട്ടില്ല. ഹരിജനങ്ങൾ ബസ്സിൽ കയറുന്നവരല്ല. എന്നാൽ ഈ രാജ്യത്തെ ഹരിജനങ്ങൾ ബസ്സുകളുടെ മുതലാളിമാരാണ്. അവർ പെട്രോൾ പമ്പിന്റെ മുതലാളിമാരാണ്. അങ്ങനെ ഈ രാജ്യത്തെ ദുർബലവിഭാഗത്തെ ഉയർത്തിക്കൊണ്ടുവരാൻ വേണ്ടി സ്തുത്യർഹങ്ങളായ സംഭാവന നൽകിയ ഒരു സർക്കാരാണിത്. അതുകൊണ്ടാണ് ഈ സർക്കാരിനുവേണ്ടിയുള്ള ഉപധനാഭ്യർത്ഥനകളെ അംഗീകരിക്കണമെന്ന് ഞാൻ പറയുന്നത്.

സർ, ഒരു കാര്യംകൂടി ഞാൻ പറയട്ടെ. ഇന്നലെ ബഹുമാനപ്പെട്ട നഹാ സാഹിബ്, ഞങ്ങളുടെ മുസ്ലീം ലീഗിന്റെ അസംബ്ലി പാർട്ടി നേതാവ്, അസന്ദിഗ്ദ്ധമായി, അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം ഇവിടെ ഒരു പ്രസ്താവന ചെയ്തു. ബാബറി മസ്ജിദുമായി ബന്ധപ്പെട്ടത് മുസ്ലീം ലീഗുമായി ഒരിക്കലും ബന്ധപ്പെട്ടതല്ല എന്ന്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നഷണൽ എക്സിക്യൂട്ടീവ് യോഗം ചേർന്ന് ഇത് തീരുമാനിച്ചിട്ടില്ല. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഒരു സംസ്ഥാനങ്ങളും അത് തീരുമാനിച്ചിട്ടില്ല. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗുമായി ഒരു തരത്തിലും ഇത് ബാധകമല്ല എന്നു വെട്ടിത്തുറന്ന് പറഞ്ഞിട്ട് പോലും ഇന്നും പല ആളുകളും ആ പ്രശ്നത്തിന്റെ ചുവടുപിടിച്ചുകൊണ്ട് വീണ്ടും ഈ സഭയിൽ വന്നിരിക്കുകയാണ്. സർ, ഞാൻ ഒന്ന് ചോദിക്കട്ടെ ഈ സഭ തുടങ്ങിയിട്ട് കുറെക്കാലമായല്ലോ. ശ്രീ. ഹസ്സൻ ഇവിടെ സൂചിപ്പിച്ചതുപോലെ കുവൈറ്റ് പ്രശ്നവുമായി, ശരിയത്ത് പ്രശ്നവുമായി, ഇപ്പോൾ ബാബറി മസ്ജിദുമായി വന്നിരിക്കുകയാണ്. ഞാൻ ഒരുകാര്യം പറയാം. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്ന കാലത്തും ലാൽ ബഹദൂർ ശാസ്ത്രി പ്രധാനമന്ത്രിയായിരുന്ന കാലത്തും ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്തും ഇന്ന് ശ്രീ. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരിക്കുന്ന കാലത്തും ഇൻഡ്യയുടെ നൻമയ്ക്കുവേണ്ടിയും ഇൻഡ്യയുടെ നിലനിൽപ്പിനുവേണ്ടിയും ഇൻഡ്യയുടെ അഭിമാനത്തിനുവേണ്ടിയും ഇൻഡ്യയുടെ പ്രധാനപ്പെട്ട എല്ലാ ആവശ്യങ്ങൾക്കുവേണ്ടിയും ഇംഗ്ലണ്ട് ഇൻഡ്യയിൽ നടത്തുന്ന മെജോറിറ്റിക്കു വേണ്ടിയും ഇൻഡ്യയുടെ അഖണ്ഡതയ്ക്കുവേണ്ടിയും ഇൻഡ്യയിലെ ഓരോ തരി മണ്ണിനുവേണ്ടിയും ഈ രാജ്യത്തിന്റെ ഭാവിക്കാവശ്യമായ, ഈ രാജ്യത്തിന്റെ പരമോന്നതിക്കാവശ്യമായ എല്ലാ തീരുമാനങ്ങളോടൊപ്പം ആത്മാർത്ഥമായി മനസ്സാ വാചാ കർമ്മണാ ഒത്തുപോകുകയും അംഗീകരിക്കുകയും ചെയ്ത ഒരു സംഘടനയാണു സർ, ഈ രാജ്യത്തെ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ചരിത്രത്തിൽ അതിനെതിരായ ഒരു കറുത്തപൊടി ഈ രാജ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും കടത്താൻ കഴിയുകയില്ല. സർ, ഒരു കാര്യംകൂടി. മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം മുസ്ലിം ലീഗ് എന്ന പേരു മാത്രമല്ല സർ. 'ഉഫുൽഒഫൻ ഫുനൽലീമാൻ' എന്ന് മുഹമ്മദു നബി ഞങ്ങളെ പഠിപ്പിച്ചതാണു സർ. അതിന്റെ അർത്ഥം നായനാർക്ക് അറിയില്ല. ഞാൻ പറയാം. രാജ്യസ്നേഹം വിശ്വാസത്തിന്റെ ഘടകമാണ് എന്നാണ് നായനാരേ അതിന്റെ അർത്ഥം. അതു ഞങ്ങളെ പഠിപ്പിച്ചത് മുഹമ്മദു നബിയാണ്. ആ മുഹമ്മദു നബിയുടെ അനുയായികളാണ് ഈ രാജ്യത്തെ മുസൽമാൻമാർ. ആ മുസൽമാൻമാർ ഒരിക്കലും ഈ രാജ്യത്തിന് എതിരാവില്ല. രാജ്യസ്നേഹം ഉണ്ടെങ്കിലേ ഈ രാജ്യത്ത് മുസൽമാൻമാർ ഉണ്ടാവുകയുള്ളൂ. ഈ രാജ്യത്ത് മുസൽമാൻമാർ ഉണ്ടായെങ്കിലേ പള്ളികളും ഉണ്ടാവുകയുള്ളൂ. ഇതൊക്കെ ഇനിയും ഈ രാജ്യത്തു വേണം. ഈ രാജ്യം നമുക്ക് വലുതാണ്. ഈ രാജ്യത്തെ ഓരോ തരി മണ്ണും നമുക്ക് വലുതാണ്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിച്ചു കൊള്ളാം സർ. ഇവിടെ ഞങ്ങളെ സംശയിക്കേണ്ട. ചിലർ ഞങ്ങളെ സംശയിക്കുന്നു. ഈ രാജ്യത്തെ മുസൽമാൻമാർ നമസ്കരിക്കാൻവേണ്ടി ഒരു ദിവസം അഞ്ചുനേരം കഅ്ബയെ അഭിമുഖമായി നിൽക്കുന്നവരാണ്. കഅ്ബ ഞങ്ങളുടെ ഏറ്റവും വലിയ പുണ്യഗൃഹമാണ്. ഞങ്ങൾ ജീവനെപ്പോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതാണ് കഅ്ബ. ഞങ്ങളെസംബന്ധിച്ചിടത്തോളം ആ കഅ്ബയെ അഭിമുഖീകരിച്ചുകൊണ്ടാണ് ഞങ്ങൾ നിസ്കരിക്കുന്നത്. നായനാരോട് വളരെ ഹൃദയം തുറന്ന് ഞാനൊരു കാര്യം പറയട്ടെ. ആ കഅ്ബയുടെ ഭരണാധികാരിയായ സവൂജ് രാജാവാണ് ഇൻഡ്യാ രാജ്യത്തെ ആക്രമിക്കുന്നതെങ്കിൽ അതിനുമുമ്പിൽ മരിച്ചുവീഴാൻ, ഇൻഡ്യയുടെ പാദം കാക്കാൻ മുസ്ലീംലീഗും ഞങ്ങളുടെ നേതാക്കൻമാരും തയ്യാറാണെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. ഒ. ഭരതൻ: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീമാൻ എം. എം. ഹസ്സൻ ഞങ്ങളുടെ പാർട്ടിക്കെതിരായി ചില ആരോപണങ്ങളും ഉന്നയിക്കുകയുണ്ടായി. ഞങ്ങളുടെ പാർട്ടി വർഗ്ഗസമര സിദ്ധാന്തം ഉപേക്ഷിക്കുകയും വർഗ്ഗീയതയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണെന്നാണ് ശ്രീമാൻ ഹസ്സൻ ഇവിടെവച്ചു പറഞ്ഞത്. ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളെപ്പോലെ വർഗ്ഗീയതയെയും വിഘടിത പ്രസ്ഥാനങ്ങളേയും എതിർക്കുന്നവേറെ ഏതെങ്കിലും ഒരു പാർട്ടി ഇന്ന് ഇൻഡ്യാരാജ്യത്ത് ഉണ്ടായിട്ടില്ല. വർഗ്ഗീയത എവിടെയെല്ലാം തലയുയർത്തുന്നുണ്ടോ അവിടെയൊക്കെ ആ വർഗ്ഗീയതയ്ക്കും എതിരായിട്ട് ആദ്യമായി ഈ രാജ്യത്തെ ജനതയ്ക്ക് മുന്നറിയിപ്പു കൊടുക്കുകയും, ജനതയെ അതിനെതിരായിട്ട് അണിനിരത്തുകയും ചെയ്തിട്ടുള്ള പാർട്ടികളും കമ്മ്യൂണിസ്റ്റ് പാർട്ടികളാണെന്ന് ഉറപ്പിച്ചു പറയാൻ സാധിക്കും. 1980 കാലത്ത് ആരും അറിയപ്പെടാത്ത ഏതോ ഒരു ഗുരുദ്വാരയിൽ പൂജാരിപ്പണി എടുത്തിരുന്ന അനാഥശിശുവായിരുന്ന ചെറുപ്പക്കാരൻ പയ്യനായിരുന്നു സർ, ഭിന്ദ്രൻവാല. ആ ഭിന്ദ്രൻവാലയെ ആ ഗുരുദ്വാരയിൽനിന്നു പിടിച്ചുകൊണ്ടുവന്ന് രാഷ്ട്രീയ രംഗത്തേക്ക് ഉയർത്തി അദ്ദേഹം ഒരു രാഷ്ട്രീയ ഗുരുവാണെന്നു വരുത്തിത്തീർക്കുന്നതിനുവേണ്ടി അന്നു പ്രവർത്തിച്ചത്. അന്തരിച്ചുപോയ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ രണ്ടാമത്തെ മകൻ സഞ്ജയ ഗാന്ധിയും,

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഈ രാജ്യത്ത് പ്രസിഡൻറായി പ്രവർത്തിക്കുന്ന സെയിൽസിംഗ് ആണ്. ഇത് ഈ രാജ്യത്തിനാപത്താണെന്ന് ഞങ്ങൾ അന്നും മുന്നറിയിപ്പു നൽകിയിട്ടുണ്ടായിരുന്നു. ഞങ്ങൾ അന്ന് ആ വർഗ്ഗീയതയെ എതിർത്തിട്ടുണ്ടായിരുന്നു സർ. സിക്ക് വർഗ്ഗീയതയെ ജീവൻ കൊടുത്ത് എതിർക്കുന്ന പാർട്ടിയാണു സർ, ഞങ്ങളുടെ പാർട്ടി. ഇന്നും ആ സിക്ക് വർഗ്ഗീയതയെ ഞങ്ങളുടെ പാർട്ടി എതിർക്കുന്നു. സർ, എവിടെവരെ എത്തി ഇന്നത്തെ സ്ഥിതി? ആണും പെണ്ണുംകെട്ട നയം ഹസ്സനും ഹസ്സൻറെ പാർട്ടിയും സ്വീകരിച്ചതിൻറെ ഫലമായിട്ട് ഈ രാജ്യത്തെ പ്രധാനമന്ത്രിയെ ബലികൊടുക്കേണ്ടി വന്നു. അതുമാത്രമല്ല, പ്രധാനമന്ത്രിയുടെ വധത്തെത്തുടർന്ന് ഡൽഹി പട്ടണത്തിലെ തെരുവീഥികളിൽ ആയിരക്കണക്കിനു നിരപരാധികളായിട്ടുള്ള സിക്കുകാരുടെ തലയ്ക്കും തടിക്കും ജനാധിപത്യപരമായ രീതിയിൽ തീയും കൊടുത്ത് മതേതരത്വമായ രീതിയിൽ മണ്ണെണ്ണയുമൊഴിച്ച് കൊലപ്പെടുത്തി സർ. ആരാണു സർ, അതിന് നേതൃത്വം കൊടുത്തത്? ഇന്നും അതേ നയംതന്നെ തുടർന്നുകൊണ്ടിരിക്കുകയാണു ഹസ്സൻറെ പാർട്ടി; ഈ രാജ്യത്തെ പ്രധാനമന്ത്രിയായിട്ടുള്ള രാജീവ്ഗാന്ധി. ആരാണു സർ, ഗൂർഖാ ലാൻറിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്? ഗൂർഖകൾ ഗൂർഖാലാൻറിനുവേണ്ടി നടത്തുന്ന സമരം ദേശീയ വിരുദ്ധമായ സമരമല്ലെന്നു പറഞ്ഞ് അവർക്ക് ഗുഡ് കോൺഡക്ട് സർട്ടിഫിക്കറ്റ് കൊടുക്കുകയാണു സർ, രാജീവ് ഗാന്ധി ചെയ്തിട്ടുള്ളത്. അതിൻറെ ഫലമായിട്ട് ഇന്ന് എന്ത് ഉണ്ടായി? ഈയടുത്ത നാളുകളിൽ നമ്മുടെ പ്രധാനമന്ത്രി രാജീവ്ഗാന്ധി ഗൂർഖാലാൻഡ്, ഡാർജിലിംഗ് സന്ദർശിക്കാൻവേണ്ടി പോയി. ഡാർജിലിംഗ് സന്ദർശിച്ച സമയത്ത് നമ്മുടെ പ്രധാനമന്ത്രി രാജീവ്ഗാന്ധിയെ സ്വീകരിക്കാൻ അവിടെ കൂടിയ ആളുകൾ എത്രയായിരുന്നുവെന്ന് അറിയാമോ? 125–ആളുകൾ. ഈ രാജ്യത്തെ ഏതെങ്കിലും ഒരു പ്രധാനമന്ത്രിക്ക് ഇത്ര ചെറിയ ഒരു സ്വീകരണം, ഇത്ര വളരെ കുറച്ച് ആളുകൾ പങ്കെടുത്ത ഒരു സ്വീകരണം ഇതേവരെ ലഭിച്ചിട്ടില്ലെന്നാണ് ഈ രാജ്യത്തെ മുഴുവൻ പത്രങ്ങളും റിപ്പോർട്ട് ചെയ്തത്. അവിടെ ഗൂർഖാലാൻഡിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. ആസ്സാമിൽ വിഘടനശക്തികളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്തിനു സർ, വടക്കേ ഇൻഡ്യയിൽ പോകേണ്ട ആവശ്യം? കർണ്ണാടകത്തിലെ കാര്യം നമുക്കറിയാം. 'മുഹമ്മദ് ഇഡിയറ്റ്' എന്നുപറയുന്ന ഒരു ചെറുകഥ പത്തു കൊല്ലക്കാലംമുമ്പ് മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടതാണ്. ആ ചെറുകഥ ഇംഗ്ലീഷിൽ 'ഡെക്കാൻ ഹെറാൾഡ്' എന്ന പത്രം പ്രസിദ്ധീകരിച്ചു. ആ ചെറുകഥയുടെ പേരിൽ ബാംഗ്ലൂരിൽ കലാപക്കൊടിയുയർത്തിയത് ആരാണ്? നിരപരാധികളായിട്ടുള്ള നിരവധി മുസൽമാൻമാരുടെ ജീവനു അപകടം വരുത്തിവച്ചത് ആരാണ്? കോൺഗ്രസ്സിൻറെ നോതാവായിട്ടുള്ള സി. എം. ഇബ്രാഹിം എന്നു പറയുന്ന ആൾ. അയാളാണു സർ, അവിടെ വർഗ്ഗീയ കലാപത്തിനു തീകൊളുത്തിയത്. സർ, കുടൽ കത്തിയെരിഞ്ഞുകൊണ്ടിരിക്കുകയാണ്. ആ കുടൽ കത്തിയെരിയുന്നതിനു കാരണക്കാരൻ ആരാണ്? കോൺഗ്രസ്സിൻറെ ഒരു നേതാവ്. എവിടെയെല്ലാം ജനങ്ങളെ ഭിന്നിപ്പിക്കുന്നതിനുവേണ്ടി സാധിക്കുമോ, എവിടെയെല്ലാം ജനങ്ങളെ വർഗ്ഗീയതയുടെ പേരിൽ പരസ്പരം കുത്തിയേന്തി കലാപം നടത്തുന്നതിനുവേണ്ടി സാധിക്കുമോ അവിടെയൊക്കെ കലാപത്തിൻറെ കൊടിയുയർത്തുന്നതിനുവേണ്ടി നേതൃത്വം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന പാർട്ടിയാണു സർ; കോൺഗ്രസ് (ഐ) എന്നു പറയുന്ന പാർട്ടി. ആ പാർട്ടിയുടെ നേതാവായ ഹസ്സൻ ഇവിടെ വന്നിട്ട് പ്രസംഗിക്കുന്നത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയാണ് ഇവിടെ വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്നത് എന്ന്. ഹസ്സനെക്കൊണ്ട് ഇമ്മാതിരി പ്രസംഗം ചെയ്യിപ്പിക്കാൻ സാധിക്കും. മുമ്പ് ഹസ്സൻ ഇമ്മാതിരി പ്രസംഗം ചെയ്തിട്ടുണ്ട്. ചെക്കൻ പറയുമ്പോൾ ചെക്കൻ പറയുന്നതു ശരിയാണെന്ന് ഹസ്സൻ പറയും ചെക്കന്റെ അച്ഛൻ പറയുന്നതാണ് ശരിയെന്നു പറഞ്ഞാൽ ചെക്കന്റെ അച്ഛൻ പറയുന്നത് ശരിയാണെന്നു ഹസ്സൻ പറയും. അത് ഹസ്സന്റെ സ്വഭാവമാണ്. ന്യായമായിട്ടുള്ള കൂലി കൊടുത്താൽ അദ്ദേഹത്തെക്കൊണ്ട് എന്തും പ്രസംഗിപ്പിക്കാൻ വേണ്ടി സാധിക്കും. ഹസ്സന്റെ പാർട്ടിയായ കോൺഗ്രസ് (ഐ) എന്നു പറയുന്ന പാർട്ടി വലിയ പാർട്ടിയാണു സർ. ഇൻഡ്യാ രാജ്യത്ത് ഭരിക്കുന്നതു മുഴുവൻ കോൺഗ്രസ് (ഐ) ആണെന്നാണ് പറയുന്നത്. ഇപ്പോൾ ജമ്മു കാശ്മീരിൽ ആരാണു ഭരിക്കുന്നത്, ആസ്സാമിൽ ആരാണു സർ, ഭരിക്കുന്നത്, മിസ്സോറാമിൽ ആരാണു സർ, ഭരിക്കുന്നത്, ത്രിപുരയിൽ ആരാണു സർ, ഭരിക്കുന്നത്, പശ്ചിമ ബംഗാളിൽ ആരാണു സർ, ഭരിക്കുന്നത്, ആന്ധ്രാപ്രദേശിൽ ആരാണു സർ, ഭരിക്കുന്നത്, കർണ്ണാടകത്തിൽ ആരാണു സർ, ഭരിക്കുന്നത്; തമിഴ്നാട്ടിൽ ആരാണു സർ, ഭരിക്കുന്നത്, കേരളത്തിൽ ആരാണു സർ, ഭരിക്കുന്നത്? വലിയ പാർട്ടിയാണ്. 'എൻറുപ്പാപ്പയ്ക്ക് ഒരു ആനയുണ്ടായിരുന്നു' എന്നാണ് സർ, ഹസ്സന്റെ വാദം. ഇപ്പോൾ കുഴിയാനപോലുമില്ല സർ, ആ പാർട്ടിയുടെ കൂടെ. എന്തായാലും ദിവസങ്ങൾക്കുമുമ്പ് മൂന്നുനാലു സംസ്ഥാനങ്ങളിലെ 16 അസംബ്ലി മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പു നടന്നു. ഹസ്സന്റെ പാർട്ടിക്ക് എത്ര സീറ്റ് കിട്ടി? ഹസ്സന്റെ പാർട്ടിക്ക് എട്ട് സീറ്റ് മാത്രം കിട്ടി. ഹസ്സന്റെ പാർട്ടിയിലെ സീറ്റുകൂടുംപോലും പല ആളുകളും കൈക്കലാക്കി. ത്രിപുരയിൽ നമുക്കറിയാം സർ, അവിടെ കോൺഗ്രസ് കയ്യടക്കിവച്ചിരുന്ന സീറ്റ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്ക് നേടാൻ സാധിച്ചു. ബീഹാറിൽ കോൺഗ്രസ് കയ്യടക്കിയിരുന്ന സീറ്റ് ലോക്ദൾ കയ്യടക്കി. കർണ്ണാടകത്തിൽ കോൺഗ്രസ് കയ്യടക്കിയ സീറ്റ് ജനതാപാർട്ടിക്ക് കൈയടക്കാൻവേണ്ടിയിട്ട് സാധിച്ചു. ഇതാണു സർ, ഇവിടേയും ഇപ്പോൾ സംഭവിക്കാൻവേണ്ടി പോകുന്നത്. ഞങ്ങൾ ജനങ്ങളുടെ കൂടെ നിൽക്കുന്നു. ഞങ്ങളുടെ പാർട്ടി കോൺഗ്രസ് അംഗീകരിച്ച സുപ്രധാനമായിട്ടുള്ള തീരുമാനവും സുപ്രധാനമായിട്ടുള്ള നയവുമുണ്ട്. ഞങ്ങൾ മാത്രമല്ല അതിനെ ശരിവച്ചത്. ഈ രാജ്യത്തെ ദേശാഭിമാനികളായിട്ടുള്ള മുഴുവൻ ആളുകളും ആ തീരുമാനത്തിന്റെ ശരിമ ഇന്ന് അംഗീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യാ രാജ്യത്തെ ഏറ്റവും പ്രചാരമുള്ള, ഒരു ദിവസം പത്തുപതിനായിരം ലക്കം പ്രതികൾ വിറ്റഴിക്കുന്നതായിട്ടുള്ള 'ടെലിഗ്രാഫ്', എന്നു പറയുന്ന പത്രം ഇതിനെക്കുറിച്ച് മുഖപ്രസംഗമെഴുതി സർ. ഇതുപോലത്തെ ദേശാഭിമാന പ്രചോദിതമായിട്ടുള്ള ഒരു നയം പരസ്യമായിട്ട് അംഗീകരിച്ച് ഔചിത്യത്തോടുകൂടി നടപ്പിലാക്കാൻവേണ്ടി തന്റേടമുള്ള ഏക പാർട്ടി ഇൻഡ്യാരാജ്യത്ത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി മാത്രമാണെന്ന് 'ടെലിഗ്രാഫ്' പത്രം മുഖപ്രസംഗം എഴുതി. സർ, ഡൽഹിയിലെ 'പാട്രിയോട്ട്'

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്ന പത്രം ഞങ്ങളുടെ പാർട്ടികോൺഗ്രസ്സ് അംഗീകരിച്ച നയത്തെപ്പറ്റിയും തീരുമാനത്തെപ്പറ്റിയും എഴുതി. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ്. പാർട്ടിയ്ക്കല്ലാതെ ഇത്രയേറെ ശരിമയാർന്ന, ദേശാഭിമാനം തിളച്ചുമറിയുന്ന ഇമ്മാതിരി ഒരു നയം അംഗീകരിക്കാൻ വേറെ ഏതെങ്കിലും ഒരു പാർട്ടിക്ക് സാദ്ധ്യമല്ലെന്ന് 'പാട്രിയോട്ട്' . എന്ന പത്രവും മുഖപ്രസംഗം എഴുതി. കേരളത്തിലെ ദേശീയ പത്രങ്ങളായ മലയാള മനോരമയും മാതൃഭൂമിയും പോലുള്ള പത്രങ്ങളും എത്ര കമ്മ്യൂണിസ്റ്റ് വിരോധമുണ്ടെങ്കിൽ പോലും അവർക്ക് ആ നയത്തിന്റെ ശരിമ അംഗീകരിക്കേണ്ടിവന്നു സർ. ഞങ്ങളും ഈ രാജ്യത്തിലെ ജനങ്ങളുടെകൂടെ നിൽക്കുന്നു. ഞങ്ങളും ഈ രാജ്യത്തിന്റെ ഐക്യത്തിനുവേണ്ടി നിൽക്കുന്നു. ഈ രാജ്യത്തിന്റെ ഐക്യമാണ് ഞങ്ങൾക്ക് പരമപ്രധാനം. ഇതാണ് കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളെ പഠിപ്പിച്ചത്. ഞങ്ങൾക്ക് ഈ രാജ്യമാണു വലുത്; പെറ്റമ്മയാണു വലുത്. പെറ്റമ്മയും പെറ്റനാടുമാണ് ഞങ്ങൾക്കു വലുത്. ഈ രാജ്യത്തിന്റെ ഐക്യത്തിനുവേണ്ടി ഞങ്ങൾ നിലകൊള്ളുന്നു സർ.

നൂറുനൂറ്റൻപതു കൊല്ലം ബ്രിട്ടീഷുകാർ ഈ രാജ്യം ഭരിച്ചിട്ടുണ്ട്. എന്നിട്ട് ഈ രാജ്യത്തെ രണ്ടു കഷ്ണങ്ങളാക്കി മാറ്റാനേ അവർക്ക് സാധിച്ചിട്ടുള്ളൂ. ഇപ്പോൾ ഹസ്സന്റെ പാർട്ടി, കോൺഗ്രസ്—ഐ എന്നു പറയുന്ന പാർട്ടി 39 കൊല്ലക്കാലമായി ഈ രാജ്യം ഭരിക്കാൻ തുടങ്ങിയിട്ട്. അവർ ഈ രാജ്യത്തെ 40 കഷ്ണങ്ങളാക്കി മാറ്റാൻ പോവുകയാണ്. ദേശാഭിമാന ബോധമുള്ള ഒരൊറ്റ ആളും ഇത് അംഗീകരിച്ചുകൊടുക്കാൻ സാദ്ധ്യമല്ല. ഈ രാജ്യത്തെ ദേശാഭിമാനികളായിട്ടുള്ള മുഴുവൻ ആളുകളേയും ഒറ്റക്കെട്ടായി അണിനിരത്തിക്കൊണ്ട് ഈ രാജ്യത്തിന്റെ ഐക്യത്തിനും ഈ രാജ്യത്തിന്റെ ഭദ്രതയ്ക്കുംവേണ്ടി ഞങ്ങൾ നിലകൊള്ളുന്നു. താൽക്കാലികമായിട്ടുള്ള ഭരണാധികാരത്തിനുവേണ്ടിയല്ല ഞങ്ങൾ നിലകൊള്ളുന്നത്. ഈ രാജ്യത്തിന്റെ ഐക്യമാണ് ഞങ്ങളുടെ പരമപ്രധാനമായ ലക്ഷ്യം. ഈ രാജ്യത്തിന്റെ ഭദ്രതയാണ് പ്രധാനം. അതിനുവേണ്ടിയാണ് ഞങ്ങൾ നിലകൊള്ളുന്നത്. ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിനു മാത്രമേ ഈ രാജ്യത്തിന്റെ ഐക്യം നിലനിർത്താൻ കഴിയുകയുള്ളൂ. അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു മാത്രമേ ഈ രാജ്യത്തിന്റെ ഭദ്രത നിലനിർത്തുവാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടി ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തെ അണിനിരത്താൻ വേണ്ടി ഞങ്ങൾ ശ്രമിക്കുന്നു. തൊഴിലാളി വർഗ്ഗത്തിനുവേണ്ടി അവരുടെ താൽപ്പര്യങ്ങളുയർത്തിപ്പിടിച്ചുകൊണ്ട് ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള വർഗ്ഗസമരം ഉയർത്തിപ്പിടിച്ച് അതിലൂടെ മുൻപോട്ടുപോകാനാണ് ഞങ്ങൾ ഉദ്ദേശിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് നമ്മുടെ രാജ്യം എവിടെയാണ് എത്തിയിരിക്കുന്നത്? തൊഴിലില്ലാത്തവരുടെ എണ്ണം നമ്മുടെ രാജ്യത്ത് പെരുകിപ്പെരുകി വന്നുകൊണ്ടിരിക്കുകയാണ്. 260 ലക്ഷം ജനങ്ങൾ അധിവസിക്കുന്ന കേരളത്തിൽ 26 ലക്ഷം ആളുകൾ തൊഴിലില്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നു, തൊഴിലിനുവേണ്ടി. ഈ സംസ്ഥാന ഗവൺമെന്റിനു ഒരു കൊല്ലം 12,000 ആളുകൾക്ക് വീതം പണി കൊടുക്കുവാൻ മാത്രമേ സാധിച്ചിട്ടുള്ളൂ. അങ്ങനെ 12,000 ആളുകൾക്കുവീതം പണി കൊടുത്താൽ 26 ലക്ഷം ആളുകൾക്ക് പണി കൊടുക്കുവാൻ 220 കൊല്ലം കാത്തു നിൽക്കേണ്ടിവരും. ഈ സ്ഥിതി

1 P.M.]

LIBRARY ARCHIVES Kerala Legislative Assembly

വിശേഷം ഈ രാജ്യത്തെ എവിടെ കൊണ്ടു ചെന്നെത്തിക്കും? ഒരു പുകയുന്ന അഗ്നിപർവ്വതമായിട്ട് ഈ രാജ്യം മാറിക്കൊണ്ടിരിക്കുന്നു. ഈ രാജ്യത്തെ ഐക്യത്തിലേക്ക് നയിക്കാൻ, ഈ രാജ്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി, അതിനു വേണ്ടിയാണ് ഞങ്ങളുടെ പാർട്ടി നിലകൊള്ളുന്നത്. ഒന്നുരണ്ടു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഇന്ന് കണ്ണൂർ ജില്ലയിൽ ട്രാൻസ്പോർട്ട് ബസ് തൊഴിലാളികൾ പണിമുടക്ക് ആരംഭിച്ചിരിക്കുന്നു. പതിനായിരക്കണക്കിനാളുകൾക്ക് യാത്ര ചെയ്യുന്നതിന് സാധിക്കുന്നില്ല. ബസ് മുതലാളിമാർ ഈ ഗവൺമെന്റിനെതിരായിട്ടാണ് നിലകൊള്ളുകയെന്നുള്ള ഉദ്ദേശം വച്ചുകൊണ്ട് ബസ് മുതലാളികാർ ഒത്തുതീർപ്പിന് തയ്യാറാകുന്നില്ല. അടിയന്തിരമായി ഈ പ്രശ്നത്തിലിടപെട്ട് ആ പണിമുടക്ക് അവസാനിപ്പിക്കുന്നതിന് ശ്രമിക്കണം. അതുപോലെതന്നെ മുനിസിപ്പാലിറ്റി ജീവനക്കാരും കോർപ്പറേഷൻ ജീവനക്കാരും 27-ാം തീയതി മുതൽ പണിമുടക്ക് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുകൊണ്ട് പട്ടണങ്ങളൊക നാറിക്കൊണ്ടിരിക്കുകയാണ്. ആളുകൾക്ക് ജീവിക്കുന്നതിന് സാധിയ്ക്കുന്നില്ല. ഇതുപോലെ നാറിയ ഒരു ഗവൺമെന്റിനെപ്പോലെ ഈ സംസ്ഥാനത്തെ പട്ടണങ്ങളും ആകെ നാറി മലീമസമായിത്തീർന്നിരിക്കുകയാണ്. ദുർഗന്ധപൂരിതമായിത്തീർന്നിരിക്കുന്നു റോഡുകൾ. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ അതിന് ശ്രമിക്കാത്ത ഒരു ഗവൺമെന്റാണിവിടെ ഉള്ളത്. ഈ ഗവൺമെന്റിനെ താഴെ ഇറക്കണം. ഈ ഗവൺമെന്റിനെ ഭരണാധികാരത്തിൽനിന്ന് നീക്കം ചെയ്താൽ മാത്രമേ ഈ സംസ്ഥാനത്തിന് ഗുണം കിട്ടുകയുള്ളൂ. അതിനുവേണ്ടി പടപ്പുറപ്പാടുമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി മുൻപോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. 'ഉയരും ഞാൻ നാടാകെ, പടരും ഞാൻ' ഈ നാടിന്റെ പുനരുദ്ധാരണത്തിനു വേണ്ടി ഈ ഇടതുപക്ഷ പ്രസ്ഥാനം മുൻപോട്ടു പോകും. ആ കൊടുങ്കാറ്റിൽ ഈ ഭരണമുന്നണി ആകെ ആടിയുലഞ്ഞ് തകർന്നു തരിപ്പണമായിത്തീരും, എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഭാസ്കരൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ധനം വിനിയോഗിക്കുമ്പോൾ കണ്ണൂർജില്ലയെ പ്രത്യേകമായി പരിഗണിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. കണ്ണൂരിന്റെ ഏതാനും പ്രശ്നങ്ങൾ മാത്രം ഇവിടെ അവതരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. കണ്ണൂരിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. കഴിഞ്ഞ ആഴ്ച തുടർച്ചയായി കണ്ണൂരിൽ വെള്ളം ഉണ്ടായിരുന്നില്ല. വളരെയധികം കഷ്ടത അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പഴശ്ശി കനാലിലെ വെള്ളം കീഴല്ലൂർ ജല സംഭരണിയിൽ എത്തിക്കണം. എന്നിട്ട് അവിടെനിന്നും കണ്ണൂരിലേക്ക് ജലവിതരണം നടത്തുന്നതിന് കുറെ പൈപ്പ് ഇടേണ്ടതുണ്ട്. ഇതിനാവശ്യമായ പണം അനുവദിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. കക്കാട് ഹസാനക്കോട്ടയിൽ നിർമ്മിച്ചിട്ടുള്ള ഓവർ ടാങ്കിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിക്കൊണ്ട് കുടിവെള്ളക്ഷാമത്തിന് ശാശ്വതമായി പരിഹാരം കണ്ടെത്തുന്നതിനും ഞാനീയവസരത്തിൽ അഭ്യർത്ഥിക്കുവാൻ ആഗ്രഹിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. കണ്ണൂരിൽ അനുവദിച്ചിട്ടുള്ള എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം കഴിഞ്ഞമാസം ആരംഭിച്ചിരുന്നു. ഒരു വാടക കെട്ടിടത്തിലാണ് അതിന്റെ പ്രവർത്തനം ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. ഇതിനാവശ്യമായ സ്ഥലം അടിയന്തിരമായി കണ്ടെത്തി, അവിടെ കെട്ടിടം പണിയുന്നതിനുള്ള സംവിധാനം ഉണ്ടാവണമെന്ന് ഞാൻ വിനിതമായി അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനുവേണ്ടി സ്പോർട്സിന്റെ ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനു വേണ്ടി കണ്ണൂരിനെ തിരഞ്ഞെടുത്തിരിക്കുകയാണ്. അക്കാര്യത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതിനാവശ്യമായ സ്ഥലം അടിയന്തിരമായി കണ്ടെത്തിക്കൊണ്ട് അതിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കണമെന്നും ഞാനീയവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. കണ്ണൂരിൽ ഒരു വെറ്ററിനറി കോളേജ് ആരംഭിക്കുന്നതിന് ആലോചനയുണ്ടായിരുന്നു. അത് അവിടെനിന്ന് നീക്കം ചെയ്യുകയാണോയെന്ന് ഞാൻ സംശയിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായും അവിടെ അനുവദിച്ചിട്ടുള്ള ആ വെറ്ററിനറി കോളേജ് കണ്ണൂർ ജില്ലയിൽ തന്നെ സ്ഥാപിക്കണമെന്നും ഞാൻ പ്രത്യേകമായി ഈയവസരത്തിൽ അഭ്യർത്ഥിക്കുന്നു. മൂന്നുനാലു മാസക്കാലമായി വാർദ്ധക്യകാല പെൻഷനും വിധവാ പെൻഷനും അവിടെ ആർക്കും കൊടുക്കുന്നില്ല. അടിയന്തിരമായി വാർദ്ധക്യകാല-വിധവാ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കണമെന്നു കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ ഞാൻ അതിശക്തമായി അനുകൂലിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനയെ സംബന്ധിച്ച ചർച്ചകൂടെ നേരമായി വീക്ഷിക്കുമ്പോൾ എന്റെ പഴയ നേതാവ് സഖാവ് ഇ. എം. എസ്. മിനിഞ്ഞാന്ന് ദേശാഭിമാനിയിൽ എഴുതിയ ലേഖനമാണ് എനിക്ക് ഓർമ്മ വരുന്നത്. അദ്ദേഹം പറഞ്ഞു, ഇപ്പോളിവിടെ, കേരളത്തിൽ എല്ലാവർക്കും തിരഞ്ഞെടുപ്പ് ഭ്രാന്താണെന്ന്. അത് ശരിയാണ് സർ. ഇവിടത്തെ ചർച്ച കേട്ടപ്പോൾ തോന്നുന്നു ഇവിടെ ഒരു തിരഞ്ഞെടുപ്പ് ഭ്രാന്താണെന്ന്. ഇ. എം. എസ്. പറഞ്ഞത് ശരിയാണെന്ന്. ഇനി ഭ്രാന്ത് ആർക്കെല്ലാമാണെന്നുള്ളതിനെക്കുറിച്ചേ പ്രശ്നമുള്ളൂ. എല്ലാം ഭ്രാന്തിന്റെ ലക്ഷണമാണെന്നാണ് തോന്നുന്നത്. തിരഞ്ഞെടുപ്പ് ഭ്രാന്തിന്റെ ലക്ഷണമാണ് ഇവിടത്തെ ചർച്ചകളിൽ നിന്നും കാണുവാൻ കഴിയുന്നത്. എന്റെ പഴയ നേതാവും ആ ഭ്രാന്തിലാണോ എന്ന സംശയവും എനിക്ക് കാര്യമായിട്ടുണ്ട്. കാരണം തിരഞ്ഞെടുപ്പ് അല്ലാതെ മറ്റൊരു പ്രശ്നവും ഈ രാജ്യത്തില്ല. തിരഞ്ഞെടുപ്പിനുവേണ്ടിയുള്ള രാഷ്ട്രീയം കണ്ടെത്താൻവേണ്ടിയാണ് സഖാവ് ഇ. എം. എസ്. തന്നെ മദിരാശിയിൽ നിന്ന് മൂന്നുമാസം മുൻപ് പ്രസംഗിച്ചു, ബി. ജെ. പി യുമായിട്ട് യോജിക്കാമായിരുന്നു, പക്ഷെ ആർ. എസ്. എസ്. നെ ഒന്ന് ഒതുക്കിക്കിട്ടണമെന്ന്. അതുകഴിഞ്ഞ് രണ്ടുമാസം മുൻപ് അദ്ദേഹം കേരളത്തിൽ വന്നിട്ട് പറഞ്ഞു, സ്വതന്ത്രൻമാരെ ഞങ്ങൾ പിൻതാങ്ങുമെന്ന്. എന്നിട്ട് പത്രങ്ങളെല്ലാം, എഴുതി വി. ആർ. കൃഷ്ണയ്യരും മറ്റും മത്സരിക്കാൻ വേണ്ടി പോകുന്നുവെന്ന്. സ്വതന്ത്രൻമാരെ പിൻതാങ്ങുമെന്ന് പറഞ്ഞപ്പോൾ ബി. ജെ. പി. നേതാവ് വാജ്പേയ് കാസർകോട്ട് നിന്നു പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

സി. പി. എം. ന്റെ സ്വതന്ത്രൻമാരെ ഞങ്ങളും പിൻതാങ്ങുമെന്ന്. ആ തീരുമാനം എന്തായി എന്ന് എനിക്കറിയില്ല. ഇപ്പോഴും ഉണ്ടായാലും സ്വതന്ത്രൻമാരെല്ലാം മാന്യരല്ല, സ്റ്റേറ്റുമെന്റ് കൊടുത്തു. ഞങ്ങളാരും ഈ വേഷം കെട്ടാനില്ലെന്ന് ശ്രീ. കൃഷ്ണയ്യരുപ്പെട സ്റ്റേറ്റുമെന്റ് കൊടുത്തു. അതുകഴിഞ്ഞ് പാലക്കാട് വച്ച് അദ്ദേഹം പറഞ്ഞു, ഞങ്ങടെ മത്സരിക്കുന്നത് ജയിക്കാൻ വേണ്ടി മാത്രമല്ല, തോൽക്കാനുംവേണ്ടിയാണെന്ന്, അതൊരു അദ്ഭുതം തന്നെയാണ്. തിരഞ്ഞെടുപ്പിനു മത്സരിക്കുമ്പോൾ ജയിക്കാൻവേണ്ടി മാത്രമല്ല തോൽക്കാൻ വേണ്ടിയാണെന്ന് ഒരു വിദ്യ പുതുതായി കണ്ടു പിടിക്കേണ്ട യാതൊരു ആവശ്യവുമില്ല. അതുകഴിഞ്ഞ് എന്നെവരെ പാർട്ടിയിൽനിന്നും പുറത്താക്കിയതും മുസ്ലീം ലീഗ്, കേരളാ കോൺഗ്രസ് കക്ഷികളുമായി മുന്നണി ഉണ്ടാക്കാൻ ഞാൻ ശ്രമിച്ചുവെന്നതിന്റെ പേരിലാണ് എന്നാണ് സി. പി. എം. ന്റെ നേതൃത്വവും എന്റെ പഴയ നേതാവ് ഇ. എം. എസ്സും പ്രസംഗിച്ചു നടന്നത്. അദ്ദേഹം കഴിഞ്ഞ ഡിസംബർ 16–ാം തീയതി പത്രക്കാരോട് പറഞ്ഞു, നയം മാറ്റിയാൽ കേരളാകോൺഗ്രസ്സും ലീഗുമായിട്ടും യോജിക്കാമെന്ന്. ഞാൻ അന്ന് ബദൽരേഖ എഴുതി കൊടുത്തതിൽ കേരളാ കോൺഗ്രസ്സും മുസ്ലീം ലീഗുമായിട്ട് യോജിക്കാമെന്ന് പറഞ്ഞിട്ടില്ല. അത് നായനാർക്കും ഭേതനുമൊക്കെ അറിയാം, അപ്പുറത്തിരിക്കുന്ന പലർക്കും അറിയാം. അന്ന് ഞാൻ പറഞ്ഞത് കോൺഗ്രസ്സാണ് മുഖ്യശത്രു എന്ന്. അതാണ് പാർട്ടി 1964–ൽ അംഗീകരിച്ച പരിപാടിയിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് കോൺഗ്രസ്സിനെ പരാജയപ്പെടുത്താനുള്ള കക്ഷികളെ ഏകീകരിക്കുകയാണ് വേണ്ടത് എന്നാണ് മുൻപു പറഞ്ഞത്. അത് പറഞ്ഞാൽ ലീഗുമായി അടുത്തുപോകുമോ കേരളാ കോൺഗ്രസ്സുമായി അടുത്തു പോകുമോ എന്നുള്ള സംശയം കൊണ്ടാണ്, എന്നെയും മറ്റ് ഒമ്പതു പേരേയും എത്രയുംവേഗം പാർട്ടിയിൽ നിന്നും പുറത്താക്കിയതും, എന്നാണ് പറഞ്ഞത്. ഇപ്പോഴും എന്റെ പഴയ നേതാവ് തന്നെ പറഞ്ഞു അവരുമായിട്ട് കൂട്ടുകെട്ടാവാമെന്ന്. ഞാൻ വായിക്കുന്ന പത്രം ഡിസംബർ 17–ാം തീയതിയിലെ ദേശാഭിമാനിയാണ്. വേറെ കുത്തക പത്രമൊന്നും അല്ല. ഞങ്ങളെല്ലാം പൈസ പിരിച്ച് ഉണ്ടാക്കിയിട്ടുള്ള ഒരു പത്രമാണ്. തൊഴിലാളി വർഗ്ഗത്തിനുവേണ്ടിയുള്ള പത്രമാണ്. ആ പത്രത്തിൽ പറയുന്നതു ഇ. എം. എസ്സ്.നു വേണ്ടതാണ്, നയം മാറിവന്നാൽ നോക്കാമെന്ന് ഇ. എം. എസ്സ്. ഇപ്പോഴും തുടർന്നു വരുന്ന നയം മാറി പുതിയ രാഷ്ട്രീയ നയവും പരിപാടിയും ആവിഷ്കരിച്ച് രംഗത്തു വന്നാൽ കേരളാ കോൺഗ്രസ്സിനെ ഇടതുപക്ഷജനാധിപത്യമുന്നണിയിൽ കക്ഷി ചേർക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണെന്ന് സി. പി. ഐ. (എം) ജനറൽ സെക്രട്ടറി സഖാവ് ഇ. എം. എസ്സ്. പറഞ്ഞു. കോട്ടയം ടി. ബി. യിൽ വച്ച് പത്രലേഖകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളാ കോൺഗ്രസ്സിലെ ഒരു വിഭാഗം കോൺഗ്രസ്സ്–ഐ. യിൽ ലയിക്കുന്നതിനെപ്പറ്റിയാണ് ചോദ്യം. എന്നിട്ട് അദ്ദേഹം പറഞ്ഞു കേരളാ കോൺഗ്രസ്സിന് ഒരു രാഷ്ട്രീയ വീക്ഷണമുണ്ട്. അതിൽ ഒരു നല്ല വശമുണ്ട്, കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി പോരാടുമെന്നുള്ളതാണ് ആ നല്ല വശം, എന്നാണ് പറഞ്ഞത്. അപ്പോഴും അദ്ദേഹം പറയുന്നതു കേരളാ കോൺഗ്രസ്സിനും ഒരു രാഷ്ട്രീയമുണ്ട് എന്നും, കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ അവകാശത്തിനുവേണ്ടി പോരാടുമെന്നുള്ളതാണ് അതിന്റെ നല്ല വശം എന്നുമാണ് ഇപ്പോഴും പറയുന്നത്. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പരിപാടി അംഗീകരിച്ചാൽ മുസ്ലീം ലീഗിനെ ചേർക്കുമോ എന്നുള്ള ചോദ്യത്തിന്, അതിനെക്കുറിച്ച് സംസാരിക്കുന്നതിന് അവർക്ക് ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം ചർച്ച ചെയ്യാവുന്നതേയുള്ളൂ എന്നും സഖാവ് ഇ. എം. എസ്. പറയുന്നു. എന്റെ പേരിൽ നടപടി എടുത്തത് ഇതിന്റെ പേരിലാണെന്നാണ് പാർട്ടി പറയുന്നത്. എന്നിട്ടിപ്പോഴും ഭരതൻ കണ്ഠക്ഷോഭം ചെയ്യുന്നത് കേട്ടു, വർഗ്ഗീയ ശിഥിലീകരണ ശക്തികളെന്ന് ഞങ്ങളുടെ പാർട്ടി കോൺഗ്രസ് തീരുമാനിച്ചു എന്നെല്ലാം. കേരളാ കോൺഗ്രസ്സും മുസ്ലീം ലീഗും ഇക്കാലത്തെ വർഗ്ഗീയ ശിഥിലീകരണ ശക്തി അല്ലേ?

സർ, 1964–ൽ നമ്മുടെ പാർട്ടി പിന്നിച്ചപ്പോൾ അന്ന് സി. പി. ഐ. ക്കാരോട് ഞങ്ങൾ അഭ്യർത്ഥിച്ചു കോൺഗ്രസ്സിനെ തോൽപ്പിക്കാൻ വേണ്ടി നിങ്ങൾ ഞങ്ങളുമായിട്ട് യോജിക്കണമെന്ന്. ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് എന്ന് വിളിക്കപ്പെടുന്ന അന്നത്തെ സി. പി. എം. ഞങ്ങളോട് പറഞ്ഞത് നിങ്ങൾ ഈ ലീഗിനെപ്പോലുള്ള വർഗ്ഗീയ ശക്തികളുമായി നേരിട്ടുള്ള മുന്നണിയിലാണ് വന്നത് എന്നാണ്. അതുകൊണ്ട് എന്റെ പഴയ നേതാവ് ആ പഴയ നയത്തിലേക്ക് തന്നെ വരുന്നുവെന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. കോൺഗ്രസ്സിനെ ഒതുക്കാൻ അല്ലെങ്കിൽ കോൺഗ്രസ്സിനെ തോൽപ്പിക്കാൻ എന്റെ പഴയ നേതാവ് ശ്രീ. ഇ. എം. എസ്സാണ് 1965–ൽ ഞങ്ങൾ ജയിലിൽ കിടക്കുന്ന അവസരത്തിൽ തലയിൽ തുണിയുമിട്ട് അബ്ദുൽ റഹ്മാൻ ബാഫക്കി തങ്ങളെ പോയി കണ്ട് ലീഗുമായിട്ട് തിരഞ്ഞെടുപ്പ് ധാരണയുണ്ടാക്കാൻ ശ്രമിച്ചത്. അതിന് ഞാൻ ഇ. എം. എസ്സിനെ കുറ്റപ്പെടുത്തുകയല്ല കാരണം ഞങ്ങൾ ജയിലിൽ കിടക്കുമ്പോൾ ഞങ്ങളുമായിട്ട് ആലോചിച്ചിട്ടാണ് ശ്രീ. ഇ. എം. എസ് പോയത്. പക്ഷെ അന്ന് ലീഗും ഞങ്ങളുമായിട്ട് പരസ്യധാരണയല്ല, രഹസ്യമാണ്, കണ്ടസ്റ്റഡ് അഡ്ജസ്റ്റുമെന്റാണ്. ചിലയിടത്ത് മൽസരിക്കും ചിലയിടത്ത് ഒന്നായി വോട്ട് ചെയ്യും. അങ്ങനെയാണ് ഞങ്ങൾ അന്ന് സി. പി. ഐ. ക്കാരെ ഇരുത്തേണ്ടിടത്ത് ഇരുത്തിയത്. അതിന് ശ്രീ. ഇ. എം. എസ്. വഹിച്ച പങ്ക് വലിയ പങ്കാണ്. ശ്രീ. ഇ. എം. എസ്സിനെ കുറ്റപ്പെടുത്തുകയല്ല. ബാക്കി എല്ലാ കാലത്തും പരസ്യമായിട്ടാണ് ധാരണ ഉണ്ടാക്കിയത്. അങ്ങനെ പരസ്യമായി ധാരണ ഉണ്ടാക്കിയപ്പോൾ അതിനെ പരസ്യമായി ന്യായീകരിക്കുകയും ചെയ്തിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ മുന്നോട്ട് പോയത്. പിന്നെ ഇടക്കാലത്ത് മുസ്ലീം ലീഗും കേരളാ കോൺഗ്രസ്സുമാണ് വർഗ്ഗീയ പിൻതിരിപ്പൻ ശക്തികളെന്ന് പറഞ്ഞു. ഇപ്പോൾ പറയുന്നത് അത് മോശമല്ല, കേരളാ കോൺഗ്രസ്സിൽ ഒരു രാഷ്ട്രീയം, ആ രാഷ്ട്രീയത്തിൽ ഒരു നല്ല വശം, പിന്നെ ലീഗുമായിട്ട് ചർച്ച ചെയ്യുക എന്ന് ശ്രീ. ഇ. എം. എസ്. പറഞ്ഞാൽ സി. പി. എം. നേതൃത്വത്തോട് ഒരു കാര്യം ഞാൻ ചോദിക്കുകയാണ്. ശ്രീ. നായനാർ പണ്ടേ എന്റെ അഭിപ്രായത്തോട് യോജിച്ച ആളാണ്. പക്ഷെ ഇപ്പോൾ അദ്ദേഹം വേറെ അഭിപ്രായമേ പറയുകയുള്ളൂവെന്ന് എനിക്കറിയാം. ഔദ്യോഗികമായി

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം മറുപടി പറയേണ്ടതാണ്. ശ്രീ. നായനാർ പ്രസംഗിച്ചതുകൊണ്ട് ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്. ഇത് പറഞ്ഞത് കുത്തകപത്രമല്ല, മാതൃഭൂമിയല്ല, മനോരമയല്ല, ഇൻഡ്യൻ എക്സ്പ്രസ്സല്ല. ഒരൊറ്റ കുത്തക പത്രവും ഈ രീതിയിൽ ശ്രീ. ഇ. എം. എസ്സിന്റെ സ്റ്റേറ്റ്മെന്റ് പിറ്റേ ദിവസം കൊടുത്തിട്ടില്ല. ഇത് കൊടുത്തത് ദേശാഭിമാനിയാണ്. ഡിസംബർ 17-ാം തീയതി ഫ്രണ്ട്പേജിൽ പ്രധാന വാർത്തയായി കൊടുത്തത് ദേശാഭിമാനിയാണ്. അതിന്റെ അകത്താണ് ഇത് പറഞ്ഞത്. കേരളാ കോൺഗ്രസ്സുമായി യോജിക്കണമെന്ന് പറയാത്തവനെപ്പോലും ആ വഴിക്കാണ് ഇവൻ കൊണ്ടുപോകുന്നത് എന്ന് പറഞ്ഞിട്ട് പുറത്താക്കിയ സി. പി. എം. നേതൃത്വം അതിനാണ്. എന്നെ പുറത്താക്കിയതെങ്കിൽ നിങ്ങളുടെ പാർട്ടി ജനറൽ സെക്രട്ടറി ശ്രീ. ഇ. എം. എസ്സിനെതിരായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ സി. പി. എം.-ന് സാധിക്കുമോ? ശ്രീ. നായനാർ പറയുമെന്നുള്ള വിശ്വാസം കൊണ്ടല്ലേ ചോദിച്ചത്. ശ്രീ. നായനാർ പറഞ്ഞാൽ അദ്ദേഹത്തെയും പുറത്താക്കും. അതുകൊണ്ട് അദ്ദേഹം പറയണമെന്നുള്ളതുകൊണ്ടല്ലേ ഞാൻ പറയുന്നത്. പക്ഷേ വ്യക്തമാക്കണം. പിന്നെയുള്ളത് ഗൗരിയമ്മയാണ്. ഗൗരിയമ്മയുടെ രോഗമൊക്കെ ഇപ്പോൾ പോയിരിക്കുകയാണ്. ഗൗരിയമ്മയെപ്പറ്റി ഒന്നും നിങ്ങൾ ചോദിക്കണ്ട. അര മുഖ്യമന്ത്രിയായിട്ടാണ് ഗൗരിയമ്മ ഇപ്പോൾ നടക്കുന്നത്. എന്റെ ഗൗരിയമ്മേ ഈ നേതൃത്വം നിങ്ങളെ എത്രവട്ടം പറഞ്ഞേൽപ്പിച്ചതാണ്. നിങ്ങൾ ഇതുംകൊണ്ട് നടക്കുന്നല്ലോ? ഇപ്പോൾ ശ്രീ. നായനാരുടെ മുൻപിലാണ് ഗൗരിയമ്മ. ഇപ്പോൾ ശ്രീ. നായനാരെക്കാളും ചാട്ടമാണ് ഗൗരിയമ്മയ്ക്ക്. എന്റെ ഗൗരിയമ്മേ ഈ മുഖ്യമന്ത്രി പദമൊന്നും പട്ടം കെട്ടിയിട്ട് നടക്കുകയൊന്നും വേണ്ട. പറയുമെങ്കിൽ അതിന് വേറെയാളുകൾ കിടക്കുന്നുണ്ട്. അതിനൊന്നും നിങ്ങൾക്ക് പറ്റുകയില്ലായെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അതുകൊണ്ട് എന്റെ ആ പഴയ പാർട്ടി അവസരവാദപരമായ ഒരു രാഷ്ട്രീയത്തിൽ ചെന്ന് പതിച്ച് ഇത്രയേറെ അധഃപതിച്ചതിൽ ദുഃഖിക്കുന്നു. സഖാവ് ഇ. എം. എസ്. ഇങ്ങനെ ഒരു തീരുമാനമെടുക്കാൻ എന്താണ് കാരണം. ആദ്യം പറഞ്ഞു ബി. ജെ. പി. എന്ന്. പിന്നെ പറഞ്ഞു സ്വതന്ത്രന്മാർ എന്ന്. പിന്നെ പറഞ്ഞു കർഷകത്തൊഴിലാളി പാർട്ടിയെന്ന്. പിന്നെ കർഷകത്തൊഴിലാളി സമ്മേളനത്തിൽ തോറ്റിട്ടും ജയിച്ചുവെന്ന് പറഞ്ഞു. എന്നിട്ട് ഇപ്പോൾ "മാരാനും തൊട്ട് നക്കാം" എന്നാണ് പറഞ്ഞത്. ലീഗായാലും കേരളാ കോൺഗ്രസ്സായാലും പറ്റും. ഇതിനെല്ലാം ഉത്തരവാദി ഈ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഒരു തൊഴിലാളി വർഗ്ഗ പ്രസ്ഥാനം എന്നുള്ള നിലയിൽ അതിനെ വളർത്തിയെടുക്കുന്നതിനുപകരം ആ പ്രസ്ഥാനത്തെ നെടുകെ പിളർന്ന ശ്രീ. ഇ. എം. എസ്സും അതുപോലെതന്നെ അതിന് കൂട്ടുനിന്ന കമ്മ്യൂണിസ്റ്റ് നേതൃത്വവുമാണ് ഇതിന് മറുപടി പറയേണ്ടത്. സി. എം. പി. യെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ പിളർപ്പ് പൂർണ്ണമായിട്ടില്ല. അത് നടന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. ഇ. എം. എസ്. ഇന്നയിടെ ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു, ഞാനും എന്റെ അഭിപ്രായക്കാരും ഇനിയും അപ്പുറത്തുണ്ടെന്ന്. അതുകൊണ്ട് ഞങ്ങളുടെ പിളർപ്പ് പൂർണ്ണമായിട്ടില്ല. ഈ രാജ്യത്ത് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടി പൊരുതുന്ന ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സി. എം. പി.

LIBRARY ARCHIVES Kerala Legislative Assembly

യായി രൂപമെടുക്കാൻ പോവുകയാണ്. ഇപ്പോൾ എന്നെ കൂവിയ പലരും ഈ കൂട്ടത്തിലുണ്ടാകും. പിളർപ്പ് പൂർണ്ണമായിട്ടില്ല. അതിൽ പലരും ഇങ്ങോട്ട് വരാനുണ്ട്. അതിൽ പലരും പ ന്ന് എന്റെ കൂടെയായിരുന്നു. പിന്നെ ഇപ്പോൾ എന്നെ കണ്ടാൽ മിണ്ടാത്തവരും തെറി വിളിക്കുന്നവരുമുണ്ട്. കാഞ്ഞങ്ങാട് ഞാൻ ആദ്യം പ്രസംഗിച്ച യോഗത്തിൽ കല്ലെറിഞ്ഞവൻ സി. പി. എം. നേതൃത്വം പറഞ്ഞിട്ടാണ് ഞാൻ എറിഞ്ഞത് എന്ന്, ഞാൻ സി. എം. പി. യിൽ ചേരുന്നുവെന്നും നിങ്ങളുടെ നയമാണ് ശരിയെന്നും രണ്ടാഴ്ച കഴിഞ്ഞപ്പോൾ പറഞ്ഞു. ശ്രീ. ഇ. എം. എസ്. പറഞ്ഞതുപോലെ പിളർപ്പ് പൂർണ്ണമായിട്ടില്ല. ആ ബഞ്ചിലിരിക്കുന്ന പലരും ഞങ്ങളുടെ കൂടെ വരാനുണ്ട്. അത് തുടർന്നുകൊണ്ടിരിക്കുകയാണ്. അത് ഈ രാജ്യത്ത് സംഘടിക്കാൻ പോവുകയാണ്. അതുകൊണ്ട് ശ്രീ. നേതൻ പറഞ്ഞ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കുത്തകാവകാശം നിങ്ങളുടേതല്ല. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കുത്തകാവകാശത്തെ പേറിക്കൊണ്ട് നിങ്ങൾ നടക്കണ്ട. ഈ രാജ്യത്ത് സി. പി. എം. അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ സംഘടിപ്പിച്ച് അവരുടെ മോചനത്തിനുവേണ്ടി എ. കെ. ജി. കാട്ടിത്തന്ന പാതയിൽക്കൂടെ മുന്നോട്ടുപോകും. ഈ അവസരവാദികളായ രാഷ്ട്രീയക്കാരെ ജനങ്ങൾ തൂത്തെറിയും. കമ്മ്യൂണിസത്തിന്റെ ലേബൽ ഒട്ടിച്ചുകൊണ്ട് നടക്കുന്ന കപട വേഷക്കാരെ ജനങ്ങൾ തൂത്തെറിയുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. ബേബി ജോൺ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് പറഞ്ഞു എന്തിന്റെ പേരിലാണ് ഇതിനെ അനുകൂലിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെടുന്നത് എന്ന്. അഞ്ചു കൊല്ലം ഭരിച്ച ഒരു ഗവൺമെന്റ് പറയുമ്പോൾ എന്തിനു വേണ്ടിയെന്ന് നിങ്ങൾ പറയേണ്ടതില്ലേ, അഞ്ചു കൊല്ലത്തെ ഭരണത്തിന്റെ ബാലൻസ് ഷീറ്റ് നോക്കിക്കൊണ്ടു വേണം കാര്യങ്ങളെ വിലയിരുത്താനെന്ന് അദ്ദേഹം പറയുകയുണ്ടായി. അതു പറഞ്ഞതിനുശേഷം നിർഭാഗ്യവശാൽ ആ ബാലൻസ് ഷീറ്റിലേക്ക് കടക്കാൻ അദ്ദേഹം തയ്യാറാകാതെ മറ്റു രാഷ്ട്രീയ കാര്യങ്ങളിലേക്ക് പോയി എന്നുള്ളതിൽ എനിക്ക് ഖേദമുണ്ട്. ഇന്ന് നാലര വർഷങ്ങൾക്കുശേഷം നിൽക്കുമ്പോൾ ബാലൻസ് ഷീറ്റ് തീർച്ചയായും ഈ ഗവൺമെന്റിനു അനുകൂലമാണെന്ന് കാണാൻ കഴിയും. ശ്രീ. ബേബി ജോൺ തന്നെ പറഞ്ഞു ശ്രീ. ജോർജ്ജ് പറഞ്ഞതു പോലെ പുതിയ നിർമ്മാണ രംഗത്ത് ഏതാണ്ടൊക്കെയോ നടന്നിട്ടുണ്ടെന്ന്. വെള്ളപ്പൊക്ക കാലത്തുണ്ടായ വീടു നിർമ്മാണ പദ്ധതിയിൽ വളരെയേറെ പണം കൊടുക്കാനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ ഗൗരിയമ്മ പൂരിപ്പിച്ചുകൊടുത്തു ഓരോ ഗഡു കൊടുത്തുവെന്ന്. എന്തായിരുന്നു പദ്ധതി? ഒരു ലക്ഷത്തി രണ്ടായിരം വീടുകൾ കേരളത്തിലൊട്ടാകെ നിർമ്മിക്കാൻ തീരുമാനമെടുത്തു. അതിൽ കഴിഞ്ഞ ഫെബ്രുവരി മാസത്തിലാരംഭിച്ച പദ്ധതി ഇന്ന് ഡിസംബർ മാസത്തിൽ, പത്തു മാസം തികയുന്ന സമയത്ത് സ്റ്റേറ്റ് സർട്ടിഫിക്കറ്റ് റാജരാക്കിയ സകലർക്കും ആവശ്യമായ തുക കൊടുത്തു കഴിഞ്ഞു. ഒരു ലക്ഷത്തിരണ്ടായിരം വീടുകൾ നിർമ്മിക്കാൻ ലക്ഷ്യമിട്ടതിൽ 95,000 വീടുകൾ ഇതിനകം തീർന്നുകഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള 7,000 വീടുകൾ നിർമ്മാണത്തിന്റെ പല ഘട്ടങ്ങളിലാണ്. ആദ്യത്തെ ഗഡു കൊടുത്താൽ അടിത്തറ കെട്ടിക്കഴിഞ്ഞാൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ ഗഡു കൊടുക്കുകയുള്ളൂ. ഉത്തരവിട്ടാൽ മാത്രമേ മൂന്നാമത്തെ ഗഡു കൊടുക്കുകയുള്ളൂ. ആ നിലയിൽ പ്രവർത്തനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ഹാജരാക്കിയ സകലർക്കും പണം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരി മാസത്തിനു ശേഷം ഈ ഡിസംബർ മാസം വരെ ഒരൊറ്റ പദ്ധതിയിൽ മാത്രം 95,000 വീടുകളുടെ പണി പൂർത്തിയാക്കിക്കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്ത കാലത്ത് ഭവനനിർമ്മാണ രംഗത്തെ സ്ഥിതി എന്തായിരുന്നു? എല്ലാ പദ്ധതികളിലുമായി 15,000-ത്തിൽ താഴെ വീടുകൾ മാത്രമാണ് ദുർബ്ബല വിഭാഗങ്ങൾക്കു വേണ്ടി കേരളത്തിൽ നിർമ്മിച്ചത്. 1980 മുതൽ 1982 വരെ ശ്രീ. നായനാരുടെ ഗവൺമെന്റ് കുടികിടപ്പുകാർക്കുവേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതി ആരംഭിച്ചു. 2 വർഷംകൊണ്ട് 400 കുടികിടപ്പുകാർക്കാണ് ഭവനങ്ങൾ നിർമ്മിക്കാനുള്ള സഹായം കൊടുത്തത്. അതിനുശേഷം ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തതിനുശേഷം ഒരു വർഷം കൊണ്ട് 10,000 കുടികിടപ്പുകാർക്ക് ഭവനങ്ങൾ നിർമ്മിക്കാനുള്ള സഹായം നൽകുകയുണ്ടായി. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ മാത്രം നാലര വർഷംകൊണ്ട് മൂന്നര ലക്ഷം ഭവനങ്ങൾ നിർമ്മിച്ചു തീർക്കാൻ ഈ ജനാധിപത്യ മുന്നണി ഗവൺമെന്റിനു കഴിഞ്ഞുവെന്നുള്ളത് നിസ്സാരമായ നേട്ടമായി കാണാൻ കഴിയുമോ? ലോകം മുഴുവൻ അഭിനന്ദിച്ച പദ്ധതിയാണ് ലക്ഷം വീടുപദ്ധതി. അക്കാലത്ത് ഏറ്റവും നല്ല പദ്ധതിയായിരുന്നു അത്. മൂന്നു വർഷംകൊണ്ട് 67,000 വീടുകൾ നിർമ്മിച്ച സ്ഥാനത്ത് നാലര വർഷംകൊണ്ട് മൂന്നര ലക്ഷം വീടുകൾ ഇവിടത്തെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞു. ഹരിജനങ്ങളുടെ ഭവന നിർമ്മാണ പദ്ധതിയായ എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ നോക്കാം. കേരളപ്പിറവി മുതൽ 1982-ൽ ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതുവരെയുള്ള കാലഘട്ടത്തിൽ ഹരിജൻ വെൽഫയർ അടക്കമുള്ള എല്ലാ മേഖലകളിലുമായി ഹരിജനങ്ങൾക്കാകെ അതുവരെ കൊടുത്തത് 17,362 വീടുകളാണ്. ആ സ്ഥാനത്ത് 1982 മുതൽ ഈ കാലം വരെ 55,000 ഹരിജനങ്ങൾക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതി ഏറ്റെടുത്തിരിക്കുന്നത് വിവിധ ഘട്ടങ്ങളിലാണ്. 25,000 ത്തിനുമേൽ ഹരിജനങ്ങളുടെ വീടുകൾ നിർമ്മാണം പൂർത്തിയാക്കി അവരെ ഏൽപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള 30,000 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലിരിക്കുന്നു. ആ നിലയിൽ ഭവന നിർമ്മാണരംഗത്തു ദുർബ്ബലജനവിഭാഗങ്ങൾക്കാകട്ടെ, ഹരിജനങ്ങൾക്കാകട്ടെ, എല്ലാവർക്കുമുള്ള പദ്ധതികൾ വളരെയേറെ ത്വരിതമായി മുന്നോട്ടു പോകുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കുടിവെള്ളത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ നേട്ടങ്ങളുണ്ടാക്കാൻ, ഗ്രാമങ്ങളിൽ വെള്ളം എത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായി എന്നല്ല. പരിപൂർണ്ണതയിലെത്താൻ ഇനിയും അനേകം കാലം സഞ്ചരിക്കേണ്ടതുണ്ട്. പക്ഷെ കഴിഞ്ഞ കാലഘട്ടത്തിലുണ്ടായിരുന്ന വേഗതയെക്കാൾ ഇരട്ടി വേഗതയിൽ പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും പരിപൂർണ്ണതയിൽ എത്തിക്കുന്നതിനും, പൂർത്തീകരിക്കുന്നതിനും, ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ഇവിടെ കൃഷിക്കാരെക്കുറിച്ച് പറഞ്ഞു. 41 ദിവസമായി കർഷക സമര സമിതി സമരത്തിലാണെന്ന് ഇവിടെ പറയുകയുണ്ടായി. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കർഷക സമര സമിതി സമരം പിൻവലിച്ചിരിക്കുന്നുവെന്ന് ഞാൻ കാണുകയുണ്ടായി. 41 ദിവസം സമരം ചെയ്ത അവർക്ക് പോലും തൃപ്തിയാകത്തക്കരീതിയിലുള്ള നടപടികൾ ഈ ഗവൺമെൻറിന് എടുക്കാൻ കഴിഞ്ഞതുകൊണ്ടാകണമല്ലോ അവർ സമരം പിൻവലിച്ചത്. ഇടതുപക്ഷ മുന്നണിയിലെ എല്ലാ പാർട്ടിയിലേയും കർഷക സംഘടനകൾ നടത്തിയ സമരം 41 ദിവസത്തിനുശേഷം, അവർക്ക് തൃപ്തികരമായ തീരുമാനങ്ങളുടെ വെളിച്ചത്തിൽ സമരത്തിൽനിന്നും മാറിയിരിക്കുന്നു. അതുകൊണ്ട് കർഷകരുടെ പ്രശ്നങ്ങൾ പരിപൂർണ്ണമായി അവസാനിച്ചുവെന്നല്ല ഞാൻ പറയുന്നത്. നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് ഇനിയും കൂടുതൽ പ്രശ്നങ്ങളുണ്ട്. അവർക്ക് കൂടുതൽ അവകാശങ്ങളുമുണ്ട്. പരിഹരിക്കേണ്ടതായ പല പ്രശ്നങ്ങളുമുണ്ട്. അവർക്ക് കിട്ടുന്നതായ ആനുകൂല്യങ്ങൾ ഇനിയും കൊടുക്കാൻ ബാക്കിയുണ്ട്. അവർക്ക് പമ്പിംഗ് സബ്സിഡി കൊടുക്കാൻ ബാക്കിയുണ്ട്, വളം സബ്സിഡി കൊടുക്കാൻ ബാക്കിയുണ്ട്. അവർക്ക് കൊടുക്കാനുള്ള കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കുവാൻ നടപടിയെടുക്കുമെന്നും ഈ ഗവൺമെൻറ് പറയുകയുണ്ടായി. ഈ സാമ്പത്തിക വർഷം തന്നെ ഈ നിലയിലുള്ള വളം സബ്സിഡിയാകട്ടെ, പമ്പിംഗ് സബ്സിഡിയാകട്ടെ, മറ്റ് കുടിശ്ശികയാകട്ടെ അത് മുഴുവൻ കൊടുത്തു തീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, ഇവിടെ നെൽകൃഷി പുറകോട്ടു പോകുന്നു, നെൽകൃഷി മേഖല ചുരുങ്ങി വരുന്നുവെന്നും നെല്ലിൻെറ ഉൽപ്പാദനം കുറഞ്ഞിരിക്കുന്നുവെന്നൊക്കെ ഇവിടെ പറയുകയുണ്ടായി. ഇടതുപക്ഷ മുന്നണി ഗവൺമെൻറിൻെറ കാലത്ത് നെൽകൃഷിയേടുള്ള സമീപനമെന്തായിരുന്നു? ഇവിടത്തെ ജൻമിയുടെ കൈയിൽനിന്നും, കായൽ രാജാവായ മുരിക്കൻെറ കയ്യിൽനിന്നും 1800 ഏക്കർ ഭൂമി മിച്ച ഭൂമിയായി പിടിച്ചെടുത്തു. ആ കായൽ നിലം ഏറ്റെടുത്ത് ഗവൺമെൻറ് നേരിട്ട് കൃഷി ചെയ്യാൻ തുടങ്ങി. 1800 പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ആ ഭൂമി കൊടുത്തു. ഗവൺമെൻറിൻെറ ഉടമസ്ഥതയിൽ അവർ കൃഷി ചെയ്യാൻ ആരംഭിച്ചു. കുറെ വർഷങ്ങൾകൊണ്ട് ലക്ഷങ്ങൾ നഷ്ടപ്പെടുത്തിയതിനുശേഷം കായൽ തരിശിട്ടു. 1980 മുതൽ 1982 വരെയുള്ള ആ ഗവൺമെൻറിൻെറ കാലത്ത് 1800 ഏക്കർ കൃഷി ചെയ്യുന്ന കായൽ നിലം തരിശായിരുന്നു. എന്നാൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം റവന്യൂ ഡിപ്പാർട്ടുമെൻറ് ആ കൃഷി വീണ്ടും പുനഃസ്ഥാപിക്കുവാൻ ബണ്ടുകൾ സംരക്ഷിച്ചുകൊണ്ട് കഴിഞ്ഞ മൂന്നു വർഷക്കാലമായി കൃഷി ചെയ്യുന്നുവെന്ന് മാത്രമല്ല, അതിൽനിന്ന് ലാഭമെടുത്തുകൊണ്ട് ഓരോ ഏക്കറിനും ഭൂഉടമകളായ ഓരോ കർഷകത്തൊഴിലാളിക്കും 500 രൂപയും, ഈ പ്രാവശ്യം 750 രൂപയും കൊടുക്കുവാൻ ഈ ഗവൺമെൻറിന് കഴിഞ്ഞു. ഇവിടത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോടും, കർഷകത്തൊഴിലാളികളോടും, പാവപ്പെട്ടവരോടും ഈ ഗവൺമെൻറിൻെറ സമീപനമാണ് ഇത് കാണിക്കുന്നത്. ആ രംഗത്ത് വളരെയേറെ ദുർബ്ബലരായ ആളുകൾക്ക് നേട്ടങ്ങൾ ഉണ്ടാക്കുവാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിരിക്കുന്നു. അതുപോലെതന്നെ റോഡുകളുടെ കാര്യത്തിലും ഈ ഗവൺമെൻറിൻെറ കാലത്ത് വളരെയേറെ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു. ഈ ഗവൺമെൻറിൻെറ കാലത്ത് കൂടുതൽ റോഡുകളുടെ നിർമ്മാണം പൂർത്തിയായി. ആ റോഡുകളുടെ കിലോമീറ്ററുകളുടെ എണ്ണം, കഴിഞ്ഞ നിയമസഭയിൽ പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ലേബർ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഇത്രയേറെ തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച്, തൊഴിൽ മേഖലയിൽ ശാന്തതയുണ്ടാക്കിയിട്ടുള്ള മറ്റൊരു കാലഘട്ടവുമുണ്ടായിട്ടില്ലെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുപോലെ തന്നെ ഇന്റസ്ട്രിയറെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞ കാലഘട്ടം വേറെ ഉണ്ടായിട്ടില്ലെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഓരോ ഡിപ്പാർട്ടുമെൻറും എടുത്താൽ അതാണ് സ്ഥിതി.

അടുത്തതായി ഞാൻ ഡെഫിസിറ്റിനെക്കുറിച്ച് പറയാം. ഇവിടെ ശ്രീ. പി. വി. മുഹമ്മദ് പ്രസംഗിച്ചപ്പോൾ പറഞ്ഞു ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ 142 കോടി രൂപയുടെ കമ്മിയുമായി വന്നു എന്ന്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന് നാലര വർഷം കൊണ്ട് അത് മിച്ചമാക്കി.

ശ്രീമതി കെ. ആർ. ഗൗരി: ഇത് ആരാണ് ഏൽപ്പിച്ചത്?

ഡോ. കെ. സി. ജോസഫ്: ശ്രീ. നായനാർ ഗവൺമെൻറ് രാജിവച്ച് ഈ ഗവൺമെൻറ് അധികാരം ഏറ്റെടുക്കുമ്പോൾ ഡെഫിസിറ്റ് എത്രയായിരുന്നു? അതാണ് ശ്രീ. പി. വി. മുഹമ്മദ് ഷറഞ്ഞത്. ആ കട ബാദ്ധ്യതയിൽനിന്നും ഈ ബഡ്ജറ്റ് അവതരിപ്പിച്ച് കഴിഞ്ഞ സാമ്പത്തിക വർഷാവസാനം 168 കോടി രൂപയുടെ മിച്ചവുമാണ് ഈ വർഷം മുന്നോട്ടു പോകുന്നത്. ആ നിലയിൽ ഒരു പേമെൻറും സ്റ്റോപ്പ് ചെയ്യാതെ കൊണ്ടുപോകുവാനും ഇവിടത്തെ സാമ്പത്തിക രംഗം ഭദ്രമാക്കാനും കഴിയും.

അതുപോലെതന്നെ വാർദ്ധക്യകാല പെൻഷനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ ഇവിടെ പറയുകയുണ്ടായി. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, ക്ഷയരോഗികൾക്കുള്ള പെൻഷൻ, ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ അങ്ങനെയുള്ള ക്ഷേമ പെൻഷനുകൾ എല്ലാം തന്നെ ഈ സാമ്പത്തിക വർഷം, അതായത് മാർച്ച് മാസം 31-ാം തീയതിക്കു മുൻപായി കൊടുത്തു തീർക്കുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സപ്ലിമെൻററി ഡിമാൻറിന്റെ മറുപടിയിൽ പറഞ്ഞു കേട്ടത്. അദ്ദേഹം കൊടുക്കുമെന്ന് പറഞ്ഞാൽ അതിൽ സംശയിക്കേണ്ട കാര്യമില്ല. ഇതിനാവശ്യമായ പണം ബാക്കിയുണ്ട്. ഇവിടെ ബാക്കിയുള്ള മിച്ചം കാണിക്കുകയുണ്ടായി.

ശ്രീ. ഇ. കെ. നായനാർ: പ്രൊഡക്ഷൻ ബോണസ് എവിടെ പോയി?

ഡോ. കെ. സി. ജോസഫ്: ഏത് പ്രൊഡക്ഷൻ ബോണസ്സിന്റെ കാര്യമാണ് പറയുന്നത്. അത് ഇതുവരെയുണ്ടായിരുന്നില്ല. ഇല്ലാത്ത ബോണസ് കൊടുക്കുന്നില്ലെന്ന് പറയുന്നതിൽ എന്താണ് കാര്യം?

ശ്രീ. ഇ. കെ. നായനാർ: ഈ കണക്കൊന്നും അറിയാതെ ശ്രീ. പി. വി. മുഹമ്മദ് പറഞ്ഞുവെന്ന് പറഞ്ഞ് എന്തിന് വൃത്തികേടും, പറഞ്ഞാൽ അതിൽ എന്താണൊർത്ഥം? 300 കോടിയുടെ ഡെഫിസിറ്റാണ് അന്നുണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ്: ശ്രീ. പി. വി. മുഹമ്മദ് പറഞ്ഞതുപോലെയെന്ന് പറഞ്ഞാൽ ഇവിടത്തെ കട ബാദ്ധ്യതകളും, ഡെഫിസിറ്റുകളും ഓരോ ഗവൺമെൻറും അധികാരത്തിൽ വരുന്ന സമയത്തുള്ള കണക്കുകളും, ഓരോ വർഷാവസാനത്തുള്ള കണക്കുകളുമെല്ലാം ഈ നിയമസഭയുടെ മുൻപിൽ വച്ചിട്ടുള്ള പരസ്യ രേഖകളാണ്. അതിൽ പറഞ്ഞിരിക്കുന്ന കണക്കുകളെ ആസ്പദമാക്കിക്കൊണ്ടാണ് പോകുന്നത്. അങ്ങനെ അവസാനം വച്ചിരിക്കുന്ന ബഡ്ജറ്റിലൂടെ പറഞ്ഞിരിക്കുന്നത് കഴിഞ്ഞ സാമ്പത്തിക വർഷാവസാനം 168 കോടി രൂപയുടെ മിച്ചമുണ്ടാകുമെന്നാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോഴും കടബാദ്ധ്യതയായിരുന്നുവെന്ന് നമുക്കറിയാം. ആ നിലയിൽ സാമ്പത്തിക രംഗം കടബാദ്ധ്യതയിൽനിന്നും സാമ്പത്തിക സ്ഥിരതയിലേക്ക് കൊണ്ടുവരാൻ ഈ ഗവൺമെൻറിന് കഴിഞ്ഞു. സർ, ശ്രീ. കെ. എം. മാണി ബഡ്ജറ് അവതരിപ്പിച്ചുകൊണ്ട് 168 കോടി രൂപയുടെ മിച്ചമുണ്ടാകുമെന്ന് പറഞ്ഞു. എന്നാൽ കേന്ദ്ര ധനകാര്യ വകുപ്പ് റിസർവ്വ് ബാങ്കുകളിലെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ശ്രീ. കെ. എം. മാണി പറഞ്ഞതിനേക്കാൾ കൂടുതൽ മിച്ചം കേരളത്തിന് ഉണ്ടെന്ന് പറയുകയുണ്ടായി. അതിനെതിരായ ഒരു രേഖയും ഇതുവരെ വന്നിട്ടില്ല. അന്ന് തന്നെ ശ്രീ. കെ. എം. മാണി ബഡ്ജറ് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നു, വളരെ സൂക്ഷിച്ചു മുന്നോട്ടു പോകേണ്ടിയിരിക്കുന്നുവെന്ന്. സാമ്പത്തിക ചെലവുകൾ കർശനമായ അച്ചടക്കത്തോടുകൂടി പോകേണ്ടിയിരിക്കുന്നു. കരുതലോടെ ഇരുന്നില്ലെങ്കിൽ ഇനിയും സാമ്പത്തിക ബാദ്ധ്യതയിലേക്ക് പോകാൻ സാദ്ധ്യതയുണ്ടെന്ന് അദ്ദേഹം തന്നെ പറയുകയുണ്ടായി. ആ നിലയിൽ ഭീമമായ കടബാദ്ധ്യതയിൽനിന്ന് സാമ്പത്തിക ഭദ്രതയുണ്ടാക്കാൻ കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് ഈ ഗവൺമെൻറിന് കഴിഞ്ഞുവെന്ന വസ്തുത വിസ്മരിക്കേണ്ട കാര്യമില്ല. ഞാൻ ഒരൊറ്റ കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. ഇവിടെ ചില ആളുകൾ കേരളാ കോൺഗ്രസ്സിലെ യോജിപ്പിനെ കുറിച്ചു പറഞ്ഞു: കേരളാ കോൺഗ്രസ് പാർട്ടി മൂന്നാണ് മൂന്ന് ഗ്രൂപ്പാണ് എന്നൊക്കെ ഇവിടെ പറയുകയുണ്ടായി. അങ്ങനെയൊന്നുമില്ല. കേരളാ കോൺഗ്രസ് പാർട്ടി ഒരൊറ്റ പാർട്ടിയായി ഞങ്ങൾ യോജിച്ചു പോകുകയാണ് ചെയ്യുന്നത്. ശ്രീ. പി. ജെ. ജോസഫ് ചെയർമാനും, ശ്രീ. കെ. എം. മാണി പാർലമെൻററി പാർട്ടി ലീഡറുമായി കേരളാ കോൺഗ്രസ് പാർട്ടി ഒറ്റക്കെട്ടായി മുന്നോട്ടുപോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. പാർട്ടിയെന്നുള്ളത് കേരള സംസ്ഥാനത്തിന് വേണ്ട. കേരളത്തിലെ സാധാരണക്കാരായ.....

ശ്രീ. വി. സി. കബീർ: അങ്ങ് ഡൽഹിയിൽ പോയിട്ട് ഏതാണ്ട് കൂടിയാലോചനകളൊക്കെ നടത്തിയതായി കേട്ടല്ലോ? എന്താണ് സംഗതികൾ?

ഡോ. കെ. സി. ജോസഫ്: കേരള സംസ്ഥാനത്തിന് വേണ്ടി കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കേരളാ കോൺഗ്രസ് പാർട്ടി കഴിഞ്ഞ കാലഘട്ടത്തിൽ എടുത്ത ഒരു നിലപാടുണ്ട്. ആ നിലപാട് തുടർന്നുകൊണ്ട് ഈ സംസ്ഥാനത്തിൻെറ ഉത്തമ താൽപ്പര്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു ഒറ്റക്കെട്ടായി മുമ്പോട്ടു പോകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്, കേരളാകോൺഗ്രസ്സിൻെറ കേന്ദ്രനേതൃത്വത്തിൽപ്പെട്ട ഒരാളെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ കോൺഗ്രസ്സിന്റെ കേന്ദ്ര നേതൃത്വത്തിൽപ്പെട്ടവരുമായിട്ടൊക്കെ സംസാരിച്ചിരിക്കും. ഞങ്ങൾ ഘടക കക്ഷികളാണ്. അതിനകത്ത് മറ്റ് കാര്യങ്ങൾ കൊണ്ടുവരുന്നതിൽ കാര്യമൊന്നുമില്ല. ഈ പാർട്ടി മറ്റ് പാർട്ടിയിലൊന്നും ലയിക്കുന്ന പ്രശ്നമില്ലെന്ന് പാർട്ടി ചെയർമാൻ ശ്രീ. പി. ജെ. ജോസഫും പാർലമെന്ററി പാർട്ടി നേതാവായ ശ്രീ. കെ. എം. മാണിയും ഒറ്റക്കെട്ടായി പറഞ്ഞിരിക്കുന്നു. ഈ പാർട്ടി വേറൊരു പാർട്ടിയിലും ലയിക്കുകയില്ല. ഈ നിലയിൽ വ്യക്തിത്വം നിലനിർത്തിക്കൊണ്ടു പോകുമെന്ന് പറയുന്നതിനെതിരായി പ്രചരണങ്ങൾ നടത്തുന്നതിൽ യാതൊരു അർത്ഥവും ഇല്ലെന്ന് പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. നാലകത്തുസൂപ്പി)

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, 75 ലക്ഷം രൂപയുടെ സപ്ലിമെന്ററി ഡിമാൻഡുമായിട്ടാണ് ധനകാര്യവകുപ്പുമന്ത്രി വന്നിരിക്കുന്നത്. ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ആവശ്യങ്ങൾക്കുവേണ്ടിയും മുൻകൂട്ടി കാണാൻ കഴിയാത്ത ആവശ്യങ്ങൾക്കുവേണ്ടിയും നിയമസഭയുടെ അനുവാദമില്ലാതെ സംഖ്യ ചെലവാക്കേണ്ടിവരും. നമ്മുടെ സംസ്ഥാനം ഇപ്പോൾ വളരെ പ്രധാനപ്പെട്ട, ഗുരുതരമായ ഒരു അവസ്ഥയിലേയ്ക്ക് നീങ്ങുകയാണ്. കാലവർഷം ചതിച്ചിരിക്കുന്നു. നഗര പ്രദേശങ്ങളിൽ പോലും കുടിവെള്ളം ഇല്ല. യാത്രചെയ്യുന്നവർക്ക് നമ്മുടെ സഹോദരിമാർ രാത്രി 12 മണിക്കും രണ്ടുമണിക്കും തെരുവുകളിൽ കുഴൽവെള്ളത്തിനുവേണ്ടി പൈപ്പുകളുടെ മുൻപിൽ ക്യൂ നിൽക്കുന്നത് കാണാൻ കഴിയും. വെള്ളത്തിനുവേണ്ടി കണ്ടിൻജൻസി ഫണ്ടിൽ നിന്നും സംഖ്യ എടുത്തിരുന്നുവെങ്കിൽ മനസ്സിലാക്കാം. എന്താണെന്ന് അറിഞ്ഞുകൂടാ, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ സംഖ്യപോലും അതിനുവേണ്ടി ചെലവഴിക്കുന്നില്ല. കഴിഞ്ഞ ഡിസംബർ 31 വരെ കേരള വാട്ടർ അതോറിറ്റിക്കുവേണ്ടി നീക്കിവച്ച സംഖ്യയിൽ 8 കോടി രൂപയോളം പോലും കൊടുത്തു തീർന്നിട്ടില്ല.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മുഴുവൻ പ്രവർത്തനവും പൂർത്തീകരിച്ച, ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതുകൊണ്ട് മാത്രം പ്രവർത്തനം ആരംഭിക്കാത്ത ശുദ്ധജലവിതരണ പദ്ധതികളെക്കുറിച്ച് ചോദ്യമുണ്ടായിരുന്നു. ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി ഈ സഭയിൽ ഉറപ്പുതന്നു, മുൻപിൽ ഇരിക്കുന്നവർ എങ്കിലും എഴുതിത്തന്നാൽ ദിവസങ്ങൾക്കകം കണക്ഷൻ നൽകാം എന്ന്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മൂന്നു ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിച്ചു. ഡിപ്പോസിറ്റ് വച്ചുമില്ല, കണക്ഷൻ കിട്ടിയതുമില്ല. നിയമസഭയിൽ അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാൻ എഴുതിക്കൊടുത്തു. നിയമസഭയുടെ സമ്മേളനം വീണ്ടും വന്നു. ഞാൻ ഇന്നും രാവിലെ കോഴിക്കോട് വിളിച്ചുചോദിച്ചു. അതിനുള്ള സംഖ്യ പോലും കൊടുക്കാൻ കഴിഞ്ഞില്ല. ഇത്രയും പ്രധാനപ്പെട്ട കാര്യങ്ങൾക്ക് വേണ്ടി പോലും പണം ചെലവഴിക്കാത്ത ഒരു സമീപനമാണ് കഴിഞ്ഞ നാലേമുക്കാൽ കൊല്ലമായി ഈ ഗവൺമെന്റ് സ്വീകരിച്ചുവന്നിട്ടുള്ളത്. ഇടതുപക്ഷ ഗവൺമെന്റിനെ അധികാരത്തിൽ നിന്നും ഇറക്കാൻ രാഷ്ട്രീയ നയത്തേക്കാളേറെ, ജാതിയും മതവും, സമുദായവും സമുദായ വികാരവും ആളിക്കത്തിക്കാനാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇവർ ശ്രമിച്ചത്. ഇപ്പോഴും ഒരു തിരഞ്ഞെടുപ്പിന്റെ രംഗത്താണ് നാം. ഒരു ധർമ്മ യുദ്ധത്തിലേക്ക് നാം പോകുന്നു. അങ്ങനെ പോകുമ്പോഴും സ്വാഭാവികമായും ജനങ്ങളോട് ഇന്നയിന്ന കാര്യങ്ങളും ചെയ്തിട്ടുണ്ടെന്ന് ഈ സർക്കാരിനു പറയാൻ കഴിയണം. ഇവിടെ സംസാരിച്ച എല്ലാ സുഹൃത്തുക്കളും പറഞ്ഞ ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. ഭവനനിർമ്മാണ പദ്ധതികളൊഴിച്ച് നാലേമുക്കാൽ കൊല്ലമായി ഈ സംസ്ഥാനഗവൺമെന്റ് എന്ത് ചെയ്തുവെന്ന് വളരെ വാശിയോടെ സംസാരിച്ചവർപോലും പറഞ്ഞില്ല. നമ്മുടെ സംസ്ഥാനത്തിനു പ്രത്യേക പ്രശ്നങ്ങളുണ്ട്. ആ പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ എന്ത് ചെയ്തു? ഇപ്പോൾ പറയുന്നത് പ്രധാനമന്ത്രിയെ ഡൽഹിയിൽ പോയി കണ്ട് നമ്മുടെ മുഖ്യമന്ത്രി 1,700 കോടി രൂപയുടെ പുതിയ പദ്ധതികൾ സമർപ്പിച്ചു, അത് പരിശോധിക്കാൻ പോകുന്നു എന്നാണ്.

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. പദ്ധതികൾക്ക് 50 ശതമാനം ചെലവ് സംസ്ഥാനഗവൺമെന്റ് കൊടുക്കണമെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: പ്രസിഡന്റ് ഭരണം നടത്തിയാലും സെൻട്രൽ സ്കീമാണ്, അതിന് കൊടുക്കേണ്ടിവരും. അത് ഗവർണ്ണർ ഭരിച്ചാലും നടപ്പിലാക്കുന്നതാണ്. നിങ്ങളുടെ മിടുക്ക് വേണ്ട. ഗവർണ്ണർ ഭരിക്കുന്ന സ്റ്റേറ്റുകളും (ടെറിട്ടോറിയൽ സ്റ്റേറ്റുകളും) ഇൻഡ്യയിലുണ്ട്. ഡൽഹിയിൽ ഇത് നടപ്പിലാക്കുന്നു. ഈ സംസ്ഥാനത്തിന്റെ കാര്യം പ്രത്യേകമായി എടുത്തു പറയുന്നു. പ്രധാനമന്ത്രി വരാൻ പോകുന്നു, കുറച്ചു സംഖ്യ തരുമെന്ന് വാഗ്ദാനമുണ്ടായി എന്നെല്ലാം പറയുന്നു. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പ് കാലത്ത് പാലക്കാട് കോട്ട മൈതാനിയിൽ വച്ച് മുപ്പതിനായിരം ചെറുപ്പക്കാർക്ക് ജോലി കിട്ടുന്ന കോച്ച് ഫാക്ടറി അവിടെ സ്ഥാപിക്കുമെന്നു വാഗ്ദാനം ചെയ്തിരുന്നു. ആ വാഗ്ദാനം എന്തായി? അതിന്റെ പേരിൽ ഇവിടെ നടക്കുന്ന രാഷ്ട്രീയ പൊല്ലാപ്പിലേക്ക് ഞാൻ കടക്കുന്നില്ല. നാലേമുക്കാൽ കൊല്ലമായി ഈ സ്റ്റേറ്റിന്റെ പ്രത്യേകമായ എന്ത് പ്രശ്നത്തിന് നിങ്ങൾ വാദിച്ച് വിജയിച്ചു എന്നു പറയാൻ കഴിയണം. മറിച്ച് ഞങ്ങൾക്ക് പറയാനുണ്ട്. സംശുദ്ധമായ ഭരണത്തിനുവേണ്ടി അധികാരത്തിൽ വന്നവരാണ് നിങ്ങൾ. മന്ത്രിമാരെ സ്ഥാനാർത്ഥികളായി നിറുത്തിക്കൊണ്ട് അഴിമതിയില്ലാത്ത ഭരണത്തിന് വേണ്ടി വോട്ട് ചോദിക്കാൻ ഇപ്പോൾ നിങ്ങൾക്ക് സാധിക്കുമോ? ബുദ്ധിജീവികൾ, ഭരണകക്ഷിയിലെ ഘടകകക്ഷികൾ, യുവജന വിദ്യാർത്ഥി സംഘടനകൾ, ഭരണകക്ഷിയിലെ അംഗങ്ങൾ ഇവർ കഴിഞ്ഞ നാലേമുക്കാൽ കൊല്ലമായി ഈ നാട്ടിലെ ജനങ്ങളുടെ മുൻപിൽ വച്ചിട്ടുള്ള ഈ സർക്കാരിനെതിരായ, മന്ത്രിമാർക്കെതിരായ, നേതാക്കൻമാർക്കെതിരായ അഴിമതിയുടെ ചിത്രം വച്ചുകൊണ്ട് സംശുദ്ധമായ ഭരണമാണ് ഇവിടെ നടക്കുന്നതെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? ശ്രീ. എം. പി. ഗംഗാധരൻ പുറത്തു നിൽക്കുന്നു; ശ്രീനിവാസൻ പുറത്തുനിൽക്കുന്നു.

ഇന്നലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഒരു റിപ്പോർട്ട് ഇവിടെ സമർപ്പിച്ചു. ഏറ്റവും വലിയ പ്രശ്നമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി വാങ്ങുന്നതിനെടുത്ത നടപടി. പബ്ലിക്

LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ടന്റ് ജനറൽ കമ്മിറ്റി ഇവിടെ വച്ചിട്ടുള്ള റിപ്പോർട്ടിൽ പറയുന്നു, പത്തുകോടി രൂപയെങ്കിലും ഈ സംസ്ഥാനത്തിന് നഷ്ടം വരുത്തിയിരിക്കുന്നു എന്ന്. അവർ അതിന്റെ ഡീറെയിൽസിലേക്ക് പോയിട്ടുണ്ട്. കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയെന്ന് സംശയിക്കാവുന്ന ഒരു റിപ്പോർട്ടാണ് എ. ജി. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്നലെ ഈ സഭയിൽ സമർപ്പിച്ചിട്ടുള്ളത്. ബീരാൻ സാഹിബിനെ ജനങ്ങളുടെ മുൻപിൽ നിറുത്തിക്കൊണ്ട് അഴിമതിയില്ലാത്ത ഗവൺമെന്റ് ആണ് ഇതെന്ന് പറയാൻ സാധിക്കുമോ?

സിമന്റ് ഇടപാടിനെക്കുറിച്ചൊന്നും ഞാൻ ഇവിടെ പറയുന്നില്ല. പാവം ആന്റോയ്ക്കുവേണ്ടി കോടതിയെ സ്വാധീനിച്ച് സ്വയം അഴിമതി നടത്തിയ, ഈ മുഖ്യമന്ത്രിയെ നിറുത്തിക്കൊണ്ട് അങ്ങനെ പറയാൻ സാധിക്കുമോ? ജനാബ് സി. എച്ച്. മുഹമ്മദുകോയ, കിടങ്ങൂർ, ശ്രീ. കരുണാകരൻ തുടങ്ങിയ സാമുദായിക നേതാക്കൻമാരെല്ലാം കാമ്പെയിൻ മാനേജർമാരായി സമുദായ വിപ്ലവം ഇളക്കിവിട്ട്, ഞങ്ങളേക്കാൾ 95,000 വോട്ട് അധികം കിട്ടി അധികാരത്തിൽ വന്നവരാണ്. പക്ഷേ അവർക്ക് ഒരു നേട്ടമുണ്ട്. നാലരക്കൊല്ലംകൊണ്ട് ഇപ്പുറത്തെ കുറെ എം. എൽ. എ. മാരെ അപ്പുറത്തേക്ക് പിടിക്കാൻ സാധിച്ചിട്ടുണ്ട്. അതും നേട്ടമായി പറഞ്ഞു. നിങ്ങൾ അവിടെ ഇരുന്നിരുന്ന് ക്ഷീണിച്ചിരിക്കുന്നു. ഞങ്ങൾ ഇവിടെ വളർന്നുവളർന്ന് കുറേ എം. എൽ. എ. മാർ അപ്പുറം വന്നിരിക്കുന്നു. എം. എൽ. എ. മാർ കൂറ് മാറിയതുകൊണ്ട് അവർക്ക് വോട്ട് ചെയ്ത നല്ല ജനങ്ങൾ കൂറ് മാറുമോ? ഞാൻ നേരത്തേ ഇവിടെ ചോദിച്ചു. കേരളത്തിൽ കൂറ് മാറിയ എം. എൽ. എ. മാരിൽ ഒരാൾ, മാത്രമേ വീണ്ടും ജനങ്ങളെ സമീപിച്ചിട്ടുള്ളൂ. ഉദുമയിലെ കുഞ്ഞിരാമൻ നമ്പ്യാർ. അദ്ദേഹം ഇപ്പോൾ ഉദുമയിൽ ഇരിക്കുകയാണ്. അദ്ദേഹം തിരിച്ചുവന്നാൽ കൂറ് മാറുന്ന എം. എൽ. എ. മാരുടെ കൂടെയാണ്, ഞങ്ങൾ എന്ന് കാലുമാറുന്ന എം. എൽ. എ. മാരെ വച്ച് പറയാൻ സാധിക്കുമോ? ഞാൻ പറഞ്ഞു വന്നത് ശ്രീ. രാജീവ് ഗാന്ധിയുടെ ഗവൺമെന്റ് വന്നതിനുശേഷം ഞങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള ഇന്നയിന്ന വിശ്വാസപ്രമാണങ്ങൾക്ക് വേണ്ടി ഈ രാജ്യത്ത് ചില പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് ഇന്ദിരാ കോൺഗ്രസിന് അവകാശപ്പെടാൻ കഴിയുമോ? രാജീവ് ഗാന്ധിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും പ്രമാദമായി പൊക്കിപ്പിടിക്കുന്നത് കൂറുമാറ്റ നിരോധന നിയമമാണ്. ഇൻഡ്യയിലെ രാഷ്ട്രീയ കക്ഷികളെ സംബന്ധിച്ചിടത്തോളം ചില വിശ്വാസപ്രമാണങ്ങളുടെ അടിസ്ഥാനത്തിലാണ് ആ രാഷ്ട്രീയ കക്ഷികൾ നിലനിൽക്കുന്നതും പ്രവർത്തിക്കുന്നതും. ഒരു കക്ഷിയുടെ രേണഘടനയെ സംബന്ധിച്ചിടത്തോളം ആ കക്ഷിയിലെ അംഗങ്ങൾക്കാണ് ചോദ്യം ചെയ്യാൻ അവകാശമുള്ളത്: കൂറുമാറ്റ നിരോധന നിയമത്തിൽ ഓരോ സംസ്ഥാനത്തിലും പ്രത്യേകം യൂണിറ്റുകൾ എടുത്തിരിക്കുകയാണ്. പാർലമെന്റും രാജ്യസഭയും സ്റ്റേറ്റ് അസംബ്ലിയും കൗൺസിലുകളുമാണ് കൂറുമാറ്റ സമിതിയിലെ അംഗങ്ങൾ. കൂറുമാറ്റം മൂന്നിലൊരുഭാഗം ഉണ്ടായിരുന്നുവെങ്കിൽ ഗ്രൂപ്പ് ആയിരിക്കാം. മൂന്നിൽ രണ്ടുഭാഗം ആണെങ്കിൽ ലയിക്കാം. ആ കൂറുമാറ്റ നിരോധന നിയമത്തെ അതിപ്രമാദമായി പൊക്കിപ്പിടിച്ചിട്ടുള്ള രാജീവ്ഗാന്ധിതന്നെ നേതൃത്വം ഏറ്റെടുത്തുകൊണ്ട് ഇന്ദിരാ കോൺഗ്രസ് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഭരിച്ചതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് എന്ത് മെച്ചം ഉണ്ടായിയെന്ന് പറയാൻ കഴിയുമോ? ഒരു പക്ഷേ പറയാം എസ്. ആർ. പി. യെ പൊളിച്ചിരിക്കുന്നു, എൻ. ഡി. പി. യെ പൊളിച്ചിരിക്കുന്നു, സമുദായവാദികളെ തകർത്തിരിക്കുന്നു എന്ന്. ഈ ഭരണം കൊണ്ട് ഈ സംസ്ഥാനത്തിന് എന്ത് നേട്ടമുണ്ടായി.

വികസന പ്രവർത്തനങ്ങളൊന്നും പുരോഗമിച്ചിട്ടില്ല. രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. കാർഷിക രംഗത്ത് ഒരു നേട്ടവും ഉണ്ടാക്കിയിട്ടില്ല. ഭരണരംഗത്തു അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും നിഷ്ക്രിയത്വവും ഇത്രമാത്രം യോജിച്ചുവന്നിട്ടുള്ള കാലമുണ്ടായിട്ടുണ്ടോ? നമ്മുടെ ആശുപത്രികളിൽ മരുന്നുണ്ടോ? പരീക്ഷകൾ നടക്കുന്നുണ്ടോ? വിദ്യാർത്ഥികൾക്ക് പരീക്ഷ പാസ്സാകാൻ കഴിയുന്നുണ്ടോ? ഈ നിയമസഭ നടക്കുമ്പോൾ പേരൂർക്കട ആശുപത്രിയിൽനിന്നു ഒരു രോഗി കൊടുത്തയച്ചതാണ് സർ ഇത്. (ബ്രെഡ് എടുത്തു കാണിച്ചു.) അവിടെ ഇന്നലെ വിതരണം ചെയ്ത ബ്രെഡ്ഡാണിത്. ഇതു പരിശോധിക്കണം സർ. ആശുപത്രികളിൽ മരുന്നില്ല. രോഗികൾക്ക് കൊടുക്കുന്ന ബ്രെഡ്ഡിൽ പോലും കോഴ നടക്കുന്നു. കരാർ കൊടുക്കുമ്പോൾ കൈക്കൂലി വാങ്ങുന്നതുകൊണ്ടും അതിന്റെ പേരിൽ ശ്രദ്ധയില്ലാത്തതുകൊണ്ടും മനപ്പൂർവ്വം ഇത്തരം താണ ബ്രെഡ് പോലും ആശുപത്രികളിൽ കൊടുക്കുന്ന സ്ഥിതിയാണുള്ളത്. ശ്രീ. ഭാസ്കരൻ ഇവിടെ പ്രസംഗിച്ചപ്പോൾ വിലപിച്ചത് കേട്ടില്ലേ? കണ്ണൂരിൽ വെള്ളമില്ല. മരുന്നില്ല. പെൻഷൻ കൊടുക്കുന്നില്ല.....(ബഹളം).....

ശ്രീ. തച്ചടി പ്രഭാകരൻ: കണ്ണൂരിൽ പെൻഷൻ കൊടുക്കുന്നില്ലെന്നു മെമ്പർ എഴുതിത്തന്നാൽ അവിടെ പെൻഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. എ. സി. ഷൺമുഖദാസ്: ആ കടലാസ് നഷ്ടപ്പെടുത്താൻ ഞാൻ തയ്യാറല്ല. കാരണം ഈ മന്ത്രിമാരുടെ വാക്കും പഴയ ചാക്കും ഒരുപോലെയാണ്.....(ബഹളം).....ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഭാസ്കരൻ കൊടുക്കൂ. എനിക്ക് വേണ്ട. എന്റെ നിയോജകമണ്ഡലത്തിലല്ല. സർ, ഇവരോടൊക്കെയാണോ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ജനാധിപത്യമതേതരത്വത്തിനുവേണ്ടി നിങ്ങൾ വോട്ട് ചോദിക്കാൻ പോകുന്നത്. നിങ്ങൾ പറഞ്ഞല്ലോ ഞങ്ങൾ ശരിയത്തും കുറൈാറി പ്രശ്നവും ബാബറി മസ്ജിദ് പ്രശ്നവുമൊക്കെ പറയുന്നെന്ന്. ഇതൊക്കെ ഞങ്ങൾ ഉണ്ടാക്കിയതാണോ? കുറൈാറി പൗരൻമാർ ഇവിടെ വന്നതിന് ഉത്തരവാദി ഞങ്ങളാണോ? അവർക്ക് ദേശീയപതാക കുത്തിയ കാർ കൊടുത്തതിന് ഞങ്ങൾ ഉത്തരവാദിയാണോ? അവരെ വിശിഷ്ടാതിഥികളായി പരിഗണിച്ചതിന് ഞങ്ങൾ ഉത്തരവാദികളാണോ? രാഷ്ട്രീയം കളിക്കുന്നതിനുവേണ്ടി എല്ലാ മൂല്യങ്ങളും എല്ലാ തത്വങ്ങളും കോൺഗ്രസ് (ഐ) ഇന്നു കാറിൽ പറത്തിയിരിക്കുകയാണ്. അധികാരത്തിലിരിക്കാൻ വേണ്ടി, ഭരണത്തിലിരിക്കാൻ വേണ്ടി ഏതു കുൽസിതമാർഗ്ഗവും സ്വീകരിക്കുന്നു. ഇപ്പോൾ ഹസ്സനു അതിൽ വേദനയുണ്ട്. അതുകൊണ്ടാണ് ശ്രീ. കെ. പി. പ്രഭാകരനും ബേബി ജോണും അപ്പുറത്തു വരണമെന്നു ഹസ്സൻ പറയുന്നത്. അങ്ങനെ വന്നാലേ രക്ഷപ്പെടുകയുള്ളൂ. ലീഗിൽനിന്നും കേരളാ കോൺഗ്രസ്സിൽ നിന്നും രക്ഷിക്കുവാനാണ്

LIBRARY ARCHIVES Kerala Legislative Assembly

ഹസ്സൻ ശ്രമിക്കുന്നത്. അവർ ഉണ്ടായാലും ഭൂരിപക്ഷം കിട്ടുകയില്ല. അതുകൊണ്ടാണ് ഇവരെ ക്ഷണിക്കുന്നത്, കോൺഗ്രസ് എസ്സിനെ ക്ഷണിക്കുന്നത്. എന്തിനാണ് ഹസ്സൻ ക്ഷണിക്കുന്നത്? നിങ്ങൾക്ക് 423 സീറ്റ് പാർലമെന്റിലുണ്ടായിട്ടും ഈ രാജ്യത്തെ രക്ഷിക്കാൻ കഴിവില്ലാത്തതുകൊണ്ട് ഇപ്പുറത്തു നിന്നു ഞങ്ങളും കൂടി അപ്പുറത്തു വരണം. നിങ്ങൾക്ക് സ്വയം രക്ഷിക്കാൻ കഴിയാത്തത് വ്യക്തമായ നയമില്ലാത്തതുകൊണ്ടാണ്. വ്യക്തമായ പരിപാടിയില്ലാത്തതുകൊണ്ടാണ്. നയവും പരിപാടിയുമില്ലാത്ത ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനത്തുള്ളത്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ അഴിമതിയും കൈക്കൂലിയും വർഗ്ഗീയ വാദവും സ്വജനപക്ഷപാതവുമുള്ള ഒരു ഗവൺമെന്റാണിത്. ഒരു സോഷ്യലിസ്റ്റ് ആധിപത്യഭരണമല്ലേ ഇവിടെ നടക്കുന്നത്? കെ. ഇ. ആറിന്റെ പ്രൊവിഷനുകളും ലംഘിച്ചുകൊണ്ടുള്ള, നിയമങ്ങളും ലംഘിച്ചുകൊണ്ടുള്ള സെക്രട്ടേറിയറ്റ് മാനുവൽ ലംഘിച്ചുകൊണ്ടുള്ള ഒരു ഭരണമാണ് ഇവിടെ നടക്കുന്നത്. നിയമത്തിന്റെ മൂലാമാലകളിൽ നിന്നു രക്ഷപ്പെടാൻ ശ്രമിക്കരുത്. സാങ്കേതികമായി രക്ഷപ്പെടാൻ കഴിയുകയില്ല. ധാർമ്മികവും രാഷ്ട്രീയ സദാചാരപരവുമായ നിലപാടെടുക്കണം. സർ, അങ്ങേയ്ക്ക് ഈ ഗവൺമെന്റിനെക്കുറിച്ചു ശബ്ദിക്കേണ്ടിവന്നിട്ടുള്ള സമയത്തൊക്കെ നല്ല ഒരു വാക്ക് ഇവരെക്കുറിച്ചു പറയാൻ കഴിഞ്ഞിട്ടുണ്ടോ? അതുതന്നെയാണ് കേരളത്തിലുള്ള ശരാശരി പൊതുജനങ്ങൾക്ക് ഈ ഗവൺമെന്റിനെക്കുറിച്ചുള്ള അഭിപ്രായം. അതുകൊണ്ടാണ് ശ്രീമാൻ തച്ചടി, ഞങ്ങൾ നിങ്ങളെ വെല്ലുവിളിക്കുന്നത്. ഈ ധർമ്മയുദ്ധത്തിൽ ഞങ്ങളെ ജനങ്ങൾ സാമുദായിക വർഗ്ഗീയശക്തികൾക്കെതിരായി തെരഞ്ഞെടുക്കാൻ പോകുന്നു. 1978 ഏപ്രിൽ മാസത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന പ്രമേയം ഞങ്ങൾ അംഗീകരിച്ചത്. അന്നു ഞങ്ങൾ പ്രതിപക്ഷത്തല്ല. ഞങ്ങൾ ഭരണകക്ഷിയിലായിരുന്നു. അന്നു മാർക്സിസ്റ്റ് പാർട്ടി പ്രതിപക്ഷത്താണ്. ഭരണത്തിലിരുന്ന ഞങ്ങൾ ഇടതുപക്ഷജനാധിപത്യമുന്നണി വേണമെന്ന പ്രമേയം പാസ്സാക്കിയത് അധികാരത്തിൽ വരാനോ തിരഞ്ഞെടുപ്പിൽ ജയിക്കാനോ ഉള്ള തന്ത്രമായിട്ടല്ല. തിരഞ്ഞെടുപ്പിന് കൊല്ലങ്ങൾ പിന്നെയും മൂന്നോ നാലോ ഉണ്ടായിരുന്നു. എന്നിട്ടും ഞങ്ങൾ പ്രമേയം പാസ്സാക്കിയത് ഇന്ദിരാഗാന്ധി രാജ്യത്തു ഉയർത്തിക്കൊണ്ടുവന്ന അവരുടെ വ്യക്തിപരമായ ആകർഷണവലയം, അവരുടെ സ്വാധീനം, അത് എത്തിച്ചേരുവാനിടയുള്ള ഏകാധിപത്യ രാഷ്ട്രീയ സ്വാധീനം—ഇതിനൊക്കെ എതിരായിട്ടാണ്. മറുഭാഗത്തു ജനതാപാർട്ടിയിലുള്ള മതേതരപുരോഗമന ശക്തികൾക്കെതിരായി ജനതാപാർട്ടിയിലെ ആർ. എസ്. എസ്. കാരേയും നേരിടാൻ ഇടതുപക്ഷ ജനാധിപത്യ ശക്തികൾ ഒന്നിച്ചു നിൽക്കണമെന്നാണ് 1978—ൽ കോൺഗ്രസ് എസ്. എറണാകുളത്തും ഡൽഹിയിലും പ്രമേയത്തിലൂടെ അഭ്യർത്ഥിച്ചത്. ആ രാഷ്ട്രീയനിലപാടാണ് ഞങ്ങൾ ഇപ്പോഴും സ്വീകരിക്കുന്നത്. ആ നിലപാട് മാറാൻ ആർക്കാണ് അധികാരം? ശരത്പവാറും ശ്രീ. പി. സി. ചാക്കോയും മറുകണ്ടം ചാടിയെന്നു പറയുന്നു. ഇന്നു ചാക്കോ എടുത്തിരിക്കുന്നത് ലയന മല്ല, ഏകീകരണമാണ്. കരുണാകരൻ അഭിപ്രായം പറയണം. ശ്രീ. ചാക്കോ പറഞ്ഞിരിക്കുന്നത് കൈയും ഉണ്ടാകുകയില്ല, ഐ—യും ഉണ്ടാകുകയില്ല എന്നാണ്. ശ്രീ. രാജീവ് ഗാന്ധി ഒറീംഗബാദിൽ പറഞ്ഞത് ഒരു പറ്റം പഴയ സുഹൃത്തുക്കൾ തിരിച്ചു വന്നിരിക്കുന്നു. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു എന്നാണ്. ലയിക്കുന്നു എന്നു പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജീവ് ഗാന്ധിയും പവാറും പങ്കെടുത്ത യോഗത്തിൽ പറഞ്ഞത് ഐ മാറാത്തത് സാങ്കേതികമായ കാരണത്താലാണെന്നാണ്. എന്താണ് സാങ്കേതികമായ കാരണം? കൂറുമാറ്റ നിരോധന നിയമപ്രകാരം നിങ്ങൾ ഇന്നു ലയിക്കുന്നു എന്നു പറഞ്ഞാൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം വന്നിട്ടുണ്ടെന്നു പറയുന്നതിന് സാങ്കേതികമായി നിങ്ങൾക്ക് ബാദ്ധ്യതയുണ്ട്. യഥാർത്ഥത്തിൽ ഇത് നഗ്നമായ കാലുമാറ്റവും കൂറുമാറ്റവുമാണ്. പോയവരെക്കുറിച്ചു എനിക്ക് ആക്ഷേപമില്ല. പക്ഷേ ഈ 52-ാം ഭേദഗതി പാർലമെന്റിൽ അവതരിപ്പിച്ചിട്ട് ഇന്ദിരാകോൺഗ്രസ് ഇതു സ്വീകരിച്ചതിലാണ് എനിക്ക് ആക്ഷേപം, ഇന്ദിരാ കോൺഗ്രസ് അതിനു നേതൃത്വം കൊടുത്തതിലാണ് എനിക്ക് ആക്ഷേപം. ഇന്ദിരാ കോൺഗ്രസ് നേതൃത്വം ഇത് ആലോചിച്ചിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. പവാറും ചാക്കോയും മുന്നോട്ടു വച്ചിട്ടുള്ള കാര്യങ്ങളെക്കുറിച്ച് രാഷ്ട്രീയമായ ചർച്ചയൊന്നും നടന്നിട്ടില്ല. ഞങ്ങൾ അവർക്ക് കൊടുക്കാൻ പോകുന്നത് സ്ഥാനമാനങ്ങളാണ്. ഞങ്ങൾ അവരെ വേണ്ടരീതിയിൽ പരിഗണിക്കും എന്നൊക്കെയാണ് പറഞ്ഞിരിക്കുന്നത്. വയലാർ രവിയെ പരിഗണിച്ചതുപോലെ പരിഗണിക്കുമെന്നാണോ അതോ ഉമ്മൻചാണ്ടിയെ പരിഗണിച്ചതുപോലെ പരിഗണിക്കുമെന്നാണോ പറയുന്നത്? അതല്ല ഹസ്സനെ പരിഗണിച്ചതുപോലെ പരിഗണിക്കുമോ? എനിക്കറിഞ്ഞുകൂടാ. കാരണം അവിടെ സാഷ്ടാംഗപ്രണാമം നടത്തുകയും അടിയറ പറയുകയും വ്യക്തിത്വം നിഷേധിക്കുകയും ചെയ്യണം. ഇവിടെ രാജീവ്ഗാന്ധിയും കരുണാകരനും പറയുന്നതനുസരിച്ചു താളംതുള്ളുന്നവർക്കു മാത്രമേ രക്ഷപ്പെടാൻ കഴിയുകയുള്ളൂ. സ്ഥാനമാനം കിട്ടുമെങ്കിൽ ചിലയാളുകൾ അതിന് തയ്യാറാകും. അവർ പോയതിൽ ഞങ്ങൾക്ക് അശേഷം ദുഃഖമില്ല. ഒരു കാര്യത്തിൽ ഞങ്ങൾക്ക് വേദനയുണ്ട്. ഈ കൂറുമാറ്റത്തിന്റെ ഫലമായി ഞങ്ങളുടെ പാർട്ടിയിൽ നേരിയ ഒരു കളങ്കമുണ്ടായിട്ടുണ്ട്. അധ്വാനത്തിലൂടെ രാഷ്ട്രീയപ്രവർത്തനത്തിലൂടെ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നിൽക്കുന്ന കോൺഗ്രസ് എസ്സിന്റെ സാധാരണ പ്രവർത്തകർ ഈ കളങ്കം കഴുകിക്കളയാനുള്ള ശ്രമത്തിലാണ്. ഈ കളങ്കം ഞങ്ങൾ കഴുകിക്കളയും. ഇടതുപക്ഷ ജനാധിപത്യ പുരോഗമനശക്തികളെ അണിനിരത്തിക്കൊണ്ടുള്ള രാഷ്ട്രീയ യുദ്ധത്തിൽ, രാഷ്ട്രീയപോരാട്ടത്തിൽ ഈ സംസ്ഥാനത്തെ ജനങ്ങൾ ഞങ്ങളുടെ കൂടെനിൽക്കുമെന്നു ഞങ്ങൾക്കു പൂർണ്ണവിശ്വാസമുണ്ട്. മൂന്നോ നാലോ ഉപതിരഞ്ഞെടുപ്പുകൾ ഈ സംസ്ഥാനത്തു നടന്നു. ആറിങ്ങലും റാന്നിയിലും ജയിച്ചതിനുശേഷം കൂറുമാറി. കോളേജ് തിരഞ്ഞെടുപ്പുകൾ നടന്നില്ലേ? പഞ്ചായത്തു മുനിസിപ്പൽ തിരഞ്ഞെടുപ്പുകൾ നടത്തിയോ? തിരഞ്ഞെടുപ്പിലൂടെ ജനങ്ങളെ അഭിമുഖീകരിക്കാൻ ധൈര്യമില്ലാത്ത ഒരു ഗവൺമെന്റ്, സാമുദായികവും ജാതീയവും.....
.....(ബഹളം).....ഇതുകൊണ്ടൊന്നും ബാലകൃഷ്ണൻമാസ്റ്റർ രക്ഷപ്പെടുകയില്ല. ഇതുകൊണ്ടൊന്നും കരുണാകരൻ പ്രീതിപ്പെടാൻ പോകുന്നില്ല. ഇതുകൊണ്ടൊന്നും കാര്യമില്ല. ഇതുകൊണ്ടൊന്നും നിങ്ങളുടെ കറുത്തപുള്ളി കഴുകിക്കളയാൻ പോകുന്നില്ല. ഈ മുന്നണി ഈ സംസ്ഥാനത്ത് അധികാരത്തിൽ തുടർന്നാൽ ഈ സംസ്ഥാനം ഒരു വർഗ്ഗീയ കലാപത്തിന്റെ കേന്ദ്രമായി മാറും. ഈ സംസ്ഥാനത്തിന്റെ പൊതു പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ പോകുന്നില്ല. ഈ സംസ്ഥാനത്തെ ഈ ഗവൺമെന്റിൽനിന്നു മോചിപ്പിക്കണമെന്നാണ് ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുന്നത്. ഞങ്ങൾ തിരഞ്ഞെടുപ്പിന് വെല്ലുവിളിച്ചപ്പോൾ ഴോക്കെ നിങ്ങൾ തിരഞ്ഞെടുപ്പ് മാറ്റിമാറ്റിക്കൊണ്ടുപോയി. ഈ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യ മുന്നണി വൻ ഭൂരിപക്ഷത്തോടെ ജയിക്കും. കേരളത്തെ ഇനിയൊരിക്കലും വർഗ്ഗീയ ഭ്രാന്തൻമാരുടെ കയ്യിൽ കൊടുക്കുകയില്ലെന്നു ധീരമായി പ്രഖ്യാപിച്ചുകൊണ്ട് ഞാൻ ഈ സപ്ലിമെന്ററി ഡിമാൻറുകളെ ശക്തിയായി എതിർക്കുന്നു.

.....(ബഹളം).....

ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. അപ്രതീക്ഷിതമായ ചെലവുകളടക്കം എല്ലാ കാര്യങ്ങളും കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ചു നിർവ്വഹിച്ച ഒരു ഗവൺമെൻറ് ഭംഗിയായ പരിസമാപ്തിയിലേക്ക് നീങ്ങുകയാണ്. ഗവൺമെൻറ് നിർവ്വഹിച്ച അപ്രതീക്ഷിതമായ ചെലവുകളുടെ കാര്യങ്ങളെക്കുറിച്ചു ഇവിടെ വിശദീകരിച്ചു. ശ്രീ. പി. വി. മുഹമ്മദ്, കോഴിക്കോട് സ്റ്റേഡിയത്തിനുവേണ്ടി 20 ലക്ഷം രൂപ അനുവദിച്ച നിലപാടിനെ സ്വാഗതം ചെയ്തു. ആർട്ട്, കൾച്ചർ ആൻഡ് അദർ എക്സ്പെൻഡിച്ചർ സംബന്ധിച്ച് ഉൾക്കൊള്ളിച്ച ഇനത്തിൽ മൂന്നാം ലോകമലയാള സമ്മേളനത്തിന് ചെലവഴിച്ച തുകയെക്കുറിച്ചു പറഞ്ഞു. എനിക്ക് ഒരുകാര്യം ചൂണ്ടിക്കാണിക്കാനുള്ളത് ഈ ചെലവുകളെക്കുറിച്ചല്ല. ഈ ഹെഡ്ഡിംഗിനെക്കുറിച്ചാണ്. നമ്മുടെ കലാസാംസ്ക്കാരികരംഗം, നമ്മുടെ പുരാതനമായ സാംസ്ക്കാരിക പൈതൃകം കാത്തുസൂക്ഷിക്കാൻ നമുക്ക് ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത നിറവേറ്റാതിരിക്കുന്നത് വളരെ മോശമാണെന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. തൃശ്ശൂർ മ്യൂസിയത്തിൽ 'ഇവിടെ ചരിത്രം മരിക്കുന്നു' എന്ന തലക്കെട്ടിൽ മാതൃഭൂമി പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ താളിയോല ഗ്രന്ഥങ്ങൾ അടക്കമുള്ള ചരിത്ര രേഖകൾ ചിതലുപിടിച്ചു നശിക്കുകയാണ് എന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ രവിവർമ്മയുടെ ചിത്രങ്ങൾ അടക്കം നശിച്ചുകൊണ്ടിരിക്കുകയാണ്. പൊടിപിടിച്ചു കിടക്കുകയാണ്. ബഹുമാനപ്പെട്ട ഗോർബച്ചേവ് ദൽഹിയിൽ വന്ന് ദൽഹി മ്യൂസിയം കണ്ടപ്പോൾ സന്ധ്യാദീപവുമായി നിൽക്കുന്ന ഭാരത സ്ത്രീയുടെ ചിത്രം രവിവർമ്മ വരച്ചതു കണ്ടിട്ട് അദ്ദേഹം അദ്ഭുതപ്പെട്ടു. രവിവർമ്മയുടെ നാട്ടുകാർ എന്ന നിലയിൽ നമുക്കു അദ്ദേഹത്തിനെറ ചിത്രങ്ങളെക്കുറിച്ചും ആ സ്മരണയെക്കുറിച്ചും അഭിമാനമുണ്ടാകണം. എനിക്ക്, ചൂണ്ടിക്കാണിക്കാനുള്ളത് ഈ സാംസ്ക്കാരിക പൈതൃകവും കലാപരമായ ബോധവും നിലനിർത്തി നമ്മുടെ രാജ്യത്തെ ചരിത്ര സ്മാരകങ്ങളെ നിലനിർത്തുവാനും സാംസ്ക്കാരിക പൈതൃകങ്ങളെ നിലനിർത്താനും ആവശ്യമായ ചിന്ത ഉണ്ടാകണമെന്നാണ്. രവിവർമ്മയുടെ പേരിൽ ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ പ്രത്യേകമായ ഒരു ഗ്യാലറികൂടി സ്ഥാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, മറ്റ് കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ ഇതിനെ എതിർത്തുകൊണ്ട് അപ്പുറത്തുനിന്നും സംസാരിച്ച പല സുഹൃത്തുക്കളും പ്രത്യേകിച്ച് കേരള രാഷ്ട്രീയത്തിലെ വളരെ സമുന്നതനായ ശ്രീ. ബേബി ജോൺ പറഞ്ഞു, 'പി. എം. അബൂബേക്കറിനെ ഞാൻ പറഞ്ഞു വേദനിപ്പിക്കുന്നില്ല, എന്നാൽ അഹമ്മദിനെ ഞാൻ പറയും' എന്ന്. ഞാൻ ഒരു കാര്യം പറയുകയാണ്. ശ്രീ. പി. എം. അബൂബക്കറിനേയോ

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ ശ്രീ. അഹമ്മദിനേയോ അവരുടെ പാർട്ടിയെത്തന്നെയോ ഇവരെ ആരെയും വിമർശിക്കാനും ഇവരുടെ പാർട്ടിയെ വിമർശിക്കാനും ശ്രീ. ബേബിജോണിന് ധാർമ്മികമായ അവകാശം ഇല്ല. ഇവിടെ പറഞ്ഞു ഞങ്ങടെ കാലുമാറി എന്ന്. ഞങ്ങടെ യാതൊരു കാലുമാറ്റവും നടത്തിയിട്ടില്ല. മാർക്സിസ്റ്റ് പാർട്ടിയുടെ വിപ്ലവ വായാടിത്തത്തിനുമുൻപിൽ വായിനോക്കികളായി നിൽക്കാൻ അപ്പുറത്തുള്ളവർക്കു കഴിയുന്നതുപോലെ ഞങ്ങടെക്ക് കഴിയാത്തതുകൊണ്ടാണ് ഞങ്ങടെ ഇങ്ങോട്ടുവന്നിട്ടുള്ളത്. അതിൽ യാതൊരു കാലുമാറ്റമോ കൂറുമാറ്റമോ ഇല്ല. പക്ഷേ ഞങ്ങളെക്കുറിച്ച് ആക്ഷേപിക്കുന്ന ബഹുമാനപ്പെട്ട ശ്രീ. ബേബി ജോൺ അദ്ദേഹം വളരെ സമുന്നതനായ നേതാവാണ്, ഞാൻ അദ്ദേഹത്തോട് ചോദിക്കട്ടെ അദ്ദേഹത്തിന് ഓർമ്മയുണ്ടോ 1970-ൽ അച്യുതമേനോന്റെ മന്ത്രിസഭ ഈ സംസ്ഥാനം ഭരിച്ച കാലം. ആ മന്ത്രിസഭയെ മറിച്ചിടുന്നതിനുവേണ്ടി.....

ശ്രീ. എ. വി. താമരാക്ഷൻ: സർ, എനിക്കൊരു പോയിന്റ് ഓഫ് ഓർഡറുണ്ട്. മാർക്സിസ്റ്റ് പാർട്ടിയിലെ വിപ്ലവ വായാടിത്തമുള്ളവരുടെ വോട്ടു വാങ്ങിച്ചുകൊണ്ട് എം. എൽ. എ. ആയതിനു ശേഷം അപ്പുറത്തേക്ക് മാറിനിന്ന് അവരെ തള്ളിപ്പറയുന്നത് ഓർഡറിലാണോ?

ശ്രീ. ഇ. റഫീക്ക് മുഹമ്മദ് ബഷീർ: സർ, ഞാൻ മാർക്സിസ്റ്റ് പാർട്ടിയുടെ ഔദാര്യത്തിനു പുറത്തോ ലക്ഷ്യത്തിനുപുറത്തോ അല്ല വോട്ടു വാങ്ങിയിട്ടുള്ളത്. ഞാൻ ഒരു നയത്തിന്റെ പുറത്താണ് വോട്ടു വാങ്ങിയിട്ടുള്ളത്. ആ നയത്തിന്റെ കൂടെത്തന്നെയാണ് എന്റെ പാർട്ടി ഇന്ന് നിൽക്കുന്നത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാവരും പ്രസംഗിക്കുമ്പോഴും നമ്മുടെ സഭാ ചട്ടങ്ങൾക്കനുസരിച്ചും സഭയിൽ പ്രതിപാദിക്കാൻ അനുവദനീയമായിട്ടുള്ള മാർഗ്ഗത്തിലും മാത്രം പ്രതിപാദിക്കുന്നതിന് ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. ഇ. റഫീ. മുഹമ്മദ് ബഷീർ: സർ, അച്യുതമേനോൻ മന്ത്രിസഭ ഈ സംസ്ഥാനം ഭരിച്ച കാലം, ആ മന്ത്രിസഭ മറിച്ചിടുന്നതിനുവേണ്ടി ഇന്ന് ബേബിജോണിന്റെ കൂടെ നിൽക്കുന്ന മാർക്സിസ്റ്റുകാർ എല്ലാ ശ്രമങ്ങളും നടത്തിയിട്ട് ഈ നിയമസഭയിൽ ബഹളമുണ്ടാക്കിയ കാലം. സ്പീക്കറുടെ ചേമ്പറിലേക്ക് തള്ളിക്കയറി സ്പീക്കറുടെ മുൻപിലിരുന്ന ടൈംപീസ് നിലത്തു വലിച്ചിട്ടപ്പോൾ അന്ന് യശശ്ശരീരനായ ശ്രീ. ടി. കെ. ദിവാകരൻ പറഞ്ഞു കാലചക്രത്തെ 1967ലേക്ക് പിടിച്ചുവലിച്ചിരിക്കുകയാണ് മാർക്സിസ്റ്റുകാരെന്ന്. ആ മന്ത്രിസഭയിലേക്ക് കടന്നു വരാൻ ശ്രീ. ബേബി ജോൺ അന്നു കാണിച്ച താൽപ്പര്യം എന്താണെന്നറിയാമോ? സ്വന്തം പാർട്ടിയുടെ ദേശീയ നേതൃത്വം ആ മന്ത്രിസഭയിൽ കൂടരുത് എന്ന് പറഞ്ഞപ്പോൾ തൃദീപ് ചൗധരി പുല്ലാണ്, നാഷണൽ ആർ. എസ്. പി. പുല്ലാണ് എന്നു പറഞ്ഞ് സ്വന്തം പാർട്ടിയുടെ തല വെട്ടിയിട്ട് ഇപ്പുറത്തേക്ക് പോന്ന ആളാണ് ശ്രീ. ബേബിജോണും ബേബിജോണിനെ അനുകൂലിക്കുന്നവരും എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വെറുതെ ധാർമ്മിക രോഷം കൊണ്ടിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസ് സംസാരിച്ചപ്പോൾ ഇപ്പുറത്തെ അനൈക്യത്തെക്കുറിച്ചൊക്കെ പറയുന്നതുകേട്ടു. സി. പി. ഐ. യും സി. പി. എമ്മും തമ്മിലുള്ള ഐക്യം കേരളത്തിൽനിന്നും പുരോഗമിച്ചിട്ട് ഇൻഡ്യയിൽ എത്തി ഇപ്പോൾ ഇൻറർനാഷണൽ ആയിരിക്കുകയാണ്. ഈയിടെ രസകരമായ ഒരു സംഭവമുണ്ടായി. ഗോർബച്ചേവ് ഒൽഹിയിൽ വന്നപ്പോൾ ഇവർ രണ്ടുകൂട്ടരും കാണാൻ പോയി. കണ്ടു കാര്യങ്ങളൊക്കെ പറഞ്ഞു. ഞങ്ങൾ മുന്തിയ കമ്മ്യൂണിസ്റ്റുകാരാണെന്നൊക്കെ പറഞ്ഞു. അപ്പോൾ അദ്ദേഹം നിങ്ങൾ മുന്തിയ കമ്മ്യൂണിസ്റ്റുകാർ എന്നതൊക്കെ ശരി 'സാമ്രാജ്യശക്തികൾക്കെതിരായിട്ട് ധീരമായ ഒരു നിലപാടെടുത്തിരിക്കുന്ന രാജീവ് ഗാന്ധിക്കെതിരെ വെറുതെ പോകേണ്ട' എന്ന് ഇവർക്ക് ഉപദേശം കൊടുത്തു എന്നാണ് മനസ്സിലാക്കുന്നത്. ഇതെന്തായിരുന്നാലും ശരി അദ്ദേഹം പോയി ഒരാഴ്ച കഴിഞ്ഞപ്പോൾ ഇവർ മോസ്കോയിൽ പോയി. കേരളത്തിലെ രണ്ടു പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാക്കൻമാർ. നിസ്സാരൻമാരൊന്നുമല്ല. സർപ്പംപോലെത്തെ രണ്ടു കമ്മ്യൂണിസ്റ്റുകാർ. ഒന്ന് സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് മറെറാന്ന് സി. പി. ഐ. സെൻട്രൽ എക്സിക്യൂട്ടീവ് അംഗമായിട്ടുള്ള ഇ. എം. ഫറൂക്കി. രണ്ടുപേരും പോയതു വെറുതെയല്ല. സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സാത്വിക പത്രമായിട്ടുള്ള ''കമ്മ്യൂണിസ്റ്റ്'' എന്നു പറയുന്ന പത്രത്തിൻറെ എഡിറ്റർമാരുടെ ഒരു ചർച്ച വച്ചിരുന്നു. ആ എഡിറ്റർമാരുടെ ചർച്ചയിൽ പങ്കെടുക്കാൻ വേണ്ടിയാണ് ഇൻഡ്യയിലെ യോഗ്യൻമാരായിട്ടുള്ള ഒരു സി. പി. എം. കാരനും സി. പി. ഐ. കാരനും കൂടി സോവിയറ്റ് യൂണിയനിൽ പോയത്. മോസ്കോയിലെ മീറ്റിംഗ് സ്ഥലത്തിരുന്നു ചർച്ച തുടങ്ങിയപ്പോൾ ഇ. എം. എസ്. എഴുന്നേറ്റിട്ട് ഒറ്റ വാദം 'കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഇഞ്ചിഞ്ചായി നശിപ്പിച്ചത് സി. പി. ഐ. ക്കാർ ആണ്' എന്ന്. ഉടനെ തന്നെ ഫാറൂക്കി എഴുന്നേറ്റിട്ട് സഖാവ് നമ്പൂതിരിപ്പാടിനെതിരായിട്ട് തിരിച്ചൊരാരോപണം. ഇവർ തമ്മിലുണ്ടായിട്ടുള്ള അനൈക്യം അവിടെ പറഞ്ഞു തീർക്കാൻ വേണ്ടിയിട്ട് മറ്റ് രാജ്യങ്ങളിൽ നിന്നും വന്ന കമ്മ്യൂണിസ്റ്റുകാർ നടുവിൽ ചാടിവീണു എന്നാണ് റിപ്പോർട്ട്. ഞാൻ ചോദിക്കുകയാണ് നാണമുണ്ടോ നിങ്ങൾക്ക്. ഈ അനൈക്യവുമായിട്ട് നിങ്ങൾക്ക് ഇവിടെ നിന്നാൽ പോരേ? അവിടെ, സോവിയറ്റ് യൂണിയനിൽ പോയിട്ട് ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ്കാർ ആണ് നിങ്ങളെന്നു പറഞ്ഞാൽ ഞങ്ങൾക്കുകൂടി അത് ചീത്തപ്പേരാണ്. അതുപോലെ മോസ്കോയിൽ . അവർ ചെയ്തിട്ടുള്ള പ്രസംഗം സി. പി. എമ്മിൻറെയും സി. പി. ഐ. യുടേയും പത്രത്തിൽ വന്നിട്ടുണ്ട്. നിങ്ങൾ അത് വായിച്ചാൽ മതി. ഞാനുമായിട്ട് ബഹളമുണ്ടാക്കേണ്ട കാര്യമില്ല. അത് വായിക്കുകയാണെങ്കിൽ ഒരു നിർദ്ദേശം എനിക്കുണ്ട്. 'പീപ്പിൾസ് ഡെമോക്രസിയിലും' 'പാർട്ടി ലൈഫിലും' വന്നിട്ടുള്ള രണ്ടുപേരുടേയും പ്രസ്താവന വായിക്കുമ്പോൾ രണ്ടുപേർക്കും അടിയന്തിരമായി മുഖ്യമന്ത്രി പോലീസ് സംരക്ഷണം കൊടുക്കണം. അതല്ലാതെ സി. പി. ഐ. കാർക്കും സി. പി. എം. കാർക്കും ആത്മസംയമനത്തോടെ മോസ്കോ പ്രസംഗം വായിക്കാൻ പറ്റില്ല. അവർ അവരുടെ നയത്തെക്കുറിച്ചും തത്വങ്ങളെക്കുറിച്ചും വിപ്ലവത്തെക്കുറിച്ചുമൊക്കെ പറഞ്ഞു കേട്ടു. ഒരു കാര്യം വ്യക്തമാക്കുകയാണ്. ഇരുമ്പിനും ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുകാർക്കും ഒരേ സ്വഭാവമാണുള്ളത്. രണ്ടിനും മനഃസാക്ഷിയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന പരിവർത്തനം തുരുമ്പു പിടിക്കുന്നതുമാണ്. രണ്ടുമായിട്ട് അത്രയും താരതമ്യം ഉണ്ട്. എന്താണ് ഇവർക്കു വരുത്താൻ പറയിട്ടുള്ള പരിവർത്തനം? ഇവരുടെ ചിന്തയിൽ വന്നിട്ടുള്ള മാറ്റം എന്താണ്? ഈ നാട് നേരിടുന്ന മർമ്മപ്രധാനമായ പ്രശ്നങ്ങളിൽ നിന്നും എത്രയോ അകലെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുള്ളത്. തൊഴിലാളി വർഗ്ഗത്തെ ഇവർ പൂർണ്ണമായും മറന്നിട്ടുണ്ട്. ഇവർ എത്രയോ ബന്ദ് നടത്തിയിട്ടുണ്ട്. നിരാഹാരം നടത്തുന്നുണ്ട്, പ്രക്ഷോഭം നടത്തുന്നുണ്ട്. ഭരണഘടന 311 2 (ബി) പ്രകാരം സുപ്രീം കോടതി പ്രഖ്യാപിച്ചിട്ടുള്ള 'ഗവൺമെന്റു ജീവനക്കാരെ അന്വേഷണം കൂടാതെ പിരിച്ചുവിടാം'. എന്ന വിധി ആന്ധ്രാപ്രദേശിൽ ആദ്യമായിട്ട് നടപ്പിലാക്കിയപ്പോഴും ആ വിധിക്കെതിരായിട്ട് അവിടത്തെ ഗവൺമെന്റ് എടുത്ത സമീപനത്തിനെതിരായിട്ട് ഒരു പ്രതിഷേധക്കുറിപ്പ് മാത്രമാണ് തൊഴിലാളിവർഗ്ഗത്തിന്റെ പേരിൽ സംസാരിക്കുന്ന അവർ അപ്പുറത്തുനിന്നും കാണിച്ചത്. ഒരു സിനിമാ ദൈവത്തിന്റെ കാലുകഴുകിയിട്ട് അവിടെനിന്നും നാലു സീറ്റു കിട്ടിയാൽ ഇൻഡ്യൻ തൊഴിലാളിവർഗ്ഗത്തെ സിനിമാ ദൈവത്തിന്റെ കാൽക്കൽ കൊണ്ടുപോയി പണയം വയ്ക്കുന്ന ഗതികേടിൽ ആ വിപ്ലവപാർട്ടി ചെന്നു നിൽക്കുന്നു എന്നതാണ് പരമാർത്ഥം. അവർക്ക് ഈ രാജ്യം നേരിടുന്ന മർമ്മപ്രധാനമായ പ്രശ്നങ്ങളെക്കുറിച്ച് പ്രതികരിക്കാനില്ല. ഇപ്പോഴും എന്താണ് ചെയ്യുന്നത്.

ഇപ്പോഴും സാഹിത്യകാരൻമാരെ ഇളക്കി വിട്ടിരിക്കുന്നു. കലാകാരൻമാരുടെ പിന്നിൽ മാർക്സിസ്റ്റുകാർ. മാർക്സിസ്റ്റുകാർക്ക് നേരെ ചൊവ്വേ വരാൻ പറ്റുകയില്ല. 'ഞാൻ ആണായിട്ടുള്ള മാർക്സിസ്റ്റുകാരനാണ്' അല്ലെങ്കിൽ 'ഞാൻ പെണ്ണായിട്ടുള്ള മാർക്സിസ്റ്റാണ്' എന്നു പറഞ്ഞു വന്നാൽ നാട്ടുകാരുടെ വോട്ടു കിട്ടുകയില്ല എന്നുള്ളതുകൊണ്ട് ആണും പെണ്ണും അല്ലാത്ത കമ്മ്യൂണിസ്റ്റുകാരെ സ്ഥാനാർത്ഥികളായി കൊണ്ടുവരാൻ ശ്രമിക്കുകയാണ് ഇപ്പോഴും. സാഹിത്യകാരൻമാരുടെ പിന്നിൽ കലാകാരൻമാരുടെ പിന്നിൽ ആവിഷ്കാരസ്വാതന്ത്ര്യം എന്ന മുദ്രാവാക്യം വിളിച്ചിട്ട് നിങ്ങളും ഇപ്പോൾ 'ക്രിസ്തുവിന്റെ ആറാം തിരുമുറിവിനെ' എതിരായിട്ട് കൊണ്ടുവന്നിട്ടുള്ള നയപരിപാടിക്കെതിരായിട്ട് പ്രസംഗിച്ചു നടക്കുന്നു. ഞാൻ ചോദിക്കട്ടെ ഇടതുപക്ഷജനാധിപത്യ മുന്നണി ഈ രാജ്യം ഭരിച്ചിരുന്ന കാലത്ത് കമ്മ്യൂണിസത്തിന്റെ പേരിൽ ഈ രാജ്യത്തെ ജനങ്ങളെ വഴിതെറ്റിക്കുന്നവരെപ്പറ്റി പറഞ്ഞിട്ടുള്ള 'നാടുഗദ്ദിക' എന്ന നാടകം ഇവിടെ പുരോഗമന കലാ സാഹിത്യ പ്രവർത്തകർ കൊണ്ടുവന്നപ്പോൾ ആ നാടകത്തിലെ നടൻമാരെ പിടിച്ചുകൂട്ടിലിട്ടവരാണ് ഇപ്പുറത്തുനിന്നും ആവിഷ്കാരസ്വാതന്ത്ര്യത്തിനുവേണ്ടി ശബ്ദിക്കുന്നത്, ബഹളം കൂട്ടുന്നത്. മറെറാരുത്തിന്റെ മേഖലയും എത്തിപ്പിടിക്കാൻ കഴിയാത്തതുകൊണ്ട് സാഹിത്യത്തിന്റെ പേരിൽ കലയുടെ പേരിൽ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ബഹളം ഉണ്ടാക്കി തങ്ങളുടെ നഷ്ടപ്പെട്ട യശസ് വീണ്ടെടുക്കാൻ കഴിയുമോയെന്ന പരിശ്രമത്തിലാണ് പാർട്ടി ഏർപ്പെട്ടിരിക്കുന്നത്.

സർ, വേറൊരു പരാതിയുള്ളത് മത മൗലികതയെപ്പറ്റിയാണ്. ഇപ്പുറത്ത് മതമുണ്ടത്രേ. എന്താണ് മതത്തിലുള്ള അപകടം? സോവിയറ്റ് യൂണിയനിൽപ്പോലും, സാംസ്കാരിക വിപ്ലവം നടന്ന ചൈനയിൽപ്പോലും മതം അതിശക്തമായിട്ട് വേരുന്നിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ബഷീർ ഇവിടെ എം. എൽ. എ. ആയത് മാർക്സിസ്റ്റ് പാർട്ടിയുടെ വോട്ടുവാങ്ങിയിട്ടാണ്. അങ്ങനെയൊരാൾ മാർക്സിസ്റ്റ് പാർട്ടിയെ തള്ളിപ്പറയുന്നത് സ്വന്തം അച്ഛനെ തള്ളിപ്പറയുന്നതിന് തുല്യമാണ്. അതുകൊണ്ട് ഇങ്ങനെ സംസാരിക്കുന്നത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഏതു ഭാഗത്തുനിന്നായാലും സഭ്യേതരമായ രീതിയിൽ പറയുന്നത് രേഖയിൽ ഉണ്ടാവുകയില്ല.

ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ: സർ, എന്റെ അച്ഛനെക്കുറിച്ചും അദ്ദേഹം ആരാണ് എന്നതിനെക്കുറിച്ചും എനിക്ക് വ്യക്തമായ ബോദ്ധ്യമുണ്ട് എന്നു മാത്രമാണ് അതിനെക്കുറിച്ച് മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. സീതി ഹാജി: ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ അഖിലേന്ത്യാ മുസ്ലീം ലീഗിന്റെ വോട്ടുവാങ്ങിച്ചിട്ടാണ് ഈ സഭയിൽ എത്തിയത് എന്നത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

സർ, എന്തിനാണിവർ ബഹളമുണ്ടാക്കുന്നത്? ഇവർ മതത്തെക്കുറിച്ചും മതമൗലികതയെക്കുറിച്ചും പറയുന്നു. ഞങ്ങളും അവരുടെകൂടെ നിന്നിരുന്നവരാണ്. ശ്രീ. എ. കെ. ആന്റണി കഴക്കൂട്ടത്തു

2 p.m.] നിന്നു മൽസരിച്ചപ്പോൾ അതിനെതിരായിട്ട് ശ്രീ. പിരപ്പൻകോട് ശ്രീധരൻനായർക്കുവേണ്ടി വോട്ടുപിടിക്കാൻ മുസ്ലീം ലീഗിന്റെ മതം മാത്രം പോരെന്നു പറഞ്ഞിട്ട്, ഡൽഹിയിൽപോയി അവിടത്തെ ഇമാമായ ബുക്കാരിയെക്കൊണ്ടുവരണമെന്ന് പറഞ്ഞ് ഡൽഹിയിലേയ്ക്ക് തീർത്ഥയാത്ര പോയവരാണിവർ. ലോകത്ത് വല്ലയിടത്തും കമ്മ്യൂണിസ്റ്റുകാർ തെറ്റു ചെയ്താൽ, ആ തെറ്റു തിരുത്തുന്നത് എങ്ങനെയാണെന്നു വച്ചാൽ, അതിന്റെ നേതാവിനെയും മാറ്റും, സംവിധാനത്തെയും മാറ്റും. ഇവിടെ എന്താണ് നടക്കുന്നത്? ശ്രീ. ഇ. എം. എസ്. തെക്കേകേരയിൽ നിന്ന് വടക്കേ കേരയിൽ ഇറിക്കുന്നുവെന്നമാറ്റം മാത്രമേ കേരളത്തിൽ നടക്കുന്നുള്ളൂ. ഒരു കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. ഏറ്റവുമധികം ബഹുമാന്യനായ സഖാവ് ഇ. കെ. നായനാർ ഈയിടെ കൂർഗിൽപോയി ഒരു പ്രസ്താവന നടത്തി. കൂർഗിലെ മനുഷ്യരെ ഇഞ്ചിഞ്ചായി കൊല്ലുന്ന, പേപ്പട്ടികളെപ്പോലെ വേട്ടയാടുന്ന സംഭവവികാസത്തിന്റെ ഉത്തരവാദിത്വം മുസ്ലീം ലീഗിനാണെന്നായിരുന്നു പറഞ്ഞത്. എനിക്ക് അദ്ദേഹത്തോടും അദ്ദേഹത്തിന്റെ പാർട്ടിക്കാരോടും പറയാനുള്ളത്, നിങ്ങൾക്ക് ഞങ്ങളോട് ദ്വേഷ്യമുണ്ടെങ്കിൽ, എം. വി. ആറിന്റെ പാർട്ടിക്കാർ ചെയ്യുന്നതുപോലെ തെരുവിൽ വച്ച് ഞങ്ങളെ തല്ലിയാൽപോലും ഞങ്ങൾ അത് ക്ഷമിക്കുമെന്നാണ്. അത് ക്ഷമിക്കുവാനുള്ള വിശാല മനസ്കത എന്റെ പാർട്ടിക്കുണ്ട്. പക്ഷേ ഇതുപോലുള്ള വിഷലിപ്തമായ പ്രചാരവേല നടത്തുന്നത് തെറ്റാണെന്ന് ഞാൻ ഇവിടെ പറയുകയാണ്. കൂർഗിൽ നടക്കുന്ന അതിക്രമങ്ങൾക്ക് കാരണക്കാർ മുസ്ലീം ലീഗുകാരാണെന്ന ശ്രീ. നായനാരുടെ പ്രസ്താവന, അവിടത്തെ ഏത്

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തെ താലോലിക്കുവാനാണെന്ന് ആലോചിക്കുവാനുള്ള ബുദ്ധിയെങ്കിലും അപ്പുറത്തിരിക്കുന്നവർക്ക് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പൊള്ളയായ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ച്, തൊഴിലാളി വർഗ്ഗത്തിന്റെ മാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ച്, തെറ്റായ മാർഗ്ഗത്തിൽക്കൂടി പോയതിന്റെ പ്രത്യാഘാതം ആ പാർട്ടി അനുഭവിക്കുവാൻ പോകുമ്പോൾ ഞങ്ങളെ പ്രതികളാക്കി നിറുത്തിയതുകൊണ്ട് ഞങ്ങൾ പ്രതിക്കൂട്ടിൽ കയറാൻ പോകുന്നില്ല. ഇതെല്ലാംതന്നെ ഞങ്ങളെ പ്രതിക്കൂട്ടിൽ കയറ്റാൻ മാത്രമേ ഉപകരിക്കൂവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ഗവൺമെന്റിന്റെ നല്ല നടപടികൾക്ക് ഒരിക്കൽക്കൂടി അംഗീകാരം നൽകിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാനത്തെ പൊതു ഖജനാവ് ധൂർത്തടിക്കുന്നതിന്റെ പ്രകടമായ ഒരു തെളിവായിരുന്നു ലോക മലയാള സമ്മേളനത്തിനുവേണ്ടി ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി ഒരുന്നൂറു രൂപ ചെലവഴിച്ച നടപടി. അത് ഈ സപ്ലിമെന്ററി ബഡ്ജറിൽ കൊണ്ടുവന്ന ഒരു ഇനമാണ്. ഈ സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയെ ആകെ കുട്ടിച്ചോറാക്കിയ ഒരു വിദ്യാഭ്യാസ വകുപ്പു മന്ത്രിയാണ് ശ്രീ. ടി. എം. ജേക്കബ്. പതിനായിരക്കണക്കിന് വിദ്യാർത്ഥികളെ തെരുവാധാരമാക്കി, അവരുടെ രക്ഷിതാക്കളെ കണ്ണീരു കുടിപ്പിച്ച്, അതിൽ ക്രൂരവിനോദം കണ്ടെത്തിയ ഒരു മന്ത്രിയാണദ്ദേഹം. ആ വിദ്യാഭ്യാസവകുപ്പു മന്ത്രിയെ, കേരളം കണ്ടതിൽവച്ചേറ്റവും പ്രഗൽഭനായ വിദ്യാഭ്യാസവകുപ്പുമന്ത്രിയെന്ന് വിദേശത്ത് ചെന്ന് പ്രചരണം നടത്താൻവേണ്ടിമാത്രമാണ് ഇത്രയും തുക ചെലവാക്കിയത്. അല്ലാതെ ലോകമലയാള സമ്മേളനം കൊണ്ട് നമ്മുടെ മലയാള ഭാഷയ്ക്കോ, കേരളത്തിലെ ജനങ്ങൾക്കോ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ലെന്ന് അവിടെ പോയിട്ടുവന്ന ആളുകൾ തന്നെ സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. മറ്റു ചെലവുകളെക്കുറിച്ച് ഞാൻ പറയുന്നില്ല. കണ്ടിൻജൻസി ഫണ്ടിൽനിന്നും മേക്കപ്പ് ചെയ്യാനെന്നു പറഞ്ഞ്, അങ്ങനെ മുൻകൂട്ടികാണാൻ കഴിയാത്ത വലിയ ചെലവൊന്നുമായിരുന്നില്ല. ബഡ്ജറ് തയ്യാറാക്കുമ്പോൾ വേണ്ടത്ര അവധാനതയോടുകൂടി തയ്യാറാക്കാത്തതിന്റെ ഫലമായിട്ട് വന്ന ന്യൂനത പരിഹരിക്കുന്നതിനുവേണ്ടിമാത്രമാണ് ഇങ്ങനെ ചെയ്തത്. അതെന്തുമാകട്ടെ, ഇത്തരത്തിലൊരു സപ്ലിമെന്ററി ബഡ്ജറ് കൊണ്ടുവരാൻ ഈ ഗവൺമെന്റിന് ധാർമ്മികമായ അവകാശമില്ലെന്നുള്ളതുകൊണ്ട് കൂടിയാണ് ഞാൻ ഇതിനെ എതിർക്കുന്നത്. അത്രമാത്രം ജനവിശ്വാസം നഷ്ടപ്പെട്ട് ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു ഗവൺമെന്റാണിത്. കേരളത്തിലെ ജനങ്ങളുടെ പൗരാവകാശങ്ങളെയും ജനാധിപത്യ അവകാശങ്ങളെയും ചവിട്ടിമെതിക്കുന്നതിൽ ഈ മന്ത്രിസഭ ഒരു റെക്കാർഡ് തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. ഈ സർക്കാരിന്റെ പോലീസ് ജനങ്ങളിൽ അടിച്ചേൽപ്പിച്ച കൊടുംക്രൂരതയുടെ ഏറ്റവും വലിയ പ്രതീകമായി ''തങ്കമണി സംഭവം'' ഇന്നും ഉയർന്നു നിൽക്കുകയാണ്. പോലീസ് മർദ്ദനങ്ങളുടേയും ബലാൽസംഗങ്ങളുടേയും റിപ്പോർട്ടുകൾ ഇല്ലാത്ത ഒരൊറ്റ ദിവസത്തെ പത്രവും ഇന്ന് പുറത്തിറങ്ങുന്നില്ല. കഴിഞ്ഞ രണ്ടാഴ്ചയ്ക്കകം നടന്ന സംഭവങ്ങൾ ഈ രാജ്യത്തെ ജനങ്ങളെ ഞെട്ടിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഹരിജൻ സ്ത്രീയെ ലോറപ്പിൽ വച്ച് കണ്ണുമൂടിക്കെട്ടി പോലീസുകാർ മാനഭംഗപ്പെടുത്തി. മൂന്നു പോലീസ് കോൺസ്റ്റബിൾമാരുടെ പീഡനങ്ങൾക്കിരയായ ആ സ്ത്രീ ഇപ്പോഴും അവശനിലയിൽ വൈപ്പിൻ താലൂക്ക് ഗവൺമെൻറ് ആശുപത്രിയിൽ കിടക്കുകയാണ്.

ഡിസംബർ ഇരുപത്തിയേഴാം തീയതിയിലെ കേരള കൗമുദി പത്രത്തിൽ റിപ്പോർട്ടു ചെയ്തതാണ് ഒടുവിലത്തെ സംഭവം. പ്രസവിച്ച ഉടനെ കുഞ്ഞിനെ കൊന്ന് കക്കൂസിലിട്ടെന്ന് ആരോപിച്ച് മേപ്പാടിക്കടുത്തുള്ള പാളത്തൂരിൽ താമസിക്കുന്ന കൗണ്ടന്റെ മകൾ ശാരദയെ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ചു. അവിവാഹിതയായ ശാരദ അച്ഛനോടൊപ്പമാണ് സ്റ്റേഷനിൽ വന്നത്. അച്ഛനെ പറഞ്ഞയച്ചിട്ട് ലോക്കപ്പുമുറിയിൽ അടച്ചിട്ട്, നാലു പോലീസുകാർ ചേർന്ന് നഗ്നയാക്കി 'പ്രസവിച്ചതാണോയെന്ന് ഞങ്ങൾ പരിശോധിക്കുകയാണെന്നു' ശാരദയോട് പറഞ്ഞത്രേ. പിന്നീട് മൂന്നു പോലീസുകാർ തുണികൊണ്ട് കണ്ണ് മൂടിക്കെട്ടിയാണ് മാനഭംഗപ്പെടുത്തിയത്. അതിനുശേഷം കാലുകൾ നീട്ടി നിലത്തിരിക്കുവാൻ അവർ ആജ്ഞാപിച്ചു. നാലു പോലീസുകാർ ചൂരലൊടിയുന്നതുവരെ മാറി മാറി അടിച്ചു. ചോരകല്ലിച്ചതിന്റെയും തോൽ പൊട്ടിയതിന്റെയും പാടുകൾ കാലടികളിൽ കാണുന്നുണ്ട്. ലോക്കപ്പിൽ കയറിയ ഉടനെതന്നെ തന്റെ ബ്ലൗസും അടിവസ്ത്രങ്ങളുമെല്ലാം പോലീസുകാർ അഴിച്ചുവെന്ന് ആശുപത്രി കട്ടിലിൽ അവശയായി കിടക്കുന്ന ശാരദ പറഞ്ഞു.

അതിന്റെ ഒരാഴ്ചമുമ്പ് കൽപ്പറ്റയിൽ നടന്ന ഒരു സംഭവത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്തിരുന്നത് വീട്ടിലേയ്ക്ക് പോകാൻ ബസ്സു കാത്തു നിന്ന ഒരു കോളേജ് വിദ്യാർത്ഥിനിയെ ഒരു സംഘം ആളുകൾ ജീപ്പിൽ തട്ടിക്കൊണ്ടുപോയി ബലാൽസംഗം ചെയ്തുവെന്നാണ്. ഡിസംബർ മാസം ഒൻപതാം തീയതി വൈകുന്നേരം പനമരമങ്ങാടിയിൽ നിന്ന് സ്വന്തം നാടായ പൊളേരിയിലേയ്ക്ക് പോകുന്ന ബസ്സുകാത്തുനിന്ന വിദ്യാർത്ഥിനിക്കാണ് ഈ ദുരനുഭവമുണ്ടായത്. അന്നു വൈകുന്നേരം പൊളേരിയിലേയ്ക്ക് പോകുന്ന സ്വകാര്യ ബസ് ഉണ്ടായിരുന്നില്ല. വിദ്യാർത്ഥിനി ബസ്സുകാത്തുനിൽക്കുന്നത് കണ്ട ഒരാൾ, എങ്ങോട്ടാണെന്ന് അന്വേഷിച്ച് സ്ഥലം മനസ്സിലാക്കിയശേഷം പോയി. ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ ഒരു ജീപ്പിൽ പൊളേരിയിലേയ്ക്കുള്ള ആളുകളെ വിളിച്ചുകൊണ്ട് വന്നു. ജീപ്പിൽ ഡ്രൈവറെക്കൂടാതെ എട്ടുപേർ കൂടിയുണ്ടായിരുന്നു. ഈ പെൺകുട്ടിയും അതിൽ കയറി. ജീപ്പു പോയത് പൊളേരിയിലേയ്ക്കായിരുന്നില്ല. രാത്രിയിൽ പെൺകുട്ടിയെ എവിടെയോ കൊണ്ടുപോയി കൂട്ടബലാൽസംഗം ചെയ്തു. പിറേന്ന് വീട്ടിനടുത്തുള്ള ഒരു പാലത്തിന്റെ സമീപം വിദ്യാർത്ഥിനിയെ ഇറക്കിവിട്ടു. ഇത് പനമരത്ത് ഒരു പുതിയ സംഭവമൊന്നുമല്ല. അവിടെ സ്ഥിരമായിട്ട് ഒരു സംഘം തന്നെ ഇതിനുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. ഇതിനുമുമ്പ് ഇത്തരമൊരു സംഭവം ഉണ്ടായിട്ട് ആ പ്രതികളെ രക്ഷിക്കുവാൻ അവിടത്തെ ഭരണകക്ഷി നേതാക്കൻമാരാണ് മുൻകൈയെടുത്ത് പ്രവർത്തിച്ചത്. അവസാനം ജനങ്ങൾ പ്രക്ഷോഭണവുമായി മുന്നോട്ടു വന്നു.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ അന്നത്തെ എസ്. പി. യായ ശ്രീ. സോമരാജ് അതിനെതിരായിട്ട്, ഒരു അന്വേഷണം നടത്തി കേസ് എടുത്തു. അതിനടുത്ത ദിവസംതന്നെ അദ്ദേഹത്തെ അവിടെനിന്ന് സ്ഥലംമാറ്റി. അങ്ങനെ സാമൂഹ്യവിരുദ്ധർക്ക് സംരക്ഷണം കൊടുക്കുന്നതിന്റെ ഫലമായിട്ടാണ് അവിടെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നത്. ഇതുപോലുള്ള ധാരാളം സംഭവങ്ങളുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ വിവരിക്കുന്നില്ല.

ചിറ്റൂർ ഇതുപോലെ ഒരു ഹരിജൻ പെൺകുട്ടിയെ ബലാൽസംഗം ചെയ്ത സംഭവമുണ്ടായി. ഏഴാംക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിനിയായ ഹരിജൻ ബാലികയെ അർദ്ധരാത്രിയിൽ വീട്ടിൽനിന്നുകൊണ്ടുപോയി മൃഗീയമായി ബലാൽസംഗം ചെയ്തതായി പരാതിയുണ്ടായി. അർദ്ധരാത്രിക്കു ശേഷം വീട്ടിൽ കടന്നുകയറിയ രാജൻ പെൺകുട്ടിയെ ശബ്ദമുണ്ടാക്കാൻ പോലും അവസരം കൊടുക്കാതെ കാട്ടുവള്ളത്താൻപതു എന്ന സ്ഥലത്തെ തോട്ടിൽ കൊണ്ടുപോയാണ് ആക്രമിച്ചത്. തീരെ അവശനിലയിൽ ആശുപത്രിയിൽ കിടക്കുന്ന പെൺകുട്ടിയുടെ മൊഴി പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടുത്ത ദിവസം പാലക്കാട് സബ് ജയിലിൽ, തടവുകാരെ സംരക്ഷിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള, കുറ്റവാളികളുടെ സംരക്ഷകരായ അവിടത്തെ ജയിൽ വാർഡൻമാർ ചേർന്ന് തടവുപുള്ളികളായ രണ്ടു സ്ത്രീകളെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു. ഈ ക്രൂരകൃത്യം നടത്തിയ രണ്ടു വാർഡൻമാരും ഇപ്പോൾ സസ്പെൻഷനിലാണ്. ഇങ്ങനെ ധാരാളം ഉദാഹരണങ്ങൾ പറയാം.

ചാലക്കുടിയിൽ അടുത്ത ദിവസമൊരു സംഭവമുണ്ടായി. അവിടെ അത്ലറ്റിക്സ് നടക്കുന്ന അവസരത്തിൽ, പതിനഞ്ചുവയസ്സുള്ള അത്ലറ്റായ പി. ജി. സുദേവ്, എന്ന വിദ്യാർത്ഥി ഗേറ്റിൽ പാസ് വാങ്ങാൽ നിൽക്കുകയായിരുന്നു. പോലീസ് സർക്കിൾ ഇൻസ്പെക്ടർ മഫ്ടി വേഷത്തിൽ വന്നപ്പോൾ പാസ്സുചോദിച്ചുവെന്നുള്ളതാണ് ആ കുട്ടിയുടെ പേരിലുള്ള കുറ്റം. അവിടെ വച്ചുതന്നെ കുട്ടിയെ അടിച്ചു, അതുകഴിഞ്ഞ് ജീപ്പിൽ കയറ്റി പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. മർദ്ദിച്ചു. ഇതുപോലുള്ള സംഭവങ്ങൾ ഇങ്ങനെ നിത്യേന പത്രങ്ങളിൽ വരുന്നുണ്ട്. ഇതൊന്നും പഴയ സംഭവങ്ങളല്ല, ഈ അടുത്ത ദിവസങ്ങളിൽ നടന്ന സംഭവങ്ങളാണ്.

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സുസ്ഥിരമായ ഒരു ഭരണമുണ്ടാകുമെന്ന്, പറഞ്ഞതും കഴിഞ്ഞ തിരഞ്ഞെടുപ്പ് പ്രചരണകാലത്ത് പ്രചരിപ്പിച്ച കാര്യങ്ങളുമൊന്നും ആരും മറന്നിട്ടില്ല. അതിനെക്കുറിച്ച് ഈ രാജ്യത്തെ ചുവരായ ചുവരൊക്കെ എത്ര പോസ്റ്ററുകൾ വന്നു. ജനങ്ങളുടെ അരക്ഷിതാവസ്ഥയെക്കുറിച്ച്, സ്ത്രീകൾക്ക് സൈരമായി വീടുകളിൽ കിടന്നുറങ്ങുന്നതിനുള്ള സൗകര്യമെങ്കിലും ഉണ്ടാക്കും എന്നൊക്കെയായിരുന്നു അന്നത്തെ പ്രധാനപ്പെട്ട മുദ്രാവാക്യങ്ങൾ. ഇന്ന് - ഈ സംസ്ഥാനത്തെവിടെയാണ് സൈരമായി സ്ത്രീകൾക്ക് വീടുകളിൽ കിടന്നുറങ്ങുവാൻ കഴിയുന്നത്? ''തങ്കമണി സംഭവവും'' നിത്യേന കേരളത്തിൽ നടക്കുന്ന ഇതുപോലുള്ള മറ്റു സംഭവങ്ങളും എപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

ഏതു ഗ്രാമത്തിലും ആവർത്തിക്കപ്പെടുമെന്ന ഭീതിയിലാണ് കേരളത്തിലെ ജനങ്ങൾ കഴിയുന്നത്. യുവതികളായ കോളേജു വിദ്യാർത്ഥിനികൾ കോളേജിലേയ്ക്ക് പോയിട്ട് തിരിച്ചു വീട്ടിൽ എത്തുമെന്ന് ഉറപ്പില്ലാത്ത ഒരു സാഹചര്യമാണ് ഇന്നുള്ളത്. ഈ രാജ്യത്ത് ഇത്രമാത്രം അരക്ഷിതാവസ്ഥ ഉണ്ടായിട്ടുള്ള ഒരു കാലഘട്ടം കേരളത്തിന്റെ ചരിത്രത്തിലിതുവരെയുണ്ടായിട്ടില്ല.

ഇപ്പോൾ അതൊക്കെ മറച്ചുവയ്ക്കുകയാണ്. അഞ്ചു കൊല്ലം ഭരിച്ചു എന്നതാണ് ഏറ്റവും വലിയ നേട്ടം. എങ്ങനെയാണ് ഭരിച്ചത്? ആരാണ് അഞ്ചു കൊല്ലം ഭരിക്കുന്നതിന് ഈ ഗവൺമെന്റിന് സഹായമായി നിന്നതെന്നുള്ളത് ഇവിടെ എല്ലാവർക്കും അറിയാം. ഇന്ന് ഈ രാജ്യത്തെ ജനാധിപത്യ കീഴ്വഴക്കങ്ങളുടെയും ജുഡീഷ്യറിയുടെയും എല്ലാ മൂല്യങ്ങളെയും കളഞ്ഞുകുളിച്ചുകൊണ്ട് എങ്ങനെയും മുഖ്യമന്ത്രി മന്ത്രിക്കസേരയിൽ പിടിച്ചിരിക്കുകയാണ്. എങ്ങനെയും ഗവൺമെന്റിനെ നിലനിർത്തുക. അതായിരുന്നില്ലേ ഈ അഞ്ചുകൊല്ലക്കാലമായി ഈ ഗവൺമെന്റ് അനുവർത്തിച്ചിരുന്ന മുദ്രാവാക്യം?, അതിന്റെ പേരിൽ ഈ രാജ്യത്ത് എന്തെല്ലാം നടത്തിക്കൂട്ടി? ഇവിടെ കഴിഞ്ഞ നിയമസഭ പിരിയുന്ന അവസരത്തിൽ ഹൈക്കോടതി ചീഫ് ജസ്റ്റീസ് സുകുമാരന്റെ വിധിവന്നു. ഒരു മന്ത്രി പ്രതിജ്ഞാലംഘനം നടത്തിയിരിക്കുന്നു. ആ മന്ത്രിയെ വീണ്ടും സത്യപ്രതിജ്ഞ ചെയ്യിച്ചതു്.....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അത് ഈ സഭയിൽ ചർച്ച ചെയ്യാൻ പാടില്ല; സബ്ജുഡിസ്സാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: അത് ചർച്ച ചെയ്യുന്നില്ല. നവംബർ 21-ാം തീയതി ജസ്റ്റീസ് സുകുമാരന്റെ കോടതിയുടെ ഉത്തരവ്.....

ശ്രീ. കെ. കരുണാകരൻ: സുകുമാരന്റെ വിധി ബാധകമല്ലെന്ന് സുകുമാരനും സുകുമാരന്റെ ബഞ്ചും പറഞ്ഞിട്ടുണ്ട്. ഏതു സുകുമാരനാ—

ശ്രീ. കെ. പി. പ്രഭാകരൻ: കോടതി ഉത്തരവ് നിലനിൽക്കുകയാണ്. അത് ഈ നിയമസഭയിൽ പറയാൻ പാടില്ലേ? ജഡ്ജി എന്നു പറയാൻ പാടില്ലേ?..... (ബഹളം).....

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ ഉപയോഗിക്കുന്ന പദങ്ങൾ പ്രത്യേകിച്ചും സഭയ്ക്ക് പുറത്തുള്ള ആളുകളെക്കുറിച്ച് പറയുന്ന പദങ്ങൾ ഏറ്റവും നല്ല രീതിയിലായിരിക്കണമെന്ന് നമ്മുടെ റൂൾ നിർബന്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ വളരെയധികം പരിഹസിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രഭാകരനോട് ചോദിക്കുകയുണ്ടായി, സുകുമാരൻ, ഏതു സുകുമാരനാണെന്ന്? ബഹുമാനപ്പെട്ട ജസ്റ്റീസ് സുകുമാരനെപ്പറ്റി അങ്ങനെ ഒരു മുഖ്യമന്ത്രി ചോദിക്കുന്നത് ഏറ്റവും തെറ്റാണ്.

ശ്രീ. കെ. കരുണാകരൻ: ജസ്റ്റീസ് സുകുമാരനെക്കുറിച്ച് ഞാൻ പറഞ്ഞത്, ജസ്റ്റീസ് സുകുമാരൻ അങ്ങനെ പറഞ്ഞിട്ടില്ല,

LIBRARY ARCHIVES Kerala Legislative Assembly

ഡിധിയില്ല, അത് ബാധകമല്ലെന്ന് പറഞ്ഞിട്ടുണ്ട്. പിന്നെ ഏതു സുകുമാരനാണെന്നാണ് ചോദിച്ചത്. ജസ്റ്റീസ് സുകുമാരനല്ല. എന്തെങ്കിലും കയറിപ്പിടിച്ച് ഇങ്ങനെ ഒരു ഗതികേടു വന്നല്ലോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഞാൻ ഇവിടെ വിധി ബാധകമാണെന്നു പറഞ്ഞില്ല. ജസ്റ്റീസ് സുകുമാരന്റെ നവംബർ 21-ാം തീയതിയിലെ വിധിയിൽ ഇവിടെ ഒരു മന്ത്രി സത്യപ്രതിജ്ഞാലംഘനം നടത്തിയിരിക്കുന്നുവെന്നും അദ്ദേഹത്തെ വീണ്ടും മന്ത്രിയാക്കിയത് ഭരണഘടനാലംഘനമാണെന്നും അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. ആ ഓർഡർ ഇപ്പോഴും നിലനിൽക്കുകയാണ്. അത് സ്റ്റേ ചെയ്തു എന്നൊക്കെ മുഖ്യമന്ത്രി ഇവിടെ സഭയെ തെറ്റിദ്ധരിപ്പിച്ചതാണ്. ഒരു സ്റ്റേയുമില്ല. ഇപ്പോഴും അതിനെതിരായിട്ടുള്ള അപ്പീൽ പെറ്റീഷൻ കോടതിയിൽ സ്വീകരിക്കാമോ ഇല്ലയോ എന്ന കാര്യം തർക്കവിഷയമായിരിക്കുകയാണ്. അത് ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇനി ജനുവരി 3-ാം തീയതിക്ക് നീട്ടിവച്ചിരിക്കുകയാണ്. ഞാൻ പറയുന്നത് ഈ മുഖ്യമന്ത്രിക്ക് കോടതിയോടും ജഡ്ജിമാരോടും ഒരു ബഹുമാനവുമില്ലെന്നാണ്. ജുഡീഷ്യറിയിൽ അവിഹിതമായി കൈകടത്തിയിട്ടുള്ള സംഭവങ്ങൾ ഇതിനു മുമ്പും ഉണ്ടായിട്ടുള്ളതാണ്. ഈ നിയമസഭ കഴിഞ്ഞ 27-ാം തീയതി പിരിഞ്ഞത് 28-ാം തീയതി മുഖ്യമന്ത്രി നേരെ ഗുരുവായൂരിലേക്കാണ് പോയത്. ഗുരുവായൂരിൽ ശ്രീവത്സം ഗസ്റ്റ് ഹൗസിലാണ് അന്നു രാത്രി അദ്ദേഹം താമസിച്ചത്. അവിടെ അന്ന് അദ്ദേഹം എന്തിനു പോയി? അന്ന് അദ്ദേഹത്തിന് ഗുരുവായൂരിൽ പ്രത്യേക പരിപാടിയൊന്നും ഉണ്ടായിരുന്നില്ല. മലയാള മാസം ഒന്നാം തീയതിയാണ് അദ്ദേഹം പോയതെങ്കിലും, ഇവിടെനിന്നും ഡൽഹിയിലാണ് പോയതെങ്കിലും ആരും സംശയിക്കുകയില്ലായിരുന്നു. ഈ രാജ്യത്തെ ഏതു കൊച്ചുകുട്ടിക്കും അറിയാം മലയാള മാസം 1-ാം തീയതി മുഖ്യമന്ത്രി ഗുരുവായൂരിൽ തൊഴാൻ പോകുമെന്ന്. പക്ഷേ 27-ാം തീയതി അസംബ്ലി പിരിഞ്ഞ് 28-ാം തീയതി ഗുരുവായൂർക്ക് പറന്നതിന്റെ ഉദ്ദേശം എന്തായിരുന്നു? അവിടെ രണ്ട് ജഡ്ജിമാർ താമസിച്ചിരുന്നു. അദ്ദേഹം പത്രസമ്മേളനത്തിൽ അത് നിഷേധിച്ചു. ആ ജഡ്ജിമാർ ആ വഴിക്ക് പോയിട്ടില്ലെന്ന്. ചീഫ് ജസ്റ്റീസ് തന്നെ മറ്റൊരു വിധിയുടെ.....

ശ്രീ. കെ. കരുണാകരൻ: ചീഫ് ജസ്റ്റീസ് തന്നെ പറഞ്ഞിട്ടുണ്ടല്ലോ ജസ്റ്റീസ് നമ്പ്യാർ അവിടെ ഉണ്ടായിരുന്നില്ലെന്ന്, അത് ഓപ്പൺ കോർട്ടിൽ അനൗൺസ് ചെയ്തു. സഭയിൽ സ്വാധീനമുണ്ടെന്നുവച്ച് അടിസ്ഥാനമില്ലാത്ത എന്തും ഉന്നയിക്കാമെന്നാണോ? ചീഫ് ജസ്റ്റീസ് തന്നെ പറഞ്ഞത് ഇവിടെ ആവർത്തിക്കുന്നതിന്റെ അർത്ഥം അതാണല്ലോ?

ശ്രീ. കെ. പി. പ്രഭാകരൻ: ചീഫ് ജസ്റ്റീസ് തന്നെ മറ്റൊരു വിധിയുടെ പരാമർശനവേളയിൽ പറഞ്ഞു അങ്ങനെ ഉണ്ടായിട്ടില്ലെന്ന്. പക്ഷേ ഒരു സത്യം അവശേഷിക്കുന്നു. അത് ചീഫ് ജസ്റ്റീസ് പറഞ്ഞാലും മുഖ്യമന്ത്രി പറഞ്ഞാലും ഇല്ലാതാകും.

ശ്രീ. കെ. കരുണാകരൻ: പത്രമല്ല അടിസ്ഥാനം. കോടതിയിൽ ചീഫ് ജസ്റ്റീസ് അനൗൺസ് ചെയ്തിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ പത്രങ്ങളെ അടിസ്ഥാനമാക്കി കോടതിവിധിയെപ്പറ്റി പറയരുത്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇത് പത്രങ്ങളെ ആധാരമാക്കിയല്ല. അന്ന് ശ്രീവൽസം ഗസ്റ്റ്ഹൗസിൽ താമസിച്ചിരുന്ന മുഖ്യമന്ത്രിക്കും അവിടെ വിശിഷ്ടാതിഥികളായി താമസിച്ചിരുന്ന ജഡ്ജിമാർക്കും വെള്ളം കിട്ടിയില്ലെന്നുള്ളതിന്റെ പേരിൽ അവിടത്തെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ എഞ്ചിനീയറായ ഒ. ശങ്കരനാരായണനെ സസ്പെൻഡ് ചെയ്തുകൊണ്ട് അഡ്മിനിസ്ട്രേറ്റർ പുറപ്പെടുവിച്ച, അദ്ദേഹം ഒപ്പിട്ടു ഓർഡറിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് ഇത്. ഇത് ഞാൻ ഇവിടെ തരാൻ തയ്യാറാണ്. ആ കോപ്പിയിൽ പറയുന്നത്, 'അവിടെ ക്ഷേത്രദർശനത്തിന് 28–11–1986–ന് രാത്രിയിൽ എത്തിയ മുഖ്യമന്ത്രി ദേവസ്വം ശ്രീവൽസം ഗസ്റ്റ്ഹൗസിലാണ് താമസിച്ചത്. ഗസ്റ്റ്ഹൗസിൽ കേരളാ ഹൈക്കോടതിയിലെ രണ്ട് ജഡ്ജിമാരും അന്നു രാത്രി താമസിച്ചിരുന്നു. 29–11–1986 രാവിലെ ഗസ്റ്റ്ഹൗസിൽ വെള്ളം തീരെ പൈപ്പിൽ കിട്ടാതെ വന്നു. മേൽപറഞ്ഞ വിശിഷ്ടാതിഥികൾക്ക് പ്രാഥമികാവശ്യങ്ങൾക്കുപോലും വെള്ളം ലഭിക്കാതെ വിഷമിക്കേണ്ടിവന്നു. ഇതിനെത്തുടർന്ന് മുഖ്യമന്ത്രിതന്നെ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്. ഈ ഉദ്യോഗസ്ഥനാണ് ഉത്തരവാദി എന്നു പറഞ്ഞുകൊണ്ട് സസ്പെൻഡു ചെയ്തുകൊണ്ട് ഓർഡർ പുറപ്പെടുവിച്ചത്' എന്നാണ്. അതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് ഇത്. ഇത് ഞാൻ ഉശപ്പുറത്ത് വയ്ക്കാം. അല്ലാതെ പത്രമൊന്നുമല്ല. ഈ രേഖയിൽ 28–ാം തീയതി മുഖ്യമന്ത്രി ശ്രീവൽസം ഗസ്റ്റ്ഹൗസിൽ താമസിച്ചിരുന്നു എന്നും കേരള ഹൈക്കോടതിയുടെ രണ്ടു ജഡ്ജിമാരും അവിടെ അന്ന് താമസിച്ചിരുന്നുവെന്നും പറയുന്നു. ഇത്രയും വസ്തുതയാണ്. അവർ ചർച്ച ചെയ്തോ ഇല്ലയോ എന്ന് ആരും കണ്ടിട്ടില്ല. അതൊന്നും ഞാൻ പറയുന്നുമില്ല. ****** ഇതൊക്കെ സത്യമാണ്. അത് ഞാൻ കണ്ടുവെന്നും ചർച്ച ചെയ്തുവെന്നും പറയുന്നില്ല. അതിനൊന്നും തെളിവ് എന്റെ കയ്യിലില്ല. സസ്പെൻഷൻ ഉത്തരവാണ്. അത് നിഷേധിക്കുവാൻ കഴിയുകയില്ല. അതിന്റെ പേരിൽ അസിസ്റ്റന്റ് ഇലക്ട്രിക്കൽ എഞ്ചിനീയർ ഇപ്പോൾ സസ്പെൻഷനിലാണ്.....(ബഹളം).....

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സാധാരണ ഹൈക്കോടതിയുടെ ജഡ്ജിമാരെപ്പറ്റി ഈ നിയമസഭയിൽ പരാമർശിക്കുമ്പോൾ സ്വാഭാവികമായും.....(ബഹളം).....ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഒരു മിനിട്ടു മുമ്പാണ് ഒരു ഹൈക്കോടതി ജഡ്ജിയെപ്പറ്റി ഇവിടെ പരാമർശിച്ചത്. മുഖ്യമന്ത്രി ശ്രീവൽസം ഗസ്റ്റ് ഹൗസിൽ താമസിച്ചതിനെത്തുടർന്ന് കേസ് നിർത്തിവച്ചു എന്ന നിലയ്ക്ക് ഉള്ള ദുരാരോപണം, ഇൻസിനുവേഷനാണ്. ആ ദുസ്സൂചന ഹൈക്കോടതി ജഡ്ജിയെപ്പറ്റി പാടില്ല. ഹൈക്കോടതി ജഡ്ജിയെ ബഹുമാനിക്കേണ്ട ഇതുപോലെയുള്ള ഒരു സ്ഥാപനത്തിൽ അത് പറയുന്നത് ശരിയല്ല.

**സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: അഹമ്മദ് കളളനു കൂട്ടുനിൽക്കണോ?

Shri E. Ahammed: A Judge cannot be questioned. The conduct of a Judge whether inside or outside the Court cannot be questioned in this House.

ശ്രീ. ബേബി ജോൺ: സർ, അങ്ങ് റൂളിംഗ് നൽകുന്നതിനു മുമ്പ് എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. അതായത് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞത് ഒരു ജഡ്ജിയെ സംബന്ധിച്ചിടത്തോളം ജസ്റ്റീസ് സുകുമാരനെ ഏതു സുകുമാരൻ എന്നു ചോദിച്ചത് സാമാന്യ മര്യാദയ്ക്ക് നിരക്കുന്നതല്ല, ഈ സഭയിൽ അത് പാടില്ല എന്നു മാത്രമേയുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ അതൊന്നും പറഞ്ഞില്ല. ഹൈക്കോടതി ചീഫ് ജസ്റ്റീസ് ഈ രണ്ട് ജഡ്ജിമാർ അവിടെ താമസിച്ചില്ല എന്നു പറഞ്ഞില്ല. ജഡ്ജിമാരും മുഖ്യമന്ത്രി ശ്രീ. കരുണാകരനുമായി സംസാരിച്ചില്ല എന്നുമാത്രമേ ഹൈക്കോടതി ചീഫ് ജസ്റ്റീസ് പറഞ്ഞുള്ളൂ. ഇവിടെ കേസുണ്ടായത്, ജഡ്ജിമാർ വന്ന് അവിടെ താമസിച്ചു, നമ്മുടെ മുഖ്യമന്ത്രിയും അവിടെ താമസിച്ചു. അതിന് ഇവിടെ തെളിവു വന്നിരിക്കുന്നു. വെളളമില്ലെന്നും പറഞ്ഞ് ഒരു ഉദ്യോഗസ്ഥനെ സസ്പെൻഡു ചെയ്തു. അത് വായിച്ചത് വല്ല അനാദരവുമാണോ? ജഡ്ജി എന്നു പറഞ്ഞാൽ അനാദരവാകുമോ? അതുകൊണ്ട് ഇത് തെറ്റിദ്ധരിപ്പിക്കലാണ്. ഇതിനകത്ത് ഒരു കാര്യവുമില്ല.

ശ്രീ. ഇ. അഹമ്മദ്: സർ, ഒരു ജഡ്ജി ഒരു ഗസ്റ്റ്ഹൗസിൽ താമസിക്കുന്നു. അവിടെ മുഖ്യമന്ത്രിയോ മറ്റു മന്ത്രിമാരോ ഉളളതുകൊണ്ട് ആ ജഡ്ജിയെ സ്വാധീനിക്കുമെന്നു പറയുകയാണെങ്കിൽ അത് ഇവിടെ നീതിന്യായത്തെ സംബന്ധിച്ചുള്ള മതിപ്പ് ജനങ്ങളിൽ കുറയ്ക്കുന്നതിനും ജഡ്ജിമാരുടെ ഇൻഗ്രിറ്റിയെ ബാധിക്കുന്നതിനും ഇടയാക്കും. അത് ഒരിക്കലും അനുവദിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഒരു ദുസ്സൂചനയും പാടില്ല. ഹൈക്കോടതി ജഡ്ജിമാരെപ്പറ്റി ഈ സഭയിൽ വച്ച് പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഗസ്റ്റ് ഹൗസിൽ മുഖ്യമന്ത്രി താമസിച്ചപ്പോൾ കേരളാ ഹൈക്കോടതിയുടെ രണ്ട് ജഡ്ജിമാരും ഉണ്ടായിരുന്നുവെന്നും അതു സംബന്ധിച്ച് ഒരു കേസിന്റെ ഹിയറിംഗ് ഒരു മാസത്തേക്ക് നീട്ടിവച്ചു എന്നും പറഞ്ഞുകൊണ്ട് ജഡ്ജിമാരെപ്പറ്റി ദുസ്സൂചന പറഞ്ഞു. അത് ശരിയല്ല. ഒരു മുഖ്യമന്ത്രിയോ മറ്റു ഏതെങ്കിലും മന്ത്രിയോ ഉളളതുകൊണ്ട് അവിടെ താമസിക്കുവാൻ.....(ബഹളം).....

ശ്രീ. ഇ. കെ. നായനാർ: കേരളത്തിലെ രണ്ട് ജഡ്ജിമാർ അവിടെ താമസിച്ചു എന്നുളളതിനേയും അതുപോലെ മുഖ്യമന്ത്രി താമസിച്ചിരുന്നു എന്നുളളതിനേയും അവർക്ക് വെളളം കിട്ടാത്തതുകൊണ്ട് ഒരു ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തതിനേയും ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് ഇത്. അത് റിക്കോർഡായി. അതിനെ സംബന്ധിച്ച് പറയുമ്പോൾ ശ്രീ. അഹമ്മദ് വേറെയാണ് പറയുന്നത്.

ശ്രീ. ബേബി ജോൺ: സർ, അങ്ങ് അത് കേട്ടില്ലല്ലോ? അതിൽ ഒരു ദുസ്സൂചനയുമില്ല. ഒരു ജീവനക്കാരനെ സസ്പെൻഡ് ചെയ്തതിനു കാരണമായി കൊടുത്ത നോട്ടീസിൽ പറഞ്ഞിരിക്കുന്നത് മുഖ്യ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയും രണ്ട് ജഡ്ജിമാരും അവിടെ താമസിച്ചിരുന്ന സമയത്ത് അവർക്ക് വെള്ളം കൊടുത്തില്ല. അതിന്റെ ഉത്തരവാദിത്വം ആ ഉദ്യോഗസ്ഥനാണെന്നു പറഞ്ഞുകൊണ്ടാണ് സസ്പെൻഡ് ചെയ്തിരിക്കുന്നത്. ഇവിടെ മുഖ്യമന്ത്രി പറഞ്ഞത് അവർ അവിടെ താമസിച്ചില്ലെന്നാണ്. ഹൈക്കോടതി ചീഫ് ജസ്റ്റീസ് അവർ അവിടെ താമസിച്ചില്ല എന്നു പറഞ്ഞില്ല, മുഖ്യമന്ത്രിയുമായി സംസാരിച്ചില്ല എന്നാണ് പറഞ്ഞത്. അപ്പോഴും ഒരു അനാദരവുമില്ല. വല്ല അനാദരവും കണിച്ചിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രി മാത്രമേയുള്ളൂ. ജസ്റ്റീസ് സുകുമാരനു എതിരായി.....

മി. സ്പീക്കർ: ഇവിടെ ഒരു കാര്യം വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. സഭയിൽ ഇല്ലാത്ത ബഹുമാന്യരായിട്ടുള്ള വ്യക്തികളും ആരുതന്നെയായാലും അവരെക്കുറിച്ച് ചട്ടപ്രകാരം ഒരു പരാമർശനവും ഉണ്ടായിരിക്കാൻ പാടില്ല; ഇത് ഒന്ന്. രണ്ട് നമ്മുടെ ഈ സിസ്റ്റത്തിൽ വളരെ പ്രധാനപ്പെട്ട ചുമതല വഹിക്കുന്ന ഒരു ഘടകമാണ് ഹൈക്കോടതി. ജഡ്ജിമാരെക്കുറിച്ച്, അവരുടെ ചുമതല നിർവ്വഹണത്തെക്കുറിച്ച് യാതൊരു ചർച്ചയും പാടില്ലെന്ന് ഭരണഘടനയിൽത്തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ അവരെ സംബന്ധിച്ച് ദുസ്സൂചനകളോ അല്ലെങ്കിൽ അത്തരത്തിലുള്ള ഏതെങ്കിലും സൂചനകളോ, ദുസ്സൂചനകളോ വരുന്ന പരാമർശങ്ങളോ ഒരു കാരണവശാലും രേഖയിൽ ഉണ്ടാവുകയില്ല. മൂന്നാമത് ഈ സ്ഥാപനങ്ങളുടേയും കോടതികളുടേയും ലെജിസ്ലേച്ചറിന്റെയും അതുപോലെ എക്സിക്യൂട്ടീവിന്റെയും എല്ലാം, ഔന്നത്യം നിലനിറുത്തേണ്ടത് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാവരുടേയും ചുമതലയാണ്. ഇവിടെ ശ്രീ. പ്രഭാകരൻ പറഞ്ഞതിൽ ചട്ടവിരുദ്ധമായിട്ട് എന്തെങ്കിലുമുണ്ടെങ്കിൽ.....No further explanation on this point now. ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളതിൽ എന്തെങ്കിലുമുണ്ടോയെന്ന് ഇപ്പോഴംതന്നെ പരിശോധിക്കുന്നതാണ്. സഭ പിരിയുന്നതിന് മുമ്പ് തന്നെ അതുസംബന്ധിച്ച് ചട്ടവിരുദ്ധമായിട്ട് വല്ലതും ഉണ്ടെങ്കിൽ അത് രേഖയിൽനിന്ന് നീക്കംചെയ്യുന്നതാണ്, ആര് പറഞ്ഞതായാലും. ഈ സഭയിലെ ഏതെങ്കിലും ബഹുമാനപ്പെട്ട അംഗം ചട്ടവിരുദ്ധമായി ഏത് പരാമർശനം നടത്തിയാലും അത് രേഖയിലുണ്ടായിരിക്കുന്നതല്ല.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, അങ്ങേയ്ക്കുവേണ്ടി ഇത് ഒന്നുകൂടി വായിക്കാം.

മി. സ്പീക്കർ: അതെല്ലാം രേഖ പരിശോധിച്ചു കൊള്ളാം. അങ്ങ് വായിച്ചത് സഭയുടെ രേഖയിലുണ്ട്. അതെല്ലാം പരിശോധിച്ചിട്ടാണ് പറയുന്നത്. ശ്രീ. പ്രഭാകരൻ അങ്ങ് രണ്ടുമണിക്ക് തുടങ്ങിയതാണ്. ഇപ്പോഴും രണ്ട് ഇരുപത്തിയൊന്നായി. ഏതായാലും പറയാനുള്ളത് ഏറ്റവും ചുരുക്കി സംസാരിക്കൂ.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇവിടെ ജുഡീഷ്യറിയോടോ ജനാധിപത്യമൂല്യങ്ങളോടോ എന്തെങ്കിലും ബഹുമാനമുണ്ടായിരുന്നുവെങ്കിൽ മന്ത്രി ശ്രീ. ബാലകൃഷ്ണപിള്ളയും മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും ഈ അധികാരക്കസേരയിൽ കടിച്ചു തൂങ്ങുമായിരുന്നില്ല, അതാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ രാജ്യത്ത് ഉണ്ടായിരിക്കുന്ന ഏറ്റവും വലിയ വിപത്ത് വർഗ്ഗീയതയും വിഘടനവാദവുമാണെന്നുള്ളത് ഇന്ന് എല്ലാവരും അംഗീകരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. കഴിഞ്ഞ 40 വർഷങ്ങൾക്കിടയിൽ ഇന്നത്തേതുപോലെ ഗുരുതരമായ ഒരു വെല്ലുവിളി നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും എതിരായി മുമ്പൊരിക്കലും ഉയർന്നുവന്നിട്ടില്ല. പഞ്ചാബിൽ ഘോര വാർന്നൊലിക്കുന്ന വർഗ്ഗീയ വിഷസർപ്പങ്ങൾ പത്തിവിടർത്തിയാടുന്നു. കലാപങ്ങൾ നിത്യസംഭവങ്ങളായിരിക്കുന്നു. പത്തു വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ പ്രസിദ്ധീകരിച്ച ഒരു ചെറുകഥ ഈയിടെ 'ഡെക്കാൻ ഹെറാൾഡിൽ' പ്രസിദ്ധീകരിച്ചതിനാണ് കർണ്ണാടകത്തിൽ അടുത്ത നാളുകളിൽ വെടിവയ്പും രക്തച്ചൊരിച്ചിലുമുണ്ടായത്. അതൊക്കെ ബഹുമാനപ്പെട്ട ഫസ്സനസ് നിസ്സാരമായ സംഗതികളാണ്. കേരളത്തിൽ സമീപകാലത്തുണ്ടായ ചില സംഭവങ്ങൾ ആശങ്ക ഉളവാക്കുന്നവയാണ്. ഒരു നാടകത്തെയും പാഠപുസ്തകത്തെയും ഉയർത്തിപ്പിടിച്ചുകൊണ്ട് മതമൗലിക വാദത്തിന്റെ ഭീഷണിയുമായി മതാദ്ധ്യക്ഷൻമാർ വെല്ലുവിളി നടത്തുകയും അനുയായികളെ തെരുവിലിറക്കുകയും ചെയ്തു. ഈ നാടകം നിരോധിക്കുന്നതിനെതിരായിട്ട് ആദ്യമായി മതാദ്ധ്യക്ഷൻമാർ അവരുടെ പ്രതിഷേധം പ്രകടിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. മൗനപ്രാർത്ഥന. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മൗന പ്രാർത്ഥനകൊണ്ടൊന്നും നിരോധനം എടുക്കാൻ പോകുന്നില്ലായെന്നുള്ളതിന്റെ സൂചന കൊടുത്തത്. ഇവിടെ ക്രമസമാധാന ലംഘനമുണ്ടെങ്കിൽ തീർച്ചയായിട്ടും ഗവൺമെന്റ് ഇടപെടും. നിരോധിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനുശേഷമാണ് ആ അനുയായികളെ തെരുവിലിറക്കിക്കൊണ്ട്, ഒരു ക്രമസമാധാന പ്രശ്നം സൃഷ്ടിക്കപ്പെട്ടത്.

സർ, അതുപോലെതന്നെ ഇവിടെ പാഠപുസ്തകത്തെ സംബന്ധിച്ച് കോഴിക്കോട് അക്കാഡമിക് കൗൺസിലിന്റെ തീരുമാനം വന്നുകഴിഞ്ഞപ്പോൾ അക്കാഡമിക് കൗൺസിൽ തീരുമാനിച്ചു ഇതൊക്കെ പഠിപ്പിക്കാൻ തുടങ്ങിയാൽ കോളേജിലെ വിദ്യാർത്ഥികൾ പിച്ചാത്തിയെടുക്കും, അവർ മറ്റ് സംഘട്ടനങ്ങൾ ഉണ്ടാക്കും, അവിടെ തീ വയ്പു നടക്കും എന്നൊക്കെ പറഞ്ഞുകൊണ്ട് പരസ്യമായി ഒരു പ്രസ്താവന യിറക്കിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് ഇവിടെയിരിക്കുന്നത്. അങ്ങനെ ഈ സാമുദായിക വിദ്വേഷം ആളിപ്പടർത്തിക്കൊണ്ട് ഈ രാജ്യത്ത് അവരുടെ സഹായത്തോടുകൂടി ഇനിയും അധികാരത്തിൽ പിടിച്ചു നിൽക്കണമെന്നുള്ളതല്ലാതെ നമ്മുടെ രാജ്യത്ത് ഇന്ന് നേരിട്ടിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് അശേഷവും അതിൽ താൽപ്പര്യമില്ലെന്നുള്ളതാണ് ഈ സംഭവങ്ങൾ തെളിയിക്കുന്നത്.

സർ, ഇവിടെ ഇന്നലെ പുറത്തു വന്ന ബാബറി മസ്ജിദ് പ്രശ്നത്തെസംബന്ധിച്ച കോൺഫറൻസിന്റെ ആഹ്വാനത്തെ സംബന്ധിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട നഹാ സാഹിബ് അത് മിസ്ലീം ലീഗിന് ബാധകമല്ലെന്നും പറഞ്ഞു. അത് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു അങ്ങനെ ബഹിഷ്ക്കരിക്കുന്നത് രാജ്യദ്രോഹമാണെന്ന്. പക്ഷേ, രണ്ടുപേരും മറച്ചുവച്ച ഒരു കാര്യമുണ്ട്. ഈ തീരുമാനം എടുക്കുന്നതിൽ ഗവൺമെന്റിൽ പങ്കാളിയായിട്ടുള്ള രണ്ടാം കക്ഷിയാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുള്ള മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ നേതാവ് സുലൈമാൻ സേട്ട് പങ്കെടുത്തതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നും പറഞ്ഞില്ല. അതുപറഞ്ഞാൽ മുഖ്യമന്ത്രിയുടെ നില അപകടത്തിലാകും. അതുപോലെ തന്നെ നഹാ സാഹിബ് അത് മുസ്ലീം ലീഗിന്റെ തീരുമാനമല്ലെന്നു പറഞ്ഞതിൽ സന്തോഷമുണ്ട്. പക്ഷേ അങ്ങനെ ഒരു തീരുമാനമെടുക്കാൻ ഒരു മസ്ജിദ് കോൺഫറൻസ് ആഹ്വാനം നൽകിക്കഴിഞ്ഞാൽ അത് തെറ്റാണെന്ന് പറയുവാനോ അതിൽ കേരളത്തിലെ മുസ്ലീങ്ങൾ പങ്കെടുക്കരുതെന്ന് പറയുവാനോ, അത് ചെവിക്കൊള്ളരുതെന്ന് ആഹ്വാനം ചെയ്യുവാനോ നഹാ സാഹിബ് തയ്യാറായിട്ടില്ല, ഇവിടത്തെ ലീഗ് തയ്യാറായിട്ടില്ല. അങ്ങനെ തയ്യാറാകാത്ത കാലത്തോളംകാലം ഈ ആഹ്വാനം കേട്ടാൽ കേരളത്തിലെ മുസ്ലീങ്ങൾക്കും വികാരം ഉണ്ടാകുമെന്നുള്ളതിന്റെ പ്രത്യക്ഷ തെളിവായിരുന്നു തൃശ്ശൂരിൽ രണ്ടുദിവസം മുമ്പ് എസ്. ടി. യു. വിന്റെ നേതൃത്വത്തിൽ നടന്ന മുസ്ലീം തൊഴിലാളികളുടെ പ്രകടനം. വളരെ പ്രകോപനപരമായി ഈ മസ്ജിദ് ആഹ്വാനം ഉയർത്തിപ്പിടിച്ചു കൊണ്ടുള്ള മുദ്രാവാക്യം ആണ് ആ പ്രകടനത്തിൽ പങ്കെടുത്തയാളുകൾ വിളിച്ചിരുന്നത്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: സർ, കളവ് പറയുന്നതെന്തിനാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, കളവല്ല, അവിടെ വിളിച്ചതാണ്. പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്ത ആ ജാഥയിൽ വിളിച്ച മുദ്രാവാക്യം ''ബാബർ മസ്ജിദ് തന്നില്ലെങ്കിൽ കേരളമില്ല, കേന്ദ്രവുമില്ല ഓർത്തുകളിച്ചോ രാജീവേ, രാമഭൂമി കെട്ടുകഥ, ബാബർ പള്ളി സത്യകഥ, ബാബർ പള്ളി തന്നില്ലെങ്കിൽ ബഹിഷ്ക്കരണം, ബഹിഷ്ക്കരണം മാറ്റമില്ല സർക്കാരേ.'' വളരെ കാവ്യാത്മകമായി ആവേശപൂർവ്വം വിളിച്ച് മുദ്രാവാക്യമാണ്. ഞാൻ പറഞ്ഞത് ലീഗിന്റെ തീരുമാനമല്ല എന്നു പറഞ്ഞാൽ പോര. ഈ രാജ്യത്തെ ഉത്തരവാദപ്പെട്ട വാഗ്മികൾ, ഇത്തരത്തിലുള്ള ഒരു ആഹ്വാനം വന്നത് അപകടകരമാണ്, തെറ്റാണ് എന്നു പറയുവാൻ ഉത്തരവാദപ്പെട്ട പാർട്ടികൾ മുന്നോട്ടു വരണം. എന്തുകൊണ്ട് മുസ്ലീം ലീഗ് പറയുന്നില്ല. ഞങ്ങളുടെ തീരുമാനമല്ലെന്നു പറയുന്നതുകൊണ്ടായില്ലല്ലോ. തീർച്ചയായിട്ടും ഈ കേരളത്തിൽ ഇപ്പോൾ തന്നെ ഹിന്ദു—വർഗ്ഗീയ വാദികൾ.....

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഇന്നലെ ഇവിടെ പറഞ്ഞതാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എടുക്കാത്ത ഒരു തീരുമാനം തെറ്റാണെന്ന് പറയേണ്ട ആവശ്യമില്ല. ഞങ്ങൾ തീരുമാനമെടുത്തിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, അത് തടഞ്ഞില്ലെങ്കിൽ കേരളത്തിലെ മുസ്ലീങ്ങളുടെയിടയിലും വികാരമുണ്ടാകുമെന്നുള്ളതിനു തെളിവായിട്ടാണ് ആ മുദ്രാവാക്യം ഞാൻ ഇവിടെ ഉന്നയിച്ചത്.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സർ, വികാരമുണ്ടാക്കാനാണ് ദേശാഭിമാനിയും ജനയുഗവുമൊക്കെ ഈ കള്ള മുദ്രാവാക്യങ്ങൾ കൊടുത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇത് ഉപയോഗപ്പെടുത്തിക്കൊണ്ട് ഇപ്പോഴത്തന്നെ ഇവിടെ ബി. ജെ. പി. യുടേയും ആർ. എസ്. എസ്സിന്റേയും ഒക്കെ പ്രതികരണം വന്നുകഴിഞ്ഞു. ഇത് ഹിന്ദു വർഗ്ഗീയ വാദികൾക്ക് വിഷം പകർന്നുകൊടുക്കുന്നതാണ്. കേരളത്തിൽ തന്നെ സാമുദായിക വിദ്വേഷം ആളിപ്പടരാൻ പ്രയോജനപ്പെടുന്ന ഒരു സ്ഥിതിയാണ് അതിന്റെ ഫലമായിട്ട് ഉണ്ടായത്. ഞാൻ ഒരു പോയിന്റ് കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട കോൺഗ്രസ് (ഐ) യുടെ നേതാവ് ശ്രീ. ഹസ്സൻ സംസാരിച്ചപ്പോൾ ഇപ്പുറത്തിരിക്കുന്ന ആളുകളെയൊക്കെ അങ്ങോട്ട് ക്ഷണിക്കുന്നതുകേട്ടു. ഞങ്ങൾ വീണ്ടും അധികാരത്തിൽവരും, ഇപ്പുറത്തിരിക്കുന്ന സി. പി. ഐ. യു., ബേബി ജോണിന്റെ ആർ. എസ്. പി. ക്കാരുമെല്ലാം തന്നെ അങ്ങോട്ട് വരണമെന്ന് ക്ഷണിച്ചു. ഇത്രയധികം ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വരുമെന്ന് അവർക്ക് ഉറപ്പുണ്ടെങ്കിൽ പിന്നെ ഇവിടെയിരിക്കുന്ന ആളുകളെ അങ്ങോട്ട് ക്ഷണിക്കേണ്ട കാര്യമുണ്ടോ? ഈ ആളുകളൊക്കെ അപ്പുറത്തിരിക്കാൻ സ്ഥലമുണ്ടാകുമോ? അപ്പോൾ അതിന്റെയർത്ഥം അവിടെയിരിക്കുന്ന കുറേ ആളുകളെ പുറത്താക്കാൻ വേണ്ടിയല്ലേ? അതിന് ഞങ്ങളെ കരുവാക്കണമോ? അങ്ങനെ ശ്രീ. ഹസ്സനൊന്നും യാതൊരു തെറ്റിദ്ധരണയും വേണ്ട; ഇപ്പുറത്തിരിക്കുന്ന ആരേയും നിങ്ങൾക്ക് കിട്ടാൻ പോകുന്നില്ല. ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ചോദിച്ചു ഇവിടെയിരിക്കുന്ന സി. പി. ഐ.യിലെ ഇന്നുള്ള മെമ്പർമാർ ഇത്രയും അംഗബലത്തോടുകൂടി അവിടെ വരുമോയെന്ന്; ആർ. എസ്. പി. ക്കാർ വരുമോയെന്ന്. സി. പി. ഐ. യെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായി, ഉത്തമബോദ്ധ്യത്തോടുകൂടി എനിക്ക് പറയാൻ കഴിയും, ഇന്ന് കേരളത്തിലും ഇൻഡ്യൻ രാഷ്ട്രീയത്തിലും ഏറ്റവും അപകടകരമായി, ഇന്ന് രാജ്യത്തിന് നേരിട്ടിരിക്കുന്ന ഏറ്റവും അപകടകരമായ ഭവിഷ്യത്തിന് എതിരായി ജീവൻ പണയംവച്ച് രക്തസാക്ഷികളെ ബലികൊടുത്തു കൊണ്ട് പോരാടിക്കൊണ്ടിരിക്കുന്ന പാർട്ടിയാണ് സി. പി. ഐ. ക്കാർ എന്ന്. 16–ാമത്തെ രക്തസാക്ഷിയാണ് ദർശൻ സിംഗ്. കനേഡിയൻ പഞ്ചാബിലെ ദർശൻ സിംഗ്. ആ പാർട്ടിക്ക് ഈ അടുത്ത തെരഞ്ഞെടുപ്പു കഴിഞ്ഞാലും ബഹുജനങ്ങളുടെ വിശ്വാസം കൂടുതൽ ആർജ്ജിച്ചുകൊണ്ട് ഇന്നുള്ള മെമ്പർമാർ തിരിച്ചുവരുമെന്നുള്ളതിന്റെ സംശയമൊന്നും വേണ്ട. അംഗസംഖ്യ ഈ 12 അല്ല അതൊരു 50 ശതമാനമെങ്കിലും കൂടിയ അംഗസംഖ്യയോടുകൂടി സി. പി. ഐ. മെമ്പർമാർ ഈ നിയമസഭയിൽ ഉണ്ടാകും. ആ കാര്യത്തിൽ ആർക്കും ആശങ്ക വേണ്ട. അതുപോലെതന്നെ ഈ ഇടതുപക്ഷ.... .....അഖിലേന്ത്യാ ലീഗ് പോയിട്ടുണ്ടായിരിക്കാം; മറേതെങ്കിലും സംഭവിച്ചിട്ടുണ്ടായിരിക്കാം. ഇന്ന് ഇൻഡ്യാ രാജ്യത്ത് ഈ ഭവിഷ്യത്തിനെതിരായി മതേതരത്വത്തേയും ജനാധിപത്യത്തേയും ഉയർത്തിപ്പിടിക്കുന്ന ഏക മുന്നണി ഇവിടെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിയാണെന്ന് അഖിലേന്ത്യാ ലീഗു പോയതോടുകൂടി വ്യക്തമായിക്കഴിഞ്ഞിരിക്കുകയാണ്. ഈ കേരളത്തിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും മതേതരത്വത്തിനും ജനാധിപത്യത്തിനുംവേണ്ടി നിലകൊള്ളുന്നവരാണ്. ഈ ഗവൺമെന്റിനെ വർഗ്ഗീയ കൂട്ടുകെട്ടിൽ മടുത്ത്, ഈ ഗവൺമെന്റിനെ ജനദ്രോഹ നയങ്ങൾ സ്വന്തമായ അനുഭവങ്ങളിലൂടെ പൊറുക്കാനാകാതെ അതിനെ കടപുഴക്കിയെറിയുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആദ്യത്തെ അവസരം പാർത്തിരിക്കുന്ന ഈ ജനങ്ങൾ തീർച്ചയായും വർഗ്ഗീയ കൂട്ടുകെട്ടിനെ തൂത്തെറിഞ്ഞുകൊണ്ട് ഇവിടെ മതേതരത്വത്തെയും, ജനാധിപത്യത്തെയും, ഇൻഡ്യയുടെ സംരക്ഷണത്തെയും ഉയർത്തിപ്പിടിക്കുന്ന ഇടതുപക്ഷജനാധിപത്യ മുന്നണിയെ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അടുത്ത തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് അശേഷവും സംശയമില്ല. അതുകൊണ്ട് ഇങ്ങോട്ട് തിരിഞ്ഞ് ആരും അതിനുവേണ്ടി എതിർക്കേണ്ടതില്ലെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്.

ശ്രീ. എ. സി. ജോസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. വളരെ സന്തോഷത്തോടുകൂടി പിന്താങ്ങുന്നു സർ. ഞാൻ ഇവിടെ പ്രതിപക്ഷത്തിന്റെ പ്രസംഗം കേട്ടു കൊണ്ടിരുന്നപ്പോഴും പ്രത്യേകിച്ച് ബഹുമാന്യനായ കെ. പി. പ്രഭാകരന്റെ പ്രസംഗം കേട്ടപ്പോഴും കടമുറ്റത്തു കത്തനാർ എന്നുപറയുന്ന ഒരു പഴയ ചരിത്രകഥാപാത്രത്തെ സംബന്ധിച്ചു പറയുന്ന ഒരു കഥയാണ് ഓർത്തുപോയത്. അദ്ദേഹത്തിന് ഒരു വേലക്കാരനുണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ട്. അയാൾ എപ്പോഴും പോയി ഇത്തിരി കള്ളുകുടിച്ചിട്ട് വരാനിടയുള്ളതുകൊണ്ട്, ഇടയ്ക്കിടയ്ക്ക് കത്തനാർ വിളിച്ചുകൊണ്ടിരിക്കും. അയാൾ വിളിക്കുമ്പോൾ "ഉണ്ട് തിരുമേനി" എന്നു പറയാറുണ്ടെന്നു പറഞ്ഞതുപോലെ കെ. പി. പ്രഭാകരന്റെ പാർട്ടി ഇടയ്ക്കിടയ്ക്കെല്ലാം ''ഞങ്ങൾ ഒരുകാരണവശാലും അപ്പുറത്തേയ്ക്കില്ലെ''ന്നു പറഞ്ഞ്, ഇടയ്ക്കിടയ്ക്ക് ഇങ്ങനെ ''ഉണ്ട് തിരുമേനി'' എന്നു പറയാറുണ്ട്. അതുപോലെതന്നെയാണ് കെ. പി. പ്രഭാകരനും— ''ഒരു കാരണവശാലും ഇന്നത്തെനിലയിൽ ഞങ്ങൾ അപ്പുറത്തേക്ക് വരുന്നില്ലെ''ന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. രാജ്യം അപകടകരമായ രീതിയിലെത്തിയിരിക്കുന്നതുകൊണ്ട്, അതു മുഴുവനും താങ്ങേണ്ട പല്ലിയാണല്ലോ ഈ കെട്ടിടം താങ്ങുന്നത്. അത് ഉത്തരം താങ്ങുന്ന പല്ലിയായതുകൊണ്ട് ഞങ്ങൾ ഇതുമുഴുവൻ താങ്ങിനിർത്തിയിരിക്കുന്ന രീതിയിൽ അദ്ദേഹം പ്രസംഗിച്ചു. ഇതിനിടയ്ക്ക് ഒരു വാർത്ത വന്നു. ശ്രീ. കെ. പി. പ്രഭാകരനോ അദ്ദേഹത്തിന്റെ പാർട്ടിയോ ഇടയ്ക്കിടയ്ക്ക് എം. വി. രാഘവനുമായിട്ട് സംസാരിക്കുന്നുണ്ടെന്ന് അദ്ദേഹത്തിന്റെ ചില പ്രസ്താവനകൾ വന്നു. എം. വി. രാഘവന്റെ സി. എം. പി. യും ബേബി ജോണിന്റെ ആർ. എസ്. പി. യും കെ. പി. പ്രഭാകരന്റെ സി. പി. ഐ. യുമായി ആലോചന നടത്തിയിട്ട് എം. വി. രാഘവൻ പറഞ്ഞതുപോലെയുള്ള ഒരു കണ്ടസ്റ്റഡ് അഡ്ജസ്റ്റ്മെന്റ് നടത്തി മുമ്പോട്ടു നീങ്ങാനുള്ള ശ്രമം നടക്കുന്നുവെന്നു പറയുന്നതു കേട്ടു. ഇവിടെ ശ്രീ. നായനാരോ ഗൗരിയമ്മയോ പ്രസംഗിക്കുമ്പോൾ ദയവുചെയ്ത്—ഇതൊന്നു വ്യക്തമാക്കണം. സി.പി.ഐ. യും ആർ.എസ്.പി. യും ഈ നിലപാടു സ്വീകരിച്ചിരിക്കുന്നതിൽ എന്തെങ്കിലും കാതലുണ്ടോയെന്നു പറയണം. ഇവിടത്തെ പ്രതിപക്ഷത്തിന്റെ സ്ഥിതിയെന്താണെന്നറിയാമോ? മഹാകവി വള്ളത്തോൾ തീവണ്ടിയാപ്പീസിൽ മരിക്കാൻ പോകുന്ന ഒരു ഭിക്ഷക്കാരനെക്കുറിച്ച് ഒരു കവിത എഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറഞ്ഞു,

''ഞരമ്പെലിമ്പെന്നിവ ചേർത്തുവച്ച്
ചുളിഞ്ഞ തോൽകൊണ്ടതു മൂടിയിട്ടാൽ
ആളെന്നു പേരായതിനൊക്കുമെങ്കിൽ
ഒരാളുതാനാഗ്ഗളിതാംഗചേഷ്ടൻ'' എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

അതായത് മനുഷ്യപ്രകൃതി. ഞരമ്പും എല്ലിമ്പും ചേർത്തുവച്ച് ചുളിഞ്ഞ തോൽകൊണ്ടതു മൂടിയിട്ടാൽ ആളെന്നു പേരായതിനൊക്കുമെങ്കിൽ അങ്ങനെയുള്ള ഒരാളാണ് ആ കിടക്കുന്നതെന്ന് പറഞ്ഞു. ഇവിടത്തെ പ്രതിപക്ഷത്തിന്റെ സ്ഥിതി അതാണു സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എല്ലും, സ്വതന്ത്രൻമാരായ ഷൺമുഖദാസിന്റേയും കൂട്ടരുടേയും ഞരമ്പും ആർ. എസ്. പി. യുടെ ചുളിഞ്ഞ തോലും എല്ലാംകൂടി ചേർത്തിട്ടിട്ട്, ആളെന്നുപേരായതിനൊക്കുമെങ്കിൽ ആ ഒരാളുതന്നെയാണ്, പ്രതിപക്ഷത്തിന്റെ രൂപത്തിൽ ഇവിടെ കിടക്കുന്നത്. പ്രതിപക്ഷത്തിന്റെ ആ ബഞ്ച് ഒന്നു നോക്കണം. ഞാൻ ഈ സഭയിൽ വന്നത് രണ്ടുവർഷം കഴിഞ്ഞിട്ടാണ്. അന്ന് അവിടെ നിറഞ്ഞിരുന്നിരുന്ന ആളുകളിൽ പലരും ഇന്ന് ഇപ്പുറത്തുണ്ട്. ആ പോരുന്നവർ എല്ലാവരും പ്രതിപക്ഷത്തിന്റെ ഭാഷയിൽ കാലുമാറക്കാരാണ്. അപ്പുറത്തിരിക്കാൻ അല്ല എല്ലും ഞരമ്പും തോലുമായി കിടക്കാൻ കഴിവുള്ളവർ മാത്രം പ്രതിപക്ഷത്തായിത്തീർന്നിരിക്കുന്നു, അതാണു ഞാൻ പറഞ്ഞത്. സി. പി. ഐ. യും അധികം താമസിയാതെ ഇപ്പുറത്തു വരും. അങ്ങനെ ഞരമ്പും എലിമ്പും ചുളിഞ്ഞ തോലും കൊണ്ടു മൂടിയിട്ട കുറേ ആളുകളാണു പ്രതിപക്ഷത്തിരിക്കുന്നത്. ഷൺമുഖദാസ് എന്റെ വളരെ പഴയ ഒരു സ്നേഹിതനാണ്. അദ്ദേഹം പ്രസംഗിക്കുന്നതു കേട്ടപ്പോഴാ സത്യത്തിൽ സങ്കടം തോന്നി. അദ്ദേഹം ഏതു പാർട്ടിയാണെന്ന് എനിക്കറിഞ്ഞുകൂടാ. തമിഴ്നാട്ടിലും നമ്മുടെ നാട്ടിലെ ചില ഭാഗങ്ങളിലും നല്ല കൊഴുത്ത പശുക്കുട്ടിയെ പശു പ്രസവിച്ചു കഴിഞ്ഞാൽ ആ കുഞ്ഞിനുപോലും കൊടുക്കാതെ മുഴുവൻ പാലും കറന്നെടുക്കും. അതിനുവേണ്ടി വയ്ക്കോൽകൊണ്ട് ഒരു പശുക്കിടാവിനെ ഉണ്ടാക്കും. എന്നിട്ട് വെളുത്ത തോലു കൊണ്ടോ അല്ലെങ്കിൽ തുണികൊണ്ടോ പൊതിഞ്ഞിട്ട് ഈ വയ്ക്കോൽക്കുട്ടിയേയും കൈയിൽ പിടിച്ച് പശുവിനേയും വലിച്ചുകൊണ്ടു കറക്കാൻ നടക്കുന്ന ആളുകളുണ്ട് സർ. ഈ കുഞ്ഞിനെ ഒന്ന് അകിടിൽ മുട്ടിച്ചാലേ പാല് ചുരത്തുകയുള്ളൂ. അങ്ങനെ ചുരത്തി മുഴുവൻ പാലും കറന്നെടുക്കുന്ന ചില കറവക്കാർ ഉണ്ട്. അതുപോലെയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഇവിടെ കോൺഗ്രസ്സിന്റെ പേരു കാണിച്ചാലേ, കോൺഗ്രസ്സ് ഒന്നു മുട്ടിയാലേ, ജനത്തിന്റെ അകിടിൽനിന്ന് വോട്ടു ചുരത്തുകയുള്ളൂ. അങ്ങനെ വോട്ടു ചുരത്താൻവേണ്ടി വയ്ക്കോൽ കൊണ്ട് ഉണ്ടാക്കിയ ഒരു കോൺഗ്രസ്സിന്റെ രൂപവുമായിട്ടാണ് ഇന്ന് എ. സി. ഷൺമുഖദാസ് അപ്പുറത്തിരിക്കുന്നത്. അദ്ദേഹം സ്വതന്ത്രനാണ്. ശരശ്ചന്ദ്രസിൻഹയെ കിട്ടിയതുകൊണ്ട് അദ്ദേഹത്തിന് കോൺഗ്രസ്സ് (എസ്) എന്ന് പിന്നേയും പറയാമെന്നാണ്. നാളെ ശാപ്പാട്ടുരാമനെ പിടിച്ച് പ്രസിഡൻറാക്കി വച്ചിട്ട് കോൺഗ്രസ്സ് (എസ്) എന്നുപറഞ്ഞ് നടക്കും. ഞാൻ ചോദിക്കട്ടെ, ഏതു ന്യായത്തിലാണ് അവർ കോൺഗ്രസ്സ് (എസ്) എന്ന പേരു കൊടുക്കുന്നത്. കോൺഗ്രസ്സ് (എസ്) എന്ന പേരുതന്നെ വന്നത് ശരത്പവാറിന്റെ പേരിൽനിന്നാണ്. ഇവിടെ അതു കഴിഞ്ഞിട്ട് സോഷ്യലിസ്റ്റ് എന്നാക്കി. അതുകഴിഞ്ഞ് അവർ പോയി, സകല ആളുകളും പോയി. അങ്ങനെ പോയി കഴിഞ്ഞിട്ട് ഇപ്പോഴാ അദ്ദേഹം നിൽക്കുന്നത് ശാപ്പാട്ടുരാമന്റെ കോൺഗ്രസ്സിലാണ്. ഷൺമുഖദാസിന്റെ കോൺഗ്ര

LIBRARY ARCHIVES Kerala Legislative Assembly

സ്സെന്നു പറഞ്ഞുകൊണ്ട് വേണമെങ്കിൽ നിൽക്കാം. ഇങ്ങനെ വയ്ക്കേൽ കൊണ്ടുണ്ടാക്കി പാലുചുരത്താൻ വേണ്ടി കൊണ്ടുനടക്കുന്നതുപോലെയാണ് ഇന്ന് ഷൺമുഖദാസിനെ അദ്ദേഹത്തിന്റെ സ്നേഹിതൻമാർ കൊണ്ടുനടക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെ സ്പീക്കർ)

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, സംഘടനാ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയതിന്റെ പേരിൽ ശരത്പവാർ ആറ് കോൺഗ്രസ് (എസ്) ന്റെ എം. എൽ. എ. മാരെ 7-ാം തീയതി പുറത്താക്കിയ വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എ. സി. ജോസ്: സർ, അത് എല്ലാവർക്കും അറിയാവുന്നതാണ്. ഏഴാംതീയതി ഈ സഭയിലെ ആറ് അംഗങ്ങളെ..... .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം സംസാരിക്കുമ്പോൾ ഇങ്ങനെ ഇടപെടുന്നത് ശരിയല്ല. ഇത് ഓർഡറിലല്ല.

ശ്രീ. എ. സി. ജോസ്: സർ, എന്റെ സ്നേഹിതൻ ഭരതേട്ടൻ ഗൂർഖാ ലാൻറിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അദ്ദേഹം പറഞ്ഞതിൽ തന്നെയുണ്ട് തെറ്റ്. രാജീവ്ഗാന്ധി ഗൂർഖാലാൻറുകാരുമായി അനുരഞ്ജനമില്ലെന്ന് തറപ്പിച്ചു പറഞ്ഞതാണ്. അദ്ദേഹം തന്നെ പറഞ്ഞു രാജീവ്ഗാന്ധി പശ്ചിമ ബംഗാളിൽ ചെന്നപ്പോൾ അവർ സ്വീകരണം ബഹിഷ്ക്കരിച്ചെന്നും, വളരെ ശുഷ്ക്കമായ സ്വീകരണമാണ് രാജീവ് ഗാന്ധിക്ക് കൊടുത്തതെന്നും. രാജീവ് ഗാന്ധി ബംഗാളിൽ ആവർത്തിച്ചുപറഞ്ഞു, ഒരു കാരണവശാലും ബംഗാളിനെ വിഭജിക്കുകയോ ഗൂർഖാലാൻറുകാരുമായി അനുരഞ്ജനമുണ്ടാക്കുകയോ ചെയ്യുന്ന പ്രശ്നമില്ലെന്ന്. പക്ഷേ പ്രശ്നം അവിടെയല്ല. പഞ്ചാബിൽ കോൺഗ്രസ്സ് എടുത്ത നിലപാടുകൊണ്ടാണ് ഇന്ന് പഞ്ചാബിൽ അക്രമം തുടരുന്നതെന്ന് കോൺഗ്രസ്സിന്റെ നേരെ വിരൽ ചൂണ്ടുന്ന നിങ്ങൾ പറയുന്നതെന്താണ്? ഭിന്ദ്രൻവാലയുമായി അന്ന് ചർച്ചചെയ്തത് പ്രശ്നങ്ങൾ അവസാനിപ്പിച്ചിരുന്നെങ്കിൽ ഇത് ഇന്നു വരില്ലായിരുന്നുവെന്നാണ്. രാജീവ്ഗാന്ധി ആവർത്തിച്ചു പറയുന്നത് ഗൂർഖാലാൻറിന്റെ പ്രശ്നമായാലും ശരി ഒരു സംസ്ഥാനത്തിനകത്ത് ഉണ്ടാകുന്ന കാര്യങ്ങൾ തീർക്കുന്നതിനായി.....

ശ്രീ. ഒ. ഭരതൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഞാൻ നേരത്തേ പറഞ്ഞത് അകാലിദളുമായിട്ട് കൂടിയാലോചന നടത്തി രാഷ്ട്രീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിരുന്നെങ്കിൽ ഇന്ന് പഞ്ചാബ് കത്തിയെരിയുന്നതുപോലെ കത്തിയെരിയുമായിരുന്നില്ലെന്നാണ്. ഭിന്ദ്രൻവാലയുമായിട്ട് കൂടിയാലോചന നടത്തണമെന്ന് ഞാൻ പറഞ്ഞിട്ടില്ല. അങ്ങനെ പറയുന്നത് ഓർഡറിലാണോ?

ശ്രീ. എ. സി. ജോസ്: സർ, ബഹുമാനപ്പെട്ട ഭരതേട്ടനോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി ഞാനത് തിരുത്താം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഏത് അകാലിദളിനോടുകൂടി ചർച്ച ചെയ്യണമെന്നാണ് ഭരതേട്ടൻ പറയുന്നത്? ഖാലിസ്ഥാനുവേണ്ടി വാദിക്കുന്ന തോറയുടെ അകാലിദളാണോ? സർ, ഏതായാലും അകാലിദളുമായോ പഞ്ചാബിലെ ഒരു വിഭാഗവുമായോ പ്രശ്നം ചർച്ചചെയ്ത് അവസാനിപ്പിക്കണമെന്നാണ് പറയുന്നതെങ്കിൽ ബംഗാളിൽ അതു ചെയ്യാൻ പാടില്ലേ? പഞ്ചാബിൽ ചെയ്യാം. ബംഗാളിൽ 'ഞങ്ങളുടെ കുട്ടികളാണ്'. അതുകൊണ്ട് അവിടെ ചർച്ച ഇല്ല; ചർച്ച ചെയ്യാൻ പാടില്ല. ബംഗാളിലെ ഗൂർഖാലാൻറുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നം ചർച്ച ചെയ്ത് അവസാനിപ്പിക്കണമെന്നുതന്നെയാണ് രാജീവ് ഗാന്ധി പറഞ്ഞിട്ടുള്ളത്. ഇവിടെ അദ്ദേഹം പറഞ്ഞു, പല സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് അല്ല ഭരിക്കുന്നതെന്ന്. കോൺഗ്രസ്സ് ഉണ്ടാക്കിയ ജനാധിപത്യ മാർഗ്ഗത്തിലൂടെയാണ്, അവർ അധികാരത്തിൽ വന്നിട്ടുള്ളത്. എന്റെ ഭരതേട്ടന്റെ രാജ്യസ്നേഹം കണ്ടപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി. ഇവിടെ പലയാവർത്തി പറഞ്ഞകാര്യമാണെങ്കിലും വീണ്ടും പറയുകയാണ്. 1947–ൽ ഇൻഡ്യ സ്വതന്ത്രയായില്ലെന്നും 1952–ൽ ഇൻഡ്യ റിപ്പബ്ലിക്കായില്ലെന്നും പറഞ്ഞവരാണ്. അന്നെല്ലാം സോവിയറ് യൂണിയനു വേണ്ടി മാതൃരാജ്യത്തെ മുഴുവിക്കൊണ്ട് ഒറിക്കൊടുത്ത യൂദാസുകളാണെന്നു പറയാൻ ആഗ്രഹമില്ല. അതുകൊണ്ട് ഞാൻ അതു പറയുന്നില്ല. ഇന്ന് ഇപ്പോൾ.....

ശ്രീ. തോപ്പിൽ രവി: സർ, ഗൂർഖാലാൻറ് എന്നു പറയുന്ന ആശയത്തെ ആദ്യമായി പിന്തുണച്ചതും അതിനുവേണ്ടി വാദിച്ചതും അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്ന കാര്യം 'ദി വീക്ക്' എന്ന വാരിക റിപ്പോർട്ട് ചെയ്തത് ബഹുമാനപ്പെട്ട മെമ്പർ കണ്ടിട്ടുണ്ടോ?

ശ്രീ. എ. സി. ജോസ്: സർ, ഞാൻ അതു പറയാൻ വിട്ടുപോയതാണ്. ഈ ആഴ്ചത്തെ 'ദി വീക്ക്' എന്നു പറയുന്ന വാരികയിലുണ്ട് സർ. ആരാണ് ഗൂർഖാലാൻറ് ഇവിടെ കൊണ്ടുവന്നത്? ഗൂർഖാലാൻറ് എന്നുപറയുന്ന ആശയം ആദ്യമായി ഇൻഡ്യയിൽ അവതരിപ്പിച്ചത് അവിഭക്ത കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണെന്ന് വളരെ തെളിവോടുകൂടി അതിനകത്ത് പറഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നത് എവിടെയെല്ലാം രാഷ്ട്രീയ പ്രശ്നങ്ങളുണ്ടായാലും അത് മതത്തിന്റെ പേരിലായാലും, പ്രദേശത്തിന്റെ പേരിലായാലും ഭാഷയുടെ പേരിലായാലും, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു രാഷ്ട്രത്തിന്റെ നേതാവായ പ്രധാനമന്ത്രി അത് പറഞ്ഞ് തീർക്കാനുള്ള പരിശ്രമം നടത്തണമെന്നു പറഞ്ഞാൽ അതിനെന്താണു തെറ്റ്? അത് ബംഗാളിലായാൽ പാടില്ല, ത്രിപുരയിലായാൽ പാടില്ല, പഞ്ചാബിൽ അങ്ങനെ ചെയ്യണം, അല്ലെങ്കിൽ വേറെ എവിടെയെങ്കിലും സ്ഥലത്ത് ചെയ്യണമെന്നാണു സർ, പറയുന്നത്. ഇവർ പറയുന്നത് ഇരട്ടത്താപ്പു നയമല്ലേ സർ? ഇന്നലെ ഇവിടെ അങ്ങ് കണ്ടു. ഇവിടെ അടിയന്തിര പ്രമേയം കൊണ്ടുവന്നു. എനിക്കതിൽ എതിർപ്പില്ല. ബാബറി ഇഷ്യൂവിനെക്കുറിച്ച് അങ്ങനെയൊരു പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത് നല്ലതാണ്. പക്ഷേ ഒരു വിരൽ എങ്കിലും അപ്പുറത്തേയ്ക്ക് ചൂണ്ടിയിട്ട് ജനതാ പാർട്ടിയുടെ നേതാവായ ഷിഹാബുദ്ദീൻ ചെയ്യുന്നത് തെറ്റാണെന്ന് പറയുവാനുള്ള ചങ്കൂറ്റം ആ പ്രമേയത്തിനകത്ത് ഉണ്ടാകേണ്ടതായിരുന്നു. അത് ഉണ്ടായില്ല. കാരണം അത് എന്റെ പിള്ള

LIBRARY ARCHIVES Kerala Legislative Assembly

യാണ്'. അത് ഇവിടെ പ്രതിപക്ഷത്തിന്റെ 'ചുളിഞ്ഞ തോൽ കൊണ്ട് മൂടിയിട്ടുള്ള എലുമ്പാണ്'; ഇവിടെ ജനതാപാർട്ടി'. അതു കൊണ്ട് അത് ചെയ്യാം. അവസരത്തിനൊത്ത് നിന്നിട്ടുള്ളവരാണ് മാർക്സിസ്റ്റു പാർട്ടി എന്നും. അവരുടെ ആവശ്യത്തിനുവേണ്ടി കൂട്ടുപിടിക്കുന്നവരാണ് എന്നും. വാർദ്ധക്യം, അല്ലെങ്കിൽ പ്രായം കൊണ്ട് എടുത്തുചാടാൻ നിവൃത്തിയില്ലാത്തതുകൊണ്ടും മറ്റുമാണ് ബേബീജോണും ഒക്കെ അവരുമായി കൂടുന്നുവെന്നുള്ളതിൽ കവിഞ്ഞ് മാർക്സിസ്റ്റു പാർട്ടിയ്ക്ക് സ്വന്തമായി എന്തെങ്കിലും നിലപാട്,.... ഇവിടെ നടന്ന പ്രസംഗങ്ങൾ എടുക്കൂ സർ. മാർക്സിസ്റ്റുപാർട്ടിയിലെ മെമ്പർമാർ പ്രസംഗിച്ചത് മുഴുവൻ ബലാൽസംഗത്തെക്കുറിച്ചായിരുന്നു. ശ്രീ. കെ. പി. പ്രഭാകരനോട് എനിക്ക് ബഹുമാനം ഉണ്ട്. എനിക്കു തോന്നുന്നത് അദ്ദേഹത്തിന് ബലാൽസംഗത്തിന് ഡോക്ടറേറ്റ് കൊടുക്കണമെന്നാണ്. കാരണം എല്ലാ പത്രങ്ങളിലുള്ള വാർത്തകളുടെ കട്ടിംഗുകളും എടുത്തിട്ടുണ്ട്. എത്ര ബലാൽസംഗങ്ങൾ ഉണ്ടായിട്ടുണ്ട്, അത് ഏതെല്ലാം തരത്തിൽ ആണ് നടന്നിട്ടുള്ളത്, എന്നൊക്കെ ചില ഗവേഷക കുതുകികളായ വിദ്യാർത്ഥികളേക്കാൾ ചാതുര്യത്തോടുകൂടി ഇവിടെ ശ്രീ. കെ. പി. പ്രഭാകരനെപ്പോലുള്ള ഒരു രക്ഷിയുടെ നേതാവ് പറഞ്ഞതിൽ സങ്കടം തോന്നി. ഈ സംസ്ഥാനത്ത് ബലാൽസംഗം ഉണ്ടാകുന്നതിനെക്കുറിച്ച് ശ്രീമതി ഗൗരിയമ്മയുടെ അടുത്തിരുന്നുകൊണ്ട്.....ഇത്രയും മോശമായി പ്രസംഗിക്കരുതായിരുന്നു. ഇവിടെ ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ പിൻതാങ്ങാത്തതിന് കാരണം ഇവിടെ ബലാൽസംഗം ഉണ്ടായതുകൊണ്ടാണോ?.....(ബഹളം).....മറ്റൊരു കാര്യം ഇവിടെ പറഞ്ഞത്, നികുതിയെക്കുറിച്ചാണ്. ഈ വർഷം ഇവിടെ 50 കോടി രൂപ നികുതിയിനത്തിൽ കൂടുതൽ പിരിച്ചതുകൊണ്ടാണോ ഈ ഗവൺമെന്റിനെ എതിർക്കുന്നത്? ഈ വർഷം റിസോഴ്സ് മൊബിലൈസേഷൻ 112 കോടി രൂപ കൂടുതൽ ഉണ്ടാക്കിയതുകൊണ്ടാണോ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നത്? ഇവിടെ കയർത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയതിനാണോ ഈ ഗവൺമെന്റിനെ എതിർക്കേണ്ടത്? ഇവിടെ കൈത്തറി, കശുവണ്ടിത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയതിനാണോ ഈ ഗവൺമെന്റിനെ എതിർക്കേണ്ടത്? ഇവിടത്തെ തൊഴിലാളിപ്രസ്ഥാനത്തിന്റെ നായകൻമാരോട് ചോദിക്കട്ടെ, ഭാരതേട്ടൻ പ്രത്യേകിച്ച് മറുപടി പറയണം. ബസ് തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി ഏർപ്പെടുത്തിയതിനുവേണ്ടിയാണോ ഈ ഗവൺമെന്റിനെ എതിർക്കേണ്ടത്? ബീഡിത്തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി ഏർപ്പെടുത്തിയതിനാണോ ഈ ഗവൺമെന്റിനെ എതിർക്കേണ്ടത്? ഹെഡ് ലോഡ് വർക്കേഴ്സിനുവേണ്ടി ക്ഷേമനിധി ഏർപ്പെടുത്തിയതിനാണോ ഈ ഗവൺമെന്റിനെ എതിർക്കുന്നത്? ഇവിടത്തെ തൊഴിലാളികൾക്കുവേണ്ടി മറ്റ് ക്ഷേമനിധികൾ ഏർപ്പെടുത്തിയതിനാണോ ഈ ഗവൺമെന്റിനെ എതിർക്കുന്നത്? ഐ. ആർ. ഡി. പി. യും എൻ. ആർ. ഇ. പി. യും പരിപാടികൾ ഇൻഡ്യയിൽ ഏറ്റവും നന്നായി നടത്തിയതിനാണോ ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ എതിർക്കേണ്ടത്? സർ, ഇവിടെ എല്ലാ വിഭാഗവും എല്ലാ കാലത്തും വ്യവസായതൊഴിലാളികൾക്കുവേണ്ടി മാത്രം വാദിക്കുന്നവരാണ് അപ്പുറത്തിരിക്കുന്നത്. അസംഘടിതരായ തൊഴിലാളികൾക്കുവേണ്ടി ഇതുവരെ ശബ്ദിക്കാത്തവരാണ് അവർ. ഞാനിവിടെ കെട്ടിട നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞപ്പോൾ എല്ലാംതന്നെ എന്നെ പുച്ഛിച്ചവരാണ് അപ്പുറത്തിരിക്കുന്നവരെല്ലാം. ഇന്ന് ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. ഈ ഗവൺമെൻറിനോട് എനിക്കഭ്യർത്ഥിക്കുവാനുള്ളത് ലക്ഷക്കണക്കിന് വരുന്ന കെട്ടിട നിർമ്മാണത്തൊഴിലാളികൾക്ക് ക്ഷേമനിധി ഉണ്ടാക്കണമെന്നാണ്. കേരളത്തിലെ തൊഴിലാളിവർഗ്ഗത്തിനു പ്രത്യേകിച്ച് അസംഘടിതരായ തൊഴിലാളികൾക്ക് തൊഴിലാളിവർഗ്ഗത്തിന്, കേരളത്തിലെ വ്യവസായ തൊഴിലാളികൾക്ക് കേരളത്തിലെ ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. പദ്ധതികൾക്ക്, ഇവിടത്തെ ഭവന നിർമ്മാണ പദ്ധതികൾക്ക്, അതുപോലെ തന്നെ.....

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഒരു ചോദ്യം.

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻവേണ്ടി വെറുതേ ചോദ്യങ്ങൾ ചോദിക്കുന്നത് ശരിയല്ല.

ശ്രീ. എ. സി. ജോസ്: താമരാക്ഷന് പോയിൻറ് ഇല്ലാത്ത ഓർഡറാണ് സദാ ഉന്നയിക്കാനുള്ളത്. സർ, എനിക്ക് പറയുവാനുള്ളത്.....

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഇവിടെ കെട്ടിടനിർമ്മാണത്തൊഴിലാളികൾക്കുവേണ്ടി പ്രതിപക്ഷത്തുനിന്നും ഒരു ബിൽ അവതരിപ്പിച്ചിട്ട് അതിനെ എതിർത്ത ആളുകളാണ് അപ്പുറത്തിരിക്കുന്നത്. ഈ രാജ്യത്തെ കെട്ടിടനിർമ്മാണത്തൊഴിലാളികൾക്കുവേണ്ടി ഒരു ബിൽ കൊണ്ടുവന്നപ്പോൾ ആ ബില്ലിനെ എതിർത്തവർ ഇപ്പോൾ ഇങ്ങനെ പറയുന്നതു കണ്ടാൽ ഓർഡറിലാണോ?

ശ്രീ. എ. സി. ജോസ്: ഏതായാലും എനിക്ക് സന്തോഷമുണ്ട്. ഉദാഹരണമായി കെട്ടിടനിർമ്മാണത്തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി ഉണ്ടാക്കണമെന്ന് എല്ലാവരും ഒന്നിച്ച് ആവശ്യപ്പെടുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ഷൺമുഖദാസ് പ്രസംഗിച്ചു. അദ്ദേഹം രണ്ടു കൊല്ലം മന്ത്രിയായിരുന്നു. എന്നിട്ട് 2% ആളുകൾക്കുപോലും വെള്ളം എത്തിച്ചുകൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഇന്ന് ഈ ഗവൺമെൻറ് 67% ആളുകൾക്ക് ശുദ്ധജലവിതരണം നടത്തിക്കഴിഞ്ഞു. അതുപോലെ ഏത് മേഖല എടുത്തുനോക്കിയാലും—ഭവനനിർമ്മാണ രംഗത്തായാലും സഹകരണ രംഗത്തായാലും കാർഷിക രംഗത്തായാലും, ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. പദ്ധതികളുടെ കാര്യത്തിലായാലുമൊക്കെ എന്തുമാത്രം നേട്ടങ്ങളാണ് ഇതിനകം കൈവരിച്ചിട്ടുള്ളത്. വിദ്യാഭ്യാസത്തിൻെറ കാര്യം ഇവിടെ സൂചിപ്പിച്ചു. വിദ്യാഭ്യാസരംഗത്ത് ഇത്രയധികം കലാപം ഉണ്ടായത് വെള്ളം കിട്ടാറുള്ള കുറെ ആളുകൾക്കുവേണ്ടി പ്രതിപക്ഷപ്രസ്ഥാനങ്ങൾ നിന്നതുകൊണ്ടല്ലേ? അല്ലെങ്കിൽ ഇവിടെ പരീക്ഷകൾ നടക്കുമായിരുന്നു. എന്നിട്ട് അതെല്ലാം മറച്ചുവച്ചുകൊണ്ട് സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുവാൻ അല്ലാതെ, പാപ്പരായ പ്രതിപക്ഷം ഈ കഴിഞ്ഞ രണ്ടുദിവസങ്ങളിൽ എന്താണ് കണ്ടത്. എന്തെങ്കിലും കാര്യം ഈ ഗവൺമെൻറ് ഇന്നത് ചെയ്തില്ല എന്ന് പറയാൻ കഴിയുമോ? ആകെക്കൂടി പറയാനുണ്ടായിരുന്നത് ബലാൽസംഗത്തെക്കുറിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ അഭിപ്രായത്തിൽ ഇവർ നാളെ ജനങ്ങളെ ബലാൽസംഗം ചെയ്യും, ഇക്കണക്കിൽപോയാൽ. ഇവർക്ക് വേറെ യാതൊരു മാർഗ്ഗവുമില്ലാതെ വന്നിരിക്കുന്നു. ബലാൽസംഗമല്ലാതെ മറെറാരു പ്രശ്നത്തെക്കുറിച്ച് സംസാരിക്കാൻ ഇവർക്കില്ല. ഈ ഗവൺമെൻറ് ചെയ്ത നല്ല പരിപാടികൾക്ക് വീണ്ടും വീണ്ടും പിൻതുണ പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട സഭാവ് ജോസിന്റെ പ്രസംഗം കേട്ടപ്പോഴാണ് 'പാഷാണം വർക്കിയെ' ആണ് എനിക്കോർമ്മ വന്നത്. കാരണം 1980–ൽ ഞങ്ങളുടെ കൂടെ ആയിരുന്നു. ഇപ്പോൾ അപ്പുറത്ത്. ഇനി കുറേക്കഴിയുമ്പോൾ വേറൊരാളുടെ കൂടെ പോകും. എനിക്ക് സിനിമയിലെ പാഷാണം വർക്കിയുടെ കഥയാണ് ഓർമ്മ വരുന്നത്. ഇദ്ദേഹവും ഒരു പുതിയ പാഷാണം വർക്കിയാണ്. 1980–ൽ ഞങ്ങളുടെ കൂടെ ആയിരുന്നപ്പോൾ അന്ന് ശക്തിയായി പ്രസംഗിച്ചല്ലോ? അപ്പോൾ അതുകൊണ്ട് തിരഞ്ഞെടുപ്പിന് തൊട്ടു മുൻപ് അവതരിപ്പിച്ച ഈ സപ്ലിമെൻററി ഡിമാൻഡിനെ ശക്തിയായി ഞാൻ എതിർക്കുകയാണ്. ദേവസ്വം ബോർഡുകൾക്ക് 22 ലക്ഷം രൂപ കണ്ടിൻജൻസി ഫണ്ടിൽ നിന്ന് നൽകിയത് റികൂപ്പ് ചെയ്യുന്നതിനുവേണ്ടിയാണ് ഇതിൽ വകകൊള്ളിച്ചിട്ടുള്ളത്. കമ്മീഷൻറെ അനുസരിച്ച് ദേവസ്വം ബോർഡുകൾക്ക് ഗ്രാൻറ് അനുവദിക്കണം. പക്ഷേ ഇവിടെ 22 ലക്ഷം രൂപ വീണ്ടും സ്പെഷ്യൽ ഗ്രാൻറായി കൊടുത്തു! മുള്ളമാർക്കും മുക്രിമാർക്കും എല്ലാം പെൻഷൻ കൊടുക്കുന്നതിന് 15 ലക്ഷം രൂപ. ആദിശങ്കര സ്മാരകത്തിന് ഒരു ലക്ഷം രൂപ, ക്ഷേത്ര പുനരുദ്ധാരണത്തിന് 10 ലക്ഷം രൂപ. മതമൗലികവാദികളെ എല്ലാം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഖജനാവിൽനിന്ന് വാരിക്കോരി കൊടുത്തിരിക്കുകയാണ്. ഇതെല്ലാം മൗലികവാദികൾക്ക് കീഴടങ്ങിയ രാജീവ് ഗവൺമെൻറിന്റെ തെറ്റായ നയംകൊണ്ടാണ്. പാവപ്പെട്ട മുസ്ലീം സ്ത്രീകളെ വഴിയാധാരമാക്കുന്ന ശരിഅത്ത് ന്യായീകരണ നിയമം പാസ്സാക്കി. റിപ്പബ്ലിക് ദിനം ബഹിഷ്കരിക്കുവാൻ ഇപ്പോൾ ആഹ്വാനം നൽകിയിരിക്കുകയാണ്. എനിക്ക് ചോദിക്കുവാനുള്ളത് നമ്മുടെ സേട്ട് സാഹിബ്—മുസ്ലീം ലീഗിന്റെ അഖിലേന്ത്യ പ്രസിഡൻറ്—അദ്ദേഹത്തിനെതിരായി ഒരൊറ്റ വിമർശനംപോലും കരുണാകരനും നഹ സാഹിബ്ബിനും ഇല്ല. അവർ അത് സ്വീകരിക്കുന്നില്ലെന്ന് മാത്രമേയുള്ളൂ. അതിനെക്കുറിച്ച് ഒരു വിമർശനവുമില്ല. ഇതേ സേട്ട് സാഹിബ് പാക്കിസ്ഥാനിൽ പോയിട്ട് ഇൻഡ്യയിൽ ന്യൂനപക്ഷ മർദ്ദനം നടക്കുന്നുവെന്ന് പറഞ്ഞു. അതിനെപ്പറ്റി ഒരു വിമർശനവുമുണ്ടായിട്ടില്ല. പാക്കിസ്ഥാൻ ഇന്ന് ഖാലിസ്ഥാൻ വാദികൾക്ക് പ്രോത്സാഹനവും ട്രെയിനിംഗും കൊടുത്തുകൊണ്ട് ചോരപ്പുഴ ഒഴുക്കുകയാണ്. ഇതിനെതിരായിട്ട് യാതൊരു വിമർശനവുമില്ല. പാക്കിസ്ഥാന്റെ പ്രവർത്തനത്തെക്കുറിച്ച്. അതുപോലെ കുടകിൽ ചെയ്തത് എന്താണ്? ആയിരത്തോളം മുസ്ലീംങ്ങളുടെ കടകൾ നശിപ്പിച്ചതിന് ഉത്തരവാദികളാരാണ്? ഹിന്ദുവർഗ്ഗീയ വാദികൾ. അവരെ ഇളക്കിവിട്ടതാരാണ്? മുസ്ലീം ലീഗും മൗലികവാദികളുമാണ്. അതാണ് ഞാൻ പറഞ്ഞത്. ഞാൻ അവിടെ പോയി കണ്ടതാണ്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ആയിരത്തോളം പീടികകളാണ് രണ്ടു മണിക്കൂറിനുള്ളിൽ കൊള്ള യടിക്കപ്പെട്ടത്. വല്ല വിവരവും നിങ്ങൾക്ക് അതിനെക്കുറിച്ചുണ്ടോ? ഞാൻ ആ സ്ഥലത്തുപോയിരുന്നതാണ്. മൈസൂറിലാണ് അവിടെ ഹിന്ദുവർഗ്ഗീയ വാദികളും കൊള്ളയടിച്ചു. .....(ബഹളം).....

ശ്രീ. പി. സീതിഹാജി: സർ, അന്യസംസ്ഥാനത്ത് നടന്ന ഒരു സമരത്തെക്കുറിച്ച് അവിടെ ജൂഡീഷ്യൽ അന്വേഷണം നടക്കു മ്പോൾ അത് മുസ്ലീംങ്ങളാണ് ചെയ്തത് എന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണോ?

ശ്രീ. ഇ. കെ. നായനാർ: അവിടെ രണ്ടു വർഗ്ഗീയവാദികളും ഹിന്ദുവർഗ്ഗീയ വാദികളും മുസ്ലീം ലീഗും ആദ്യം ഇളകി. പിന്നീട് അവർ രണ്ടുമണിക്കൂറിനുള്ളിൽ ആയിരം പീടികകൾ കൊള്ളയടിച്ചു? ഇവർ ആരെങ്കിലും അവിടെ പോയി തിരിഞ്ഞ് ഒന്നുനോക്കിയോ? .....(ബഹളം).....അവിടെ ഞങ്ങളുടെ പാർട്ടി ചെറിയ പാർട്ടിയാണ്. നിങ്ങൾ മനസ്സിലാക്കണം. അവിടെ നിങ്ങൾക്ക് അനങ്ങാൽ കഴിയുകയില്ല. അവിടെ ഹിന്ദുവർഗ്ഗീയ വാദികളും ഒരു മണിക്കൂറുകൊണ്ട് ആയിരം പീടികകളും കൊള്ളയടിച്ചു. ഞാൻ അവിടെ പോയിരുന്നതാണ്.....(ബഹളം)..... ഇതുസംബന്ധിച്ച് ഇത്രയും വർഗ്ഗീയത ഇളക്കിവിടാൻ പാടില്ല. അതുകൊണ്ടാണ് ഞാൻ നിങ്ങളോട് പറയുന്നത് ഈ ഭൂതത്തെ ഇളക്കി വിട്ടാൽ കോൺഗ്രസ്.....ഞാൻ ചോദിക്കട്ടെ കോൺ ഗ്രസ് കേരളത്തിലൊഴികെ പുറത്ത് എവിടെയെങ്കിലും ലീഗിനെ തൊടുവിക്കുന്നുണ്ടോ? ഇപ്പോഴും കേരളത്തിലൊഴികെ യു. പി. യിലോ ബീഹാറിലോ കോൺഗ്രസ് ലീഗിനെ തൊടിയിക്കുന്നുണ്ടോ? പഞ്ചാബിലുണ്ടോ? തമിഴ്നാട്ടിലുണ്ടോ? മറെവിടെയെങ്കിലും കോൺഗ്രസ് ലീഗിനെ തൊടിയിക്കുമോ? നിങ്ങളെ കോൺഗ്രസ് ചവുട്ടി പുറത്താക്കും. കേരളത്തിൽ കരുണാകരൻ രക്ഷയില്ല. ഒറയ്ക്ക് നിന്നാൽ അഞ്ചു സീറ്റ് കിട്ടുകയില്ല. അതുകൊണ്ടാണ് നിങ്ങളെ കൂട്ടുപിടിച്ചിട്ടുള്ളത്. നിങ്ങളെ അവർ സ്ഥിരമായി കൂട്ടുപിടിച്ചതല്ല എന്ന് മനസ്സിലാക്കിക്കോ. മതേതരത്വവും സോഷ്യലിസവും പ്രസംഗിക്കുന്ന കോൺഗ്രസ് ജാതി, മത വർഗ്ഗീയ ശക്തികളെ കൂട്ടുപിടിച്ച് എല്ലാ ഭൂതത്തേയും ഇളക്കിവിട്ട് അതിനെ ഒരു ഫ്രഡറേഷനായി ഇവിടെ അധഃപതി ച്ചിരിക്കുകയാണ്. കർണ്ണാടകത്തിൽ, ബാംഗ്ലൂരിൽ മത വർഗ്ഗീയ ശക്തികളെ ഇളക്കി വിട്ടത് ആരാണ്? മൈസൂറിൽ ഇളക്കി വിട്ടതാരാണ്? കുടകിലെ പ്രശ്നം പരിഹരിക്കാൻ ഞാൻ അവിടെ പോയി പറഞ്ഞു, നിങ്ങൾ ഇന്നത്തെ മാർഗ്ഗത്തിൽ പോയാൽ ആ ലഹള തീരുകയില്ല എന്ന്. ഇത് ഇൻഡ്യാ രാജ്യമാണ്. മൂന്നാം ലോകമലയാള സമ്മേളനത്തിന് പോയി. മൂന്നാം ലോകമലയാള സമ്മേളനത്തിന് എന്തിനാണ് പോയത്? എന്താണ് പോയത്? സി. ഐ. എ. യുടെ പണം. പിന്നിൽ സാമ്രാജ്യവാദികളുടെ ഏജൻസികളുടെ പ്രവർത്തനം. അതിനുവേണ്ടി നമ്മുടെ ജേക്കബ്. ഇവിടത്തെ കത്തിക്കുത്ത് ഞാൻ നാളെ പറയുന്നുണ്ട്.

സർ, ഇത് അവിടത്തെയാണ്. മുഴുവൻ സാമ്രാജ്യവാദികളുടെ കമ്മ്യൂണിസ്റ്റ് വിരോധവും സോവിയറ്റ് വിരോധവും ഉപയോ ഗിച്ച് ഈ വർഗ്ഗീയ ശക്തികളെ കൂട്ടുപിടിച്ചാണ് 3-ാം ലോക മലയാള സമ്മേളനം. അതിനെപ്പറ്റിയൊന്നുമറിയാത്ത കുറെസാധാരണക്കാർ

LIBRARY ARCHIVES Kerala Legislative Assembly

അതിൽപ്പെട്ടിട്ടുണ്ട്. ശ്രീ. തകഴി പോലും പറഞ്ഞു അത് വിജയപ്രമല്ല, അവിടെ പ്രസംഗിച്ചില്ലായെന്ന്. മൂന്നാം ലോക മലയാള സമ്മേളനത്തിൽ സി. ഐ. എ. യ്ക്ക് പങ്കുണ്ടെന്ന് വ്യക്തമാണ്. ഇത് പശ്ചിമ ബർലിനിലാണ് നടന്നത്. അവരാണ് പണം കൊടുത്തത്. അവിടത്തെ മൗലിക വാദികളും പിൻതിരിപ്പൻമാരുമാണ് പണം കൊടുത്തത്. ആ പൈസയും കൊണ്ടാണ് വന്നത്. അപ്പോഴാ ഇത്തരത്തിൽ നാലര വർഷം ഇവിടെ ഭരിച്ച് സോവിയറ്റ് വിരോധത്തിന്റെയും കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെയും.....ഇത് ഇപ്പോഴാ പറഞ്ഞിട്ട് ഒരു കാര്യവുമില്ല. നിങ്ങൾക്ക് ഒരു രക്ഷയുമുണ്ടാകാൻ പോകുന്നില്ലായെന്ന് മനസ്സിലാക്കിക്കൊള്ളൂ. വ്യാവസായിക തകർച്ചയും തൊഴിലില്ലായ്മയും വളർന്നുവന്നിട്ടുള്ള ഈ രാജ്യത്ത് ഹിന്ദു വർഗ്ഗീയതയെ ഇളക്കിവിടുക, മുസ്ലീം വർഗ്ഗീയതയെ ഇളക്കിവിടുക, മറ്റു ജാതിമത വർഗ്ഗീയ കക്ഷികളെ പ്രോൽസാഹിപ്പിക്കുക ഇതാണ് ശ്രീ. കരുണാകരൻ ഇവിടെ ചെയ്തത്. ഇത് ഭസ്മാസുരനു വരം കിട്ടിയതുപോലെയാണ് വന്നിരിക്കുന്നത്. ഞാൻ ചോദിക്കട്ടെ ശ്രീമതി ഇന്ദിരാഗാന്ധി വെടിയേറ്റ് മരിച്ചത് ആരെക്കൊണ്ടാണ്? ഞങ്ങളെക്കൊണ്ടാണോ? ഭിന്ദ്രൻവാലയേയും വർഗ്ഗീയ വാദികളേയും കൊണ്ടാണ്. സി. ഐ. എ. യെ കൊണ്ടാണ്. ഒക്ടോബർ 2—ാം തീയതി ശ്രീ. രാജീവ് ഗാന്ധിക്ക് വെടിവച്ചത് കൊണ്ടിട്ടില്ല. ആരാണ് പിന്നിലുള്ളത്? ഞങ്ങളാണോ? നിങ്ങളുടെ വർഗ്ഗീയവാദികളും, ശ്രീ. കരുണാകരന് കൂട്ടുപിടിച്ച വർഗ്ഗീയവാദികളും. കഴിഞ്ഞ ഒക്ടോബർ 2—ന് ശ്രീ. രാജീവ് ഗാന്ധിയേയും ശ്രീ. സെയിൽസിംഗിനെയും രാജ്ഘട്ടിൽവച്ച് വെടിവച്ചില്ലേ? മൂന്നു വെടിയല്ലേ വച്ചത്? നിങ്ങളത് മനസ്സിലാക്കിയിട്ട് ഇന്നുവരെ തുറന്നു കാട്ടിയോ. ശ്രീ. കരുണാകരൻ ആ വെടിവയ്പ്പിനെപ്പറ്റി മിണ്ടുന്നില്ല. മിണ്ടിയിട്ടില്ല, മിണ്ടിക്കൂടാ. കാരണം ഇവിടെ കൂടെ കിടക്കുന്നത് മുഴുവൻ മറ്റേതാണ്. അപ്പോഴാ ഞാൻ ചോദിക്കട്ടെ: നിങ്ങളാ നമ്മുടെ രാജ്യത്തെ മുഴുവൻ വെടിവച്ച് ഭിന്നിപ്പിക്കാൻ പോകുന്ന ഈ ശക്തികൾക്ക് എതിരായിട്ട് ഒരു ശബ്ദമുയർത്താതിരിക്കുന്നു. അല്ലേ? ഞങ്ങളാ മതേതരമായ വർഗ്ഗീയതയ്ക്കെതിരായിട്ടുള്ള ശക്തികളുമായിട്ടാണ് യോജിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങളാ ഇത് പറഞ്ഞത്. ശ്രീ. ബാലകൃഷ്ണപിള്ള സത്യവാങ്മൂലം ലംഘിച്ചു. ശ്രീ. കരുണാകരൻ ഭരണഘടന ലംഘിച്ചുവെന്ന് ജസ്റ്റീസ് സുകുമാരന്റെ ബെഞ്ചിൽ മറ്റൊരു കേസ് കൊടുത്തു. അത് അംഗീരിച്ചിട്ടില്ല.

മി. ഡെ. സ്പീക്കർ: ഇതിനെ സംബന്ധിച്ച് സ്പീക്കറുടെ റൂളിംഗുണ്ട്. അതിന്റെ പരിധിയിൽനിന്നുകൊണ്ട് സംസാരിക്കണം.

ശ്രീ. ഇ. കെ. നായനാർ: ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അതിനെപ്പറ്റി പറയാൻ തുടങ്ങിയാൽ ഒരു മണിക്കൂർ പറയാനുണ്ട്. ഇവർക്ക് ഭരണാധികാരത്തിലിരിക്കാൻ അവകാശമുണ്ടോ? ഇവർ ജനാധിപത്യത്തെ കുരുതി കൊടുത്ത്, വർഗ്ഗീയതയെ താലോലിച്ച് കൊണ്ടിരിക്കുകയാണ്. അതുപോലെ സത്യവാങ്മൂലവും ഭരണഘടനയും ലംഘിച്ച ഈ രണ്ടു മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

മാർക്കും ഭരണാധികാരത്തിലിരിക്കാൻ അവകാശമില്ല. ശ്രീ. കരുണാകരൻ ഒരു കൊല്ലം ശ്രീ. ബാലകൃഷ്ണപിള്ളയെ പുറത്താക്കി. എന്തിന്? പഞ്ചാബ് മോഡൽ പ്രസംഗം തെറ്റ് എന്നുള്ളതിന്. ശ്രീ. മാണിയും കേരളാ കോൺഗ്രസ്സും പറഞ്ഞു കരുണാകരാ ബാലകൃഷ്ണ പിള്ളയെ തിരിച്ചെടുക്കൂ, ഇല്ലെങ്കിൽ താൻ പുറത്ത് എന്ന്. അങ്ങനെയല്ലേ എടുത്തത്. ഒരു കൊല്ലം പുറത്ത് നിറുത്തി. എന്ത് പിള്ള? ആരുടെ പിള്ള? ഏതു പിള്ള? എന്ന് ശ്രീ. കരുണാകരൻ പത്രക്കാരോട് ചോദിച്ചു. പിന്നീട് വാ പിള്ളേ, വാ പിള്ളേ എന്ന് പറഞ്ഞു വിളിച്ചില്ലേ? എന്തുകൊണ്ട്? തന്റെ ഈ കസേരക്ക് വേണ്ടിമാത്രം. ജനാധിപത്യത്തിനല്ല, ജുഡീഷ്യറി വിധിയെ മാനിച്ചുകൊണ്ടല്ല, ഒന്നിനുമല്ല. തന്റെ കസേര നിറുത്താൻ മാത്രം. അതുപോലെ ഇന്നാണെങ്കിൽ ശ്രീ. കരുണാകരനും ഭരണഘടന ലംഘിച്ചു. ഡൽഹിയിലുള്ള അറ്റോർണി ജനറലിനെ വിളിച്ചു. 5—ാം തീയതി വരെ അയാൾക്കു വേണ്ടി നിറുത്തിവച്ചിരിക്കുകയാണ്. എന്തിന്? ഭരണഘടന ലംഘിച്ചതിനെ ന്യായീകരിക്കാൻ അറ്റോർണി ജനറലിനെ വിളിക്കുകയാണ്. അതാണ് ഇവിടത്തെ ജുഡീഷ്യറിയുടെ ബഹുരസം. ഇവിടത്തെ എക്സിക്യൂട്ടീവ് ചെയ്തത് ബഹുരസമാണ്. തീർച്ചയായിട്ടും അത് തെറ്റാണ്. അങ്ങനെ ഇലക്ഷനു വേണ്ടി പിരിച്ചു വിടുന്നതുവരെ നീട്ടിനീട്ടിക്കൊണ്ടു പോവുകയാണ്. അതുകൊണ്ട് ഞാൻ പറയുന്നു. ഇവർ രണ്ടുപേരും രാജിവയ്ക്കാതെ അധികാരത്തിൽ തുടരാൻ അവകാശമില്ല എന്ന്.

അതുപോലെതന്നെ വിദ്യാഭ്യാസം. ഇവിടെ ആയിരക്കണക്കിന് വിദ്യാർത്ഥികളും രക്ഷകർത്താക്കളും കണ്ണുനീർ വീഴ്ത്തിയിട്ടുണ്ട്. പ്രീ—ഡിഗ്രി പൂർത്തിയാക്കാതെ ഇന്ന് ആയിരക്കണക്കിന് വിദ്യാർത്ഥികളും വീട്ടുകാരും കണ്ണുനീർ ഒഴുക്കുകയാണ്. അവരെ മുഴുവൻ കണ്ണീരിലാഴ്ത്തിയ ശ്രീ. ജേക്കബിന് ഒരു നിമിഷമിരിക്കാൻ അധികാരമില്ല. അതുകൊണ്ടാണ് കഴിഞ്ഞ പ്രാവശ്യം ഞാൻ റോമിലെ നീറോ ചക്രവർത്തിയുടെ കഥ പറഞ്ഞത്. താൻ ചെയ്ത പാപത്തിന് പ്രായശ്ചിത്തമായി അയാൾ ആത്മഹത്യ ചെയ്തു. അപ്പോൾ ശ്രീ. ജേക്കബ് ഉടനെ ഇറങ്ങിപ്പോകണം. ഞാൻ പാപം ചെയ്തു. അതുകൊണ്ട് ഞാൻ പോകുന്നുവെന്ന് പറഞ്ഞ് പോകണം. അദ്ദേഹത്തിന് അങ്ങനെയൊന്നുമില്ല. കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയാണ് ശ്രീ. ജേക്കബ് ബിന്റെ തൊലിക്ക്. അതുകൊണ്ട് അദ്ദേഹത്തെ എന്തു പറഞ്ഞാലും കുഴപ്പമില്ല. അതുകൊണ്ട് ഞാൻ പറയുന്നു ഈ രാജ്യത്ത് ഇവർക്ക് അധികാരത്തിലിരിക്കാൻ അർഹതയില്ലായെന്ന്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): എന്നേക്കാൾ വലിയ തൊലിക്കട്ടി പ്രതിപക്ഷ നേതാവിനു തന്നെയാണ്. സംശയമൊന്നും വേണ്ട. ആ തൊപ്പി അവിടെ വച്ചാൽ മതി.

ശ്രീ. ഇ. കെ. നായനാർ: രാജ്യത്ത് വർഗ്ഗീയ ലഹളകൾ ഇളക്കിവിടാനും, കത്തിക്കുത്തു നടത്താനും, അധികാരത്തിൽ തുടരാനും വേണ്ടിയുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്. ശ്രീ. ജോസ് ഇവിടെ പ്രസംഗിച്ചു. ഈ ഗവൺമെന്റ് സാമ്പത്തികമായി എന്ത് നേട്ടങ്ങളാണ് ചെയ്തത് എന്ന് ഞാൻ ചോദിക്കുകയാണ്. 7—ാം പഞ്ചവത്സര

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി 6–ാം പദ്ധതിയുടെ സ്പിൽ ഓവറാണ്. സ്പിൽ ഓവർ ഓഫ് സിക്സ്ത് പുതിയ വ്യവസായമാണോ? ഇവിടെ എന്ത് പുല്ലാണ് നിങ്ങളുണ്ടാക്കിയത്? എന്ത് വ്യവസായമാണ് ഉണ്ടാക്കിയത്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): പാർല മെൻറിയല്ലാത്ത വാക്കുകൾ പറയാമോ? എന്ത് പുല്ലാണ് ഉണ്ടാക്കിയത് എന്ന് ചോദിച്ചാൽ .....

ശ്രീ. ഇ. കെ. നായനാർ: സർ, ഞാൻ ആ വാക്ക് മാറ്റിയിട്ട് തൃണം എന്ന് പറയുകയാണ്. സ്പിൽ ഓവർ ഓഫ് സിക്സ്ത് ഓർ സെവന്ത് എന്താണ് ഉണ്ടാക്കിയത്. ഏതു വ്യവസായം? ഏതു വെള്ളം? വെള്ളം കൊടുത്ത ആളാണ് ഇപ്പോൾ മന്ത്രി സ്ഥാനത്തു നിന്ന് പുറത്തായത്. ഇവിടെ ബാല്യവിവാഹമാണല്ലോ? ആള് മന്ത്രിസ്ഥാനത്തിലല്ലല്ലോ? വെള്ളം കൊടുത്തല്ലോ? ഞാൻ ചോദിക്കട്ടെ എന്തു വെള്ളമാണ് കൊടുത്തത്? മൂത്രമൊഴിച്ച വെള്ളമോ മറ്റേ വെള്ളമോ? അതാണ് ഞാൻ ചോദിക്കുന്നത്? ഇപ്പോൾ പൈപ്പു മാത്രമേ ബാക്കിയുള്ളൂ. ആനയും ചെണ്ടയും വാദ്യവുമായി ശ്രീ. കരുണാകരനും ശ്രീ. ഗംഗാധരനും കൂടെ കണ്ണൂർ ജില്ലയിൽ കമ്പിൽ ഒരു തോട് ഉൽഘാടനം ചെയ്തു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഞാൻ അവിടെപ്പോയി. അവിടെ ഏകദേശം 25 കൊല്ലത്തേക്ക് വെള്ളമുണ്ടാവുകയില്ല. പഴശ്ശി പദ്ധതി പൂർത്തിയാക്കിയാലെ വെള്ളമുണ്ടാവുകയുള്ളൂ.. ഇവർ വെള്ളം കൊടുക്കാൻ ഉൽഘാടനം ചെയ്യുന്നു. ആരാണ് വെള്ളം കൊടുക്കുന്നത്. രണ്ടാളുകൾ മൂത്രമൊഴിച്ചാണോ? എവിടെ വെള്ളം? കമ്പിലാണ്. രണ്ടാളുകളും പോയി ഉൽഘാടനം ചെയ്തത്. വെള്ളം കൊടുക്കണമെങ്കിൽ പഴശ്ശിയിലെ വെള്ളം അവിടെ വരണം.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): മൂത്രമൊഴിച്ചാൽ ഇത്രയും വെള്ളമുണ്ടാകുമോ?

ശ്രീ. ഇ. കെ. നായനാർ: വ്യവസായമില്ല. പരമ്പരാഗത വ്യവസായം തകർച്ചയിലാണ്. 27 ലക്ഷം തൊഴിലില്ലാത്തവർ.....

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): അങ്ങയുടെ പ്രസംഗത്തിന്റെ ഒഴുക്ക് ഞാൻ തടയുകയല്ല. ബഹുമാനപ്പെട്ട എം. വി. രാഘവൻ ഇവിടെ വച്ച്.....

ശ്രീ. ഇ. കെ. നായനാർ: അതൊക്കെ അവസാനം വരും. അതിന്റെ വക്കാലത്ത് ശ്രീ. അഹമ്മദ് എപ്പോഴാണ് ഏറ്റെടുത്തതെന്ന് പറഞ്ഞാൽ മതി. ശ്രീ. രാഘവന്റെ വക്കാലത്ത് ഏറ്റെടുത്തിട്ട് കുറച്ച് ദിവസമായല്ലോ? 1982 ഒക്ടോബർ മുതൽ വിതുരയിലേയും ശാന്തംപാറയിലേയും തൊഴിലാളികൾക്ക് നേരെ ആരംഭിച്ച പോലീസ് ആക്രമണം അനുസ്യൂതം തുടരുകയാണ്. അത് തങ്കമണിയിലും കീഴ് മാട്ടിലുമാണ് നഗ്നമായി ഞാൻ കണ്ടത്. 1982 ഒക്ടോബറിൽ വലിയ തുറയിൽ വെടിവയ്പ് നടത്തി. പള്ളിയിലെ സെൻറ് ജൂഡിന്റെ പ്രതിമ പോലീസ് അടിച്ചുതകർത്തു. ഉരുക്കുവടി ഒടിച്ചിട്ടു. പള്ളി മുറ്റത്ത് കൂടിയവരെ ആശ്വസിപ്പിച്ചുകൊണ്ട് രണ്ടു കൈയും ഉയർ

LIBRARY ARCHIVES Kerala Legislative Assembly

ത്തിയ വലിയതുറ പള്ളി വികാരി ഫാദർ ഫർണാണ്ടസ്സിനെ തോക്കിന്റെ പാത്തികൊണ്ട് ഇടിച്ചു. കരണത്തടിച്ചു. വെടി വയ്പ്പിൽ അവിടെ കൊല്ലപ്പെട്ടത് ഒരു ദരിദ്ര മൽസ്യത്തൊഴിലാളിയാണ്. ആൻഡ്രൂസ് എന്നാണ് ആ ചെറുപ്പക്കാരന്റെ പേര്. ഗവൺമെന്റ് പോലീസിനെ കയറൂരി വിട്ടതിന്റെ ഫലമായി ദിവസം തോറും നടന്നുവരുന്ന സംഭവങ്ങളാണ് ഇത്. ആലപ്പുഴയിലും തിരുവനന്തപുരത്തും ഡിസംബർ 31–ന് വലിയതുറയിലും വെടിവയ്പ് നടത്തി. ഇവിടെ വർഗ്ഗീയ ലഹളകൾ നടന്നു. ലാത്തിച്ചാർജ് നടന്നു. 1982–ൽ തുടങ്ങിയ പോലീസ് ഭീകര.....

തങ്കമണിയിൽ ബലാൽസംഗം നടന്നത് പെരുപ്പിച്ചതാണെന്നാണ് ശ്രീ. രാമചന്ദ്രൻ മാസ്റ്ററുടെ സംശയം. കോതമംഗലം ബിഷപ്പ് പറഞ്ഞത് ഈ രാജ്യത്ത് നടക്കാൻ പാടില്ലാത്തത് നടന്നുവെന്നാണ്. ഫാദർ കോട്ടൂരും ഇതുതന്നെ പറഞ്ഞു. ആ ഫാദറെക്കാളും വലിയ ഫാദറാണ് ശ്രീ. രാമചന്ദ്രൻ മാസ്റ്റർ. ഇപ്പോഴും വലിയ ഫാദറായിട്ട് ഇരിക്കുകയാണ്. ബിഷപ്പ് പറഞ്ഞത് കൂട്ടാക്കിയിട്ടില്ല. കോതമംഗലം ബിഷപ്പും ഫാദർ കോട്ടൂരും പറഞ്ഞു ചെയ്യാൻ പാടില്ലാത്തത് ചെയ്തു, നടക്കാൻ പാടില്ലാത്തത് നടന്നു എന്ന്. സാഹിത്യകാരൻമാരും ഇതു പറഞ്ഞു. ഞങ്ങൾ അവരോട് പോയി ചോദിച്ചു. ഈ രാജ്യത്തെ സ്ത്രീകളുടെ കണ്ണുനീർ ഈ രാജ്യത്ത് വീണാൽ അതിൽ വെന്തുരുകി കൊണ്ട് ശ്രീ. കരുണാകരന്റെ ഭരണം തൂത്തെറിയപ്പെടുമെന്ന് ശ്രീമതി സുഗതകുമാരി പറഞ്ഞു. നിങ്ങൾ നോക്കൂ ഈ രാജ്യത്ത് നടന്നതിനെ ലഘൂകരിക്കാൻ കോൺഗ്രസ് ഭാഗത്തുനിന്നുള്ള ശ്രമം. അതിനെ പ്രതിഷേധിക്കാനുള്ള ഒരു ശബ്ദം പോലും അപ്പുറത്തില്ല. ഇതാണ് ശ്രീ. രാമചന്ദ്രൻ മാസ്റ്റർ പറഞ്ഞത്. മേപ്പാടി പോലീസ് സ്റ്റേഷന്റെ കഥ ഇവിടെ പറഞ്ഞു. ഹരിജൻ വകുപ്പ് കൈകാര്യം ചെയ്യുന്നത് ശ്രീ. കരുണാകരനാണ്. ഒരു ഹരിജൻ സ്ത്രീയെ ബലാൽസംഗം ചെയ്ത ദാരുണമായ കഥ ഇവിടെ വിവരിച്ചു. 30–35 വയസ്സായിട്ടുള്ള ഹരിജൻ സ്ത്രീയുടെ ഉടുവസ്ത്രം അഴിപ്പിച്ച് കണ്ണും കെട്ടി ബലാൽസംഗം ചെയ്ത കാര്യങ്ങൾ ഇവിടെ വിവരിച്ചു. കാരണം ഹരിജൻ വകുപ്പ് ശ്രീ. കരുണാകരന്റെ വകുപ്പാണ്. ബലാൽസംഗം ചെയ്തത് ഹരിജൻ സ്ത്രീയെയാണ്. 5000 രൂപ കൊടുത്തോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇവിടെ അങ്ങനെയൊരു സമ്മാനം വച്ചിട്ടുണ്ടല്ലോ? അങ്ങനെ ഈ നാലര വർഷത്തെ ഭരണം തൊഴിലില്ലായ്മയുടെയും തകർച്ചയുടേയും അതുപോലെതന്നെ നിയമസമാധാന തകർച്ചയുടെയും, പോലീസ് മർദ്ദനത്തിന്റെയും ഭരണമാണ്. പാലാ കോളേജിൽ നടന്ന ലാത്തിച്ചാർജും മന്ത്രിമാർ കന്യാസ്ത്രീകളുടെ നേരെ നടന്ന ആക്രമണവുമൊക്കെ കണ്ടുകൊണ്ട് പാലാ ബിഷപ്പ് പറഞ്ഞു ഒന്നുകിൽ കേരളം ശരിക്കും ഭരിക്കണം. അല്ലെങ്കിൽ നിങ്ങൾ ഇറങ്ങിപ്പോകണമെന്ന്. നിങ്ങൾക്ക് ഇതിനെ നിഷേധിക്കാൻ കഴിയുമോ? ആ തരത്തിൽ നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് അർഹതപ്പെട്ടത് നഷ്ടപ്പെടുത്തിക്കൊണ്ട് അധികാരത്തിൽ തുടരുന്ന ഒരു ഭരണകൂടമാണ് ഇവിടെയുള്ളത്. അഴിമതി ദേശസാൽക്കരിച്ചിരിക്കുകയാണ്. എന്തിനാണ് നമ്മുടെ മന്ത്രി ശ്രീനിവാസൻ പുറത്തു പോയത്? എസ്. ആർ. പി. നാലു പാർട്ടിയായി മാറി. എന്തിനാണ് ശ്രീ. ഗംഗാധരൻ പുറത്തുപോയത്? ന്യായീകരിക്കുന്നോ ബാല്യവിവാഹം? ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

ജോസ് ന്യായീകരിക്കും. കാരണം ജോസ് പാഷാണം വർക്കിയാണ്. ഞാൻ ചോദിക്കട്ടെ നമ്മുടെ ഗംഗാധരൻ എന്തിനുപോയി? എന്തിന് ശ്രീ. രവിയെ പുറത്താക്കി? എന്താ നിങ്ങൾക്ക് സ്പീക്കർഷിപ്പ് തരാതിരുന്നത്? കാസ്റ്റിംഗായിരുന്നില്ലേ?

എന്തുകൊണ്ടാണ് നിങ്ങൾക്ക് സ്പീക്കർഷിപ്പ് ഇതുവരെ തരാതിരുന്നത്? അതിനെപ്പറ്റി നിങ്ങൾതന്നെ ആലോചിക്കുക. ഈ രാജ്യത്ത് നിങ്ങളെയെല്ലാം ശരിയായി കൈകാര്യം ചെയ്തിട്ടുണ്ട്. ഇവിടെ
3 p.m.] ഭരണഘടനാ വ്യവസ്ഥകളും തുടർച്ചയായി ലംഘിച്ചിരിക്കുകയാണ്. ജഡ്ജിമാരുടെ കാര്യത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. മതേതരശക്തികളും, അതുപോലെ ഇൻഡ്യയിലെ ജാതിമത വർഗ്ഗീയ ശക്തികളുമെല്ലാംതന്നെ കോൺഗ്രസ്സിനെ കൂട്ടുപിടിച്ചുകൊണ്ട് കോൺഗ്രസ്സിന്റെ മേൻമയെക്കുറിച്ച് പറയുകയാണ്. 17 കൊല്ലമായി തിരഞ്ഞെടുപ്പില്ല. ഇപ്പോൾ ജനറൽ സെക്രട്ടറി ആരാണ്? ജനറൽ സെക്രട്ടറിയുണ്ടോ? ഇവിടെ വൈസ് പ്രസിഡൻറുണ്ടോ? പ്രസിഡൻറുണ്ടോ? അഖിലേന്ത്യാ കോൺഗ്രസ്സിൽ ആരൊക്കെയാണുള്ളത്? എല്ലാവരും രാജിവച്ചിരിക്കുകയാണ്. ഒരൊറ്റ പ്രസിഡൻറും പാഷാണം വർക്കിയും മാത്രം—കൈ ഉണ്ടോ? വൈസ് പ്രസിഡൻറ് ത്രിപാഠിയുണ്ടോ? അർജുൻ സിംഗുണ്ടോ? ആരാധിക്കുന്ന അന്തോണിക്ക് അവിടെ എന്താണ് പണി? ഫയൽ തുടയ്ക്കലാണോ അദ്ദേഹത്തിന്റെ പണി? മൂപ്പനാർക്ക് എന്താണ് പണി? ഇത് എന്ത് കോൺഗ്രസ്സാണെന്ന് ഞാൻ ചോദിക്കുകയാണ്? 17 കൊല്ലമായി തിരഞ്ഞെടുപ്പില്ലാത്ത ഒരു കോൺഗ്രസ്സാണിത്. എന്നിട്ട് കോൺഗ്രസ്സിന്റെ മേൻമയെക്കുറിച്ച് പറയുകയാണ്. എട്ട് സംസ്ഥാനങ്ങളിലുമായി 28 കോടി ജനങ്ങൾ ഇൻഡ്യാ രാജ്യത്തുനിന്നും കോൺഗ്രസ്സിനെ തൂത്തറിഞ്ഞിട്ടാണ് ഇപ്പോൾ ഇരിക്കുന്നത്. ഇൻഡ്യയിലെ 28 കോടി ജനങ്ങൾ 8 സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനെ തൂത്തെറിഞ്ഞു, വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ കൂടുതൽ സംസ്ഥാനങ്ങളെ ചവിട്ടി പുറത്താക്കാൻ പോവുകയാണ്. ഈ ഭരണകൂടത്തിന് അതാണ് വരാൻ പോകുന്നത്. നിങ്ങൾ ഓർക്കണം ഇതുപോലുള്ള കോൺഗ്രസ് ബംഗാളിലുണ്ടോ? തമിഴ്നാട്ടിലുണ്ടോ? കർണ്ണാടകത്തിലുണ്ടോ? ഇവിടെയുണ്ടോ? തമിഴ്നാട്ടിൽ ഇപ്പോൾ കോൺഗ്രസ്സിന് എം.ജി. ആറിന്റെ റപ്പെട്ടിയെടുക്കലും, പെട്ടി തുടയ്ക്കലുമാണ് പണി. ഈ രാജ്യത്ത് ദ്രോഹവും, ശാപവുമാണ് നടമാടുന്നത്. ഇതിനിടയിലാണ് ശ്രീ. രാഘവന്റെ കുറുമാറ്റം. രാഘവൻ ചോദിക്കുന്നത് ഇ. എം. എസ്സിന്റെ അഭിപ്രായം മാറിയില്ലേ എന്നാണ്. ഞങ്ങളുടെ അഭിപ്രായത്തെപ്പറ്റി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി സംസ്ഥാന കമ്മിറ്റി വ്യക്തമാക്കിയിരിക്കുന്നു. ഇ. എം. എസ്സിന്റെ വിപ്പ് എന്നാണ് പത്രക്കാർ പബ്ലിഷ് ചെയ്തതെന്ന് ഞാൻ ചോദിക്കുകയാണ്. .....(ബഹളം)..... ബഹുമാനപ്പെട്ട രാജീവ് ഗാന്ധി ആഗസ്റ്റ് 15-ന് മൂന്നു തവണ ചെങ്കോട്ടയിൽ വച്ച് പ്രസംഗിച്ചത് ഞാൻ ഓർക്കുകയാണ്. അതിപ്രകാരമാണ് "I Pay to respect to the Republic of India" നിങ്ങൾ ഡൽഹിയിലെ പത്രം മുഴുവൻ വായിച്ചിട്ടുണ്ടോ? വായിച്ചിട്ടില്ലെങ്കിൽ നിങ്ങൾ വായിക്കണം. രാജീവ് ഗാന്ധി ദൂരദർശനിൽ ഇപ്രകാരം പറയുകയുണ്ടായി. "I pay respect to the Indian people on the day of the Republic" ഇൻഡ്യൻ റിപ്പബ്ലിക്കും ആഗസ്റ്റ് പതിനഞ്ചും തിരിയാത്ത ഒരു പ്രധാനമന്ത്രിയാണ് ഇൻഡ്യാ രാജ്യത്തുള്ളത്. നിങ്ങൾക്ക് തിരിയില്ല. അത് നിങ്ങൾക്ക് മനസ്സി

LIBRARY ARCHIVES Kerala Legislative Assembly

ലാകാൻ കുറച്ചുകൂടി കഴിയണം.. കാരണം റിപ്പബ്ലിക്കും സ്വാതന്ത്ര്യ ദിനവും അറിയാത്ത ഒരു പ്രധാനമന്ത്രിയാണ് ഇവിടെയുള്ളത്. മൂന്നു തവണ അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ ''സ്ലിപ്പ് ഓഫ് ദി ടങ്ങ്'' ആണ്. അതിനെപ്പറ്റി ''ടൈംസ് ഓഫ് ഇൻഡ്യ, സ്റ്റേറ്റ്സ്മാൻ, ''ഹിന്ദുസ്ഥാൻ ടൈംസ്, ''ഹിന്ദുസ്ഥാൻ സ്റ്റാന്റേർഡ്'', ''ഇൻഡ്യൻ എക്സ്പ്രസ്'' തുടങ്ങിയ ഡൽഹിയിലെ പത്രങ്ങളെല്ലാം മുഴുവൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിങ്ങളെല്ലാം അത് മനസ്സിലാക്കണം. ഇതൊക്കെ ഞാൻ നോട്ടു ചെയ്യുന്നതാണ്. എല്ലാവർക്കും ''സ്ലിപ്പ് ഓഫ് ദി ടങ്ങ്'' ഉണ്ടാകും. ഞാൻ അതിനെപ്പറ്റി ആക്ഷേപിക്കുന്നില്ല. രാജീവ് ഗാന്ധി ജനിച്ചത് തന്നെ 1940—ലാണ്. ഇപ്പോഴത്തെ അദ്ദേഹം 42—ാമത്തെ വയസ്സിലേക്ക് കടക്കുകയാണ്. നമുക്ക് ഇപ്പോഴത്തെ 39—ാമത്തെ റിപ്പബ്ലിക്കാണ്. അപ്പോൾ രണ്ട് വയസ്സേയുള്ളൂ. അതുകൊണ്ട് പറഞ്ഞിട്ട് കാര്യമില്ല. ഇപ്പോൾ ഈ രാജ്യത്ത് ജാതി—മത വർഗ്ഗീയ ശക്തികളെ കൂട്ടുപിടിച്ച് ഖാലിസ്ഥാൻവാദികളെ പ്രോൽസാഹിപ്പിച്ച് അവസാനം പ്രധാനമന്ത്രി വെടിയേറ്റ് മരിച്ചു. ഇപ്പോഴത്തെ ഇ. എം. എസ്സിന്റെ നയത്തെക്കുറിച്ച് പറഞ്ഞു. ഞാൻ പറയുന്നത് അദ്ദേഹത്തിന് സ്ലിപ്പ് ഓഫ് ദി ടങ്ങ് വന്നുവെന്നാണ്. അത് ഞങ്ങളെല്ലാം തിരുത്തുകയാണ്. അത്തരത്തിൽ കേരളാ കോൺഗ്രസ്സും മുസ്ലീം ലീഗുമായി ഒരു കൂട്ടുകെട്ടുമില്ല. ശ്രീ. രാഘവൻ പറഞ്ഞതിൽ ഒരു വാചകംപോലും കോൺഗ്രസ്സിനെതിരായിട്ട് മിണ്ടിയില്ല. നിങ്ങളെല്ലാം രാഘവനെ കേടോലിക്കെ ആയിട്ടാണ് ഉപയോഗിക്കുന്നത്. അദ്ദേഹം കോൺഗ്രസ്സിനെതിരായി ഒരു വാക്കുപോലും പറഞ്ഞില്ല. എന്നാൽ ഞങ്ങളുടെ പാർട്ടി തീരുമാനിച്ചാൽ ആ തീരുമാനം നടപ്പാക്കും. ഞങ്ങളുടെ പാർട്ടിയിൽ ആ തീരുമാനം നടപ്പാക്കാത്തവർ പാർട്ടിക്ക് പുറത്താണ്. അതാണ് ഞങ്ങളുടെ പാർട്ടിയുടെ ശക്തി. അപ്പോഴത്തെ ആ അടിസ്ഥാനത്തിൽ കാലുമാറ്റ രാഷ്ട്രീയം..... നിങ്ങളെല്ലാം രാഘവനെക്കൊണ്ട് കുരങ്ങ് കളിപ്പിക്കുകയല്ലേ ചെയ്യുന്നത്? നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ വർദ്ധിപ്പിച്ചു, വ്യാവസായിക തകർച്ചയുണ്ടാക്കി നിയമസമാധാനം അപകടത്തിലാക്കി. പൂന്തുറ മുതൽ തങ്കമണിവരെയും,, അതുപോലെതന്നെ കീഴ്മാടിലെ അന്ധ വിദ്യാർത്ഥികൾക്കെതിരായും കൊടും ക്രൂരമായ കൊലപാതക രാഷ്ട്രീയം അഴിച്ചുവിട്ട ഒരു സർക്കാരാണിത്. ഇവിടെത്തന്നെ കാലുമാറ്റത്തെ പ്രോൽസാഹിപ്പിക്കുകയാണ്. നിങ്ങളുടെ കഴിഞ്ഞ നാലര കൊല്ലക്കാലത്തിനുള്ളിൽ അഞ്ചോ, എട്ടോ തിരഞ്ഞെടുപ്പ് നടന്നു. നിങ്ങൾക്ക് അതിൽ എത്ര സീറ്റ് കിട്ടി? എട്ട് ഉപതിരഞ്ഞെടുപ്പിൽ അഞ്ചെണ്ണം പ്രതിപക്ഷത്തിന് കിട്ടി. ഇന്ന് ഇതാ അപ്പുറത്ത് ഇരിക്കുന്നു മൂന്നു പേർ. കാലുമാറ്റ രാഷ്ട്രീയത്തെ പണം കൊടുത്ത് പ്രോൽസാഹിപ്പിച്ചാൽ അതിന് ആയുസ്സില്ല. ഇനി വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ ജാതി-മത രാഷ്ട്രീയ കക്ഷികൾക്കെതിരായി, രാജ്യത്തെ ഹിന്ദു—മുസ്ലീം സിക്ക് വിഭാഗത്തിൽപ്പെട്ട സാധാരണ ജനങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി ന്യൂനപക്ഷത്തിന്റെ ന്യായമായ ആവശ്യത്തിനുവേണ്ടി കൃഷിക്കാരുടേയും, തൊഴിലാളികളുടേയും, അദ്ധ്വാനിക്കുന്നവരുടേയും താൽപ്പര്യത്തിനുവേണ്ടി അടിപതറാതെ നിലകൊണ്ട് ഈ ജനവിരുദ്ധ മുന്നണി ഭരണത്തിനേറേയും, ജനാധിപത്യത്തിനേറേയും പേരിൽ നടത്തുന്ന കൊള്ളയും അക്രമവും അവസാനിപ്പിക്കുന്നതിനുള്ള പോരാട്ടം ഈ രാജ്യത്തെ ജനങ്ങൾ നടത്തുമെന്നുള്ള വിശ്വാസത്തോടുകൂടി ഗവൺമെന്റ് സമർപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിപൂർവ്വം എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, കഴിഞ്ഞ സമ്മേളനത്തിനുശേഷം ആർക്കും എതിർക്കാൻ കഴിയാത്ത ചില അടിയന്തിരമായ ആവശ്യങ്ങൾക്കു വേണ്ടി കണ്ടിൻജൻസി ഫണ്ടിൽ നിന്നും എടുത്ത 75.98 ലക്ഷം രൂപയും 0.5 ലക്ഷം രൂപയും ആണ് ഈ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആ പൈസ ഉപയോഗിച്ച് ചെയ്ത പ്രധാനമായ കാര്യങ്ങൾ പ്രതിപക്ഷത്തോട് പറയാം. തിരുവിതാംകൂർ ദേവസ്വംബോർഡിൽ പ്രതിപക്ഷ നേതാക്കൻമാർ തന്നെ സമരം നടത്തി. ദേവസ്വംബോർഡ് ഉദ്യോഗസ്ഥൻമാർക്ക് മൂന്നുമാസം ശമ്പളം കൊടുക്കാതിരുന്ന പ്രത്യേകമായിട്ടുള്ള സാഹചര്യം വന്നതുകൊണ്ടാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിനു 15 ലക്ഷം രൂപ കൊടുത്തത്. ആ നിയമത്തെ ആധാരമാക്കിക്കൊണ്ട് ശ്രീപത്മനാഭ ക്ഷേത്രത്തിനും അതിന്റെ വിഹിതം കൊടുക്കണമെന്നാണ് ഇപ്പോഴും നിലവിലിരിക്കുന്ന വ്യവസ്ഥ. അതിനുവേണ്ടി രണ്ടുലക്ഷം രൂപ ഇതിൽ നിന്നും നീക്കി വയ്ക്കേണ്ടതായി വന്നു. അതുപോലെ തന്നെ കൊച്ചിൻ ദേവസ്വം ബോർഡിലും ഇവിടെ പറഞ്ഞ രീതിയിൽ ദേവസ്വം എംപ്ലോയീസിന്റെ സമരം വന്നു. സംസ്ഥാന ഗവൺമെന്റിൽ നിന്നും നിയമാനുസൃതം കൊടുത്ത ഗ്രാന്റുകൾ പര്യാപ്തമല്ലെന്നുള്ള അടിസ്ഥാനത്തിലാണ് 7 ലക്ഷം രൂപ കൊച്ചിൻ ദേവസ്വം ബോർഡിനു കൊടുത്തത്. അങ്ങനെയാണ് 22 ലക്ഷം രൂപയായത്. ദേശീയ അടിസ്ഥാനത്തിൽ മൽസരം നടത്തുന്നതിനു സ്റ്റേഡിയം നിർമ്മിക്കാൻ കോഴിക്കോട് കോർപ്പറേഷൻ ഒരു നല്ല പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കി ഗവൺമെന്റിനെ സമീപിച്ച അവസരത്തിൽ പ്രതിപക്ഷത്തും ഭരണപക്ഷത്തിലുമുള്ള ആളുകൾ 20 ലക്ഷം രൂപ അവർക്ക് കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞു. നാഷണൽ ഹാൻഡ്ലൂം എക്സ്പോ 1986-ൽ പുത്തരിക്കണ്ടം മൈതാനത്ത് നടത്താൻ തീരുമാനിച്ചു. അതിന് 25 ലക്ഷം രൂപ നീക്കിവച്ചു. അതിന് സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽ നിന്നും ഒരു പൈസപോലും കൊടുക്കേണ്ടിവരികയില്ല. കേന്ദ്രഗവൺമെന്റും മറ്റ് ഏജൻസികളും മുടക്കിക്കൊള്ളും. പുത്തരിക്കണ്ടം മൈതാനം ഒന്ന് വൃത്തിയാക്കുന്നതിന് കഷ്ടിച്ച് രണ്ട്, മൂന്നു ലക്ഷം രൂപയായി. കഴിഞ്ഞ സമ്മേളനത്തിൽ സപ്ലിമെന്ററി ഡിമാൻഡ് അവതരിപ്പിച്ച അവസരത്തിൽ ഇങ്ങനെയുള്ള ചെലവുകൾ വരുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. അങ്ങനെയാണ് 75.98 ലക്ഷം രൂപ ആയത്. ആലപ്പുഴ കനാലിന് 4.5 ലക്ഷം രൂപ കൊടുത്തു. കനാലിൽ കൂടി വള്ളം പോകുന്നില്ല എന്ന് ശ്രീ. താമരാക്ഷൻ, ശ്രീമതി. ഗൗരിയമ്മ തുടങ്ങിയ മെമ്പർമാർ പറഞ്ഞതുകൊണ്ടാണ് നാലരലക്ഷം രൂപ അടിയന്തിരമായി അതിന് കൊടുത്തത്. ഈ ഗവൺമെന്റ് വേറെ യാതൊരു കാര്യത്തിനും ചെലവാക്കിയില്ല. അങ്ങനെയാണ് 75.93 ലക്ഷം രൂപ വന്നത്.

ഒന്നു രണ്ടു പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഇവിടെ അവതരിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്നലേയും ഇന്നും ശ്രീ. കെ. പി. പ്രഭാകരൻ കർഷകസംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന സമരങ്ങളെപ്പറ്റി പറഞ്ഞു. ആ സമരം അവസാനിപ്പിക്കാൻ വേണ്ടി മുഖ്യമന്ത്രി ഒന്നും ചെയ്യുന്നില്ല എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ വൈകുന്നേരം അഞ്ചര മണിക്ക് മുഖ്യമന്ത്രിയുമായി ചർച്ച നടത്തി. ഗവൺമെന്റ് യാതൊരു തീരുമാനവും എടുത്തിരുന്നില്ല. എന്നാൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന സമ്മേളനത്തിന്റെ ഫല

LIBRARY ARCHIVES Kerala Legislative Assembly

മായി സംസ്ഥാനത്ത് വളരെ ദിവസങ്ങളായി നടന്നുവന്ന പ്രതിപക്ഷ സമരങ്ങളും പിൻവലിച്ചുവെന്നതിൽ വളരെ സന്തോഷമുണ്ട്. നവംബർ 15-ന് സമരം നടന്ന അവസരത്തിൽ ഞങ്ങളും ചർച്ച ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ കർഷകരോടുള്ള സമീപനം എന്താണ്, സംസ്ഥാന ഗവൺമെന്റിന്റെ സമീപനം എന്താണ്, നെൽക്കൃഷിക്കാരടക്കമുള്ള കൃഷിക്കാരോട് ഈ ഗവൺമെന്റിന്റെ നയമെന്താണ് എന്നൊക്കെ ചർച്ച ചെയ്തു. പൊതു ചർച്ച നടന്ന അവസരത്തിൽ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നയങ്ങളും എന്തെല്ലാം എന്നത് വളരെ വ്യക്തമായ രീതിയിൽ ചർച്ച ചെയ്തു. ഇൻഡ്യയിലെ കൃഷിക്കാരോട് വളരെ വ്യക്തമായ സമീപനം സ്വീകരിച്ചിട്ടുള്ള രാഷ്ട്രീയ കക്ഷിയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്. അതിനേക്കാളും അതീതമായി ഒരു രാഷ്ട്രീയ കക്ഷിയും ചെയ്യുകയില്ല. ഗാന്ധിജിയും നെഹ്റുവും ഇന്ദിരാഗാന്ധിയും ഇപ്പോഴത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധിയും അടക്കം കേരളത്തിലെ കൃഷിക്കാരോട് സ്വീകരിച്ചിട്ടുള്ള നയത്തിന് വിപരീതമായി ശ്രീ. കരുണാകരനായാലും എനിക്കായാലും പ്രവർത്തിക്കാൻ കഴിയുകയില്ല. ഐക്യജനാധിപത്യമുന്നണിയിലുള്ള ആരും കൃഷിക്കാർക്ക് എതിരാണെന്ന അഭിപ്രായം എനിക്കില്ല.

ശ്രീ. കെ. പി. പ്രഭാകരൻ ഇന്നലെയും ഇന്നും ഈ സഭയിൽ പറഞ്ഞ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് രേണകക്ഷി പ്രതിപക്ഷ വ്യത്യാസം കൂടാതെ കർഷകസംഘടനകളുമായി ചർച്ച ചെയ്തു. ഇവിടെ പ്രധാനമായ പ്രശ്നങ്ങളിലൊന്ന് കുട്ടനാട്ടിലും തൃശ്ശൂർ കോൾ നിലങ്ങളിലും പൊന്നാനിയിലും മാത്രമാണ് ഗൗരിയമ്മ കൃഷിമന്ത്രിയായിരുന്ന അവസരവും മറ്റ് എല്ലാ ഗവൺമെന്റുകളുടെ കാലഘട്ടത്തിലും നെൽക്കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ കൊടുത്തത്. കുട്ടനാട്ടിലും തൃശ്ശൂർ കോൾ നിലങ്ങളിലും പൊന്നാനിയിലും മറ്റുള്ള പ്രദേശങ്ങളിലും.....

ശ്രീമതി കെ. ആർ. ഗൗരി: സർ, കായൽനിലങ്ങളിൽ ഡീ-വാട്ടറിംഗിന് ഉള്ളതാണ്. ജനാർദ്ദനൻ നായർ കമ്മീഷനെ ഞങ്ങളാണ് നിയമിച്ചത്.

ശ്രീ. തച്ചടി പ്രഭാകരൻ: കുട്ടനാട്ടിലും തൃശ്ശൂർ കോൾ നിലങ്ങളിലും പൊന്നാനിയിലും കാർഷികോൽപ്പാദന ചെലവ് വളരെ കൂടുതലാണ്. അതുകൊണ്ട് ആ പ്രത്യേക സാഹചര്യത്തിൽ പമ്പിംഗ് സബ്സിഡി നൂറുശതമാനം വരെ അവർക്ക് കൊടുക്കാൻ തീരുമാനിച്ചു. നവംബർ 15-ാം തീയതിയും അതിനുശേഷവും കർഷകസംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മൂന്നു പ്രദേശങ്ങളിൽ കൊടുത്തുകൊണ്ടിരുന്നത് മറ്റ് എല്ലാ പ്രദേശങ്ങളിലും ഒരു ഹെക്ടറിന് 100 രൂപ വീതം വളം സബ്സിഡി കൊടുക്കാൻ തീരുമാനിച്ചു. ഡിപ്പാർട്ടുമെന്റിൽ നിന്നും കിട്ടുന്ന വിവരം അനുസരിച്ച് 250 രൂപ മുതൽ, 400 രൂപ വരെ കൊടുക്കും. ഇത് ഒരു ഹെക്ടർ വരെയുള്ള കേരളത്തിലെ ഇരുപത്തിയഞ്ചുലക്ഷത്തോളം വരുന്ന കൃഷിക്കാർക്ക് കൊടുക്കും. ബഹുഭൂരിപക്ഷവും ഒരു ഹെക്ടർ ഉള്ള കൃഷിക്കാരാണ്. ബാക്കിയുള്ളവരുടെ കാര്യം പിന്നീട് ആലോചിക്കാമെന്നതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കീടനാശിനിയെ സംബന്ധിച്ച് പറയാം. ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രമേ കീടനാശം ഉള്ളൂ. കുട്ടനാട്ടിൽ 40 രൂപ 60 രൂപ ഇങ്ങനെയൊക്കെയുള്ള നിരക്കുകൾ നിലവിലുണ്ട്. കേരളത്തിൽ എവിടെ രോഗബാധയുണ്ടായാലും ഒരു ഹെക്ടർ കൃഷിക്ക് 60 രൂപ വച്ച് കൊടുക്കാൻ ഉള്ള നടപടി ഗവൺമെന്റ് അംഗീകരിച്ചു.

ശ്രീ. കെ. പി. പ്രഭാകരൻ: കീടബാധയ്ക്ക് കൊടുക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: രോഗബാധ ആയാലും കീടബാധയായാലും കൊടുക്കും. പാലക്കാട്ടെ കൃഷിക്കാർക്ക് പച്ചിലവളവിത്തുകൾ കൊടുക്കുന്നതാണ്, മറ്റ് എല്ലാ രാസവളങ്ങളും കീടനാശിനികളും കൊടുക്കുന്നതിനേക്കാൾ ആവശ്യം. അതിന് ആവശ്യമായ വിത്തുകൾ മുഴുവൻ കൊടുക്കണം.

പട്ടയം ഇല്ലാത്ത കൃഷിക്കാർക്ക് കാർഷിക വായ്പകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സഹകരണമേഖലയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനുള്ള ബുദ്ധിമുട്ട് പറഞ്ഞിട്ടുണ്ട്. 15-ാം തീയതിയിലെ കോൺഫറൻസിലും വളരെ വിശദമായി അത് പറഞ്ഞിട്ടുണ്ട്. സഹകരണമേഖലയായാൽ ഗവൺമെന്റിന് കൺട്രോൾ ചെയ്യാം, നാഷണലൈസ്ഡ് ബാങ്കുകളിലായാൽ റിസർവ്വ് ബാങ്കിനേയും മറ്റും കൺട്രോൾ വരും. പട്ടയമില്ലാത്ത ഏതെങ്കിലും കൃഷിക്കാരുണ്ടെങ്കിൽ കൃഷിഭൂമി അവരുടെ കൈവശം ആണെന്നും കൃഷിഭൂമിയിൽ കൃഷിയിറക്കുന്നുവെന്നും ബോധ്യമുണ്ടെങ്കിൽ ആ കൃഷിക്കാർക്ക് സഹകരണ പ്രസ്ഥാനം വഴി വായ്പ കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

അതുപോലെതന്നെ മറ്റൊരു കാര്യം പറഞ്ഞത് കുടിശ്ശിക വളരെ നിൽക്കുന്നു എന്നുള്ളതാണ്. ഗവൺമെന്റ് ഇന്നലെ അതിന് വളരെ വ്യക്തമായ രീതിയിൽ ഉറപ്പ് നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ട രണ്ടുമൂന്നിനങ്ങളിലാണ് കൃഷിക്കാർക്ക് കുടിശ്ശികയുള്ളത്. പമ്പിംഗ് സബ്സിഡി കുടിശ്ശിക കൊടുക്കുന്നകാര്യത്തിലും സഹകരണ സ്ഥാപനങ്ങളിൽനിന്നുള്ള 5 ശതമാനം സബ്സിഡി കൊടുക്കുന്ന കാര്യത്തിൽ എല്ലാം ഗവൺമെന്റ് ഇന്നലെ ഉറപ്പ് നൽകിയിട്ടുണ്ട്. മാർച്ച് 31-ന് മുൻപ്, കൃഷിക്കാരെ സംബന്ധിച്ചിടത്തോളമുള്ള കുടിശ്ശികയും വിതരണം ചെയ്യാൻ തയ്യാറാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. ബേബി ജോൺ പ്രസംഗിച്ച അവസരത്തിൽ ചോദിച്ചു ഇപ്പോഴാണോ കൃഷിക്കാരോട് സ്നേഹം എന്ന്. മറ്റ് ഏതെങ്കിലും ഗവൺമെന്റ് ഈ ഗവൺമെന്റ് സ്വീകരിച്ചതുപോലെയുള്ള ഒരു നയം കൃഷിക്കാരോട് സ്വീകരിച്ചിട്ടുണ്ടോ? ഈ സഭയിൽ തന്നെ എത്രയോ പ്രാവശ്യം നാളികേരത്തിന്റെ കാര്യം പറഞ്ഞു. ഒരു നാളികേരത്തിന് 75 പൈസയായിരുന്നു വില.

സർ, നാലു രൂപ വരെ ഒരു നാളികേരത്തിന് വിലയുണ്ടായിരുന്ന കാലത്താണ് 75 പൈസയായി വില കുറഞ്ഞുവന്നത്.....(ബഹളം)....വെളിച്ചെണ്ണ ഇറക്കുമതി കൊണ്ടല്ല വില കുറഞ്ഞത്. ബോംബെയിലെ കുത്തകമുതലാളിമാർക്കെതിരായി ഞങ്ങൾ നടത്തിയ ധീരമായ നടപടികളുടെ ഫലമായാണ് വില കുറഞ്ഞത്. 75 പൈസയുണ്ടായിരുന്ന നാളികേരത്തിന് ഇന്നു ശരാശരി 3 രൂപ വരെ വിലയുണ്ടാക്കാൻ കേരള

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് എടുത്ത നടപടികളും മൂലം കഴിഞ്ഞിട്ടുണ്ട്.. (ബഹളം).... 23,000 ടൺ കൊപ്ര 1200 രൂപ വച്ചു നാഫെഡ് സംഭരിക്കുകയും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ മുന്നിലൊന്നു ശതമാനം പച്ച നാളികേരം സഹകരണസ്ഥാപനങ്ങൾ വഴി സംഭരിച്ചു ഗവൺമെന്റ് കൺട്രോളിൽ കൊണ്ടുവരുന്നതിന് വേണ്ടി പദ്ധതി ആവിഷ്കരിക്കുകയും ആ പദ്ധതി കേന്ദ്രഗവൺമെൻറും എൻ. സി. ഡി. സി. യും അതുപോലെയുള്ള ഏജൻസികളും അംഗീകരിക്കുകയും ചെയ്തു. കേരളത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ആ പ്രശ്നം ഇല്ലാതായി.

ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നം റബ്ബറിന്റെ ഇറക്കുമതിയും ഏലത്തിന്റെ എക്സ്പോർട്ട് കുറഞ്ഞതുമാണ്. ശ്രീ. ശിവശങ്കറും പ്രേംദാസ്മുൻഷിയും കോമേഴ്സ് മിനിസ്റ്ററുമൊക്കെ ഇവിടെ വന്നു പറഞ്ഞത് എസ്. റ്റി. സി. വഴി ഏലവും റബ്ബറും സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നാണ്. ചരിത്രത്തിലാദ്യമായി റബ്ബറിനും ഏലത്തിനും വിലകുറയ്ക്കുന്നതിനുവേണ്ടി എസ്. റ്റി. സി. വഴി സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നു മന്ത്രി ഇവിടെ വന്നിട്ട് പറയുകയും നടപടി സ്വീകരിക്കുകയും ചെയ്തു. കേന്ദ്രഗവൺമെൻറ് ഇത്രയും അനുകൂലമായ ഒരു നിലപാട് സ്വീകരിച്ച അവസരത്തിൽ അതിനെ സ്വാഗതം ചെയ്യുന്നതിന് ശ്രീ. ബേബി ജോണും ശ്രീ. നായനാരും ഇവിടെ പ്രസംഗിച്ചപ്പോൾ.....

ശ്രീ. ഇ. കെ. നായനാർ: ഞങ്ങൾ പോയി നിരാഹാരം നടത്തി. ഒരു ദിവസത്തെ ധർണ്ണ നടത്തി. പിറേന്നു ഭൂട്ടാസിംഗുമായി സംസാരിച്ചു. അന്നു കേരളാ ഗവൺമെൻറ് പറഞ്ഞു 3,000 ഉറുപ്പിക വേണമെന്ന്. ഞാൻ മനസാ വാചാ പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. നാഫെഡ് അന്നു തീരുമാനിച്ചതാണ്. നിങ്ങൾ സ്വീകരിച്ച നിലപാടു മൂലമെന്നാണ് ഇപ്പോൾ പറയുന്നത്.

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്നതുകൊണ്ട്, മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളാണും ഞാൻ ഇപ്പോൾ പറയുന്നില്ല. അത് ഇപ്പോൾ ഒരു ചർച്ചാവിഷയമാക്കേണ്ട. ഞങ്ങൾ 1982-ൽ അധികാരത്തിൽ വന്ന ഗവൺമെൻറാണ്. ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ശ്രീ. കെ. എം. മാണിയുടേയും ശ്രീ. എ. കെ. ആൻറണിയുടെയുമൊക്കെ നേതൃത്വത്തിലുള്ള ഗവൺമെൻറാണ്. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടതും ഈ രാജ്യത്തെ ജനങ്ങൾ മനസ്സിലാക്കേണ്ടതും. 21 മാസക്കാലം മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഇപ്പുറത്തിരുന്ന ആളുകളാണ് ഞങ്ങൾ. നിങ്ങളുടെ കൂടെ ഇരിക്കുന്നവർക്ക് ഒരിക്കലെങ്കിലും ആത്മാഭിമാനത്തോടുകൂടി ഐക്യമുന്നണിയിൽ തുടരാൻ കഴിയുമോ? ശ്രീ. എം. എൻ. ഗോവിന്ദൻ നായർ പറഞ്ഞ കാര്യംതന്നെ ആദ്യമെടുക്കാം. സഭയുടെ രേഖയിലുള്ള കാര്യമാണ് ഞാൻ പറയുന്നത്. "അഭിമാനമുള്ളവർക്ക്, ആത്മാഭിമാനവുള്ളവർക്ക് ഇവരുമായി സഹകരിച്ചു പോകാൻ കഴിയാത്ത രീതിയിലുള്ള പ്രവർത്തനമാണ് ഇവർ നടത്തിയിട്ടുള്ളതെന്ന്" ഇവിടത്തെ പത്രങ്ങളിൽ ഇവരുടെ പ്രസ്താവനകളും പ്രസംഗങ്ങളും വന്നിട്ടുള്ളത് വായിച്ചാൽ ആർക്കും ബോദ്ധ്യമാകും. ഐക്യമുന്നണിയുടെ പരിപാടികൾ നടപ്പാക്കുന്നതിന് കാലതാമസം

LIBRARY ARCHIVES Kerala Legislative Assembly

വരുത്തി ഒരു സഹോദരപാർട്ടിയെന്നുള്ള നിലയിൽ എല്ലാ പാർട്ടികളോടും ഞങ്ങൾ മൂന്നു മാസത്തിനകം എന്തെല്ലാം ചെയ്യുമെന്നു പറഞ്ഞിരുന്നു.'' എം. എൻ ഗോവിന്ദൻനായരുടെ മറെറാരു പ്രസംഗം എടുക്കാം. ടി. വി. തോമസിനെക്കുറിച്ചു പറയുമ്പോൾ ' ഗൗരിയമ്മയ്ക്ക് ഒരു ചെറിയ വികാരമുണ്ടെന്ന് എനിക്ക് അറിയാം. .....(ബഹളം)..... ''ഇവിടെ ദേശീയ ഐക്യത്തെക്കുറിച്ചു പ്രസംഗിക്കുന്ന അവസരത്തിൽ കോൺഗ്രസ്സോ കേരളാ കോൺഗ്രസ്സോ ഐ. എസ്. പി. യോ മറേറതെങ്കിലും ഒരു പാർട്ടിയോ എന്നെപ്പററി ഇത്രയും ആരോപണങ്ങൾ കൊണ്ടുവന്നിരുന്നെങ്കിൽ ഒരളവുവരെ അതു മനസ്സിലാക്കാമായിരുന്നു. 30 കൊല്ലം ഒന്നിച്ചു പലതും സഹിച്ച് പ്രവർത്തിച്ച ഞാൻ കള്ളനാണെന്ന് ഈ നമ്പൂതിരിപ്പാട് സബ്ജക്ററീവ് സാറിസ്ഫാക്ഷന്റെ അടിസ്ഥാനത്തിൽ പറഞ്ഞല്ലോ, എന്റെ പ്രിയപ്പെട്ട നമ്പൂതിരീ'' എം. എൻ. ഗോവിന്ദൻനായർ പറഞ്ഞതാണ്. ശ്രീ. ടി. കെ. ദിവാകരൻ പറഞ്ഞത് ഞാൻ പറയാം. ''പ്രതിപക്ഷകക്ഷികളുടേയും ഭരണകക്ഷികളുടേയും നിയമസഭാസാമാജികൻമാർക്ക് നിയമസഭയിൽ പോലും ജീവാപായശങ്ക കൂടാതെ സ്വതന്ത്രമായി അഭിപ്രായങ്ങൾ പറയാൻ സാദ്ധ്യമല്ലെന്നും സഭാനാഥനെപ്പോലും സാമാന്യമര്യാദയുടെ എല്ലാ സീമകളേയും ലംഘിച്ച് ധിക്കരിക്കുമെന്നും സ്വന്തം തീരുമാനം നടപ്പാക്കുമെന്നും ബോദ്ധ്യമായതിനുശേഷമാണ് ആർ. എസ്. പി., ഇൻഡ്യൻ കമ്മ്യൂണിസ്ററ് പാർട്ടി, മുസ്ലീം ലീഗ്, ഐ. എസ്. പി. എന്നീ കക്ഷികൾ ഒരുമിച്ച് ഈ സംഭവങ്ങളെപ്പററി ആലോചിച്ചത്. ഐക്യമുന്നണിയിലെ 49 എം. എൽ. എ. മാർ ഒരുമിച്ചാണ് ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ അന്വേഷണം നടത്തണമെന്ന് ആഭ്യന്തരമന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടത്. ഈ ഘട്ടത്തിലും ഘടകകക്ഷികളുടെ അഭിപ്രായങ്ങൾ ആരായാനല്ല മറിച്ചു ഐക്യമുന്നണിയെ പൊളിക്കുവാനും ഘടകകക്ഷികളിലെ മന്ത്രിമാർക്കെതിരായി അഴിമതിയാരോപണങ്ങൾ ഉന്നയിക്കാനുമാണ് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി തീരുമാനിച്ചത്''. അവരുടെ മന്ത്രിമാരെപ്പററി മറെറ് എം. എൽ. എ. മാർക്ക് ആരോപണങ്ങൾ ഉണ്ടായിരിക്കുമോ ഇല്ലയോ എന്നുള്ളത് പ്രശ്നമാണ്. ശ്രീ. ടി.കെ. ദിവാകരൻ പറഞ്ഞ മറെറാരു.....(ബഹളം).....നിറപറയും നിലവിളക്കുമായി കെട്ടുനടന്ന ഐക്യമുന്നണി, കമ്മ്യൂണിസ്ററ് വിരുദ്ധ മുന്നണിയെന്ന കുലടയെ കാമിച്ചു മോഹിച്ചു എന്നു പറഞ്ഞു. കമ്മ്യൂണിസ്ററ് വിരുദ്ധ മുന്നണിയുമായി നടന്ന റവല്യൂഷനേറയും ഫാദർ വടക്കനേറയും. പുറകേ പോകുന്നതിന് യാതൊരു മടിയുമില്ലാത്തവരാണ് ഈ രാജ്യത്തുള്ളതെന്ന് ശ്രീ. ടി. വി. തോമസ് പറഞ്ഞു. ഈ രാജ്യത്തെ ലക്ഷക്കണക്കിന് ജനങ്ങൾ വമ്പിച്ച വിലകൊടുത്തു കെട്ടിപ്പടുത്ത ആ ഐക്യമുന്നണി സൗധം അവർ തകർത്തുകളഞ്ഞു. ചില പ്രതിബാധ, മന്ത്രിബാധ കഥകൾ കേട്ടിട്ടുണ്ട്. ക്രൂരനായ പ്രേതത്തെ ശരീരത്തുനിന്നു ഒഴിപ്പിക്കുമ്പോൾ ഒഴിയുകയും പോകുന്ന പോക്കിനു പുരയുടെ മേൽക്കൂര പൊളിച്ചുകൊണ്ടുപോകുകയും ചെയ്യും. അതുപോലെ ഐക്യമുന്നണിസൗധത്തിന്റെ മേൽക്കൂരപോലും പൊളിച്ചുകൊണ്ടുപോകുകയാണ് അവർ ചെയ്തത്. എന്തായാലും ഒരു ആശ്വാസം. അടിത്തറ അവശേഷിച്ചതുകൊണ്ട് ഇവിടത്തെ ജനങ്ങൾക്ക് അതിൽ ആശ്വാസം കൊള്ളാം എന്നുള്ളതാണ്.....:(ബഹളം)....

ശ്രീമതി കെ. ആർ. ഗൗരി: ടി. വി. യും എ. എൻ. ഉം ടി. കെ. ദിവാകരനുമൊക്കെ പറഞ്ഞത് വഴിയിച്ചു. അവർ എടുത്തതായിട്ടുള്ള നടപടികളും പറഞ്ഞു. 69–ലാണ് ഇതൊക്കെ നടന്നത്. 1969–ൽ

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ഈ പ്രസംഗങ്ങളെല്ലാം കാണാപ്പാഠം വായിച്ചുപഠിച്ച തച്ചടി പ്രഭാകരനുംപ്പെടുന്ന ആ പാർട്ടി 1980—ൽ ഞങ്ങളോട് കൂട്ടുകൂടിയിരുന്നിട്ട് വന്നാണ് ഈ വർത്തമാനം ഇപ്പോഴും പറഞ്ഞത്.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി, ഇന്നത്തെ മുഖ്യമന്ത്രിയായ ബഹുമാനപ്പെട്ട കരുണാകരനെ മനുഷ്യരായി പിറന്ന ആളുകളും വിശ്വസിക്കുകയില്ലെന്നുള്ള ശ്രീ. കെ. എം. ജോർജ്ജിന്റെ പ്രസംഗം കൂടി ഒന്നു വായിക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ അങ്ങനെ ഒരു വിവാദത്തിലേക്ക് പോകുന്നില്ല. ഞാൻ ഉദാഹരണമായി സൂചിപ്പിച്ചത് ശ്രീ. കെ. പി. പ്രഭാകരനോ ശ്രീ. ബേബിജോണിനോ ആർക്കുംതന്നെ നിഷേധിക്കാനാവാത്ത പ്രമുഖൻമാരായ നേതാക്കൻമാരുടെ ഉദ്ധരണികളാണ്. ഈ സഭയിൽ അവർ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ഇവിടെ ഇപ്പോൾ വന്നിരിക്കുന്ന ആളുകളെക്കുറിച്ചു പറഞ്ഞതുകൊണ്ട് ശ്രീ. കെ. പി. പ്രഭാകരനോടും ശ്രീ. ബേബിജോണിനോടും ഞാൻ ചോദിക്കുന്നു 1959—ൽ ശ്രീ. എം. എൻ. ഗോവിന്ദൻനായരും ശ്രീ. ടി. കെ. ദിവാകരനും പറഞ്ഞിട്ടുള്ള കാര്യങ്ങളും നിങ്ങളും ഏതടിസ്ഥാനത്തിലാണ് കാണുന്നത്? അന്ന് ഇന്നിരിക്കുന്ന മുഖ്യമന്ത്രിയടക്കമുള്ള ആളുകളും.....

Shri A. V. Thamarakshan: Sir, I raise a point of order. (151). "The debate on the Supplementary grants shall be confined to the items constituting the same and no discussion may be raised on the original grants or policy underlying them save in so far as it may be necessary to explain or illustrate the particular items under discussion". ഇതനുസരിച്ച് മറുപടി പറയുമ്പോൾ ഈ ഗ്രാന്റിൽ അത് പറയാൻ അവകാശമുണ്ട്.

ശ്രീ. തച്ചടി പ്രഭാകരൻ: അതുകൊണ്ട് ഇത് സാന്ദർഭികമായി സൂചിപ്പിച്ചതിന്റെ പ്രധാന കാരണം.....

ശ്രീ. ബേബി ജോൺ: സർ, എല്ലാവരും പരിധിവിട്ടു പോകുന്നുയെന്നത് ഒരു വസ്തുതയാണ്. പക്ഷെ റൂംസിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് അതില്ലറയെന്നു പറയുന്നത് ശരിയല്ല. എല്ലാവരും പരിധിവിട്ട് പോകുന്നുണ്ട്".

മി. ഡെ. സ്പീക്കർ: എല്ലാവരും നിയമസഭാ ചട്ടങ്ങൾക്കുള്ളിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ഗവൺമെൻറിന് മറുപടി പറയാൻ മാത്രം റസ്ട്രിക്ഷനും, പ്രതിപക്ഷത്തിന് റസ്ട്രിക്ഷൻ ഇല്ലാതിരിക്കുന്നതും ശരിയല്ല. ഞാൻ പറഞ്ഞു വന്നത് ഐക്യജനാധിപത്യമുന്നണിയെ കുറിച്ച്; ബഹുമാനപ്പെട്ട ശ്രീ. കെ. പി. പ്രഭാകരന്റെയും, ബേബി ജോണിന്റെയും പ്രസംഗം കേട്ടപ്പോൾ അവരുടെ അന്തരിച്ച നേതാക്കൻമാരായ ശ്രീ. എം. എൻ. ഗോവിന്ദൻനായർ, ശ്രീ. ടി. വി. തോമസ്, ശ്രീ. ടി. കെ. ദിവാകരൻ, അവർ ഇടതുപക്ഷ ജനാധിപത്യമുന്നണിയ്ക്കെതിരായി മാർക്സിസ്റ്റ് പാർട്ടി ഉണ്ടാക്കിയിരുന്ന രാഷ്ട്രീയ സമീപനത്തിൽ, ഈ സഭയുടെ ഈ ഭിത്തികളും അന്നും ഇതുപോലെ നിന്ന

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ പറഞ്ഞ കാര്യങ്ങളും ഇവിടെ പ്രകടമായി എന്നാണ്. ഞങ്ങൾ 1982-ൽ ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഐക്യ മുന്നണി ഉണ്ടാക്കി. ശ്രീ. നായനാരുടെ നേതൃത്വത്തിൽ, നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ, മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ആണ് 3 പ്രാവശ്യം ഇവിടെ ഇതിനുമുമ്പ് ഐക്യ മുന്നണി ഉണ്ടായത്. ശ്രീ. അച്യുതമേനോന്റെ നേതൃത്വത്തിൽ, സി. പി. ഐ.യെ സംബന്ധിച്ചിടത്തോളം വളരെ പരിമിതമായ സീറ്റുകൾ ഉണ്ടായിരുന്നപ്പോൾ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും, ശ്രീമതി ഇന്ദിരാഗാന്ധിയും അതുപോലെ ദേശീയ നേതൃത്വവും പറഞ്ഞതനുസരിച്ച് ഞങ്ങൾ 1971-ൽ ഐക്യമുന്നണി ഉണ്ടാക്കി. 1969-ൽ ഇവരെല്ലാം അഴിമതിയുടെ പാളത്തിൽ പെട്ട അവസരത്തിൽ ഇവരെയെല്ലാം * സംരക്ഷിച്ചവർ ആണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സുകാർ. അങ്ങനെ തീരുമാനമെടുത്ത ഐക്യമുന്നണിയെ സംബന്ധിച്ചിടത്തോളം ഇങ്ങനെ പറയുന്നത് ശരിയല്ല. അതുകൊണ്ട് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറെറടുത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഭംഗിയായി ചെയ്തിട്ടുണ്ട്. ഇവിടെ ഗവൺമെന്റ് അനുവദിച്ച സമയത്തിനുള്ളിൽ ഒതുങ്ങി നിന്ന് മാത്രമേ ഞാൻ സംസാരിക്കുന്നുള്ളൂ. 50 മിനിട്ടു കൊണ്ട് ഗവൺമെന്റിന് മറുപടി പറയാം എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ 20 മിനിട്ട് പോലും സംസാരിച്ചില്ല. അതുകൊണ്ട് സഹിഷ്ണുതയോടുകൂടിയിരുന്നു കേൾക്കാനുള്ള ബാദ്ധ്യത പ്രതിപക്ഷത്തിനുണ്ട്. ഞാൻ ഒരു കാര്യംകൂടി പറയാം..

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഗവൺമെന്റിന് മറുപടി പറയാനുള്ള മിനിമം സമയം കൊടുക്കണം. 20 മിനിട്ടിൽ കൂടുതൽ തച്ചടി എടുത്തില്ല. ഇത് ശരിയല്ല.

ശ്രീ. തച്ചടി പ്രഭാകരൻ: ശ്രീ. ഷൺമുഖദാസിന്റെ ഇപ്പോഴത്തെ ജനാധിപത്യം കേട്ടപ്പോൾ എനിക്ക് വലിയ അത്ഭുതം തോന്നുന്നു. ഈ അടുത്ത കാലത്ത് ദേശീയ രംഗത്ത് ശ്രീ. ഷൺമുഖദാസിന്റെ ആവേശവും വികാരവും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മുഴുവനും എനിക്ക് കേൾക്കാൻ കഴിഞ്ഞില്ല. ശ്രീ. ഷൺമുഖദാസും, ശ്രീ. പി. സി. ചാക്കോയും പറഞ്ഞത് കോൺഗ്രസ്സ് എസ് ഒരു ജനാധിപത്യ പാർട്ടിയാണെങ്കിൽ ദേശീയാടിസ്ഥാനത്തിൽ തീരുമാനമെടുക്കാതെ ശ്രീ. ആൻറണിയുടെ നേതൃത്വത്തിൽ കേരളത്തിൽ മാത്രം തീരുമാനമെടുക്കുന്നത് ശരിയല്ല. ദേശീയാടിസ്ഥാനത്തിൽ തീരുമാനമെടുക്കുമ്പോൾ ദേശീയ വിരുദ്ധ നിലപാട് സ്വീകരിക്കാത്ത അന്തസ്സോടും, അഭിമാനത്തോടും കൂടി വന്ന് കോൺഗ്രസ്സിനെ ശക്തിപ്പെടുത്തേണ്ടതാണ്. ശ്രീ. രാജീവ്ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനല്ലാതെ മറ്റാരാരു ശക്തിക്കും കോൺഗ്രസ്സ് എന്ന പ്രസ്ഥാനത്തെ നിലനിർത്താൻ കഴിയുകയില്ല. ഈ പറഞ്ഞ ആരോപണമൊന്നും വാസ്തവമല്ലാത്തതുകൊണ്ട് ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഒന്ന്, രണ്ട് കാര്യങ്ങളാണ് ഇവിടെ ഡിമാൻറ് പരിധിയ്ക്കുള്ളിൽ നിന്ന് സംസാരിച്ചിരുന്നു എങ്കിൽ ഇത്രയൊന്നും ഒരു തർക്ക വിഷയം വരുമായിരുന്നില്ല. എങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പൊതുവായ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ കഴിഞ്ഞ 5 കൊല്ലക്കാലമായി പ്രതിപക്ഷമുയർത്തിയിട്ടുള്ള എല്ലാ ആക്ഷേപവാദഗതികൾക്കും 24 മണിക്കൂറിന്റെ ആയുസ്സ് മാത്രമേ ഉണ്ടായിട്ടുള്ളൂ. മുമ്പ് കഴിഞ്ഞ കാലത്ത് കുറെക്കൂടെ ഉത്തരവാദിത്വത്തോടുകൂടി പ്രതിപക്ഷ അഴിമതി ഉന്നയിക്കാറുണ്ട്. കേരളത്തിലെ ഒരാറെ മുഖ്യമന്ത്രിയും അഴിമതി ആരോപണത്തിന് വിധേയനല്ലാതെ രക്ഷപ്പെട്ടിട്ടില്ല. ശ്രീ. അച്യുതമേനോൻ പോലും രക്ഷപ്പെട്ടിട്ടില്ല. അതുകൊണ്ട് ഈ 5 വർഷത്തിനുള്ളിൽ എന്തെങ്കിലും, ഒരു ആരോപണം തെളിയിക്കാൻ കഴിയാത്ത പ്രതിപക്ഷം ഈ നുണ ഇങ്ങനെ ആവർത്തിച്ചാൽ അത് സത്യമാകുകയില്ല. അത് മാത്രമേ എനിക്ക് പറയാനുള്ളൂ. അതിനുവേണ്ടിയുള്ള എല്ലാ ഫോറവും തന്നു. നിയമമുണ്ടാക്കി.

ശ്രീ. ബേബി ജോൺ: സർ, ഈ സംസ്ഥാനത്തെ ഇപ്പോഴത്തെ മുഖ്യമന്ത്രിയുടെ പേരിൽ വന്നിട്ടുള്ളതുപോലെ ആരോപണങ്ങൾ മുമ്പ് ഒരു മുഖ്യമന്ത്രിയുടേയും പേരിൽ വന്നിട്ടില്ലെന്നാണ് പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ: പക്ഷെ ഒരൊറ്റ ആരോപണമെങ്കിലും തെളിയിക്കാനുള്ള തന്റേടം നിങ്ങൾ കാണിച്ചിട്ടില്ല. അതിന് അന്വേഷണത്തിന് ഓർഡർ ചെയ്യാമെന്ന് പറഞ്ഞു. അതിന് നിയമനിർമ്മാണം നടത്തി. എന്നിട്ടുപോലും ഒരെണ്ണം തെളിയിക്കാൻ സാധിച്ചില്ലെന്ന് ഞാൻ ഇപ്പോഴും ആവർത്തിച്ച് പറയുകയാണ്. നിങ്ങൾ 101 ജന്മം എടുത്താൽ പോലും കഴിയുകയുമില്ല. അക്കാര്യത്തിൽ സംശയം വേണ്ട.

ശ്രീ. ബേബി ജോൺ: അങ്ങ് നിശ്ചയിച്ച, അങ്ങയുടെ ഗവൺമെന്റ് നിശ്ചയിച്ച കമ്മീഷൻ ഒരു നിർദ്ദേശം വച്ചിട്ടുണ്ടല്ലോ. അതായത് പൊതുപ്രവർത്തകരുടെ അറിയപ്പെടുന്ന വരുമാനവും ഇപ്പോഴത്തെ സ്വത്തുമായി അന്തരമുണ്ടെങ്കിൽ അത് അഴിമതിയായി കണക്കാക്കാമെന്നുള്ള നിർദ്ദേശം അങ്ങ് തയ്യാറാണോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെയുള്ള ഒരു നിയമനിർമ്മാണത്തിന്റെ കാര്യത്തെ സംബന്ധിച്ച് ഈ ഗവൺമെന്റിനൊരു നയമുണ്ട്. അത് പ്രഖ്യാപിക്കേണ്ട സമയത്ത് പ്രഖ്യാപിക്കും. ഞാൻ ഒരു കാര്യം പറയാം. എന്റെ പേരിൽ ആരോപണമുന്നയിച്ചുകൊള്ളൂ. അന്വേഷണത്തെ നേരിടാൻ സമ്മതമാണെന്ന് ഞാൻ കമ്മീഷനെ എഴുതി അറിയിക്കാം. എന്റെ സ്വത്തിനെക്കുറിച്ച് എന്തെങ്കിലും ഉണ്ടെങ്കിൽ ഞാൻ അതിന് സഹകരിക്കാൻ തയ്യാറാണ്. നിങ്ങളൊന്ന് ആലോചിച്ചു നോക്കൂ, നിങ്ങളിവിടെ വരുമ്പോഴുള്ള സ്ഥിതിയെന്തായിരുന്നു, ഇപ്പോൾ നിങ്ങളെങ്ങനെ ഉപ്പു വച്ച കലം പോലെയായി എന്ന് ആലോചിച്ചോ. നിങ്ങളുടെ കൂടെ ഇവിടെ വന്നപ്പോഴുള്ള ആരെല്ലാം ഇപ്പോൾ അവിടെയുണ്ട്. എന്താ ഇങ്ങനെ സംഭവിക്കുന്നത്. നിങ്ങളിങ്ങനെ രാജിവയ്ക്കണം രാജിവയ്ക്കണമെന്ന് പറയുമ്പോൾ, ഈ ഭാഗത്ത് ജനങ്ങളുടെ പ്രാതിനിധ്യം വർദ്ധിച്ച് വർദ്ധിച്ച് വരികയാണ്. ആ ഭാഗം ശുഷ്കിച്ച് ശുഷ്കിച്ച് വരികയാണ്. ജനങ്ങളുടെ വികാരങ്ങൾ ഉൾക്കൊള്ളാൻ സാധിക്കാത്ത, ജനങ്ങളുടെ ആവശ്യങ്ങൾ ഉന്നയിക്കാൻ സാധിക്കാത്ത പ്രവർത്തിക്കാൻ സാധിക്കാത്ത പാപ്പരായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷമാണെന്ന് ബോദ്ധ്യമായതുകൊണ്ട്, കേരളത്തിലെ ജനങ്ങൾ നിങ്ങളെ കൈയൊഴിയുമെന്ന് കണ്ടപ്പോൾ, ഓരോരുത്തരും നിങ്ങളിൽ നിന്നും രക്ഷപ്പെടുകയാണ്, സംശയിക്കണ്ട. അങ്ങേപ്പുറത്തിരിക്കുന്ന ആളുകളൊരുമിച്ച് അടുത്ത നിയമസഭയിൽ ഇവിടെ വരുകയില്ല എന്നുള്ള കാര്യത്തിലെനിക്ക് സംശയമൊന്നുമില്ല. ആർക്കുമതിൽ സംശയം വേണ്ട. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ ഞാൻ പറയുന്നത് ഡിമാൻറിന്റെ പരിധിയിൽപ്പെട്ടിട്ടുള്ളതല്ല, എങ്കിലും പറയാം. മേപ്പാടിയിൽ ഒരു ഹരിജൻ സ്ത്രീയെ കണ്ണ് കെട്ടി ബലാൽസംഗം ചെയ്തുവെന്ന് പറഞ്ഞു. അന്വേഷിച്ചു. എന്താ സംഭവം എന്ന് അറിയാമോ? വയനാട് ജില്ലയിൽ മേപ്പാടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ തൃപ്പൻ ഭാഗത്ത് വാഴത്തു എന്ന സ്ഥലത്ത് താമസിക്കുന്ന ആർമുഖൻ എന്ന ഒരാൾ, തന്റെ വീടിന് സമീപം താമസിക്കുന്ന കൗണ്ടന്റെ മകൾ ശാരദ 14.12.1986–ൽ പ്രസവിച്ചു കുട്ടിയെ കാണാനില്ലെന്ന് പറഞ്ഞ് മേപ്പാടി പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. ആ പരാതിയെത്തുടർന്ന് കൗണ്ടനെയും, ശാരദയെയും സ്റ്റേഷനിൽ വിളിച്ചുവരുത്തി-വിവരങ്ങൾ ശേഖരിച്ച്, ഉടനെ തന്നെ ശാരദയെ മെഡിക്കൽ കോളേജിൽ ചെക്കപ്പിനയച്ചു, പരിശോധിച്ചപ്പോൾ പ്രസവം നടന്നതായിട്ട് റിപ്പോർട്ട് കിട്ടി. പരിശോധിച്ച ഡോക്ടർമാർ പറഞ്ഞു ഈ സ്ത്രീ 48 മണിക്കൂറിനുള്ളിൽ പ്രസവിച്ചിട്ടുണ്ട്, അതായത് 14–ാം തീയതിയാണ് പ്രസവിച്ചത്. ഡോക്ടർമാർ പരിശോധന നടത്തിയ അവസരത്തിലും ഈ സ്ത്രീ ആരോടും ബലാൽസംഗത്തെക്കുറിച്ച് പറഞ്ഞില്ല. പ്രസവിച്ച് 48 മണിക്കൂറിനുള്ളിൽ കണ്ണ് കെട്ടി ബലാൽസംഗം ചെയ്തുവെന്ന് ആരോപണം ഉന്നയിക്കത്തക്ക നിലയിൽ അത്രത്തോളം പ്രതിപക്ഷം അധഃപതിക്കണോ? അന്വേഷണത്തിൽ ഈ സ്ത്രീ പ്രസവിച്ച് കഴിഞ്ഞ് കുഞ്ഞിനെ കൊന്നുയെന്നറിഞ്ഞു. അതിന്റെ പേരിൽ ഇവരുടെ പേരിൽ 302–ാം വകുപ്പനുസരിച്ച് കേസ് എടുത്തിട്ടുണ്ട്. ഇവർക്ക് സുഖമില്ലെന്ന് പറഞ്ഞ് വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആ അവസരത്തിൽ പരിശോധിച്ച ഡോക്ടർമാർ പറയുന്നത് പ്രസവിച്ചുയെന്നല്ലാതെ അവരുടെ ദേഹത്തിൽ എന്തെങ്കിലും വിധത്തിൽ സമ്മർദ്ദം ചെയ്തതായിട്ട് രേഖപ്പെടുത്തിയിട്ടില്ല ബലാൽസംഗം ചെയ്തിട്ടുണ്ടെങ്കിൽ ഈ പരിശോധിച്ച ഡോക്ടർമാർ പറയുമല്ലോ. ഞാൻ ഇത് പറയാൻ കാരണം എന്തെങ്കിലും ഒരു ആരോപണം പറയുമ്പോൾ അതിൽ ഒരു ശതമാനമെങ്കിലും സത്യമുള്ളതായിരിക്കണം. നിങ്ങൾ പൊളിഞ്ഞ് പാളീസ് ആകുന്നതിന്റെ കാരണമിതാണ്. സർ, ഇങ്ങനെ സത്യമല്ലാത്ത കാര്യങ്ങൾ കുറെ വെണ്ടക്ക അക്ഷരത്തിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ അത് സത്യമാണെന്ന് വിശ്വസിപ്പിച്ചു നടത്തുന്ന പ്രചരണം കഷ്ടമാണ്, നിർഭാഗ്യകരമാണ്. ഇങ്ങനെയുള്ള പ്രചരണംകൊണ്ട് നിങ്ങൾക്ക് കാര്യം നേടാം എന്നുള്ള ധാരണ വേണ്ട. സപ്ലിമെന്ററി ഡിമാൻറിൽ കാര്യമായിട്ടുള്ള ദേവസ്വത്തിന്റെ കാര്യവും മറ്റും ശ്രീ. തച്ചടി പ്രഭാകരൻ പറഞ്ഞു. ദേവസ്വത്തിന് കൊടുക്കുന്നതിനെ നായനാർ എതിർക്കുന്നത് എനിക്ക് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ മലബാർ ദേവസ്വത്തെ സംബന്ധിച്ചിടത്തോളം കാർഷിക പരിഷ്കരണ നിയമം നടപ്പിലാക്കിയതിന്റെ ഫലമായി സ്വന്തമായുള്ള അവരുടെ ഭൂമിയൊക്കെ നഷ്ടപ്പെട്ടു. അവർക്കുള്ള കോമ്പൻസേഷൻ കൊടുക്കാനും സാധിച്ചിട്ടില്ല. അതിനുള്ള പണം അവർക്ക് കൊടുത്തിട്ടില്ല. കഴിഞ്ഞ കൊല്ലം നിശ്ചയിച്ചിട്ടുള്ള സംഖ്യയാണ്. ഇതിനിടയിൽ ശമ്പള പരിഷ്കരണവും മറ്റ് പലതും ഏർപ്പെടുത്തി. എങ്കിലും ദേവസ്വംകാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കാർക്ക് മുന്നോട്ടു പോകാൻ സാധിക്കാതെ വന്നു. നിങ്ങൾക്ക് ഈശ്വരവിശ്വാസം ഇല്ല എന്നത് പോകട്ടെ, അവിടെയുള്ള ജീവനക്കാരോടെങ്കിലും കരുണ വേണ്ടേ? അവരെ സഹായിക്കാൻ വേണ്ടി മലബാറിലെ കുറച്ചു ദേവസ്വംകാർക്ക് കാശ് കൊടുത്തത് വലിയ ആക്ഷേപം ആണെങ്കിൽ ആ ആക്ഷേപം സഹിക്കാൻ ഞങ്ങൾ തയ്യാറാണ്. ദേവസ്വം ബോർഡിനെ മാത്രമല്ല, വഖഫ് ബോർഡിനെ മാത്രമല്ല എല്ലാ സംഘടനകളേയും ഞങ്ങൾ സഹായിക്കും. അങ്ങനെ സഹായിക്കുന്നത് വിശ്വാസികൾക്ക് അവരുടെ വിശ്വാസമനുസരിച്ച് ജീവിക്കാൻ വേണ്ടിയുള്ള അവകാശത്തിന്റെ അടിസ്ഥാനത്തിലാണ്. നിങ്ങൾ അതിനെ എതിർത്തുകൊള്ളൂ. നിങ്ങൾ എതിർക്കുമ്പോഴും നിങ്ങളുടെ മനസ്സിൽ ചിലതുണ്ട്. നിങ്ങൾ അനുകൂലിക്കുമ്പോഴും ചിലതുണ്ട്. ഈ അവസരവാദപരമായ രാഷ്ട്രീയമാണ് നിങ്ങളെ ഈ പാപ്പരത്തത്തിലേക്ക് എത്തിച്ചിട്ടുള്ളത് എന്നുള്ളത് കണക്കിലെടുത്തുകൊണ്ട് ഞാൻ അധികമൊന്നും പറയുന്നില്ല. നിങ്ങളുടെ കർമ്മം കൊണ്ടുതന്നെ നിങ്ങൾ അവസാനിച്ചുകൊള്ളും. നിങ്ങളെ ആര്യം കുറ്റപ്പെടുത്തി അവസാനിപ്പിക്കുകയില്ല. അത് സംഭവിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഇത് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

X. പേഴ്സണൽ എക്സ്പ്ലനേഷൻ

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഞാൻ വോട്ടർ പട്ടികയിൽ അധികമായി പേരു ചേർത്തു എന്ന് ഒരാരോപണം രാവിലെ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഇവിടെ അതിന് പേഴ്സണൽ എക്സ്പ്ലനേഷൻ ആവശ്യമാണെന്ന് കരുതുന്നു. 'സാനഡു'വിൽ എന്റെയും ഭാര്യയുടേയും മകന്റേയും പേര് വോട്ടർ പട്ടികയിൽ വന്നിട്ടുണ്ട്. ഒരു ആക്ഷേപവും കൊടുക്കാതെ തന്നെ വോട്ടർ പട്ടികയിൽ എന്റെ പേര് ഇവിടെ ആവശ്യമില്ലായെന്ന് പറഞ്ഞുകൊണ്ട് ജില്ലാ കളക്ടറെ വിളിച്ചുപറഞ്ഞിട്ടുണ്ട്. ഇത് മന്ത്രിയെന്ന നിലയിലോ മറ്റ് രീതിയിലുള്ള സ്വാധീനത്തിന്റേയോ അടിസ്ഥാനത്തിലല്ല. പലപ്പോഴും എന്യൂമറേറ്റർമാർ പോകുന്ന അവസരത്തിൽ ഓരോരോ സ്ഥലത്ത് ആരെല്ലാം താമസിക്കുന്നു എന്നതിനെ ആധാരമാക്കി വരുന്നതാണ്. എന്നാൽ രണ്ടു സ്ഥലത്തു പേര് വരുന്നത് ശരിയല്ല. അതിന് ആക്ഷേപം കൊടുക്കാൻവേണ്ടി നാളെവരെ സമയമുണ്ട്. ഇന്നലെ ദേശാഭിമാനി പത്രത്തിൽ വലിയ ബോക്സ് ന്യൂസ് പോലെ വന്നതു കൊണ്ടാണ് എന്റെ ശ്രദ്ധയിൽ പെട്ടത്. ഉടൻതന്നെ ജില്ലാ കളക്ടറെ വിളിച്ചിട്ട് എന്റെയും കുടുംബത്തിന്റേയും പേര് അതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു. നാളെവരെ അതിന് സമയമുണ്ട്. ഭരണകക്ഷിയെന്നോ പ്രതിപക്ഷകക്ഷിയെന്നോ ഉള്ള വ്യത്യാസമില്ലാതെ അത് നടക്കുന്നതാണ്. മന്ത്രിമാരെപ്പോലുള്ള ആളുകളെ ഈ രീതിയിൽ കാണുന്നത് ശരിയല്ല. ഏതെങ്കിലും എന്യൂമറേറ്റർമാർ പേര് അധികമായി വച്ചിട്ടുണ്ടെങ്കിൽ അതിന് മന്ത്രിമാരെ ആക്ഷേപിക്കുന്നത് ശരിയല്ല. അതു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനേയും മറ്റ് ബഹുമാനപ്പെട്ട അംഗങ്ങളേയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ഇന്ന് ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ നടത്തിയ ഒരു പരാമർശത്തെക്കുറിച്ച് ചെയർ അപ്പോൾ പരിശോധിച്ചിട്ട് പറയാം എന്നു പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. അതു പരിശോധിച്ചു. ഒരു കാരണവശാലും ഏതെങ്കിലും ഒരു insinuation പ്രയോഗിക്കാൻ ഒട്ടും ആഗ്രഹിക്കുകയോ അതിൽ താൽപ്പര്യം പ്രകടിപ്പിക്കുകയോ ചെയ്യാത്ത ഒരംഗമാണ് ശ്രീ. കെ. പി. പ്രഭാകരൻ എന്ന കാര്യത്തിൽ ചെയറിന് യാതൊരു സംശയവുമില്ല. അദ്ദേഹം അങ്ങനെ ഉദ്ദേശിക്കാറുമില്ല. ഇതിനകത്തു റഫയർ പരിശോധിച്ചു നോക്കിയപ്പോൾ ഒരു ചെറിയ പ്രശ്നം കാണുന്നുണ്ട്. ഇത് ഈ സന്ദർഭവുമായി വച്ചുനോക്കുമ്പോൾ ഒരു insinuation പ്രകടമായി ഉണ്ടാകാൻ ഇടയുണ്ട്. എന്നാൽ അങ്ങ് അതൊട്ടും ഉദ്ദേശിച്ചിട്ടുണ്ടാവുകയില്ല. ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ കോടതിക്കെതിരായി അങ്ങനെയൊരു insinuation ഒരിക്കലും ആഗ്രഹിക്കുകയില്ലായെന്ന് ഉത്തമവിശ്വാസം ചെയറിനുണ്ട്. എന്നാൽ ഈ സഭാ നടപടി പരിശോധിക്കുമ്പോൾ അങ്ങനെയൊരു insinuation ഉള്ളതു തെറ്റിദ്ധാരണയുണ്ടാകാൻ ഇടയുണ്ട്, അതുകൊണ്ട് അങ്ങയുടെകൂടി താൽപ്പര്യത്തെ കരുതി രേഖയിൽനിന്നും നീക്കം ചെയ്യുകയാണ്.

കുടുംബക്ഷേമം എന്ന 19—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,26,300 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

(ഉപധനാഭ്യർത്ഥന പാസാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു)

ജില്ലാ ഭരണവും പലവകയും എന്ന 11—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

(ഉപധനാഭ്യർത്ഥന പാസാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു)

വിദ്യാഭ്യാസം, കല, സംസ്കാരം എന്ന 17—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,93,100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ പോകം ആവശ്യപ്പെടുന്നു.

ശ്രീ. ബേബി ജോൺ: സർ, ഞാൻ പിന്താങ്ങുന്നു.

(സഭാ ഗണം താഴെ പറയും പ്രകാരം വോട്ടെടുപ്പു നടത്തി)

അനുകൂലിക്കുന്നവർ—78

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, പി. എം. അബൂബക്കർ
3. ,, ഇ. അഹമ്മദ്
4. ,, കൊരമ്പയിൽ അഹമ്മദ് ഹാജി
5. ,, സി. ടി. അഹമ്മദ് അലി
6. ,, കെ. അവുക്കാദർകുട്ടിനഹ
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
9. ,, പി. കെ. കെ. ബാവ
10. ,, യു. എ. ബീരാൻ
11. ,, ബെന്നി ബഹനാൻ
12. ,, പി. ടോസ്സ്കരൻ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. വി. ദിനകരൻ
14. ,, പി. സി. ജോർജ്ജ്
15. ,, കെ. എം. ഹംസക്കുഞ്ഞ്
16. ,, എം. എം. ഹസ്സൻ
17. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
18. ,, എ. എൽ. ജേക്കബ്ബ്
19. ,, ടി. എം. ജേക്കബ്ബ്
20. ,, സി. ജി. ജനാർദ്ദനൻ
21. ,, ടി. എസ്. ജോൺ
22. ,, എ. സി. ജോസ്
23. ,, ജോസ് കുറ്റിയാനി
24. ഡോക്ടർ കെ. സി. ജോസഫ്
25. ശ്രീ. കെ. സി. ജോസഫ്
26. ,, പി. ജെ. ജോസഫ്
27. ,, വി. വി. ജോസഫ്
28. ,, കെ. കെ. നായർ
29. ശ്രീമതി എം. കമലം
30. ശ്രീ. കെ. ജി. ആർ. കർത്താ
31. ,, കെ. കരുണാകരൻ
32. ,, പി. കെ. കുഞ്ഞാലിക്കുട്ടി
33. ,, മണിമംഗലത്തു കുട്ട്യാലി
34. ,, ഇ. ജെ. ലൂക്കോസ്
35. ,, കെ. പി. എ. മജീദ്
36. ,, കെ. എം. മാണി
37. ,, എം. വി. മാണി
38. ,, കെ. മുഹമ്മദാലി
39. ,, ഇ. ടി. മുഹമ്മദ് ബഷീർ
40. ,, പി. എ. മുഹമ്മദ് കണ്ണ്
41. ,, പി. വി. മുഹമ്മദ്
42. ,, കെ. എസ്. നാരായണൻ നമ്പൂതിരി
43. ,, കെ. പി. നൂറുദ്ദീൻ
44. ,, ഉമ്മൻചാണ്ടി
45. ,, സി. വി. പത്മരാജൻ
46. ,, തച്ചടി പ്രഭാകരൻ
47. ,, കെ. രാഘവൻ മാസ്റ്റർ
48. ,, രാഘവൻ പൊഴക്കടവിൽ
49. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
50. ,, എസ്. രാമചന്ദ്രൻപിള്ള
51. ,, തേറമ്പിൽ രാമകൃഷ്ണൻ
52. ,, കെ. പി. രാമൻ
53. ,, രമേശ് ചെന്നിത്തല
54. ,, തോപ്പിൽ രവി
55. ,, വയലാർ രവി
56. ,, എൻ. ശക്തൻനാടാർ
57. ,, പി. സീതിഹാജി
58. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
59. ,, കടവൂർ ശിവദാസൻ

LIBRARY ARCHIVES Kerala Legislative Assembly

60. ശ്രീ. നാലകത്തു സൂപ്പി
61. ,, കെ. കെ. ശ്രീനിവാസൻ
62. ,, എൻ. ശ്രീനിവാസൻ
63. ,, പന്തളം സുധാകരൻ
64. ,, കോട്ടക്കുഴി സുകുമാരൻ
65. ,, സി. എം. സുന്ദരം
66. ,, എൻ. സുന്ദരൻനാടാർ
67. ,, വി. സുരേന്ദ്രൻപിള്ള
68. ,, പി. പി. തങ്കച്ചൻ
69. ,, സി. എഫ്. തോമസ്
70. ,, കെ. കെ. തോമസ്
71. ,, പി. സി. തോമസ് (തിരുവല്ല)
72. ,, തോമസ് കല്ലംപള്ളി
73. ,, പി. കെ. വേലായുധൻ
74. ,, ടി. വി. വിജയരാഘവൻ
75. ,, സ്റ്റീഫൻ പാമ്പുവ
76. ,, പി. വിജയദാസ്
77. ,, കെ. കെ. ബാലകൃഷ്ണൻ
78. ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി

പ്രതികൂലിക്കുന്നവർ—52

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബി ജോൺ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. ഭരതൻ
7. ശ്രീമതി ഭാർഗവി തങ്കപ്പൻ
8. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
9. ,, കെ. ചന്ദ്രശേഖരൻ
10. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
12. ,, സിറിയക് ജോൺ
13. ശ്രീമതി പി. ദേവൂട്ടി
14. ശ്രീ. കെ. ജെ. ജോർജ്ജ്
15. ശ്രീമതി കെ. ആർ. ഗൗരി
16. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17. ,, ടി. കെ. ഹംസ
18. ,, കെ. ഇ. ഇസ്മയിൽ
19. ,, എം. ജിനദേവൻ
20. ,, ഇ. കെ. നായനാർ
21. ,, വി. സി. കബീർ
22. ,, കെ. ടി. കണാരൻ
23. ,, എം. കെ. കേശവൻ
24. ,, വി. കേശവൻ
25. ,, സി. ടി. കൃഷ്ണൻ
26. ,, കെ. കൃഷ്ണൻകുട്ടി

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ
28. ,, കെ. ടി. കുമാരൻ
29. ,, ലോനപ്പൻ നമ്പാടൻ
30. ,, സി. പി. മൂസ്സാൻകുട്ടി
31. ,, കെ. മൂസ്സക്കുട്ടി
32. ,, എ. കെ. പത്മനാഭൻ
33. ,, കെ. പങ്കജാക്ഷൻ
34. ,, ടി. പി. പീതാംബരൻ മാസ്റ്റർ
35. ,, കെ. പി. പ്രഭാകരൻ
36. ,, കെ. പുരുഷോത്തമൻ
37. ,, വർക്കല രാധാകൃഷ്ണൻ
38. ,, എം. വി. രാഘവൻ
39. ,, വി. കെ. രാജൻ
40. ,, കാനം രാജേന്ദ്രൻ
41. ,, കെ. ശങ്കരനാരായണപിള്ള
42. ,, എ. കെ. ശശീന്ദ്രൻ
43. ,, എ. സി. ഷൺമുഖദാസ്
44. ഡോക്ടർ എ. സുബ്ബറാവു
45. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
46. ,, എ. വി. താമരാക്ഷൻ
47. ,, സി. കെ. തങ്കപ്പൻ
48. ,, വി. ജെ. തങ്കപ്പൻ
49. ,, എസ്. ആർ. തങ്കരാജ്
50. ,, പി. സി. തോമസ് (കടുത്തുരുത്തി)
51. ,, ആർ. എസ്. ഉണ്ണി
52. ,, ജി. വരദൻ

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ	78
പ്രതികൂലിക്കുന്നവർ	52
നിഷ്പക്ഷത പാലിക്കുന്നവർ	ആരുമില്ല

(ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു)

വ്യവസായം എന്ന 38–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

(ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു)

ജലസേചനം എന്ന 39–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

(ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു).

LIBRARY ARCHIVES Kerala Legislative Assembly